# ശ്രീവാല്മീകിരാമായണം

സുന്ദരകാണ്ഡം)

VALLATHOL GRANDHALAYAM

വള്ളത്തോൾ

# ശ്രീവാല്മീകിരാമായണം

## (സുന്ദരകാണ്ഡം)

വിവർത്തകൻ:

വള്ളത്തോൾ.

Digitized By Kerala Sahitya Akademi

പരിഷ്കരിച്ച രണ്ടാംപതിപ്പ്          കോപ്പി: എഴുനൂററമ്പത്

വില: രണ്ടുറുപ്പിക നാലണ

ആയിരത്തി ഒരുനൂററി ഇരുപത്തേഴ് മിഥുനം

പ്രസാധകന്മാർ

വള്ളത്തോൾ ഗ്രന്ഥാലയം

ചെറുതുരുത്തി.

തൃശ്ശിവപേരൂർ

വള്ളത്തോൾ പ്രിന്റിങ്ങ് & പബ്ളിഷിംഗ് ഹൌസിൽ

അച്ചടിച്ചതു്.

Digitized By Kerala Sahitya Akademi

| സർഗ്ഗം | | വിഷയം | ഭാഗം |
|---|---|---|---|
| ഒന്നാം | ,, | സമുദ്രലംഘനം | 1 |
| രണ്ടാം | ,, | ഹനുമാന്റെ ചിന്ത | 14 |
| മൂന്നാം | ,, | ലങ്കാവിജയം | 18 |
| നാലാം | ,, | ലങ്കാദർശനം | 22 |
| അഞ്ചാം | ,, | ലങ്കാസഞ്ചാരം | 2[illegible] |
| ആറാം | ,, | രാവണഗൃഹപ്രവേശം | 27 |
| ഏഴാം | ,, | പുഷ്പകദർശനം | 31 |
| എട്ടാം | ,, | പുഷ്പകവന്ദനം | 32 |
| ഒമ്പതാം | ,, | ശാലാദർശനം | 33 |
| പത്താം | ,, | രാവണദർശനം | 38 |
| പതിനൊന്നാം | ,, | പാനഭൂമിദർശനം | 42 |
| പന്ത്രണ്ടാം | ,, | അന്തഃപുരാന്വേഷണം | 45 |
| പതിമൂന്നാം | ,, | ഹനുമാന്റെ ചിന്ത | 47 |
| പതിനാലാം | ,, | അശോകവനികാപ്രവേശം | 52 |
| പതിനഞ്ചാം | ,, | സീതാദർശനം | 55 |
| പതിനാറാം | ,, | സീതാനിർണ്ണയം | 59 |
| പതിനേഴാം | ,, | രാക്ഷസീദർശനം | 61 |
| പതിനെട്ടാം | ,, | രാവണന്റെ അശോകവനികാഗമനം | 63 |
| പത്തൊമ്പതാം | ,, | രാവണന്റെ സീതോപസർപ്പണം | 65 |
| ഇരുപതാം | ,, | രാവണാഭ്യർത്ഥനം | 67 |
| ഇരുപത്തൊന്നാം | ,, | സീതാപരുഷവാക്യം | 69 |
| ഇരുപത്തിരണ്ടാം | ,, | രാവണപ്രത്യാഖ്യാനം | 71 |
| ഇരുപത്തിമൂന്നാം | ,, | രാക്ഷസീവാക്യം | 75 |
| ഇരുപത്തിനാലാം | ,, | സീതാഭർത്സനം | 77 |
| ഇരുപത്തഞ്ചാം | ,, | സീതാവിലാപം | 79 |
| ഇരുപത്താറാം | ,, | സീതാമൃതിനിശ്ചയം | 81 |
| ഇരുപത്തേഴാം | ,, | ത്രിജടാസ്വപ്നകഥനം | 84 |
| ഇരുപത്തെട്ടാം | ,, | സീതാമരണോദ്യമം | 87 |
| ഇരുപത്തൊമ്പതാം | | സുനിമിത്തോദയം | 90 |
| മുപ്പതാം | ,, | ഹനുമദ്വിചാരം | 91 |
| മുപ്പത്തൊന്നാം | ,, | രാമാനുകീർത്തനം | 94 |
| മുപ്പത്തിരണ്ടാം | ,, | സീതാവിചാരം | 95 |
| മുപ്പത്തിമൂന്നാം | ,, | സീതാപ്രശ്നോത്തരം | 97 |
| മുപ്പത്തിനാലാം | ,, | സീതാശങ്ക | 99 |


സാഹിത്യ അക്കാദമി ഗ്രന്ഥാലയം തൃശ്ശൂർ

Digitized By Kerala Sahitya Akademi

| സൎഗ്ഗം | | വിഷയം | ഭാഗം |
|---|---|---|---|
| മുപ്പത്തഞ്ചാം | ,, | സീതാവിശ്വാസോൽപ്പാദനം | 101 |
| മുപ്പത്താറാം | ,, | സീതാശങ്ക | 107 |
| മുപ്പത്തേഴാം | ,, | രാമാനയനപ്രാൎത്ഥനം | 111 |
| മുപ്പത്തെട്ടാം | ,, | ചൂഡാമണിദാനം | 115 |
| മുപ്പത്തൊമ്പതാം | ,, | സീതാസമാശ്വാസനം | 120 |
| നാല്പതാം | ,, | സീതാസന്ദേശവാക്യം | 123 |
| നാല്പത്തൊന്നാം | ,, | പ്രമദവനഭഞ്ജനം | 125 |
| നാല്പത്തിരണ്ടാം | ,, | കിങ്കരവധം | 127 |
| നാല്പത്തിമൂന്നാം | ,, | ചൈത്യപാലവധം | 131 |
| നാല്പത്തിനാലാം | ,, | ജംബുമാലിവധം | 132 |
| നാല്പത്തഞ്ചാം | ,, | മന്ത്രിപുത്രവധം | 133 |
| നാല്പത്താറാം | ,, | സേനാപതിവധം | 135 |
| നാല്പത്തേഴാം | ,, | അക്ഷകുമാരവധം | 137 |
| നാല്പത്തെട്ടാം | ,, | ബ്രഹ്മാസ്ത്രബന്ധനം | 142 |
| നാല്പത്തൊമ്പതാം | ,, | രാവണനിരീക്ഷണം | 148 |
| ഐമ്പതാം | ,, | രാവണഹനൂമൽസമാഗമം | 150 |
| ഐമ്പത്തൊന്നാം | ,, | സുഗ്രീവസന്ദേശകഥനം | 151 |
| ഐമ്പത്തിരണ്ടാം | ,, | ദൂതവധനിഷേധം | 154 |
| ഐമ്പത്തിമൂന്നാം | ,, | ലാംഗ്ഗൂലപ്രദീപനം | 157 |
| ഐമ്പത്തിനാലാം | | ലങ്കാദാഹം | 160 |
| ഐമ്പത്തഞ്ചാം | ,, | ഹനൂമൽക്രോധദൂഷണം | 164 |
| ഐമ്പത്താറാം | ,, | ഹനൂമൽപ്രതിപ്രയാണം | 167 |
| ഐമ്പത്തേഴാം | ,, | ഹനൂമൽപ്രത്യാഗമനം | 169 |
| ഐമ്പത്തെട്ടാം | ,, | ഹനുമദ്വൃത്തകഥനം | 173 |
| ഐമ്പത്തൊമ്പതാം | | സീതാദുഃഖശോകകഥനം | 183 |
| അറുപതാം | ,, | അംഗദജാംബവൽസംവാദം | 186 |
| അറുപത്തൊന്നാം | ,, | മധുവനാക്രമണം | 187 |
| അറുപത്തിരണ്ടാം | ,, | മധുവനഭഞ്ജനം | 189 |
| അറുപത്തിമൂന്നാം | ,, | സുഗ്രീവദധിമുഖസംവാദം | 192 |
| അറുപത്തിനാലാം | ,, | അംഗദാദിപ്രത്യാഗമനം | 194 |
| അറുപത്തഞ്ചാം | ,, | സീതാവൃത്താന്തനിജ്ഞാപനം | 197 |
| അറുപത്താറാം | ,, | രാമവിലാപവാക്യം | 199 |
| അറുപത്തേഴാം | ,, | സീതാസന്ദേശകഥനം | 200 |
| അറുപത്തെട്ടാം | ,, | സീതാസമാശ്വസനകഥനം | 203 |


Digitized By Kerala Sahitya Akademi

# ശ്രീവാല്മീകിരാമായണം

## സുന്ദരകാണ്ഡം

---

### ഒന്നാം സർഗ്ഗം: സമുദ്രലംഘനം.

—*—

പിന്നീടു, രാവണൻ കൊണ്ടുപോയ മൈഥിലിതൻ പദം,
തിരഞ്ഞാൻ, ചാരണപഥം പുക്കാനസ്ഥാനരിന്ദമൻ.
എതിരില്ലാത്തസാധ്യമൊക്കെ ചെയ്യാൻ പോകുന്ന വാനരൻ
കഴുത്തും തലയും പൊക്കി,ക്കാള പോലെ വിളങ്ങിനാൻ. 2

വെള്ളം പോലുള്ള വൈഡൂര്യനേർനിറപ്പുൽനിലങ്ങളിൽ
ചാത്തിനാൻ സുഖമാംവണ്ണം ധീമാൻ ധീരൻ മഹാബലൻ;
ഖഗങ്ങളെ നടുക്കിച്ചും, നെഞ്ചാൽ വൃക്ഷങ്ങൾ നീക്കിയും,
നാനാമൃഗങ്ങളെക്കൊന്നും, വളർകേസരി പോലവേ. 4

നീലം തുടുപ്പുള്ളും ചോപ്പു പച്ചയും വെൺകറുപ്പുമായ്
സ്വാഭാവികങ്ങളാം നാനാധാതുക്കളെയണിഞ്ഞതും,
യക്ഷകിന്നരഗന്ധർവ്വ ദേവാഭരഗണങ്ങളും
കാമരൂപർ പലപ്പോഴും കോപ്പു കൂട്ടി വസിപ്പതും, 6

മഹാനാഗാവൃതവുമാമഗ്ഗിരിപ്പുറപ്പിലായ്
നിൽക്കും കപീന്ദ്രൻശോഭിച്ചു, ഹ്രദ നാഗം കണക്കിനെ.
ആദിത്യനും മഹേന്ദ്രനുമനിലനും വിരിഞ്ചനും
ഭൂതങ്ങൾക്കും തൊഴുതവൻ പോകുന്നതിനൊരുങ്ങിനാൻ. 8

തന്നച്ഛനാം സമീരന്നായ് പ്രാങ്മുഖൻ തൊഴുതിട്ടുടൻ
വളർന്നാൻ ദക്ഷിണാശയ്ക്കു പോകാനായിട്ടു ദക്ഷിണൻ.
പ്ലവംഗമപ്രധാനന്മാർ കാൺകെ,ച്ചാടാനുറച്ചവൻ
വളർന്നാൻ രാമമേന്മയ്ക്കായേ,റ്റത്തിൽ കടൽ പോലവേ. 10

അളവില്ലാത്ത മെയ്യ് പൂണ്ടു, കടൽ ചാടിക്കടക്കുവാൻ,
കൈകാൽകളൂന്നിവെച്ചിട്ടുപർവ്വതത്തെയമർത്തിനാൻ.
മലയൊട്ടിട ചാഞ്ചാടീ മർക്കടൻറെയമർക്കലാൽ;
പൂവുള്ള വൃക്ഷങ്ങളുടെ പൂക്കളെല്ലാം കൊഴിഞ്ഞുപോയ്. 12

Digitized By Kerala Sahitya Akademi

അപ്പൊഴിഞ്ഞ സുഗന്ധങ്ങളായ വൃക്ഷസുമങ്ങളാൽ
മൂടപ്പെട്ടു വിളങ്ങീ കുന്നൊരു പൂമല പോലവേ.
വൻവിഴ്ചം ചേരുമവനാലമർക്കപ്പെട്ടമഗ്ഗിരി
തണ്ണീരൊഴുക്കി, മത്തേഭം മദനീരെന്നപോലവേ. 14
അക്കരുത്തനമർത്തിട്ടമാ മഹേന്ദ്രമഹീധരം
ചമച്ചിത,ഞ്ജനം വെള്ളിപൊന്നുമാകിയ ചുട്ടികൾ;
പരന്ന മനയോലകൾച്ചാർത്തും ഗിരിയിൽനിന്നുടൻ
തെറിച്ചു, നട്ട കത്തുന്ന പാവകാർച്ചിക പോലവേ. 16
അമർക്കപ്പെട്ട മലയാലമർക്കപ്പെട്ടു നിലവേ
ഗുഹയിൽച്ചേർന്ന ജന്തുക്കളലറി വികൃതസ്വരം;
കുന്നമന്നതിലുണ്ടായ തുംഗമജ്ജന്തുനിസ്വനം
ഭൂവിലും ദിക്കുകളിലും നിറഞ്ഞു പൂവനത്തിലും. 18
സ്വസ്തികാങ്കം വെളിപ്പെട്ട വമ്പടം പൂണ്ട പാമ്പുകൾ
കെട്ടുംതീ കക്കിയുംകൊണ്ടു കൊത്തി പൽകൊണ്ടു പാറമേൽ;
ആ വൻപാറകളോ, നഞ്ഞുള്ളവ കോപാൽക്കടിക്കയാൽ
ജ്വലിച്ചു തിളച്ചെരിഞ്ഞോരായിരംപാടായ്പ്പിളർന്നുപോയ്. 20
അപ്പർവ്വതത്തിലുണ്ടായ വിഷമെല്ലൗഷധിവൃന്ദവും
ശക്തമായില സർപ്പങ്ങൾതൻവിഷത്തെക്കെടുക്കുവാൻ.
ഇതാ, പിളർപ്പൂ മലയെബ്ഭൂതച്ചാത്തന്നു ഭീതിയാൽ,
മേല്പോട്ടുപോയാർ സാധുക്കൾ വിദ്യാധരർ സദാരരായ്: 22
വെടിഞ്ഞാർ പാനഭൂവിങ്കലുള്ള പൊൻചഷകങ്ങളും,
മികവേറിയ പാത്രങ്ങൾ, സുവർണ്ണകരകങ്ങളും,
നാനാലേഹ്യങ്ങൾ, ഭക്ഷ്യങ്ങൾ, പലമാതിരി മാംസവും,
കാളത്തോലിൻ പരിചകൾ കാഞ്ചനപ്പിടിവാൾകളും; 24
കണ്ഠസ്ഥരക്തമാല്യന്മാർ, ചെംകുറിക്കൂട്ടു പൂശിയോർ
വാനിൽപ്പോയ്പ്പുറാനിനാർ, മത്താൽക്കൺ ചെങ്ങിക്കഞ്ജലോചനർ;
തളതോൾവളഹാരങ്ങൾ വള ചാർത്തിയ മങ്കമാർ
സാശ്ചര്യം പുഞ്ചിരിക്കൊണ്ടു നിന്നാർ വാനിൽസ്സുകാന്തമാർ; 26
വൻവിദ്യയെ പ്രയോഗിച്ചു വിദ്യാധരമഹർഷിമാർ
ചേർന്നൊന്നു നിന്നാർ വാനുള്ളു; നോക്കിനാർ പർവ്വതത്തെയും.
കേൾക്കായ് [illegible] മാരുടെ [illegible],
വെൺവാനത്തമരും സിദ്ധചാരണന്മാരുടെയുമേ:— 28

Digitized By Kerala Sahitya Akademi

‘ഇതാ, പ്രവേഗൻ ഹനുമാൻ മലയ്ക്കൊത്ത മഹാസത്വൻ
കടക്കവാൻതുടങ്ങുന്നു, മകരാലയമാം കടൽ:
രാമന്നായ് വാനരക്കാര്യസാധ്യമെക്കൈക്കൊരുങ്ങിയോൻ
ഭാവിപ്പൂ, ചെല്ലാവല്ലാത്ത കടലക്കരെ പാറുവാൻ.’ 30
എന്നത്താപസർതൻ വചാൽ കേട്ടു വിദ്യാധരരദ്രിമേൽ
ദർശിച്ചാര,പ്രമേയാത്മാവാകുമക്കപിസിംഹനെ.
കുടഞ്ഞു രോമങ്ങളവൻ; കുലുങ്ങീ പർവതോത്തമൻ;
അലറീ ചിത്ത ശബ്ദത്തിൽ,ച്ചീർത്ത കാർകൊണ്ടൽ പോലവേ. 32
ക്രമപ്പടിയുരുണ്ടേറെ രോമം തിങ്ങിയ വാലിനെ
വീശിനാൻ ചാട്ടവാനായി,പ്പാമ്പിനെത്താർക്ഷ്യനാംവിധം;
അവനങ്ങു പൊക്കാടേ വീശിക്കൊണ്ട വാലതു പിൻവശം
കാണായി, ഗരുഡൻ കൊണ്ടുപോകും വമ്പാമ്പു പോലവേ. 34
ഉറപ്പിച്ചാൻ, മഹത്തായ പരിഘംപോലെ കയ്യുകൾ;
വാനരൻ വയറൊതുക്കിച്ചാൻ; കാലു രണ്ടും മടക്കിനാൻ;
കഴുത്തും കൈകളും പാരം കുറതാക്കി ശ്രീയാർന്നിതൻ
തേജസ്സും ബലവും പൂണ്ടാൻ വീര്യവും വീര്യവാനവൻ. 36
മാർഗ്ഗം ദൂരാൽ നിരീക്ഷിപ്പാൻ മേല്പോട്ടാക്കിയ കണ്ണുമായ്
വാനിടം പാർത്തവൻ നെഞ്ചത്തൊതുക്കി പ്രാണവായുവെ.
കാലു രണ്ടുമമർത്തുന്നിന്നിട്ടക്കപികുഞ്ജരൻ
ചെവി കൂർമ്പിച്ചു, ഹനുമാൻ ചാടാനന്നി മഹാബലൻ, 38
വാനരന്മാരോടീവണ്ണം ചൊല്ലീനാൻ വാനരോത്തമൻ:—
‘എമ്മട്ടേ രാഘവൻ വിട്ട വായുവിക്രമമാം ശരം
ചെല്ലു,മമ്മട്ടു ചെല്ലുവൻ ഞാൻ, രാവണൻ കാത്ത ലങ്കയിൽ.
അജ്ജാനകിയെ ഞാൻ ലങ്കതന്നിൽക്കണ്ടെത്തിടായ്കിലോ. 40
ഇവ്വക്കാൽത്തന്നെ വാനോർതൻ പാർപ്പിടത്തേക്കു ചെന്നിടും;
വിണ്ണിലും സീതയെക്കണ്ടെത്താഞ്ഞാലോ, തളരാതെ ഞാൻ
ബന്ധിച്ചു കൊണ്ടുവന്നേക്കാം രാവണാസുരനാഥനെ!
സർവഥാ കാര്യമേല്പിച്ചു വന്നെത്താം സീതയോടു ഞാൻ; 42
പറിച്ചെത്തിക്കയോ ചെയ്യാം, രാവണൻ ചേർന്ന ലങ്കയെ!’
എന്നു വാനരരോടോതി ഹനുമാൻ വാനരോത്തമൻ
മേല്പോട്ടു ചാടിനാനൂക്കിലു,ക്കൊള്ളാൻ ക്ലേശമെന്നിയേ;
നെഗ്ഗരുഡനെപ്പോലെയൊത്താനക്കപികുഞ്ജരൻ 44

Digitized By Kerala Sahitya Akademi

മേല്പോട്ടുക്കിലവൻ ചാടുമ്പോളഗ്ഗിരിതരുക്കളും
മേല്പോട്ടു ചാടി, കൊമ്പെല്ലാമൊതുക്കിക്കൊണ്ടു നീളവെ;
മത്തനീക്കോഴികളിരിപ്പുവയാം പൂമരങ്ങളെ
തുടയൂക്കാലെടുത്തുംകൊണ്ടണഞ്ഞാനാമലാംബരം. 46

തുടയൂക്കാൽപ്പറിഞ്ഞോട്ടു പിന്തുടന്നു പ്ലവംഗമെ,
ബന്ധുക്കളകലെപ്പോം തൻബന്ധുവെപ്പോലെ, ശാഖികൾ;
തുടയൂക്കാൽപ്പുഴങ്ങിപ്പോയ് സ്സാലാദിശ്രേഷ്ഠശാഖികൾ;
പിന്തുടർന്നു ഹനൂമാനെ, ബ്ഭൂപനെ ബ്ഭടർ പോലവെ; 48

നല്ലമരങ്ങൾ വളരെയെണ്ണം പിൻചെന്ന വാനരൻ,
മല പോലുള്ള ഹനുമാൻ കാണികൾക്കേകിയത്ഭുതം.
കാതലൊത്തുള്ള വൃക്ഷങ്ങളപ്പൊ വെള്ളത്തിലാണ്ടുപോയ്,
ഇന്ദ്രകൽപ്പേടിയാലാഴിതന്നിൽഗ്ഗിരികൾ പോലവെ. 50

ഒപ്പക്രമ്പും മൊട്ടുമായ് നാനാപൂക്കൾ പുഴറം വാനരൻ,
മിന്നാമിനുങ്ങളാൽത്തീർത്ത മല പോലായ് ഘനോപമൻ.
അവന്റെയൂക്കാൽ വേർപെട്ടു, പൂ പൊഴിച്ചപ്പലാശികൾ
നീരിൽ മുക്കാഴിഞ്ഞു, തിരിയെ പോന്ന മിത്രങ്ങൾ പോലവേ. 52

വൃക്ഷങ്ങൾതൻ വിവിധമാം കനമില്ലാത്ത പുഷ്പവും
വീണു വിചിത്രം കടലിൽ, കപിതൻ കാറ്റലയ്ക്കയാൽ;
താരം നിറഞ്ഞ വാനത്തെപ്പോലെ ശോഭിച്ചു വങ്കടൽ.
നാനാവർണ്ണങ്ങളാം പൂക്കളെമ്പാടും ചേർന്ന വാനരൻ 54

വിളങ്ങി, വാർമിന്നലണിഞ്ഞുയരും മുകിൽ പോലവെ.
കാണായ് തണ്ണീരിൽ, വന്നതെയൂക്കാൽച്ചിന്നിയ പൂക്കളാൽ,
ചാരുതാരങ്ങളുദയം ചെയ്ത വാനം കണക്കിനെ.
അവന്റെ നീട്ടപ്പെട്ടുള്ള കൈകൾ കാണായിതംബരേ, 56

പർവതാഗ്രാൽപ്പുറപ്പെട്ട പഞ്ചാസ്യാഹികൾ പോലവേ.
അല തിങ്ങും കടൽ കുടിപ്പാനെന്നപ്പോലെ വിളങ്ങിനാൻ;
വാനം കുടിപ്പാൻപോംമട്ടും കാണായ് ശ്രീമാൻ മഹാകപി.
ആ വായുമാർഗ്ഗഗന്റെ മിന്നലെതിർകണ്ണുകൾ 58

തിളങ്ങി, പർവതത്തിങ്കലിരിക്കെ തീയ്യു പോലവേ.
പിംഗാക്ഷേന്ദ്രന്റെ മഞ്ഞച്ച വൻവട്ടക്കണ്ണു രണ്ടുമേ
വിളങ്ങി, ചന്ദ്രസൂര്യന്മാരൊന്നുദിച്ചതു പോലവേ.
അദ്ദേഹത്തിൻ മുഖവും വിളങ്ങി മൂക്കിനാൽ, 60

Digitized By Kerala Sahitya Akademi

അന്തിച്ചുകപ്പു മേളിച്ച സൂര്യബിംബം കണക്കിനെ.
പാടുന്ന വായുപുത്രന്റെ പൊങ്ങിച്ചുരുട്ടിട്ട വാലതോ,
ഇന്ദ്രധ്വജം നാട്ടിയപോലത്ഭുതം ഭാസിച്ചു നഭസ്ഥലേ.
വട്ടച്ച വാൽകൊണ്ടു, മഹാൻ ശുഭ്രദംഷ്ട്രൻ മരുത്സുതൻ 62
വിലസീ, പരിവേഷത്താൽസ്സൂര്യൻ പോലെ, മഹാമതി.
ഇടത്തുകക്ഷാസന്ധാനത്താലേ ലസിച്ചിതാ മഹാകപി
പിളർന്ന പെരുതാം കാവിമണ്ണിനാൽ മല പോലവേ.
കടൽ ചാടിക്കടക്കുന്ന കപികേസരിതന്നുടെ 64
കക്ഷദ്വയക്കിടയിൽപ്പെട്ട കാറ്റു, കാർപോലിരമ്പിയായ്.
വടക്കുനിന്നു പൊന്തിട്ടു വാനിൽപ്പായുന്ന കൊള്ളിമീൻ
എമ്മട്ടു വാലുമായ് കാണു, മമ്മട്ടക്കപികുഞ്ജരൻ!
പറക്കും സൂര്യനെപ്പോലായ് നീണ്ടു ശോഭിച്ചു വാനരൻ, 66
ചരടുകൂട്ടിക്കെട്ടുമ്പോൾ നെടുതാമാന പോലവേ.
മുകൾഭാഗത്തു മെയ്കൊണ്ടും, താഴത്തു നിഴൽകൊണ്ടുമേ,
കടലിൽക്കാറ്റു വന്നേറ്റ കപ്പൽ പോലായ് തദാ കപി.
ആ മഹാകപി ചെന്നെത്തുമാഴിതൻഭാഗമാകവേ 68
കാണായിതേ പിളർപ്പോൻ പോലെ, യവന്റെ തുടയൂക്കിനാൽ!
മാറിടത്താൽ, മലയ്ക്കൊത്ത വാരിധിത്തിരമാലയെ
തള്ളിക്കൊണ്ടു പെരുത്തു കീഴ്ച്ചാടിനാനമ്മഹാകപി.
കപിതൻപ്രബലക്കാറ്റും കാറിൻകാറ്റുമടിക്കയാൽ, 70
കൊട്ടുതാംകുമിരമ്പത്തോടിളകിത്തുള്ളിനിന്നവം.
ഉല്പ്പന്നീരിൽത്തിരച്ചാർത്തിട്ടിളച്ചുംകൊണ്ടു ചാടിനാൻ,
വാരാഴികളെ വിതിർപ്പോൻ പോലവേ വാനരോത്തമൻ!
മഹാജവൻ വൻകടലിൽ മേരുമന്ദരതുല്യമായ് 72
പൊങ്ങും തിരകൾ പിന്നിട്ടാനെണ്ണിക്കൊണ്ടെന്നപോലവേ!
അവന്റെയൂക്കാൽ മേല്പോട്ടു തെള്ളിസ്സാംബുദമാം ജലം
വാനത്തു വിലസീ, വർഷച്ച ശരന്മേഘം കണക്കിനേ.
മീനാമതിമിനക്രങ്ങൾ കാണായി വെളിവിൽത്തദാ, 74
ഉടുപ്പഴിച്ചിടുകയാൽ ദേഹിദേഹങ്ങൾ പോലവേ.
ചാടുമാ വാനരവ്യാഘ്രൻ വാനിൽക്കാണായ വേളയിൽ,
താർക്ഷ്യനാണെന്നു നണ്ണിപ്പോയ് കടൽവാഴികൾ പാമ്പുകൾ!
പത്തു യോജന വണ്ണവും മുപ്പതു യോജന നീളവും 76

Digitized By Kerala Sahitya Akademi

പൂർണ്ണതായ് കപിസിംഹന്റെ കക്ഷമാം നിഴലംബുവിൽ.
തെളിഞ്ഞ വാർമുകിൽച്ചാർത്തു പോലെ മാരുതിതൻ നിഴൽ
പരന്നു പിമ്പേ പോയ്ക്കൊണ്ടു വിലസീ ലവണാംബുവിൽ.
അലംബമററ വാനത്തു മഹാകായൻ മഹാകപി 78
മഹാതേജസ്സു വിലസി, ചിറകുള്ളദ്രി പോലവേ.
ഏതിലേ പോവതുണ്ടക്കോടാക്കാരത്തൻ കപികുഞ്ജരൻ,
ആ വഴിക്കുണ്ണുവം പെട്ടെന്നൊരു പാത്തി കണ്ടെയായ്!
പക്ഷിപ്രജത്തിൻവഴിയിൽപ്പക്ഷീന്ദ്രൻ പോലെ പോകവേ 80
വലിച്ചാൻ മേഘജാലത്തെ ഹനുമാൻ, കാററു പോലവേ;
ഇടുത്തും ചെറുചെമ്പ്രാന്തം, കറുത്തും വെണ്മ തേടിയും
പ്രശോഭിച്ചു, കപി വലിച്ചോരാ വലിയ കാറുകൾ.
വീണ്ടും വീണ്ടും മുകിൽച്ചാർത്തുൾപ്പുക്കുവാൻ വിട്ടുപോരുവോൻ 82
മറവാന്നും വെളിപ്പെട്ടും കാണായി തിങ്കൾ പോലവേ.
ചാടിജ്ജവേന പോകുന്നാക്കപിയെപ്പാർത്തു കണ്ടുടൻ
പൊഴിച്ചാർ പൂക്കളവനിൽ, ദേവഗന്ധർവ്വദാനവർ.
രാമകാര്യാർത്ഥസിദ്ധിക്കായ്പ്പാട്ടമാ വാനരേന്ദ്രനിൽ 84
ചൂടു തട്ടിച്ചതില്ലർക്കൻ; ചെയ്തു ശുശ്രൂഷ വായുവും!
വാനാണ്ടു പോകുമവനെ സ്തുതിച്ചിതു മഹർഷിമാർ;
ഓജസ്വിയെ പ്രശംസിച്ചു പാടീ ഗന്ധർവ്വദേവകൾ.
സ്തുതിച്ചു നാഗവിബുധയക്ഷരക്ഷഃഖഗങ്ങളും 86
പെട്ടെന്നു കണ്ടിട്ടേറ്റവും വാട്ടമററ കപീന്ദ്രനെ.
ആ ഹനുമാൻ കപിവ്യാഘ്രൻ ചാടി മീതേ ഗമിക്കവേ,
നിനച്ചുകൊണ്ടാനൈ,ക്ഷ്വാകുബഹുമാനാർത്ഥി സാഗരം:—
'കപീന്ദ്രനാം ഹനുമാനു സാഹായ്യം ചെയ്തിടായ്കിലോ, 88
എന്നെപ്പററം പഴിച്ചിട്ടും, സംസാരിപ്പവരൊക്കവേ!
ഇക്ഷ്വാകുനാഥൻ സഗരൻ വളർത്തിയവനാണു ഞാൻ;
ഐക്ഷ്വാകാമാത്യനി,ങ്ങാളും; വാട്ടമിങ്ങുറുകു പററൊലാ.
കപിക്കു വിശ്രമം കൊള്ളാൻ ചെയ്യേണം തക്കതൊന്നു ഞാൻ: 90
എങ്കൽ വിശ്രാന്തനായ്,ബ്ബാക്കി പിന്നീടേണം സുഖത്തോടേ.'
എന്നു നല്ലോരു നിനവുറെക്കൊണ്ടു ചൊന്നാൻ നദീശ്വരൻ,
തണ്ണീരിലാണ്ട പൊൻശൃംഗമെന്ന കാദ്രീന്ദ്രനോടുടൻ:—
'നീയിങ്ങു, പാതാളഗരാമസുരക്കെട്ടിലാത്തമ, 92

Digitized By Kerala Sahitya Akademi

തഴതായിട്ട വെച്ചപ്പെട്ടോനല്ലോ ദേവരാജനാൽ:
സാജാതവിച്ഛരായ വീണ്ടും കേറാൻ നോക്കുമ്പോൾ നീ
മഹാരസാതലദ്വാരമടച്ചു മരുവുന്നവൻ.
വളരാൻ പോരുമല്ലോ നീ മേലും കീഴും വിലങ്ങുമേ; 94
അതിനാൽ നിന്നോടോതുന്നേനെ,ഴുന്നേല്ക്ക നഗോത്തമ:
ഇതാ, കപീന്ദ്രനെത്തുന്നു നിൻമേൽബ്ഭാഗത്തു, വീര്യവാൻ
ഹനുമാൻ, രാമകാര്യാർത്ഥം വാനാരേന്ദ്രൻ, ഭീമചേഷ്ടിതൻ;
തുണ ചെയ്യേണമിക്ഷ്വാകുസേവിയാകുമിവന്നു ഞാൻ; 96
എനിക്കു മാന്യരാമിക്ഷ്വാകര,ങ്ങളത്യന്തമാന്യരാം.
ചെയ്ക നമ്മുടെ സഹായവും; കാര്യം നമ്മൾക്ക തെറ്റൊലാ:
ചെയ്യേണ്ട കാര്യം ചെയ്യാഞ്ഞാൽ സത്തുക്കൾക്കരിശം വരും.
നീരിൽനിന്നുയരൂ; നിൽകലിതന്നിലെട്ടെയിക്കപി: 98
നമുക്കതിഥി, മന്നിലേറ്റമുന്നമണി ഹരീശ്വരൻ.
ഹേ, കാഞ്ചനമഹാശൃംഗ, ദേവഗന്ധർവ്വസേവിത,
നിങ്കൽ വിശ്രാന്തനായ്‌വേണം, ഹനുമാൻ ബാക്കി പോകുവാൻ.
കാകുത്സന്നുള്ള കനിവും, സീത വേർപെട്ടുപോയതും, 100
കപീശ്വരൻതൻ ക്ലമവും പാർത്തുകണ്ടെഴുന്നേല്ക്ക നീ'
സുവർണ്ണശൃംഗം മൈനാകമുപ്പുംഴിയുടെ വാക്കിനാൽ
പൊങ്ങിനാൻ നീരിൽനിന്നാശു, തുംഗദ്രുമലതാവൃതം;
ഉയർന്നാൻ കടൽവെള്ളത്തെപ്പിളർത്തപ്പർവ്വതം തദാ, 102
വാരിദത്തെപ്പിളർത്തുദ്യദ്രശ്മിയാം രവി പോലവേ.
ക്ഷണംകൊണ്ടു, ജലം ചുഴെച്ചേർന്നിരുന്നാ മഹാചലം
കാണിച്ചുകൊണ്ടാൻ ശൃംഗങ്ങൾ, സാഗരത്തിൻറയാജ്ഞയാൽ:
വാനത്തുരുമ്മുന്നവ പോലുള്ള പൊൻശിഖരങ്ങളോ, 104
സൂര്യോദയനിറം വിശീ, സകിന്നരമഹാഹികൾ;
ഉയർന്നുനിന്ന മലതൻ തങ്കപ്പൊൻശിഖരങ്ങളാൽ,
കനകപ്രഭമായ്ത്തീർന്നിതി,രിമ്പിമന്നാത്ത വാനിടം.
സ്വയം മിന്നിത്തിളങ്ങുന്ന സുവർണ്ണശിഖരങ്ങളാൽ 106
ആദിത്യർ നൂറുപോലുള്ള സമനായിത്തീർന്നാ ഗിരിസത്തമൻ!
തരുവല്ലി ഇളനാംശ്രൂ ശിലാ ശൈലമത മാരുതി,
ഉപ്പുനീർനാഴം വവിതിനെ നോക്കുന്നായി നണ്ണിനാൻ.
ഇച്ചെറിയുയർന്ന ശൈലത്തെയ്ക്കുറുന്നാ മഹാകപി 108

Digitized By Kerala Sahitya Akademi

മാറിടംകൊണ്ടു വീഴിച്ചാൻ, കാറ്റിനെക്കാറ്റു പോലവേ.
അമ്മട്ടക്കപി വീഴിച്ചനേരമപ്പർവ്വതോത്തമൻ
കപിതന്നൂക്ക കണ്ടിട്ടു ഹർഷിച്ചാനൊലി കൂട്ടിനാൻ;
ആകാശത്തിങ്കലമരുമാ വീരകപിയോടുടൻ, 110
ആകാശഗതനായ് നന്ദിച്ചുൾക്കുളിർത്തീനാൻ ഗിരി,
മനുഷ്യരൂപം കൈക്കൊണ്ടു തന്റെ ശൃംഗത്തിൽനിന്നുതാൻ:—
"ദുസ്സാധമല്ലോ നീയിച്ചെയ്തതു വാനരസത്തമ;
വന്നിരുന്നെൻമുടികളിൽ വിശ്രമിക്ക യഥാസുഖം: 112
കാകുത്സ്ഥവംശ്യരാലത്രേ വളർത്തപ്പെട്ടു വാരിധി;
അസ്സാഗരം പേർത്തർച്ചിപ്പൂ നിന്നെ, രാമഹിതൈഷിയെ.
ചെയ്യേണം പ്രത്യുപകൃതി;—യിതു ശാശ്വതധർമ്മമാം;
മാനിയ്ക്ക പ്രത്യുപകൃതിക്കൊരുങ്ങുമിവനെബ്ഭവാൻ. 114
അങ്ങയ്ക്കായ് ബഹുമാനത്താലിവൻ വിട്ടവനാണു ഞാൻ,
'നൂറു യോജനയും ചാടാനൊരുങ്ങിയവനിക്കപി
ഭവാങ്കൽ വിശ്രമിച്ചിട്ടു ചാടട്ടെ ബാക്കി'യെന്നുതാൻ;
നില്ക്കുകെൻകൽക്കപിവ്യാഘ്ര, വിശ്രമിച്ചു ഗമിക്ക നീ. 116
ഇതാ, സുരഭിലം, സ്വാദു, വളരെക്കായ വേർ കനി;
ഇതു തിന്നു കപിശ്രേഷ്ഠ, വിശ്രമിച്ചിട്ടു പോയിടാം.
നമുക്കും ചാർച്ചയുണ്ടല്ലോ ഭവാനോടു കപീശ്വര:
മൂപ്പാരിലും പുകൾപ്പെട്ടോൻ മഹാഗുണയുതൻ ഭവാൻ; 118
ഉലകിൽച്ചാടും പ്ലവംഗന്മാരുണ്ടല്ലോ മാരുതാത്മജ,
അവർക്കു മുമ്പൻ നീയെന്നാണെൻപക്ഷം കപികുഞ്ജര.
നിസ്സാരനാമതിഥിയുമറിവുള്ളോനു പൂജ്യനാം;
ധർമ്മം തേടുന്നവനെന്തു പിന്നെ ത്വാദൃശനാം മഹാൻ? 120
മകനല്ലോ, മഹാത്മാവാം വായുദേവോത്തമന്നു നീ;
ഊക്കുകൊണ്ടവിടത്തോടേ സദൃശൻ കപികുഞ്ജര,
ധർമ്മജ്ഞ, നിന്നെപ്പൂജിച്ചാൽപ്പൂജിക്കപ്പെട്ടു വായുവും;
അതിനാൽ മമ പൂജ്യൻ നീ;—യിതിനും കേൾക്ക കാരണം: 122
മുന്നം കൃതയുഗേ വത്സ, ചിറകുള്ളവയദ്രികൾ;
പറന്നാരവ ദിക്കെങ്ങും, ഗരുഡാനിലവേഗികൾ.
അവ പോകെ ഇടന്നപ്പോൾ, മുനിമാരുമമർത്ത്യരും,
മേൽ വീഴുമവയെന്നോർത്തു പേടിച്ചു ഭൂതജാലവും. 124

Digitized By Kerala Sahitya Akademi

ഉടൻ ചൊടിച്ച ദേവേന്ദ്രൻ വജ്രംകൊണ്ടു ശതക്രതു
ക്ഷംസ്ഥാനങ്ങളദ്രികൾതൻ ചിറകായിരമായിരം;
ചൊടിച്ചടുത്താനെന്നേക്കാ വജ്രമോങ്ങിസ്സുരേശ്വരൻ.
അപ്പോളെന്നെദ്രുതം കൊണ്ടുപോന്നു പെരിയ മാരുതൻ; 126

എന്നിട്ടീയുപ്പുവെള്ളത്തിൽക്കൊണ്ടാക്കീ പ്ലവഗോത്തമ;
രക്ഷിച്ചാനെന്നെ നിന്നച്ഛൻ:—ഛദിലെൻ ചിറകേതുമേ.
അതിനാൽ നിന്നെ മാനിപ്പേൻ: മാന്യനല്ലോ മമാനിലൻ;
ഇതാണെനിക്കു നല്ലോരു ചാർച്ച നീയായ് കപീശ്വര. 128

കാര്യമിമട്ടാകകൊണ്ടു, സാഗരത്തെയുമെന്നെയും
പ്രീതിപ്പെടുത്തേണം,മൊരുൾപ്രീതി പൂണ്ടു കപീന്ദ്ര,നീ.
തളർച്ച തീർക്ക, സൽക്കാരം കൈക്കൊൾക കപിസത്തമ:
പ്രീതിയെബ്ബഹുമാനിയ്ക്കൂ; പ്രീതൻ ഞാൻ തവ ദർശനാൽ.' 130
ഇതു കേട്ടു കപിശ്രേഷ്ഠനാ മലയോടോതിനാൻ:—
'നന്ദിച്ചേൻ; ചെയ്തിതാതിഥ്യം; മുഷിച്ചലിതു കൈവിടാം.
വെമ്പിപ്പൂ കാര്യകാലം മേ; തീർന്നുപോവുമേയായ് പകൽ;
പ്രതിജ്ഞയും ചെയ്തിരിപ്പൂ, നില്ക്കാൻ പാടില്ലിടയ്ക്കു ഞാൻ.' 132
എന്നോതിശ്ശൈലത്തെക്കയ്യാൽ തലോടീക്കപിപുംഗവൻ
വാനത്തണഞ്ഞു പൊങ്ങിക്കൊണ്ടോൻ, പുഞ്ചിരിക്കൊണ്ടു വിഴ്വവാൻ.
സമുദ്രവും പർവതവും ബഹുമാനമോടന്ന നോക്കിനാർ;
ആശിസ്സുകളെക്കൊണ്ടു പൂജിച്ചാർ വായുപുത്രനെ. 134

മഹാബ്ധിശൈലങ്ങളെ വിട്ടവൻ മേല്പോട്ടുയർന്നവൻ
അച്ഛന്റെ വഴിയിൽച്ചെന്നു പോയ്ക്കൊണ്ടാനമലാംബരേ.
വീണ്ടും മേല്പോട്ടു ചെന്നിട്ടഗ്ഗിരിയെപ്പാർത്തുകൊണ്ടുതാൻ
പോയാൻ വായുജനാലംബമില്ലാത്ത വിമലാംബരേ. 136

രണ്ടാമതാ ഹനുമാന്റെ ദുഷ്കരത്തൊഴിൽ കണ്ടതാൽ
ശ്ലാഘിച്ചു സുരരപ്പേരും സിദ്ധന്മാർ മുനിമുഖ്യരും.
അങ്ങു നിന്ന സുരന്മാരുമായിരംകണ്ണനിന്ദ്രനും
അസ്സുകാഞ്ചനശൃംഗന്റെ തൊഴിലാൽത്തുഷ്ടി തേടിനാർ. 138
തോഷത്താൽത്തൊണ്ടമിടറുംമാറു താൻ തന്നെ ചൊല്ലിനാൻ,
സുശൃംഗമാം മലയൊടാബ്ബുദ്ധിമാനാം ശചീശ്വരൻ:—
'സുവർണ്ണശൃംഗ, ശൈലേന്ദ്ര, തുഷ്ടനായ് നിങ്കൽ ഞാൻ തുലോം;
തരുന്നൻ തവാഭയം സൌമ്യ; വാണുകൊൾക യഥാസുഖം. 140



Digitized By Kerala Sahitya Akademi

ചെയ്തു വലിയ സാഹായ്യം ശൂരനാം ഹനുമാനു നീ,
ഭയത്തിലും, ഭയം വിട്ടു നൂറു യോജന ചാടവേ.
അദ്ദാശരഥിതൻ ദൌത്യം പൂണ്ടല്ലോ പോവതിക്കപി;
തോഷം വളർത്തി മേ നീ ചി,ഞ്ഞിവനെസ്സൽക്കരിച്ചതാൽ.' 142
ഒരു നിർഭരമാം ഹർഷം ഗിരീന്ദ്രനുളവായ് തദാ,
ശതക്രതു സുരാധീശൻ സന്തോഷിച്ചതു കാരണാൽ.
നിലകൊണ്ടാനവിടെ,യാ വരം കിട്ടിയ പർവ്വതം;
ഹനൂമാനോ, ക്ഷണത്താലേ പിന്നിട്ടാനംബുരാശിയെ. 144

പില്പാടു ദേവഗന്ധർവ്വർ സിദ്ധന്മാർ മുനിമുഖ്യരും
സൂര്യനൊക്കും സുരസയാം നാഗമാതാവൊടോതിനാർ:—
'ഇതാ, ചാടുന്നു കടലിൻമീതേ ശ്രീമാൻ മരുത്സുതൻ
ഹനൂമാനെന്നവനി; വനൊട്ടു വിഘ്നം പിണെയ്ക്ക നീ, 146
സുഘോരമായ് മലയ്ക്കൊത്ത രാക്ഷസാകാരമേന്തിയും,
ദംഷ്ട്രോഗ്രമായ്ക്കണ്ണ് മഞ്ഞച്ച വക്ത്രം വാനെട്ടിലാക്കിയും.
നോക്കട്ടേ ഞങ്ങളിന്നിയു, മിവന്റെ ബലവിക്രമം:
തഞ്ചത്തിൽ വെല്ലുമോ നിന്നെ,യത്തലിൽപ്പെട്ടുപോകുമോ?' 148
എന്നോതി വാനോർ മാനിച്ച സുരസാദേവിയും തദാ,
വിരൂപമായ് വികൃതമായുമം പേടിച്ചുപോംവിധം
ഒരു രാക്ഷസിതൻവേഷം ധരിച്ചിട്ടുന്നു വന്നരെ
ചാടീടുന്ന ഹനൂമാനെത്തടുത്തിങ്ങിനെ ചൊല്ലിനാൾ:— 150
'എനിക്കു തീനായീശന്മാർ തന്നോൻ നീ വാനരർഷഭ;
നിന്നെ ഞാൻ തിന്നുകഴിക്കുന്നിനീ;—യെൻവായിൽക്കടക്ക നീ.'
ഏവം സുരസ ചൊന്നപ്പോൾ, ശ്രീമാനാം വാനരർഷഭൻ
തെളിഞ്ഞ വദനത്തോടേ തൊഴുതിങ്ങിനെ ചൊല്ലിനാൻ:— 152
'രാമൻ ദാശരഥി ശ്രീമാൻ ദണ്ഡകാടവി പൂകിനാൻ,
ഭ്രാതാവാം ലക്ഷ്മണനോടും ഭാര്യ വൈദേഹിയാളൊടും;
അരക്കപ്പക വെട്ടോനദ്ദേഹം മറെറാന്നു ചെയ്യവേ,
തദ്ഭാര്യയാം പുകൾപ്പെട്ട സീതയെക്കട്ടു രാവണൻ. 154
അവൾക്കടുക്കൽപ്പോകുന്നേൻ ദൂതൻ ഞാൻ രാമശാസനാൽ;
ചെയ്യേണം തുണ രാമന്നു നാട്ടിൽപ്പാർപ്പവളായ നീ.
അല്ലെങ്കിൽ മൈഥിലിയെയും, കല്യനാം രാമനെയുമേ
കണ്ടിട്ടു പൂകാം നിൻവായിൽ; നേരായ്ച്ചെയ്യും പ്രതിജ്ഞ ഞാൻ!' 156

Digitized By Kerala Sahitya Akademi

ഹനൂമാനിതു ചൊന്നാറെ സുരസാ കാമരൂപിണി
ചൊന്നാളെ, 'ന്നെ കടന്നുപോകില്ലാരു,മെന്റെവരം'
[അവൻ പോയതു കണ്ടിട്ടു വീണ്ടും സുരസ ചൊല്ലിനാൾ,
നാഗമാതാവു ഹനുമാന്റെ കെല്പൊന്നറിഞ്ഞിടാൻ:—
'ഇപ്പോളെൻവായിലുൾപ്പുക്കു പോകാം വാനരസത്തമ:
പങ്കജൻ തന്ന വരമിതെന്നിട്ടെ'ന്നവൾ സത്വരം.
വൻവായ് പിളർത്തി നിന്നാളാ വായുപുത്രന്റെ മുന്നിലായ്.
ഏവം സുരസ ചൊന്നപ്പോൾച്ചൊടിച്ചു കപിപുംഗവൻ
പറഞ്ഞാൻ:—'വാ പൊളിക്കെന്നെയുൾക്കൊള്ളാൻ പററുമാറു നീ;'
ഇത്ഥം സുരസയോടോതി,പ്പത്തുയോജന നീണ്ടവൻ;
പത്തുയോജന വണ്ണത്തിൽ നിന്നാനാ ഹനുമാൻ ക്രമം.
മേഘോപമൻ യോജനയിരുപതു നീണ്ടതു കണ്ടവൾ,
വാ പൊളിച്ചാൾ സുരസ,യെന്നാങ്കുയോജന നീണ്ടതായ്.
ചൊടിച്ചു ഹനുമാൻ നീണ്ടാനൊരു മുപ്പതു യോജന;
വാ പൊളിച്ചാൾ സുരസ, നാല്പതു യോജന നീണ്ടതായ്.
വീരനായ ഹനുമാനമ്പതു യോജന പൊങ്ങിനാൻ.
വാ പൊളിച്ചാൾ സുരസയും, ഷഷ്ടിയോജന നീണ്ടതായ്.
വീരൻ ഹനുമാനെഴുപതു യോജന പൊങ്ങിനാൻ;
വാ പൊളിച്ചാൾ സുരസ,യെണ്പതു യോജന നീണ്ടതായ്.
മലയ്ക്കൊത്ത ഹനുമാൻ തൊണ്ണൂറു യോജന പൊങ്ങിനാൻ;
വാ പൊളിച്ചാൾ സുരസയും നൂറു യോജന നീണ്ടതായ്.]
അപ്പിളർത്തിയ വായ് കണ്ടു വായുഭവൻ ബുദ്ധിമാൻ,
തന്നെച്ചുരുക്കി,പ്പെരിയവിരലിന്നൊപ്പമായിനാൻ; 158
അവൾതൻ വായ പുക്കാശു വെളിയിൽച്ചാടിയുജ്ജ്വലൻ,
വാനിടത്തിൽ നിലക്കൊണ്ടാ ശ്രീമാനിങ്ങിനെ ചൊല്ലിനാൻ:—
'നിൻവായിൽ ഞാൻ കടന്നല്ലോ; ദാക്ഷായണി, വണങ്ങിടാം!
പോകുന്നേൻ സീതതൻ ചാരേ; നേരമായ് വന്നു നിൻവരം.' 160
ചന്ദ്രൻ രാഹുമുഖം പോലെ കീശൻ വായ് വിട്ടുപോന്നതായ്
കണ്ടാതി സുരസാദേവി, തന്മെയ് പൂണ്ടവനോടുടൻ:—
പോകയ്ക്കൾക സുഖമായ്സ്സൌമ്യ, കാര്യം നേടാൻ കപീശ്വര;
മഹാത്മാവാം രാമനോടു ചേർത്തിണക്കുക സീതയെ.' 162

[ഈ അടയാളത്തിന്റെ ഉള്ളിൽപ്പെട്ടതു പ്രക്ഷിപ്തം]

Digitized By Kerala Sahitya Akademi

മൂന്നാമതാ ഹനുമാന്റെ ദുഷ്കരത്തൊഴിൽ കാണുകയാൽ,
നന്നു നന്നെന്നു, കപിയെ പ്രശംസിച്ചാർ ശരീരികൾ.
അധൃഷ്യമായ വരുണാലയമാം കടലിന്നുമേൽ
വാനം പ്രാപിച്ചു പോയ്ക്കൊണ്ടാനവൻ ഗരുഡവേഗിയായ്: 164
വാരിധാരകളുള്ളതായ്, പതഗങ്ങൾ പറപ്പതായ്,
ഐരാവതാധിഷ്ഠിതമായ്, കൌശികാചാര്യയുക്തമായ്,
ആന സിംഹം പുലി ഖഗം പാമ്പുമാം വാഹനങ്ങളും
സഞ്ചരിക്കും തെളിവിമാനങ്ങളും കൂടിച്ചേർപ്പതായ്, 166
ഇടിമിന്നലടിച്ചുള്ളോം ചെന്തീയ്ക്കൊളി പൂണ്ടതായ്,
സുകൃതം ചെയ്തു വിൺ വെന്ന മഹാഭാഗർ വസിപ്പതായ്,
ഹവിസ്സോറും വഹിക്കുന്ന ചിത്രഭാനു ചരിപ്പതായ്,
ഗ്രഹനക്ഷത്രചന്ദ്രാർക്കതാരങ്ങളെയണിഞ്ഞതായ്, 168
മഹർഷിഗണഗന്ധർവ്വനാഗയക്ഷർ നിറഞ്ഞതായ്,
വിവിക്തവിശദാമലമായ്, വിശ്വാവസു ചരിപ്പതായ്,
ഉമ്പർകോനാന മെയ്യുന്നതായ്,ക്കേന്ദ്രസുമാർഗ്ഗമായ്,
ഉലകത്തിന്നജൻ ചെയ്ത വിരിമേലാപ്പുപോലെയായ് 170
ഭൂരിവിദ്യാധരശ്രേഷ്ഠവീരർ ചേർന്ന മരുൽപഥം
പുക്കു മാരുതി പോയ്ക്കൊണ്ടാൻ, ഗരുത്മാനെന്നപോലവേ.
എങ്ങും കാണപ്പെട്ടമാറു, ഹനൂമാനനിലാത്മജൻ
നിരാലംബാംബരം പുക്കാൻ, ചിറകുള്ളദ്രി പോലവേ. 172
ചാട്ടമായവനെക്കണ്ടു, സിംഹികാഖ്യ രാക്ഷസി,
കാമരൂപിണി, ക്രൂരത്തി, ചിന്തചെയ്താൾ മനസ്സിനാൽ:—
'നെടുനാളേക്കിപ്പുറമെനിക്കിന്നൊരഷ്ടി കഴിച്ചിടാം:
ഇതാ, വശത്തുവന്നല്ലോ വലുതായൊരു ജന്തു മേ.' 174
എന്നു ചിന്തിച്ചവനുടെ നിഴലാഞ്ഞുവലിച്ചിതായ്.
നിഴലിൽപ്പിടിപെട്ടപ്പോൾ നിരൂപിച്ചാൻ വലീമുഖൻ:—
'വലിക്കപ്പെട്ടു പെട്ടെന്നു പോക്കിൽ ഞാൻ കാൽമുടന്തനായ്,
തിരിച്ചടിച്ച കാറ്റാലേ കടലിൽക്കപ്പൽ പോലവേ!' 176
ഉടൻ വിലങ്ങും മുകളും ചുവടും പാർത്തു വാനരൻ
കണ്ടാനുപ്പാഴിയിലുയർന്നോരു വമ്പിച്ച ജന്തുവെ.
അതിൻ വികൃതമാം മോന്ത കണ്ടു ചിന്തിച്ചു മാരുതി:—
വീര്യമേറും നിഴൽ പിടിക്കുന്നൊരത്ഭുതജന്തുവെ 178

Digitized By Kerala Sahitya Akademi

ചൊന്നല്ലോ വാനരാധീശന,തുതാനിതു നിർണ്ണയം.'
ശരിക്കു സിംഹികയതെന്നറിഞ്ഞക്കപി ബുദ്ധിമാൻ
വലുതായാൻ മഹാകായൻ, വർഷത്തിൽക്കാറു പോലവേ.
അക്കപീന്ദ്രൻെറ വലുതായ്വന്നീടുമുടൽ കണ്ടവൾ, 180
പാതാളത്തിൻപെഴുതു പോലുള്ള വായ വിടർത്തിനാൾ;
കാർനിരക്കൊപ്പമലറിക്കൊണ്ടണഞ്ഞാൾ പ്ലവംഗമെ.
തദാ കണ്ടാനവളുടെ തുറന്ന പെരുവായയും,
മെയ്യിൻ വലുപ്പവും, മർമ്മങ്ങളും വങ്കപി ബുദ്ധിമാൻ. 182
ചാടിനാനഥ, മെയ് പേർത്തും ചെറുതാക്കി, മഹാബലൻ
തുറന്നുള്ളവൾതൻവായിലേക്കു വജ്രാംഗനാം കപി.
അവൾതൻ വായിലാഴ്ന്നോനെക്കണ്ടാരസിദ്ധചാരണർ,
രാഹു വായിൽ വീഴുന്ന പൂർണ്ണചന്ദ്രനെയാംവിധം. 184
പിന്നവൾക്കുള്ള മർമ്മങ്ങൾ മൂർച്ചയുള്ള നഖങ്ങളാൽ
മുന്നൊടുത്തുക്കിൽ മേല്പോട്ടു ചാടി, കപി, മനോജവൻ.
ചിക്കെന്നവളെ, നോട്ടത്താലുൽക്കനത്താൽ മിടുക്കിനാൽ
വീഴ്ത്തി, വീണ്ടും വളർന്നാനക്കപിപ്രവരനാത്മവാൻ. 186
വാടി വീണാളവൾ ജലേ, ഹനുമാൻ നെഞ്ചിടുക്കയാൽ;
സൃഷ്ടിച്ചു ഹനുമാനെന്നാൽ ബ്രഹ്മാവവളെ വീഴ്ത്തുവാൻ!
പ്ലവംഗനസ്സിംഹികയെക്കൊന്നുവീഴിച്ചതന്നേരം
കണ്ടു ഖേചരഭൂതങ്ങളാ വങ്കപിയൊടോതിനാർ:—
'ചെയ്തു കൊടുംകൃതിഹ നീ: കൊന്നല്ലോ ചിത്തജന്തുവെ; 188
നിനച്ച കാര്യം സാധിക്കു ശുഭമായ് പ്ലവഗോത്തമ!
ധൈര്യം, നോട്ടം, ബുദ്ധി, ദാക്ഷ്യമീ നാലെണ്ണം കപീന്ദ്രഭോ,
അങ്ങയ്ക്കുള്ളതുപോലുള്ളോൻ തൻകർമ്മത്തിൽത്തളർന്നിടാ.'

അവർ മാനിച്ച സംപൂജ്യൻ, കാലേ തക്കതു തോന്നുവോൻ, 190
വാനത്തണഞ്ഞു പോയ്ക്കൊണ്ടാൻ, താർക്ഷ്യനെപ്പോലെ വാനരൻ.
മുക്കാലുമക്കരെയെത്തി,ച്ചുറ്റും നോക്കുന്നപോതവൻ
കണ്ടാനാ, നൂറുകാതത്തിന്നപ്പുറത്തുള്ള കാനനം.
പറന്നുകൊണ്ടേ കണ്ടാൻ പിൽപാടശ്ശാഖാമൃഗോത്തമൻ 192
നാനാദ്രുമാഞ്ചിതദ്വീപും മലയോപവനങ്ങളും;
ആഴി,യാഴിക്കരകളു,മാഴിക്കരമരങ്ങളും,
ആഴിതൻ പത്നികളുടെ മുഖവും കണ്ടിതങ്ങവൻ.
വാനത്തു മുട്ടുംവിധമാം വങ്കാറിന്നൊത്ത തന്നുടൽ 194

Digitized By Kerala Sahitya Akademi

നോക്കിക്കണ്ടിട്ടു ചിന്തിച്ചാനാത്മവാൻ ബുദ്ധിമാനവൻ:
‘എൻമെയ്‌വലുപ്പവും പ്രൌഢവേഗവും കണ്ടു രാക്ഷസർ
എങ്കൽക്കൗതുകമാർന്നിടു’മെന്നോർത്താൻ കപിസത്തമൻ.
അതിനാൽ, മല പോലുള്ളാ മെയ് ചുരുക്കിപ്പിടിച്ചവൻ 196
വീണ്ടും മുന്മട്ടിലായി, വീതമോഹനാം യോഗി പോലവേ.
മുന്മട്ടിലായാൽ, മെയ്യേറ്റം ചുരുക്കി ഹനുമാനുടൻ,
മുച്ചോടളന്നിട്ടു ബലിവിദ്വിൾ വിഷ്ണുപോലവേ.

പലതരം സുന്ദരമെയ്യു കൈക്കൊ–
ണ്ടവൻ കടല്ക്കരതന്നിലെത്തി,
കളേബരം പാർത്തഥ കാര്യമോർത്തു,
പരപ്രധൃഷ്യൻ നിജമെയ്യെടുത്താൻ. 198

മഹാദ്രികൂടോപമനാം മഹാത്മാ–
വഹീനമായദ്ഭുതപുണ്യമായി
സകേതകോദ്ദാലകകേരമായ
സുലംബഭദ്രന്മുടിമേലിറങ്ങി;
പയോധിതൻ തീരമണഞ്ഞു, ലങ്ക
വരിഷ്ഠശൈലോപരി കണ്ടു കീശൻ
വളന്ന മെയ് വിട്ടു, മൃഗദ്വിജവ്രജം
നടുങ്ങുമാറാമലമേലിറങ്ങിനാൻ. 200

പെരുംതിരക്കൂട്ടമിയന്ന ദാനവോ–
രഗാധമാമാഴി ബലാൽക്കടന്നവൻ
മഹാബ്ധിതീരത്തിലിറങ്ങി, യൂഥപർക്കോൻ–
പുരത്തിനെപ്പോലഥ കണ്ടു ലങ്കയെ.

—*—

## രണ്ടാം സർഗ്ഗം: ഹനൂമാന്റെ ചിന്ത.

—*—

കടക്കാവതല്ലാത്ത കടൽ കടന്നിട്ടാ മഹാബലൻ
സൈ്വരം കണ്ടാൻ ത്രികൂടത്തിൻമുടിമേലുള്ള ലങ്കയെ
അങ്ങു വൃക്ഷങ്ങൾ വർഷിച്ച പുഷ്പവർഷങ്ങളേറ്റയാൽ
വിളങ്ങി, പുഷ്പമയനായെഴുന്നവൻ പോലെ വിളങ്ങുവാൻ. 2

Digitized By Kerala Sahitya Akademi

നൂറു കാതം കടന്നിട്ടും ശ്രീമാനാമമവിക്രമൻ
കിതച്ചീലാ പ്ലവഗനഘ,നറിഞ്ഞീലാ തളർച്ചയും!
'ചാടിക്കടപ്പൻ, വളരെ നൂറുയോജനയല്പമേ;
നൂറുയോജനയെന്നെണ്ണമാഴിക്കക്കരയെന്തിനു?' 4
അവൻ പ്രവിഷ്ഠരിൽ ശ്രേഷ്ഠൻ ചാട്ടക്കാരിലുമുത്തമൻ
പെരുംകടൽ കടന്നിട്ടു പോയാൻ ലങ്കയ്ക്കു വിദ്രുതം;
പോയാൻ, നീലച്ച പച്ചപ്പുൽനിലം, സുരഭിയാം വനം,
പാറക്കെട്ടു, മരത്തോപ്പുന്നിവയ്ക്കിടയിലൂടവേ. 6
മരം തിങ്ങും മലകളും പൂവണിക്കാടിനങ്ങളും
ചെന്നണഞ്ഞു സുതേജസ്വി ഹനുമാൻ പ്ലവഗർഷഭൻ.
കണ്ടാനദ്ദിരിമേൽനിന്നു വനവും പൂവനങ്ങളും,
പർവ്വതത്തിൻമുകളിലാ ലങ്കയും പവനാത്മജൻ. 8
ചരളം, കൊന്നമരവും, നൽപ്പൂവിയലുമിത്തയും,
നാരകം, കടകപ്പാല, കൈതയും, മുരൾവൃക്ഷവും,
ഞാഴലേലം മണം ചേർന്ന കടമ്പുമഥ പാലയും
വേങ്ങ, മന്ദാരവും, പൂത്ത കരവീരവുമിങ്ങിനെ, 10
കനകപ്പൂവുകൾ ചുമന്നകർമൊട്ടുകളേന്തിയും
കാറ്റേററു തലയാട്ടുന്ന പക്ഷി തിങ്ങും മരങ്ങളും;
പത്മോൽപലങ്ങളന്നം നീർക്കോഴി തിങ്ങും കുളങ്ങളും
നാനാകേളിസ്ഥലം രമ്യം, നാനാതോയാശയങ്ങളും, 12
എന്നെന്നും പൂത്തു കായ്ക്കുന്ന നാനാവൃക്ഷം ചുഴന്നവ;
രമ്യങ്ങൾ പൂങ്കാവുകളും കണ്ടാനക്കപികുഞ്ജരൻ.
പ്രാപിച്ചു, രാവണൻ കാത്ത ലങ്കയും ശ്രീ മുഴുത്തവൻ:
പത്മോൽപലങ്ങളണിയും കിടങ്ങാലെ ചുഴന്നതായ്, 14
സീതാപഹാരാൽ പൌലസ്ത്യൻ വിശേഷാൽ കാത്തുപോന്നതായ്,
കട്ടംവില്ലോടരക്കന്മാർ നാലുപാടും നടപ്പതായ്,
രമ്യയായ്, വമ്പരിയുമായ്, പൊന്നിന്മതിൽ ചുഴന്നതായ്,
ശരന്മേഘത്തിനെതിരാം ഗൃഹമുഖ്യഗൃഹങ്ങളും 16
ഉയർന്ന വെണ്മാതകളും ചുറ്റുമേ ചേർന്നിരിപ്പതായ്,
വളരെക്കൊത്തളമൊട്ടും കൊടിക്കാൽക്കാടിയാത്തതായ്,
ലതാപങ്ക്തിവിചിത്രപ്പൊൻദിവ്യതോരണയുക്തയായ്
വ്യോമനിൽ വാനോർപ്പുരം പോലാം ലങ്ക കണ്ടു മരുത്സുതൻ; 18

Digitized By Kerala Sahitya Akademi

തെളിവെൺവീടുകളോടും മലമേൽ നിന്ന ലങ്കയെ,
വാനത്തമർന്ന പുരിയെപ്പോലെ കണ്ടു കപീശ്വരൻ.
അരക്കർകോൻ കാത്തവളു, വിശ്വകർമ്മവിനിർമ്മിതം,
വാനിൽ നീന്തുന്നതായ്ത്തോന്നി ഹനുമാനന്നു കാഴ്ചയിൽ: 20
മതിൽത്തറജ്ജഘനവും പെരുംനീർപ്പുതുചേലയും
കൊത്തളക്കാതിലയുമായ് ശ്ശതഘ്നീശൂലകേശിയായ്,
ത്വഷ്ടാവു തീർത്തതാം ലങ്ക, മനസ്സാൽത്തീർത്തപോലവേ!
വടക്കേക്കോട്ടവാതില്ക്കൽച്ചെന്നാലോചിച്ചു വാനരൻ. 22

അതു കൈലാസശൃംഗാഭം നഭസ്സിലുരസുന്നിതോ!
വാനത്തേയ്ക്കു പറക്കുന്നോ, വരോന്നതഗൃഹങ്ങളാൽ!
നാഗങ്ങൾ ഭോഗവതിയിൽപ്പോലുണ്ടങ്ങുഗ്രരാക്ഷസർ,
അചിന്ത്യ, സുകൃത സ്പഷ്ട, കുബേരൻ പണ്ടു വാണതാം; 24
ദംഷ്ട്രാഢ്യർ, വളരെശ്ശൂരർ, ശൂലപട്ടസപാണികൾ,
ഘോരരാക്ഷസർ പാലിപ്പൂ, ഗുഹ സർപ്പങ്ങൾ പോലവേ.
അതിന്റെ വലുതായുള്ള കാവലും വാരിരാശിയും
ഘോരാരി രാവണനെയുമോർത്തു ചിന്തിച്ചു വാനരൻ:— 26
'പ്ലവംഗരിങ്ങു വന്നാലും, പഴതേതന്നെയായതാം:
ലങ്കയെപ്പോരിനാൽ വെൽവാനാവില്ലല്ലോ സുരക്കുമേ.
ഈദൃശ്യയായ് വിഷമയായ് രാവണൻ കാത്ത ലങ്കയിൽ
വന്നാലുമെന്തു കാണിക്കും,മാ മഹാബാഹു രാമനും? 28
അറിയുന്നില്ല സാമത്തിന്നിടമൊന്നുമരക്കരിൽ,
ദാനത്തിനില്ല, ഭേദത്തിനില്ല, കാണ്മീല പോരിനും.
നാലുപേർക്കേ വരാൻ പററൂ വേഗമേറും പ്ലവംഗരിൽ:
ബാലിപുത്രനു, നീലനും, ധീമാൻ നൃപനെ,നിയ്ക്കുമേ. 30
ഇരിപ്പുണ്ടോ, ഇല്ലയോ എന്നറിഞ്ഞീടട്ടെ സീതയെ;
ആ വിദേഹജയെക്കണ്ടിട്ടാലോചിക്കുവനപ്പുറം.'

പിന്നെത്തെല്ലിട ചിന്തിച്ചാൻ കപികുഞ്ജരനാമവൻ,
അക്കുന്നിന്മുടിമേൽ നിന്നു രാമാഭ്യുദയതൽപരൻ:— 32
'എനിക്കീ,യൊരുമെയ്യോടെ കടക്കാനെളുതല്ലിതു
ക്രൂരശൂരർ കരുത്തന്മാർ കാക്കും രക്ഷഃപുരിക്കകം.
വീര്യവും കട്ടനെഞ്ഞൂക്കും കെല്പുമേറുമരക്കരെ
ഒട്ടുക്ക വഞ്ചിക്കണം ഞാൻ, സീതയെത്തേടിനോക്കുവാൻ. 34

Digitized By Kerala Sahitya Akademi

ദൃശ്യാദൃശ്യവപുസ്സായിട്ടിരവിൽ കടക്കണം
ലങ്കാപുരിയിതിൽ ഞാനെ,ന്റെ കാര്യം നിറവേററുവാൻ,
വാനോർക്കുമേററക്കൂടാതാപ്പുരിയമ്മട്ടു കാണ്കയാൽ
ചിന്തനം ചെയ്തു ഹനുമാൻ മേല്ക്കുമേൽ നെടുവീർപ്പുമായ്: 36
'എന്തുപായേന കണ്ടെത്തും ജനകാത്മജ സീതയെ,
അരക്കർകോനാം ദുർബുദ്ധി രാവണൻ കണ്ടിടാതെ ഞാൻ?
എന്താകിൽ, വിദിതാത്മാവാം രാമൻതൻ കാര്യമററിടാ;
ഏകാന്തേ കണ്ടുചെയ്യേണമെങ്കൻ ഞാനേക സീതയെ? 38
ദേശകാലവിരോധം പെട്ടററുപോം,മൊത്ത കാര്യവും
വിക്ലബമാം ദൂതനിൽച്ചെന്നാലു,ഷസ്സിലിരുൾ പോലവേ;
കാര്യാകാര്യങ്ങളെപ്പററിച്ചെയ്തു തീർപ്പും ചിതപ്പെടാ;
അറിവുണ്ടെന്നു ഭാവിപ്പും ദൂതർ കാര്യം കെടുക്കുമേ! 40
എന്തായാൽ മുടിയാ കാര്യ;-മെന്തായാൽ വിക്ലബമായിടാ;
എന്തായാൽപ്പാഴിലായ്പ്പോകാ, കടൽ ചാടിക്കടന്നതും?
എന്നെ രാക്ഷസർ കണ്ടാലോ, രാവണാനർത്ഥകാംക്ഷിയായ്
ജ്ഞാതാത്മാവായ രാമന്നിക്കാര്യം പാഴായ്ച്ചമഞ്ഞിടും. 42
നില്ക്കാൻ പററില്ല,രക്കന്മാരറിയാതെയൊരേടവും,
അരക്കവേഷമെടുത്താലും; മററില്ലൊരുവനെന്തിനി?
വീശില്ല കാററുമറിയപ്പെടാതിങ്ങെന്നു തോന്നൽ മേ:
കരുത്തേറുമരക്കന്മാർക്കറിയാതില്ലൊരെണ്ണവും! 44
ഞാനിങ്ങു നിജരൂപത്തിൽത്തന്നെ നില്ക്കുന്നതാകിലോ,
അറുതിപ്പെട്ടുപോയേക്കും; കെട്ടുപോം സ്വാമികാര്യവും.
അതിനാൽ നിജരൂപത്തിൽക്കുറിയവനായി രാത്രിയിൽ
കടക്കുവൻ ലങ്കയിൽ ഞാൻ, രാമകാര്യത്തെ നേടുവാൻ 46
രാവണന്റെ ദുരാധർഷപുരിയിൽപ്പുക്കു രാവിൽ ഞാൻ
എല്ലാ വീട്ടിലുമാരാഞ്ഞു കണ്ടെത്തുന്നുണ്ടു സീതയെ.'
എന്നു ചിന്തിച്ചു ഹനുമാൻ സൂര്യാസ്തമയവേളയെ
കാത്തുനിന്നാൻ കപിപ്രവരൻ, വൈദേഹീദർശനോത്സുകൻ. 48
അസ്തമിച്ചല്ലു വന്നാറെ, മൈ ചുരുക്കി മരുത്സുതൻ
എടുത്താൻ പൂച്ചയോളം ചെറുതൊരാശ്ചര്യവപുസ്സിനെ.
അന്തിനേരത്തു ഹനുമാൻ വേഗത്തിൽച്ചാടി വീഴ്ചവാൻ
വമ്പാതവേർതിരിച്ചുള്ള രമ്യയാം പുരി പൂകിനാൻ. 50

3

Digitized By Kerala Sahitya Akademi

ഏഴമെട്ടും നില പൊട്ടും നെട്ടുംപ്രാസാദപംക്തിയും.
തൂവെള്ളിപ്പൊൻതൂണുകളും കാഞ്ചനത്തിൻ ജനാൽകളും
ചേർന്നു, ഗന്ധർവ്വനഗരം പോലെ കാണായ് മഹാപുരി,
പളുങ്കും തങ്കവും ചേലിൽപ്പതിച്ചുള്ള നിലത്തോടും. 52

വൈഡൂര്യമണിചിത്രാണ്ഡമുത്തഗനീനീലങ്ങളാൽ,
പരിശോഭിച്ചിത്തവിടെയരക്കരുടെ വീടുകൾ.
അരക്കരുടെ ചിത്രങ്ങളായ പൊന്തോരണങ്ങളും
വിലസിപ്പിച്ചിതെ,ന്മാടുമണിയപ്പെട്ട ലങ്കയെ. 54

അചിന്ത്യയദ്ഭുതാകാര ലങ്ക കണ്ടു മഹാകപി
ഖേദവും മോദവും പൂണ്ടാൻ, വൈദേഹീദർശനോത്സുകൻ:

അത്യുന്നതശ്വേതവിമാനജാലയാം;
മികച്ച പൊൻജനാൽകമാനമൊത്തതാം;
പുകഴ്ന്നതാം; രാവണബാഹുകാത്തതാം;
ബലോഗ്രരാം രാക്ഷസർ ചുറ്റുമുള്ളതാം. 56

വാർതിങ്കളും, സാഹായ്യമിവനു ചെയ്യാൻ
പോലേ, സതാരം നടുവിൽത്തിളങ്ങി,
തൂവെണ്ണിലാച്ചാർത്തുലകിൽപ്പരത്തി,
ആയിരം രശ്മികളൊത്തുദിച്ചു.

ശംഖാഭനായ് ക്ഷീരമൃണാളവർണ്ണസ്സ—
ന്നുദിച്ചുപൊങ്ങും തെളിതിങ്കളന്നെ
കണ്ടു കപിശ്രേഷ്ഠനവൻ, സരസ്സിൽ
നീന്തുന്ന ഹംസത്തിനെയെന്നപോലെ. 58

—*—

## മൂന്നാം സർഗ്ഗം: ലങ്കാവിജയം

—*—

ചാർത്ത കാർ പോലെയാം, പൊക്കത്തെ ലംബശൃംഗത്തിൽവെച്ചുതാൻ
സത്ത്വമുൾക്കൊണ്ടതിപ്രാജ്ഞൻ ഹനുമാനനിലാത്മജൻ
മഹാസത്ത്വൻ കപിവ്യാഘ്രനൽപ്പകാൻ നിശി ലങ്കയിൽ,
രാവണൻ കാത്ത പുരിയിൽ, ച്ചാരുതോയവനാഢ്യയിൽ; 2

ശരദംബുദാഭമാം വേശ്മനിരകൊണ്ടു ലസിപ്പതായ്,
ആഴിക്കാറ്റേല്പതായാഴിയ്ക്കൊത്തിരമ്പമായന്നതായ്,

Digitized By Kerala Sahitya Akademi

പുളച്ച പടതൻ ഘോഷം വളർന്ന,ളക പോലെയായ്,
ചാരുതോരണനിര്യൂഹം വെൺകമാൻപടി ചേർന്നതായ്, 4
നാഗങ്ങൾ ചുററിക്കാക്കുന്ന നൽബ്ഭോഗവതി പോലെയായ്,
ജ്യോതിർഗ്ഗണം വാഴ്വതാമിന്നൽക്കാർകൾ ചുഴന്നതും
ഝങ്കാറടിക്കുന്നതുമാമമരാവതി പോലെയായ്
പൊന്നുകൊണ്ടുള്ള വലുതാം മതിൽ ചുഴെച്ചുഴന്നതായ്, 6
കിങ്ങിണിച്ചാർത്തൊലി പെടും പതാകകളണിഞ്ഞതിൽ
ചിക്കെന്നു ചെന്നു ഹർഷിച്ചു മതില്ക്കരികിൽ മേവിനാൻ;
നിരവേ പുരി നോക്കിക്കണ്ടാശ്ചര്യം ഹൃദി തേടിനാൻ,
സ്വർണ്ണപ്പടികൾ മുററത്തു പളുങ്കാം പൊടിയൊത്തവ, 8
വൈഡൂര്യവജ്രസ്ഫടികമുത്താൽത്തറ പടുത്തവ,
മണിത്തിണ്ണകളും മീതെ വെള്ളിവെണ്മയുമൊത്തവ,
തങ്കനിർവ്യൂഹയുക്തങ്ങൾ, വൈഡൂര്യക്കോണിയുള്ളവ,
ചേലുററ നാലുകെട്ടോടേ വാനാണ്ടപടി നില്പവ, 10
ക്രൌഞ്ചം മരാളം മയിലും കൂകിടുന്നവ ചേർന്നതായ്,
തൂര്യാഭരണഘോഷത്താലെങ്ങും മാററൊലിയേററതായ്,
വസ്വോകസാരയെപ്പോലായ്, വാനത്തുള്ളാഞ്ഞപോലെയായ്
മിന്നും ലങ്കാപുരം കണ്ടു ഹർഷിച്ചു ഹനുമാൻ കപി. 12
ആ രമ്യവും ശുഭവുമാമാശരപ്രഭുവിൻ പുരം
സമൃദ്ധമുത്തമം കണ്ടിട്ടാലോചിച്ചിതു വിദ്വാൻ:—
'മററാരാൽക്കിപ്പുരി ബലാലാക്രമിപ്പാൻ കഴിഞ്ഞിടാ,
രാവണപ്പട ശസ്ത്രങ്ങളേന്തിക്കാവല്ലൊ നില്കയാൽ: 14
അംഗദനും, കുമുദനും, സുഷേണകപിമുഖ്യനും
സാധിച്ചേക്കാമിഹ വരാൻ, മൈന്ദനും ദ്വിവിദനുമേ;
ദിവാകരന്റെ തനയൻ, കുശപർവ്വാവു വാനരൻ,
കേതുമാലർക്ഷവരനും വന്നേക്കാമിങ്ങു ഞാനുമേ., 16
ആ വാനരൻ മഹാബാഹു രാഘവന്റെ പരാക്രമം
സൌമിത്രിതൻ വിക്രമവുമോർത്തു സന്തുഷ്ടി തേടിനാൻ.
അതു ശോഭിച്ചു, കോഷ്ഠാഗാരോത്തംസം രത്നവസ്ത്രവും
യന്ത്രാഗാരസ്തനവുമായ്ക്കോപ്പണിപ്പെണ്ണിനൊപ്പമേ. 18
ദീപങ്ങൾകൊണ്ടും, വിലസും വൻജ്യോതിസ്സുകൾകൊണ്ടുമേ
ഇരുളററാ നിശാടേന്ദ്രപുരി കണ്ടാൻ മഹാകപി.

Digitized By Kerala Sahitya Akademi

ഉടൻ, കടന്നുചെല്ലുന്ന കരുത്തേറും കപീന്ദ്രനെ,
തൻമയമുള്ളൊരാ നഗരി കണ്ടാൾ കാററിൻെറ പുത്രനെ. 20
അക്കപിപ്രൌഢനെക്കണ്ടാ രാവണപാലിത ലങ്കയാൾ
താൻതന്നെയെഴുന്നേററങ്ങു വികൃതാനനനേത്രയാൾ
വായുഭൂവാം ഹരീന്ദ്രൻെറ മുമ്പിൽ പ്രത്യക്ഷയായിനാൾ;
വമ്പിച്ചൊരൊച്ചയിട്ടാക്കൊണ്ടാ മാരുതിയോടോതിനാൾ:— 22
'നീയാരാണെന്തു കാര്യത്തിന്നിങ്ങു വന്നു വനാലയ?
സത്യം ചൊല്ലീങ്ങു, നിൻപ്രാണൻ പോകുന്നതിനുമുന്നമേ!
പൂകുവാനെളുതല്ലല്ലോ നിനക്കീ ലങ്ക വാനര;
നീളേ രാവണസൈന്യങ്ങൾ കാവലായ്ച്ചുററിനില്ക്കയാൽ.' 24
മുന്നിൽ നിന്നീടുമവളോടോതി വീരൻ മരുത്സുതൻ:—
'സത്യമായിട്ടു ചൊല്ലുവൻ ഞാൻ നിൻെറ ചോദ്യത്തിനുത്തരം.
നീയാരവൾ വിരൂപാക്ഷി, പുരദ്വാരത്തു നില്പവൾ?
എന്തിനെന്നെത്തടുത്തിട്ടു പഴിചൊല്ലുന്നു ക്രോധനീ?' 26
കാററിൻമകൻെറ ചൊൽ കേട്ടാക്കാമരൂപിണി ലങ്കയും
ചൊന്നാൾ പരുഷമാംവണ്ണം ഹനുമാനോടു രുഷ്ടയായ്:—
'ഞാൻ വരുമ്പൊഴും രാവണനാം രാക്ഷസപ്പെരുമാളുടെ
ചൊൽക്കീഴിൽ നിന്നു ദുർദ്ധർഷ കാത്തുപോരുന്നിതിപ്പുരം. 28
എളുതല്ല നിനക്കു,ന്നെത്തള്ളിയിപ്പുരി പൂകുവാൻ;
ഇപ്പോളെൻതല്ലിനാൽ പ്രാണൻ പോയി നീ നിദ്ര പൂണ്ടിടും!
ലങ്കാനഗരി താൻതന്നെയല്ലോ ഞാൻ വനഗോചര;
എമ്പാടും കാത്തുപോരുന്നേൻ;—തിനാൽ ചൊല്ലുന്നതാണു ഞാൻ.' 30
ലങ്കതൻ വാക്കു കേട്ടിട്ടാ ഹനുമാനനിലാത്മജൻ
ശ്രദ്ധിച്ചുനില്ക്കയായ് മററൊരദ്രി പോലേ, കപീശ്വരൻ.
ഒരു ചൊല്ലാത്ത പെണ്ണാകുമവളെപ്പാർത്തു ചൊല്ലിനാൻ
കീശർഷഭനതിപ്രാജ്ഞൻ സത്ത്വവാൻ കപിപുംഗവൻ:— 32
'കമാനംകൊത്തളമതിലിയലും ലങ്ക കാണണം,
എന്നതിന്നിങ്ങു വന്നേൻ ഞാനെ,ന്നിക്കുണ്ടതിനു കൗതുകം.
വനങ്ങൾ, പൂങ്കാവുകളും, ലങ്കതൻ കാനനങ്ങളും,
മഹാഗൃഹങ്ങളും പാടേ കാണ്മാനായ്വന്നതാണു ഞാൻ.' 34
അവൻെറ ചൊല്ലിതു കേട്ടാക്കാമരൂപിണി ലങ്കയാൾ
വീണ്ടുമൊന്നോതിനാളേററപ്പരുഷാക്ഷരമാംവിധം:—
'രാക്ഷസപ്രഭു രക്ഷിക്കുമെന്നെ വെല്ലാതെ ദുർമ്മതേ,
എളുതല്ലിപ്പുരം കാണ്മാൻ നിനക്കധമവാനര!' 36

Digitized By Kerala Sahitya Akademi

ഉടനക്കപിശാർദ്ദൂലനാ രാക്ഷസിയോടോതിനാൻ:—
'ഇതുതന്നെ കണ്ടു പോകേണ്ടുള്ളൂ ഭദ്രേ, വന്നവഴിക്കു ഞാൻ!'
അപ്പോഴാ ലങ്ക വമ്പിച്ചൊരൊച്ചയിട്ടു ഭയങ്കരം,
കൈത്തലത്താലെയൊന്നാഞ്ഞുതല്ലിനാൾ വാനരേന്ദ്രനെ. 38
ലങ്കതൻ കൊട്ടതാം തല്ലു കൊണ്ടപ്പോൾക്കപിപുംഗവൻ
ചീത്തിച്ചയോടൊന്നലറി വീണ്ടുവാൻ പവനാത്മജൻ;
എന്നിട്ടിടംകരത്തിന്റെ വിരലൊക്കെച്ചുരുട്ടിനാൻ;
മുഷ്ടികൊണ്ടൊന്നിടിച്ചാനാ ഹനുമാനവളെ ക്രുധാ. 40
സ്ത്രീയെന്നോർക്കകയാലേ ററയരിശംകൊണ്ടതില്ല താൻ;
എന്നാലത്താഡനത്താൽ മെയ്യൊരിഞ്ഞിട്ടാ നിശാചരി
നിലത്തു വീണുപോയ് ക്ഷിപ്രം വികൃതാനന നേത്രയാൾ!
അവൾ വീണതു കണ്ടിട്ടു, തേജസ്വിയാം പണ്ഡിതൻ 42
ഹനുമാൻ കനിവുകൊണ്ടൊരു പെണ്ണെന്നതോർക്കയാൽ.
വൻഭ്രമത്തോടിടിപ്പെട്ടോരാ ലങ്ക തൊണ്ടയ്ക്കിടർ പെട്ടംവിധം
ചൊല്ലിടിനാൾ വാനരനാം ഹനുമാനോടു താഴ്മയിൽ:—
'പ്രസാദിക്ക മഹാബാഹോ! രക്ഷിക്ക ഹരിസത്തമ! 44
ധർമ്മത്തിൽ നിൽക്കുവോർ സൗമ്യ, സത്ത്വവാന്മാർ മഹാബലർ.
ലങ്കാനഗരി താൻതന്നെയല്ലോ ഞാൻ വനഗോചര;
എന്നെ ജ്ജയിച്ചു നീ വീര, വിക്രമത്താൽ മഹാബല!
യഥാർത്ഥമിതു കേട്ടാലും ഞാൻ ചൊൽവതു ഹരീശ്വര: 46
എനിക്കൊരു വരം കല്പിച്ചേകിയിട്ടുണ്ടു നാന്മുഖൻ:—
'എന്നു നിന്നെ ബ്ബലംകൊണ്ടു കീഴാക്കുമൊരു വാനരൻ,
അന്നീയരക്കർക്കാപത്തു വന്നതായ് നീ ധരിക്കണം.'
ഇന്നക്കാലമെനിക്കെത്തി, ഭവാനെസ്സൗമ്യ, കാണുകയാൽ; 48
സത്യമായ് നാന്മുഖൻ വെച്ചത്;—തിന്നു പിഴ പറ്റിടാ.
സീതമൂലം ദുരാത്മാവാം രാവണന്നപ്പുരമാളിനും
രാക്ഷസന്മാർക്കുമേവർക്കും വിനാശം വന്നടുത്തുപോയ്.
അതിനാലാശരേന്ദ്രന്റെ പുരി പൂക ഹരീശ്വര, 50
നടത്തിക്കൊൾക നീയിങ്ങു നിനച്ചുള്ളം കാര്യമൊക്കയും.

ഹരീന്ദ്ര, ശാപാലിടിവൊറ രാവണ—
പ്രശസ്തമാം നൽപ്പുരിയിൽക്കടന്നു നീ
യഥേഷ്ടമെങ്ങും നടകൊണ്ടനേകമും
തിരഞ്ഞുകൊൾകാ സ്സതിയായ സീതയെ.'

—*—

Digitized By Kerala Sahitya Akademi

## നാലാം സർഗ്ഗം: ലങ്കാദർശനം

—*—

ആ ശ്രേഷ്ഠപുരിയാകുന്ന കാമരൂപിണി ലങ്കയെ
ബലേന വെന്നാത്തേജസ്വി ഹനുമാൻ കപിസത്തമൻ
വാതില്ക്കലൂടെയല്ലാതെ, മതിൽ ചാടി മഹാഭുജൻ
ലങ്കാനഗരിയുൾപ്പുക്ക, കപിരാജഹിതാദൃതൻ 2
ഇടത്തേക്കാലു മുൻവെച്ചാൻ;—ഈ മാററാർത്തലയ്ക്കു താൻ!
ഉൾപ്പുക്കാൻ സത്വസമ്പന്നനിരാവിൽ പവനാത്മജൻ;
പൂക്കൾ ചിന്നി വിളങ്ങുന്ന രാജപാതയിലണഞ്ഞവൻ
ആ രമ്യലങ്കാപുരിതൻ നേരേ പോയാൻ പ്ലവംഗമൻ. 4
ഉദ്ഘോഷമിണങ്ങും വൻചിരിയാലു തഴച്ചതായ്,
വജ്രാങ്കുരം തൊഴും വജ്രച്ചാർത്തണി ശ്രീഗൃഹങ്ങളാൽ
രമ്യയപ്പുരി ശോഭിച്ചു കാർകളാൽ ദ്യോവു പോലവേ.
വിളങ്ങീ ലങ്ക വെൺകാർകൾ പോലെയായ് വിവിധങ്ങളായ് 6
പദ്മസ്വസ്തികമട്ടൊത്ത ചാരുരക്ഷോഗൃഹങ്ങളാൽ,
വർദ്ധമാനനികേതങ്ങളാലും നിരയണിഞ്ഞതായ്.
ചിത്രമാല്യാഞ്ചിതമതു, കപിരാജഹിതോദ്യതൻ
നടന്നു കണ്ടാൻ രാമനായ്; ശ്രീമാൻ സന്തുഷ്ടി തേടിനാൻ. 8
ഭവനാൽ ഭവനം ചെന്നുംകൊണ്ടു കണ്ടാൻ മരുത്സുതൻ
വിവിധാകൃതിരൂപങ്ങൾ ഭവനങ്ങളതാതിടം.
മത്തരാം മങ്കമാർ, വിണ്ണിലപ്സരസ്ത്രീകൾ പോലവേ
പാടും മധുരമാം പാട്ടു കേട്ടാൻ ത്രിസ്വരഭൂഷിതം. 10
കേട്ടാൻ ചിലങ്കയൊലിയുമരഞ്ഞാണിൻ കിലുക്കവും
കോണിതന്നൊച്ചയും തത്ര മഹാന്മാർതൻ ഗൃഹങ്ങളിൽ.
കൈകൊട്ടലൊച്ചയും സിംഹനാദങ്ങളുമതാതിടം
മന്ത്രം ജപിപ്പതും കേട്ടാനങ്ങു രക്ഷോഗൃഹങ്ങളിൽ. 12
കാണായ്വന്നു പുനരവന്നോരോന്നോതും സ്വാദ്ധ്യായനരം,
രാവണസ്തുതി ചൊല്ലിക്കൊണ്ടാർപ്പിട്ടീടുമരക്കരും.
രാജമാർഗ്ഗം മൂടി നില്ക്കും മഹാരാക്ഷസസൈന്യവും
കാണായ്, നടുപടച്ചാർത്തിൽപ്പല രാവണചാരരും. 14
ദീക്ഷിച്ചോർ, മുണ്ഡർ, ജടിലർ, ഗോത്തോൽമുണ്ടുടുത്തവർ,
ദർഭമുഷ്ടിപ്രഹരണർ, തീക്കുണ്ഡം ശസ്ത്രമാക്കിയോർ,
കൂടം മുൾത്തടി കൈക്കൊണ്ടോർ, ദണ്ഡായുധമെടുത്തവർ,
ഒററക്കൺകാളുടയവർ, മുലക്കച്ചികൾ ഞാത്തിയോർ, 16

Digitized By Kerala Sahitya Akademi

ദീക്ഷിതന്മാർ, ജടിലന്മാർ, മുണ്ഡന്മാർ, വിഷമാംഗകർ,
വില്ലെടുത്തവർ, വാളും പൂണ്ടോർ, ശതഘ്നീമുസലായുധർ,
പെരുതാം പരിഘം പൂണ്ടോർ, വിചിത്രച്ചട്ട മിന്നുവോർ,
ഏറെത്തടി ചടച്ചേറെ നീളം കുറവുമററവർ, 18
ഏറെവണ്ണ കുറച്ചേറെ മുണ്ടത്തം ക്രമമററവർ,
വിരൂപർ, ബഹുരൂപന്മാർ, തേജസ്വികൾ, സുരൂപരും,
കൊടിക്കാർ കൊടിയും പേറുന്നോർ കാണായി വിവിധായുധർ.
ശക്തിവൃക്ഷായുധന്മാരും പട്ടസാശനിഹസ്തരും 20
കവണക്കാർ, കയർക്കാരും കാണപ്പെട്ടു കപീന്ദ്രനാൽ;
മാലയിട്ടു കുറിക്കൂട്ടു പൂശി നൽക്കോപ്പണിഞ്ഞവർ,
വിചിത്രവേഷർ പലർ ചരിഷ്ണുപോലെ നടപ്പവർ,
കൂർത്ത ശൂലമെടുത്തോരും, വജ്രക്കാരും മഹാബലർ. 22
നടുകാവൽപ്പടക്കൂട്ടം കണ്ടു നൂറായിരം കപി,
പൌലസ്ത്യനാലുമപ്പുരിയിൽ നിർത്തപ്പെട്ടൊന്നനാകുലം.
അത്ര കണ്ടക്കപിശ്രേഷ്ഠനഥ കണ്ടാൻ മലയ്ക്കുമേൽ,
വരമ്പാങ്കമാനങ്ങളൊട്ടമണ്ണോളം മതിൽ ചേർന്നതായ്, 24
വെൺതാമരകളെച്ചൂഴും കിടങ്ങുകൾ ചുഴന്നതായ്,
പുകഴ്ന്നതാം രാത്രിചരപ്പെരുമാളുടെ മന്ദിരം:
ദിവ്യമായ്, വിണ്ണിനൊപ്പമായ്, ദിവ്യനാദാനുനാദിയായ്,
അശ്വങ്ങൾതൻ ചിനക്കലും ഭൂഷണൊച്ചക്കിലുക്കവും 26
തേർവാഹനവിമാനങ്ങൾ നല്ല വാജിഗജങ്ങളും
വെൺകാർനിരകൾ പോലുള്ള നാല്ക്കൊമ്പന്മാരുമൊത്തതായ്,
മിന്നും പടികളുള്ളൊന്നായ്, മത്തപക്ഷിമൃഗാഢ്യമായ്,
കാവൽക്കാരാശരർ മഹാവീര്യരായിരമായിരം 28
കാക്കുന്നതാം നിശാടേശവേശ്മം പുക്കാൻ മഹാകപി;

സുവർണ്ണജാംബൂനദവപ്രമൊത്ത
മികച്ച മുത്തുക്കൾ നേക്കു ചാർത്തി,
സുചന്ദനംകൊണ്ടകിൽ തേച്ചതായ
ശോഭനാന്തഃപുരിയിൽക്കടന്നാൻ.

—*—

Digitized By Kerala Sahitya Akademi

## അഞ്ചാം സർഗ്ഗം: ലങ്കാസഞ്ചാരം

— ❊ —

ധീമാനു കാണായ്, കിരണങ്ങളാൽ മെത്തി,-
ത്തൂവെണ്ണിലാവത്യധികം ചുരത്തി,
വ്രജത്തിൽ മേയുന്ന മദർഷഭത്തിൻ
മട്ടാത്ത ചന്ദ്രൻ ഗഗനാന്തരത്തിൽ.
പാരിന്റെ പാപങ്ങളകറ്റിടുന്നോൻ,
പെരുംകടൽക്കേറ്റമിയറ്റിടുന്നോൻ,
ഭൂതത്തിനെല്ലാം പ്രഭ ചേർത്തിടുന്നോൻ
വാർതിങ്കൾ കാണായ് ദിവി ലാത്തിടുന്നോൻ. 2
ശോഭിപ്പതില്ലേ ഭുവി മന്ദിരത്തിൽ,
പ്രദോഷകാലങ്ങളിലർണ്ണവത്തിൽ,
നീറിൽസ്സരോജത്തിലു,മാവിധത്തി-
ലാ ലക്ഷ്മി മിന്നി വിധുമണ്ഡലത്തിൽ.
തൂവെള്ളിയാം കൂട്ടിലമന്ന ഹംസ,-
മാ മന്ദരത്തിൻ ഗുഹയാണ്ട സിംഹം,
മത്തദ്വിപം കേറിയ വീരനെന്നീ-
മട്ടായ് വിളങ്ങീ മതിയും നഭസ്സിൽ. 4
കൊമ്പിന്നു കൂർപ്പുള്ളൊരു കാള പോലേ,
കൊമ്പത്തു പൊൻകെട്ടിയൊരാന പോലേ,
ഉത്തുംഗമാം ശൃംഗിമഹാദ്രിപോലെ
വിളങ്ങിനാനമ്പിളി പൂർത്തിയാലേ.
ഹിമാംബുബിന്ദുച്ചളിയാകെ നീങ്ങി,
മഹാഗ്രഹച്ഛായയിൽ മങ്ങൽ നീങ്ങി,
കളങ്കമാഭത്തികവാൽത്തിളങ്ങി,-
ശ്ശശാങ്കചന്ദ്രൻ ഭഗവാൻ വിളങ്ങി. 6
പാറപ്പുറം പൂക്കമരും മൃഗേന്ദ്രൻ,
പാരിച്ച പോരാണ്ടമരും ഗജേന്ദ്രൻ,
രാജ്യം വശപ്പെട്ടനുള്ളം നരേന്ദ്ര-
നിവക്കു നേരായി ലസിച്ചു ചന്ദ്രൻ.
ചന്ദ്രോദയത്താലെയിരുട്ടകറ്റി,
ക്ഷപാടമാം സാശനഘോഷമേറി,
ജായാവരന്മാർക്കഭിമാനമേറി,
ശ്രീരാത്രി വിൺമട്ടിൽ മഹസ്സിയറി. 8

Digitized By Kerala Sahitya Akademi

വീണാരവം കർണ്ണസുഖം തുടങ്ങി;
വധൂടിമാർ വല്ലഭരൊത്തുറങ്ങി;
കടുത്തൊരത്യുദ്ഭുതമട്ടിണങ്ങി
ക്ഷപാചരന്മാർ കളികൾക്കൊരുങ്ങി.
മത്താന്ന തന്റേടമകന്നു മങ്ങി-
യോരശ്വഭദ്രാസനപംക്തി തിങ്ങി
കാണായി ധീമാനു ഗൃഹങ്ങളങ്ങി-
പ്ലവംഗവീരന്നു സമൃദ്ധി വിങ്ങി: 10

പരസ്പരം പേർത്തു ഹസിച്ചിടുന്നു;
തടിച്ച കൈ തങ്ങളിലിട്ടിടുന്നു;
മത്താന്ന പേവാക്കു ചൊരിഞ്ഞിടുന്നു;
മത്താന്ന തമ്മിൽപ്പഴി ചൊല്ലിടുന്നു;
അരക്കർ നെഞ്ചം വെളിവാക്കിടുന്നു;
ഗാത്രങ്ങൾ നല്ലാരിലെടുത്തിടുന്നു;
നാനാതരം മോടികൾ കൂട്ടിടുന്നു;
കെല്പുള്ള വില്ലാഞ്ഞു വലിച്ചിടുന്നു. 12

കാണായ്, കുറിക്കൂട്ടുകൾ തേച്ചുകൊണ്ടു-
മതിങ്കൽ നല്ലാർ ചിലർ നിദ്രയാണ്ടും,
മുഖപ്രസാദേന ചിരിച്ചുകൊണ്ടും,
ചൊടിച്ചു വേറേ ചിലർ വീർപ്പു പൂണ്ടും.
മദിച്ചിടും പ്രൌഢഗജങ്ങളാലേ,
സുപൂജിതശ്രേഷ്ഠജനങ്ങളാലേ,
വിളങ്ങി വീർപ്പേറിയ വീരരാലേ,
ഭുജംഗർ ചീറും കയമെന്നപോലേ. 14

ഭംഗ്യാ കഥിപ്പോര,തിബുദ്ധിമാന്മാർ,
നല്ലാസ്തികന്മാർ, ഭുവനോത്തമന്മാർ,
പലേതരക്കാർ മധുരാഭിധന്മാർ
കാണായിതാ ലങ്കയിലാശരന്മാർ.
തോഷം വളർത്താരവനസ്സുരൂപർ
നാനാഗുണന്മാർ സ്വഗുണാനുരൂപർ;
ശോഭ വീശുന്ന സുരൂപമാരും
കാണായ് ചില സ്ത്രീകൾ വിരൂപമാരും 16



Digitized By Kerala Sahitya Akademi

വരാംഗമാർ ചിത്തഗുണം വഹിപ്പോർ
തൽസ്ത്രീകളേററം മഹിമാവിരിപ്പോർ
പാനത്തിലും കാന്തരിലും രമിപ്പോർ
കാണായ്, ഇതോം താരകൾ പോലുദിപ്പോർ.
ജ്വലിച്ചിട്ടും ശ്രീയൊടു, നാണമാണ്ടും,
നിശീഥകാലേ കണവൻ പുണർന്നും,
ശരിക്കു കാണായ് ചിലർ മോദമാണ്ടും,
സുമാവൃതപ്പൂങ്കുഴലിമട്ടു ചേർന്നും. 18

അങ്ങനുമാർ മാളികമേലിരിപ്പോർ
പ്രിയാങ്കഭാഗേ സുഖമോടിരിപ്പോർ
ധർമ്മാൽപ്പതിക്കുത്തമനാർകൾ വേട്ടോർ
ധീമന്ത കാണായ് സ്മരബാധ പെട്ടോർ.
പരാർദ്ധ്യമാർ പൊൻവരനേർനിറത്തിൽ;
മൈമൂടലെന്യേ ചിലർ പൊന്നിറത്തിൽ;
കാന്തൻ പിരിഞ്ഞോർ, മതിനേർനിറത്തിൽ;
വീണ്ടും ചില സ്ത്രീകൾ ലസന്നിറത്തിൽ. 20

അഭീഷ്ടരെപ്പുക്ക രസിപ്പവോരെ—
കണ്ടാൻ കപീന്ദ്രൻ മധുരാംഗിമാരെ;
ഗൃഹങ്ങളിൽക്കണ്ടു സഹർഷമാരെ,—
സ്സൗധേഷുമേറീടിന നാരിമാരെ.
രോമം ചുരുണ്ടുള്ള സുലോചനങ്ങൾ,
സോമപ്രകാശം പെടുമാനനങ്ങൾ,
വാർമിന്നൽ പോലുള്ള വിഭൂഷണങ്ങൾ,
ശരിക്കു പാർത്താനിവ ശോഭനങ്ങൾ. 22

കാണായി വന്നില്ല,ഴകേറെ വായ്പോരം
നയത്തമാം രാജകുലേ ജനിച്ചോൾ
നൽപ്പൂങ്കൊടിക്കൊത്തവൾ മെയ് ചടച്ചോൾ
വൈദേഹി നൂനം മനസാ ജനിച്ചോൾ;
ഇടിച്ചിലില്ലാത്ത വഴിക്കു നില്പോൾ,
രാമേക്ഷണാകാംക്ഷിണി, കാമമേറ്റോൾ,
ശ്രീമന്തൻ ചിത്തത്തിലെന്നുമിരിപ്പോൾ,
സദാ വരസ്ത്രീകളിൽ മുന്തിനില്പോൾ; 24

Digitized By Kerala Sahitya Akademi

ച്ചുടേല്പവോൾ, തൊണ്ടയിടച്ചുയുള്ളോൾ,
കഴുത്തിൽ മുമ്പഗ്ര്യപതക്കമുള്ളോൾ,
നൽപ്പീലി പൂണ്ടൊരു കൊഴുത്തു ചാലേ
വനത്തിലാട്ടം പിടമൈലു പോലേ;

വെളിപ്പെടാത്തമ്പിളിരേഖ പോലേ,
പാംകം പെട്ടും കാഞ്ചനരേഖപോലേ,
ദ്വേഷോത്തുണങ്ങും ശരരേഖപോലേ,
കാറേററു ചിന്നും ഘനരേഖ പോലേ. 26

നരേശിതാവായ വദാന്യമുത്താം
രാമന്റെ നൽപ്രേയസി സീതയെത്താൻ
ചിരേണ കാണാഞ്ഞു മയക്കമൊത്താ-
ലത്തൽസ്ഥിതിയ്ക്കായ് കപി സങ്കടത്താൽ!

—:—

## ൬-ാം സർഗ്ഗം: രാവണഗൃഹപ്രവേശം.

—o—

വിമാനങ്ങളിലാവോളം നടന്നാക്കാമരൂപവാൻ
ലങ്കയിൽച്ചുററിനാൻ വീണ്ടും ലാഘവത്തോടുകൂടവേ.
ചെന്നണഞ്ഞാനഥ ശ്രീമാനാശരേശനിവേശനം,
അതിതുവല്ഗുമായ് മിന്നും പ്രാകാരത്താൽസ്സമാവൃതം. 2

വങ്കാട്ടു സിംഹങ്ങൾകണക്കുഗ്രരാകിയ രാക്ഷസർ
കാത്തുപോരും ഗൃഹം നോക്കിച്ചിരിച്ചാൻ കപികുഞ്ജരൻ:
വിചിത്രം വെള്ളിയാൽത്തീർത്ത പൊന്നണിത്തോരണങ്ങളും
മിന്നും പടികളും നാനാമതില്ക്കെട്ടും ചുഴന്നതായ്, 4

ഗജപൃഷ്ഠസ്ഥരാം വാട്ടമററ പാപ്പാൻ പ്രവീരരും
തേർക്കൂട്ടമവാരങ്ങളശ്വങ്ങളുമെന്നതായ്,
ശാർദ്ദൂലസിംഹത്തോൽകൊണ്ടു മൂടപ്പെട്ടൊലി കൂട്ടിയും
വിചിത്രക്കൊമ്പു പൊൻവെള്ളിത്തേർകൾ നിത്യം ചരിപ്പതായ്, 6

പ്രഭൂതരത്നാവൃതമായ്, ശ്രേഷ്ഠപാത്രാസനാഢ്യമായ്,
മഹാരഥക്ഷാകരമായ്, വൻതേരൊലി വളർന്നതായ്,
അനേകായിരമോരോരോ സുമഹാമൃഗപക്ഷികൾ
കാണേണ്ടവ വിചിത്രങ്ങളെല്ലാടത്തും നിറഞ്ഞതായ്, 8

Digitized By Kerala Sahitya Akademi

അഭ്യാസികൾ പുറംകാവല്ക്കാരാം രാക്ഷസർ കാത്തതായ്,
മികച്ച നാരീമണിമാരെല്ലാടത്തും നിറഞ്ഞതായ്,
ഇഷ്ടസ്ത്രീരത്നമായ്പ്പാരെ രാക്ഷസേന്ദ്രർ വസിപ്പതായ്,
നന്മെക്കോപ്പൊലിയാലാഴി പോലിരമ്പമിയന്നതായ്, 10

രാജലക്ഷ്മീമഹാഢ്യമായ്, മുത്തുമകിൽചന്ദനമൊത്തതായ്,
വങ്കാട്ടിൽക്കേസരികൾ പോലുദാരന്മാർ നിറഞ്ഞതായ്,
മൃദംഗശംഖപടഹധ്വാനത്താലൊലി കൊൾവതായ്
നിത്യാർച്ചിതം, പർവ്വഹുതം, സദാ രാക്ഷസമാനിതം, 12

ആഴി പോലൊലിയുള്ളൊന്നായാഴി പോലെ ഗഭീരമായ്,
മഹാരത്നക്കോപ്പിയന്ന മഹാത്മാവിൻ മഹാഗൃഹം
മഹാരത്നങ്ങളാൽപ്പൂർണ്ണം ദർശിച്ചാനാ മഹാകപി;
തിളങ്ങും വളിവുള്ളൊന്നു, ഗജാശ്വരഥസങ്കുലം, 14

ലങ്കയ്ക്കിതൊരലങ്കാരംതാനെന്നോർത്താൻ മഹാകപി.
നടന്നു ഹനുമാനങ്ങു രാവണാവസഥാന്തികേ:
അരക്കർതൻ വീട്ടിൽനിന്നു വീട്ടിലും പൂവനത്തിലും
പ്രാസാദങ്ങളിലും നോക്കി നടന്നു കപി നിർഭയം. 16

പ്രഹസ്തന്റെ ഗൃഹത്തിങ്കൽച്ചാടിയിട്ടതിവേഗവാൻ
അങ്ങുനിന്നു മഹാപാർശ്വവേശ്മത്തിൽച്ചാടി വീര്യവാൻ;
പിന്നെക്കാർക്കൊണ്ടല്ക്കു ശരിയാം കുംഭകർണ്ണഗൃഹത്തിലും
ചാടിനാനക്കപിവരൻ വിഭീഷണഗൃഹത്തിലും; 18

മഹോദരന്റെ ഗേഹത്തിൽ, വിരൂപാക്ഷനുടേതുമേ,
വിദ്യുജ്ജിഹ്വന്റെ വേശ്മത്തിൽ, വിദ്യുന്മാലിയുടേതുമേ,
വജ്രദംഷ്ട്രന്റെയും വീട്ടിൽച്ചാടിനാനാ മഹാകപി;
ശുകന്റെയും മഹാവേഗൻ, ധീമാനാം സാരണന്റെയും, 20

ഇന്ദ്രജിത്തിന്റെയും വീട്ടിൽച്ചെന്നേറി ഹരിയൂഥപൻ;
ചെന്നേറിനാൻ, രശ്മികേതു, ജംബുമാലി—സുമാലികൾ,
അസ്സൂര്യശത്രുവിവർതൻ വീട്ടിലും ഹരിസത്തമൻ;
വജ്രകായന്റെയും വീട്ടിൽച്ചാടിനാനാ മഹാകപി, 22

ധൂമ്രാക്ഷ—സമ്പാതികൾതൻ വീട്ടിലും പവനാത്മജൻ;
വിദ്യുദ്രൂപന്റെ, ഭീമന്റെ, ഘനന്റെ, വിഘനന്റെയും,
ശുകനാസന്റെ, വക്രന്റെ, ശഠന്റെ, വികടന്റെയും,
ഹ്രസ്വകർണ്ണന്റെ, ദംഷ്ട്രന്റെ, രക്ഷസ്സാം രോമശന്റെയും, 24

Digitized By Kerala Sahitya Akademi

സാദി-യുദ്ധോന്മത്ത-മത്ത-ധ്വജഗ്രീവന്മാരുടെയുമേ,
വിദ്യുജ്ജിഹ്വേന്ദ്രജിഹ്വന്മാരുടെ, ഹസ്തിമുഖന്റെയും,
കരാളന്റെ, പിശാചന്റെ, ശോണിതാക്ഷന്റെയും ഗൃഹേ
ക്രമേണ ചെന്നണഞ്ഞാനാ ഹനുമാനനിലാത്മജൻ. 26
മികവേറീടുമത്തുഗേഹങ്ങളിൽ മഹാകപി
കണ്ടു സമ്പന്നരവർതൻസമ്പത്തു, പുകളേറിയോൻ.

ചുറ്റുമെല്ലാവരുടെയും വേശ്മങ്ങൾ കടന്നവൻ
ചെന്നണഞ്ഞീടിനാൻ ശ്രീമാനാശരേശനിവേശനം. 28
കാണായ് നടക്കുന്ന കപിക്കുള്ളന്ന വികൃതാക്ഷിമാർ,
ഉറങ്ങും രാവണന്നൂഴക്കാവല്ക്കാരാശരത്തികൾ
ശൂലം മുൾത്തടി കൈക്കൊണ്ടോർ, വേൽ തോമരവുമേന്തിയോർ.
നാനാസേനകളെക്കണ്ടാനാ രക്ഷോധിപമന്ദിരേ, 30
പല ശസ്ത്രങ്ങൾ കൈക്കൊണ്ട രാക്ഷസക്രൂരർതമ്മെയും.
കെട്ടപ്പെട്ട ജവം കൂട്ടും ശ്വേതരക്തഹയങ്ങളും,
മാററാനക്കുച്ചതങ്ങളും ചേലൊത്ത ജാത്യഗജങ്ങളും
ആനപ്പാവഭ്യസിച്ചുള്ളോർ പോരിലൈരാവതോപമർ, 32
കാണായി ശത്രുസൈന്യഘ്നരായവന്നാ നികേതനേ:
ചാറുന്ന കാർകൾ പോലെ, നീരൊലും മലകൾ പോലെയും,
പടയിൽപ്പരദുർദ്ധർഷരിടിക്കൊത്തലറുന്നവർ.
പട്ടയോരായിരം തത്ര ജാംബൂനദമണിഞ്ഞതായ്, 34
പൊൻജാലകപ്പാൽ മറയപ്പെട്ട ബാലസൂര്യനിറത്തോടും
കാണായ്, രാക്ഷസരാജനായ രാവണന്റെ നികേതനേ.
പലമട്ടായ പല്ലക്കും, പവനാത്മജനാം കപി
ചിത്രവള്ളിക്കുടിലുകളും, ചിത്രശാലാഗൃഹങ്ങളും, 36
വേറേ കളിപ്പുരകളും, ദാരുപർവ്വതകങ്ങളും,
രതിമന്ദിരവും, രമ്യം ദിവാവിശ്രമഗേഹവും
കണ്ടു രാക്ഷസരാജനായ രാവണന്റെ നികേതനേ.
മന്ദരാചലനിഭമതിരായ്, മയിൽക്കൂട്ട നിറഞ്ഞതായ്, 38
ധ്വജങ്ങൾ ചൂഴുറ്റ മഹാഗൃഹം കണ്ടീടിനാനവൻ:
അനന്തരത്നനിചയം, നിധിജാലസമാവൃതം
ധീരാനുഷ്ഠിതകർമ്മാംഗം ഭൂതേശാലയഗേഹോപമം;
രത്നാർച്ചിസ്സാലുമാരക്ഷോനാഥതേജസ്സിനാലുമേ, 40

Digitized By Kerala Sahitya Akademi

ശോഭിച്ചിരുന്നിതാ വേശ്മം, രശ്മിയാൽ ബ്ഭാനു പോലവേ.
തനിച്ചു പൊന്നുകൊണ്ടുള്ള ശയനീയാസനങ്ങളും
ശ്രേഷ്ഠപാത്രങ്ങളും തത്ര കണ്ടാനക്കപിയൂഥപൻ.
മദ്യാസവംകൊണ്ടു കുതിർന്നാ,കിണ്ണമണിപാത്രമായ്, 42
വിശാലവും രമ്യവുമായ്,കുബേരഗൃഹതുല്യമായ്,
കാൽച്ചിലങ്കകളിലക്കത്താലരഞ്ഞാണൊലിയാലുമേ
മൃദംഗതാളാദിരവത്താലും ശബ്ദായമാനമായ്,
പ്രാസാദപംക്തിയുതമായ്, സ്ത്രീരത്നങ്ങൾ നിറഞ്ഞതായ്, 44
അതിപ്പൊക്കം പരന്നുള്ള വൻഗൃഹം പൂകി മാരുതി.

—ട ട—

## ഏഴാം സർഗ്ഗം: പുഷ്പകദർശനം

—*—

അസ്സത്ത്വവാൻ കണ്ടിതു വേശ്മജാലം
വൈഡൂര്യസംയുക്തസുവർണ്ണജാലം,
മഴപ്പിറപ്പിൽപ്പിണർമിന്നൽ ചേർന്ന
വങ്കാറിനം പോലെ സപക്ഷിജാലം.
ഗൃഹങ്ങൾതോറും പലമട്ടു ശാല,
മികച്ച ശംഖായുധചാപശാല,
ഗൃഹാളിയിൽസ്സുന്ദരചന്ദ്രശാല-
യിതൊക്കെയും കണ്ടിതവൻ വിശാല. 2
ഗൃഹങ്ങൾ നാനാവസുരാജിതങ്ങൾ,
ശരിക്കു ദേവാസുരപൂജിതങ്ങൾ,
ദോഷങ്ങളാലൊക്കെ വിവർജ്ജിതങ്ങൾ
കണ്ടു പ്ലവംഗൻ സ്വബലാർജ്ജിതങ്ങൾ.
ഇലോം പണിപ്പെട്ടിട ചേർക്കയാലേ
സാക്ഷാൽ മയൻ തീർത്തവയെന്നപോലേ
ധരിത്രിയിൽസ്സർവ്വഗുണോത്തരങ്ങൾ
കാണായി ലങ്കാധിപമന്ദിരങ്ങൾ. 4
കാണായിതങ്ങുന്നതമേഘമട്ടിൽ,
മനോജ്ഞമായ് കാഞ്ചനചാരുമട്ടിൽ,
ദശാസ്യവീര്യത്തിനു ചേർന്ന മട്ടിൽ-
ഗ്ഗൃഹോത്തമം നിസ്തുലരംഗിമട്ടിൽ;

Digitized By Kerala Sahitya Akademi

പാർത്തട്ടിൽ വീണിടിന്ന വിദ്യു പോലെ,
രത്നം നിറഞ്ഞു ജലമാലയോലെ,
നാനാമലർപ്പൂക്കളം വിരിച്ച പോലെ,
സുവർണ്ണധാമാദ്രിശിരസ്സു പോലെ,
നൽപ്പൂങ്കുലത്താലുപസേവ്യമാനം, 6

തടിത്സമേതാംബുധരോപമാനം,
വാനത്തു ഹംസേന്ദ്രധൃതം വിമാനം
പോലെ പണിച്ചേർത്തലിട്ട ഭാസമാനം,
സ്വധാതുചിത്രാദ്രിശിരസ്സു പോലെ,
ഗ്രഹേന്ദുചിത്രാംബരമെന്നപോലെ,
അവന്നു കാണായ് ഘനസംഘചിത്രം
വിമാനരത്നം ബഹുരത്നചിത്രം. 8

നിർമ്മിച്ചു പാർത്തട്ടചലങ്ങൾ തിങ്ങി;
നിർമ്മിച്ചു ശൈലങ്ങൾ മരങ്ങൾ തിങ്ങി,
മരങ്ങൾ നിർമ്മിച്ചവ പൂക്കൾ തിങ്ങി;
നിർമ്മിച്ചു പൂവങ്ങിതളല്ലി തിങ്ങി.

ചമച്ചു ഗേഹങ്ങൾ സുപാണ്ഡുരങ്ങൾ;
നൽപ്പൂവിണങ്ങും നളിനാകരങ്ങൾ,
വീണ്ടും സരോജങ്ങൾ സകേസരങ്ങൾ;
ധന്യങ്ങൾ ചിത്രങ്ങളുമാം വനങ്ങൾ. 10

പുഷ്പാഹ്വയാനം, പരിശോഭമാനം,
രത്നാഭയാലും പരിവൃദ്ധമാനം,
സുമന്ദിരശ്രേഷ്ഠത്തിലുമുച്ചമാനം,
കാണായ് കപീന്ദ്രന്നു മഹാവിമാനം:

കൃതങ്ങൾ വൈഡൂര്യമയദ്വിജങ്ങൾ,
പ്രവാളവും വെള്ളിയുമാം ദ്വിജങ്ങൾ,
വിചിത്രരത്നാഞ്ചിതപന്നഗങ്ങൾ,
ജാത്യങ്ങൾ പോലാം ശുഭസൈന്ധവങ്ങൾ; 12

പൊൻവിദ്രുമപ്പൂച്ചിറകൊണ്ടു, നേരം-
പോക്കിൽക്കുനിച്ചും ചിറകൊതുക്കി,
കാമന്നു സാക്ഷാൽച്ചിറകു പോലിലിപ്പു
കൃതദ്വിജൌഘം സുമുഖം സുപക്ഷം;

Digitized By Kerala Sahitya Akademi

ഒരുങ്ങീട്ടും കുംഭികളും സുഹസ്തർ
താരല്ലി ചേർന്നൽപലപത്രഹസ്തർ;
പദ്മാകരത്തിൽക്കൃതയായ്സ്സുഹസ്ത
ശ്രീദേവിയും നില്പിതു പദ്മഹസ്ത. 14

ഇവണ്ണമാം ഗൃഹമതു വിണ്ടുമുത്തമം
ഗമിച്ചവൻ സുരഗൃഹാചലോപമം,
പകച്ചുപോയ്, മധുസമയേ സുകോടരം
ദ്രുമം കണക്കധികസുഗന്ധി,സുന്ദരം!

കടന്നുടൻ, ദശമുഖബാഹു കാക്കുമാ
നലം പെടും പുരിയിൽ നടക്കുമക്കപി
സുദുഃഖിയായ്, പതിഗുണവൃന്ദവശ്യയാം
നലം പെടും ജനകജതന്നദർശനാൽ. 16

അനന്തരം ബഹുവിധചിന്തനത്തൊടും
നടക്കുമശ്ശിതമതി സാധുമാർഗ്ഗഗൻ
സുദർശനൻ ചെറിയവനല്ലൽ തേടിനാ-
നനല്പമായ്ജ്ജനകജതന്നദർശനാൽ.

—:—

## എട്ടാം സർഗ്ഗം പുഷ്പകവന്ദനം.

—*—

മരുത്സുതൻ ഗേഹമതിൻ നടുക്കിലായ്
മഹാവിമാനം മണിരത്നചിത്രിതം,
ഉരുക്കുപൊന്നിൻ ജനൽവേലചേരുമവാ-
ന്നു,മ്മതുകണ്ടു മതിമാൻ വലീമുഖൻ:

അത,സ്സമചനായ്സ്സുരശില്പിയാൽസ്വയം
സുമാനിതം; വ്യോമ്നിമരുൽപഥസ്ഥിതം,
അമേയമാം കൊത്തുപണിത്തരത്തൊടും
വിളങ്ങി, മാസ്വൽപഥചിഹ്നഭൂതമായ്. 2

ഒരെണ്ണമില്ലങ്ങു കിണഞ്ഞു തീർത്തിടാ-
തെ;—യെണ്ണമില്ലങ്ങമഹാർഘ്യരത്നമായ്;
വിശേഷമമ്മട്ടമരാലയത്തുമി-
ല്ല;യെണ്ണമില്ലങ്ങതിമേന്മ വിട്ടതായ്!

Digitized By Kerala Sahitya Akademi

തപഃക്രിയാവീൎയ്യബലേന വന്നതായ്!
മനസ്സിൽ നണ്ണുംവിധമേ ചമിപ്പതായ്,
അനേകരൂപപ്പണിയൊത്തു തീൎത്തതായ്—
ച്ചിതപ്പെടും തക്കവ കൊണ്ടു തീൎത്തതായ്, 4

മനസ്സറിഞ്ഞാശുതരം ഗമിപ്പതാ—
യവാര്യമായ്; വായുസമം ഗമിപ്പതായ്,
യശഃപ്രമോദൎദ്ധികരം വായ്ച ധന്യരാം
മഹാശയൎക്കേ നിലയീമേവിപ്പതായ്

വിശേഷഭാവേന വിശേഷസംസ്ഥമായ്
വിചിത്രകൂടം, ബഹുകൂടമണ്ഡിതം
മനോജ്ഞമായ് ശ്ശാരദമേഘശുഭ്രമായ്,
വിചിത്രകൂടാചലശൃംഗതുല്യമായ്, 6

പ്രവേശരായ് കുണ്ഡലമണ്ഡിതാസ്യരായ്
ചെരിഞ്ഞു വട്ടച്ചു പരന്ന കൺകളു—
ള്ളസംവൃതങ്ങൾ വഹിച്ചുനില്പതായ്
വസന്തപുഷ്പോൽകരചാരുരൂപമായ്,

വസന്തമാസാധികകാന്തരൂപമായ്
മികച്ചൊരാപ്പുഷ്പകമാം വിമാനമാ—
സ്ഥലത്തു കണ്ടു കപിവീരസത്തമൻ.

—ഃ—

## ഒമ്പതാം സൎഗ്ഗം: ശാലാദൎശനം.

—o—

അവൻഗൃഹത്തിൻ നടുവേ, നീണ്ടു വിസ്താരമുള്ളതായ്
മികച്ചൊരാലയം കണ്ടു ഹനുമാനനിലാത്മജൻ;
അരയോജനവിസ്തീൎണ്ണമൊരു യോജന നീണ്ടതാം,
രാക്ഷസേന്ദ്രന്റെയഗ്ഗൃഹം ബഹുമേടകളും ചേൎന്നതാം. 2

കണ്ണു നീണ്ടുള്ള വൈദേഹി സീതയെത്തേടി നീളവേ
നടന്നവല്ലോ ഹനുമാനമിത്രരെയമൎത്തുവോൻ;
മികച്ച രാക്ഷസാവാസം നോക്കിക്കൊണ്ടനിലാത്മജൻ
ചെന്നണഞ്ഞാനഥ ശ്രീമാനാശരേശനിവേശനം.



Digitized By Kerala Sahitya Akademi

നാല്ക്കൊമ്പനാനനിരയും മൂന്നുകൊമ്പുള്ളവററയും
ചൂഴെച്ചുഴന്നി,ടംപെട്ടു, ശസ്ത്രപാണികൾ കാപ്പതാം;
ആ രാവണഗൃഹം, പത്നിമാരാം രാക്ഷസിമാർകളും
ബലാഹൃതകളാം രാജകന്യമാരും ചുഴന്നതാം; 6

കുംഭീരമത്സ്യമകരതിമിംഗലപരീതമായ്
കാററടിച്ചിട്ടലകൊണ്ടു പാമ്പണിക്കടൽ പോലെയാം.
എന്തു ലക്ഷ്മി കുബേരങ്കലെ,ന്തു ഹര്യശ്വനിന്ദ്രനിൽ,
അതെല്ലാമിടിവേല്ക്കാതുണ്ടെപ്പൊഴും രാവണാലയേ! 8

എത്രയ്ക്കു രാജരാജന്നും യമന്നും വരുണന്നുമേ,
അത്രയ്ക്കും, ഏറെയോ സമ്പത്തുണ്ടിങ്ങു രക്ഷോഗൃഹങ്ങളിൽ!
ആ മേടതൻ നടുവിലായ് മറെറാരുത്തമമന്ദിരം,
ബഹുനിര്യൂഹസംയുക്തം കണ്ടു കാററിൻെറ നന്ദനൻ; 10

വിധിയ്ക്കായ് വിശ്വകർമ്മാവു തീർത്തതല്ലോ നഭസ്ഥലേ
വിമാനം പുഷ്പകം ദിവ്യം സർവ്വരത്നവിഭൂഷിതം;
കൽനിന്നതാജ്ജിച്ചു വന്നപസ്സാൽ ധനേശ്വരൻ;
ധ നബ്ബലാൽ വെന്നു നേടീ നാനതരക്കർക്കോൻ. 12

പൊന്നും വള്ളികൾകൊണ്ടുള്ള നൽത്തൂണുകൾ ചുഴന്നതായ്,
കെ ചെന്നാമ്ലോടൊത്ത,ജ്ജ്വലിയ്ക്കുന്ന ശോഭയാൽ:
മേരുമന്ദരതുല്യങ്ങൾ, വാനിൽച്ചെന്നുരസുന്നവ,
ചുററുമുണ്ടാലയങ്ങളായ്‌ മംഗളം വരാന്തകം; 14

സൂര്യാഗ്നിസദൃശം,വിശ്വകർമ്മാവാൽച്ചെലിൽ നിർമ്മിതം,
മികച്ച നൽത്തിണ്ണകളും പൊൻകോണികളുമുള്ളതാം;
പൊൻപളുങ്കുകൾകൊണ്ടുള്ള ജാലവാതായനങ്ങളും
മഹാനീലേന്ദ്രനീലശ്രീവന്തിണ്ണകളുമുള്ളതാം; 16

വിചിത്രമാകും പവിഴം വിലയേറിയ കല്ലുകൾ
ഉരുണ്ട മുത്തിവയാം നിലംകൊണ്ടു ലസിപ്പതാം;
ചുകന്നതും പൊൻനിറമാന്നതുമാകിയ ചന്ദനം
പുണ്യഗന്ധാന്വിതം പൂശി, ബാലാർക്കനൊത്തിരിപ്പതാം. 18

വരാകൃതികളാം നാനാവരാന്തകൾ ചുഴന്നതായ്
ദിവ്യമാം പുഷ്പകവിമാനത്തിൽച്ചെന്നേറി വങ്കപി.
അപ്പോൾപ്പൊന്നനക്ഷേത്രത്തിൻ പരക്കും ദിവ്യമാം മണം
ആസ്വദിച്ചാനവൻ തത്ര മൂർത്താനിലനെയാംവിധം! 20

Digitized By Kerala Sahitya Akademi

ബന്ധു നൽബ്ബന്ധുവോടാംമട്ട,ക്കരുത്തനൊടാ മണം,
'വന്നാലും, രാവണൻ മേവുന്നേടത്തെങ്ങെ'ന്നരച്ചിതോ!

കാണായി ചെന്നപ്പൊഴവന്നാ മഹാശാല ഭംഗിയിൽ,
രാവണന്നരുമപ്പെട്ടൊന്നോ,മൽപ്പെൺമണി പോലവേ: 22

രത്നക്കോണികൾ പൊൻജന്നലിവയാലഴകാർന്നതായ്,
പളുങ്കണിനിലം ചേർന്നു, കൊമ്പിടങ്ങൾ പതിച്ചതായ്,
പവിഴംമുത്തുപൊൻവെള്ളിപ്പണിത്തരവുമൊത്തതായ്,
മണിത്തൂണുകളാൽ—ഭൂരിത്തൂണുകളാൽ—മോടിചേർന്നതായ്, 24

ഒപ്പം ശരിക്കേറെയുയർന്നങ്ങും ചാർത്തിയ തൂൺകളാൽ,
പക്ഷങ്ങളാൽപ്പോലുയരെപ്പറക്കാൻ നോക്കിടുന്നതായ്,
ശ്രീചിത്രം തുന്നിയിട്ടുള്ള വങ്കമ്പിളി വിരിപ്പുയാൽ,
രാജ്യഗേഹോൽകരം ചേർന്ന വിശാലക്ഷിതി പോലെയായ്, 26

മത്തപക്ഷിഗണം കൂകി,ദിവ്യഗന്ധം പരന്നതായ്,
മെത്തരം മേൽവിരിപ്പൊത്തു, രാക്ഷസേശനിവാസമായ്,
അകിൽപ്പുകനിറം താവി സ്വച്ഛയായ്, ഹംസശുഭ്രയായ്,
പൂച്ചാർത്താൽച്ചിത്രയായ്ക്കാമധേനുപോലാശ വായ്ച്ചതായ്, 28

ഉൾത്തണുപ്പേകിടുവതായ്, വർണ്ണോൽകർഷം വളർപ്പതായ്,
മാൽ തീർപ്പതാം ദിവ്യയലക്ഷ്മിതന്നമ്മ പോലവേ!
അനന്തമേന്ദ്രിയാർത്ഥങ്ങളഞ്ചാലഞ്ചിന്ദ്രിയങ്ങളെ
തർപ്പിച്ചു രാവണന്ത്രാതയത്തു, മാതാവു പോലവേ. 30

ഇതു വിണ്ണി,തു വാനോർനാടിതിന്ദ്രപുരിയാസ്പദം,
ഇതുറ്റസിദ്ധിയാണെന്നും വരാമെന്നോർത്തു മാരുതി!
ചിന്ത പൂണ്ടവ പോലങ്ങു കാണായ് തങ്കവിളക്കുകൾ,
ചൂതിൽ ധൂർത്താഗ്ര്യർ തോല്പിച്ച ചൂതാടികൾ കണക്കിനെ! 32

ദീപങ്ങൾതൻ മഹസ്സാലും, രാവണാദൃതിയാലുമേ,
മെയ്ക്കോപ്പിൻ കിരണത്താലും കത്തുന്നതെന്നമോർത്തുപോയ്!
കിടന്നിരുന്നു വിരിയിൽ,ച്ചിത്രമാല്യാംബരത്തോടും:
നാനാവേഷപ്പകിട്ടോടങ്ങായിരം മണിമങ്കമാർ: 34

പാതിരാവു കഴിഞ്ഞാറേ, പാനനിദ്രാവശത്തിലായ്,
ക്രീഡിച്ചുതെളിഞ്ഞുഗാഢമുറങ്ങീടുകയാണവർ.
ഉറങ്ങുമവർ ശോഭിച്ചു കിലുങ്ങാപ്പണ്ടമൊത്തവർ,
അന്നം വണ്ടിവ മിണ്ടാത്ത വൻതാമരപ്പൊയ്ക പോലവേ. 36

Digitized By Kerala Sahitya Akademi

പല്ലൊട്ടു കാട്ടിക്കൺചിമ്മിപ്പോയ്ത്താർമണമിയന്നതായ്
കണ്ടാനപ്പെണ്മണികൾതൻ വദനം പവനാത്മജൻ:
പകൽ പൊയ്ത്താരിനൊപ്പമേ വിരിഞ്ഞിട്ടു,ള്ളിരുൾ വീണ്ടുമേ
കൂമ്പിപ്പോയതു പോലത്രേ വിളങ്ങിയവർതൻമുഖം. 38

'ഇമ്മുഖത്താമരകളെ ധ്രുവം മത്താണ്ട വണ്ടുകൾ
വിരിപൊയ്ത്താർകളെപ്പോലെ പേർത്തുപേർത്തും കൊതിക്കുമേ.'
എന്നും നണ്ണിയിനാൻ യുക്തം ശ്രീമാനായ മഹാകപി,
ഗുണംകൊണ്ടവ തണ്ടാരിനൊക്കമെന്നു ഗണിക്കയാൽ. 40

ആ സ്ത്രീകളാലവനടെയശ്ശാല വിലസീ തുലോം,
തെളിഞ്ഞുഡുക്കളാൽ മിന്നും ശാരദദ്യോവു പോലവേ.
വിളങ്ങിനാനവർ ചൂഴന്നിട്ടുള്ളാ രാക്ഷസേശനും,
ശ്രീമാൻ താരകൾ ചൂഴാറ നക്ഷത്രേശൻ കണക്കിനെ. 42

പുണ്യശേഷത്താലാകാശാൽ വീഴും താരകളേവയോ,
അവയൊട്ടുക്ക ചേർന്നോത്താരിവരെ,ന്നോർത്തു വാനരൻ:
നേരായ്,പ്പെരിയ ചാരുശ്രീതാരകൾക്കുള്ളവണ്ണമേ
നിറവും തെളിവും ശ്രീയും വിളങ്ങി തത്ര മാതരിൽ! 44

പാനവ്യായാമസമയത്തുണ്ടമാല ചെരിഞ്ഞവർ,
നൽപ്പൂണവും ചിന്നി,വെളിവറ്റുറങ്ങുകയാണവർ:
പൊട്ടുമാഞ്ഞോർ ചിലർ; ചിലർ കാൽച്ചിലങ്കകളൂന്നവർ;
ചില പെണ്മണിമാരം,രഴരികത്തുന്നുവീണവർ; 46

ഹാരം മുറിഞ്ഞോർ ചിലപേർ; ചിലർ ചേലയഴഞ്ഞവർ;
ഉടഞ്ഞ പെൺകുതിരകൾ പോലരഞ്ഞാൺ മറിഞ്ഞവർ;
തോടയില്ലാത്തവർ ചിലർ, മാല പൊട്ടിച്ചതഞ്ഞവർ,
വങ്കാട്ടിലാന മട്ടിച്ച മലർവള്ളികൾ പോലവേ; 48

ചില നല്ലാർക്ക, സൂര്യേന്ദുവർണ്ണവൃത്തമാലകൾ
മിന്നീ കൊങ്കത്തടത്തിങ്കൽ,സ്സുപ്തഹംസങ്ങൾ പോലവേ;
ചിലർക്ക വൈഡൂര്യാഢ്യങ്ങൾ, കാദംബങ്ങൾ കണക്കിനെ;
വേറെ ചിലർക്ക പൊന്നൂല്പ്പം, ചക്രവാകങ്ങൾ പോലവേ. 50

അന്നംനീർക്കോഴികോകങ്ങൾ തിങ്ങും നദികൾ പോലവേ
വിളങ്ങിനാരവർ,മണൽത്തിട്ടാകുന്ന ജഘനങ്ങളാൽ;
പൊങ്കോപ്പുതണ്ടാർകൾ, പുകൾത്തിരം, കിങ്ങിണിമൊട്ടുകൾ,
ഭാവനക്രങ്ങളും ചേർന്നസ്സുപ്തമാരാർകൾ പോലവേ. 52

Digitized By Kerala Sahitya Akademi

ചിലർതൻ സുകുമാരാംഗങ്ങളിലും കൊങ്കയിങ്കലും
പങ്കങ്ങൾ പോലെ കാണായ്, നൽപ്പൂണുകളുടെ പാടുകൾ.
ചിലർതൻ പൂന്തുകിൽത്തുമ്പുണ്ടി,ളകി ശ്വാസവായുവാൽ
വീണ്ടും വീണ്ടും പാറിടുന്നു വദനങ്ങൾക്കുമീതെയായ്; 54
ഒരു ചാരുപ്രഭം പാറിശ്ശോഭിച്ചു കൊടി പോലവേ,
നാനാതെളിനിറത്തോടേ, പത്നിമാർതൻ മുഖാന്തികേ.
നൽക്കാന്തിയുള്ള ചില പെണ്മണിമാരുടെ കുണ്ഡലം
മെല്ലെമെല്ലെന്ന ചാഞ്ചാടിയിളകീ ശ്വാസമേല്ക്കയാൽ. 56
സ്വതേ സൗരഭ്യമുള്ളൊന്നായ് ശർക്കരാസവഗന്ധിയായ്
സുഖമാമവർതൻശ്വാസം തൊട്ടുഴിഞ്ഞു ദശാസ്യനെ!
രാവണാനനമെന്നോർത്തു, ചില രാവണനാരിമാർ
മുകർന്നാരങ്ങു തങ്ങൾതൻ സപത്നീവദനങ്ങളെ; 58
മനം രാവണനിൽപ്പറ്റിച്ചേർന്നോരാ വരനാരിമാർ
വൈവശ്യാൽ പ്രിയമേ ചെയ്താർ സപത്നീപ്പരിഷത്തിൽ.
ചേലൊത്ത പൂഞ്ചേലകളും, വളയിട്ടുള്ള കൈകളും
തലയ്ക്കുവെച്ചാണു കിടന്നിരുന്നത,വരിൽച്ചിലർ: 60
ഒരാളൊരുത്തിതൻ മാറി,ലവൾതൻ ബാഹുമേലൊരാൾ;
ഒരാളൊരാൾതൻ മടിയി,ലവൾതൻ കൊങ്കമേലൊരാൾ.
അരപാർശ്വംതുടപ്പുറങ്ങളിൽപ്പറ്റിപ്പരസ്പരം
ചേർന്നുള്ള, ഗാത്രങ്ങളോടേ മദസ്നേഹവിധേയമാർ 60
തമ്മിൽക്കെട്ടുച്ചരടിൽക്കോർക്കപ്പെട്ടാപ്പെണ്മണിമാലയോ
വിളങ്ങി, ചരടിൽക്കോർത്ത വണ്ടേലും മാല പോലവേ.
കാണായ്, വസന്തകാലത്തുപൂത്ത വല്ലികൾതൻ വനം
അന്യോന്യം മാലയായ്ക്കോർക്കപ്പെട്ടും, പുല്ലത്തിണങ്ങിയും, 64
ചാരുസ്കന്ധങ്ങളിൽപ്പറ്റിച്ചേർന്നും, വണ്ടിണ ചിന്നിയും
കാറ്റിൽ ചാഞ്ചാടിയതുപോലാ രാവണവധൂവനം.
വേണ്ടേടത്താകിലും, ഒക്ക,ന്നേരമാ നാരിമാരുടെ
ഭൂഷാംഗവസ്ത്രമാല്യങ്ങൾ വേർതിരിച്ചറിയപ്പെടാ. 66
രാവണൻ നേർക്കുറങ്ങുമ്പോഴു,ച്ചിത്രശ്രീയധ്യകളെ,
കണ്ണും കനകദീപങ്ങൾ കണ്ണിമയ്ക്കാതെ നോക്കിനാർ!
രാജർഷിപിതൃഗന്ധർവദൈത്യർതൻ മടവാർകളും
രാക്ഷസപ്പെൺകൊടികളുമവങ്കൽ കാമമാണ്ടവർ; 68

Digitized By Kerala Sahitya Akademi

ആ സ്ത്രീകളെല്ലാം, പോർ തേടും രാവണൻ കൊണ്ടുപോന്നവർ;
കാമമോഹാൽ മതിമറന്നങ്ങു വന്നവരാം ചിലർ.

അതിൽ, സ്വയം വീര്യഗുണാൽ ബലേന
കീഴാക്കിയോളായൊരു പെണ്ണുമില്ലാ;
ഇല്ലന്യപൂർവാന്യസകാമമാരു,—
മാ ശ്രേഷ്ഠയാം മൈഥിലപുത്രിയെന്ന്യേ. 70

കുവംശ്യയാളില്ല,യഴകറ്റ പെണ്ണി—
ല്ലദക്ഷയില്ലി,ല്ലുപചാരമറ്റോരും;
നിസ്സാരയാം ഭാര്യയുമില്ലവന്നു;
കാന്താജനകാമഹാര്യമില്ലതന്നേ!

വിശുദ്ധധീയായ ഹരീശ്വരന്നു
തോന്നീ തദാ, 'രാഘവപത്നിയാളും
ഈ രാക്ഷസാധീശ്വരഭാര്യമാരെ—
പ്പോലാകിലീയാംകളു നല്ലതെ'ന്നായ്! 72

വീണ്ടും നിനച്ചാനവനത്തൽ മൂത്തു;—
'ഗുണത്തിൽ മുന്തുന്നവളാം സീത നൂനം:
അതാണി,വൾക്കായ്,പ്പരമപ്പെടുന്നീ—
ലങ്കേശ്വരൻ ചെയ്തതു നീചകർമ്മം!'

—*—

## പത്താം സർഗ്ഗം: രാവണദർശനം

—*—

നോക്കുന്നതിന്നിടയ്ക്കങ്ങു കണ്ടു കാററിന്റെ നന്ദനൻ,
ദിവ്യം, രത്നം പതിച്ചോരു പളുങ്കിൻകട്ടിലുത്തമം;
അതിൻപുറം മഹാർഘങ്ങൾ, മെത്തരം മേൽവിരിപ്പുമായ്
കൊമ്പുപൊൻചിത്രഗാത്രങ്ങൾ വൈഡൂര്യാഗ്ര്യാസനങ്ങളും. 2

അതിന്റെയൊരുഭാഗത്തു, നന്മാലകളണിഞ്ഞതായ്
തിങ്കൾക്കൊത്തൊരു വെൺകൊററക്കുടയും കണ്ടിതായവൻ.
കാണായ്, കങ്കേളിമാലകളണിഞ്ഞകട്ടിലഗ്രിമം,
ചുററും തങ്കം പതിച്ചഗ്നിക്കൊത്ത കാന്തിയിണങ്ങിയും, 4
വെൺചാമരഗ്രാഹിണിമാരൊമ്പാടും നിന്നുവീശിയും,
നാനാഗന്ധം കടവിയും, ശ്രേഷ്ഠധൂപമിയററിയും,

Digitized By Kerala Sahitya Akademi

കറിയാട്ടിന്റെ തോലിട്ടും, നൽവിരിപ്പു വിരിച്ചുമേ,
ചുററും മികച്ച പൂമാല തൂക്കപ്പെട്ടു വിളങ്ങിയും. 6

അതിന്മേലും, ബൃമനീലനുത്തമോജ്ജ്വലകുണ്ഡലൻ,
കൺ ചുകന്നോൻ, മഹാബാഹു, പൊന്നുറുൽപ്പട്ടുടുത്തവൻ,
ചെഞ്ചന്ദനം സുരഭിലം മെയ്യിൽപ്പൂശിയിരിക്കയാൽ,
വാനത്തന്തിച്ചുകപ്പാർന്ന വാർമിന്നൽക്കാറിനൊത്തവൻ, 8

ദിവ്യാഭരണസംവീതൻ, സുരൂപൻ, കാമരൂപവാൻ,
പൊന്ത കാടു മരം ചേർന്ന മന്ദരം പോലെ നിശ്ചലൻ,
മികച്ച മെയ്ക്കോപ്പുടയോൻ, രാവിൽക്രീഡിച്ചടങ്ങിയോൻ,
അരക്കമങ്കമാർക്കിഷ്ടൻ, രക്കർക്ക സുഖാവഹൻ, 10

കാണായീ, കപിവര്യന്നു, പാനം ചെയ്തുമടങ്ങിയോൻ,
വിളങ്ങും മെത്തമേൽപ്പള്ളികൊള്ളും വീരനരക്കർക്കോൻ.
കപീന്ദ്രനാം, നഗമെപ്പോലെ വീർപ്പിടും ദശകണ്ഠനെ
കണ്ടു ഞെട്ടിത്തെറിച്ചൊന്നു പിൻവാങ്ങീ ഭീതനാംവിധം! 12

പിന്നെക്കല്പടമേലേറി നടത്തിണ്ണയണഞ്ഞവൻ
പാർത്താനുറങ്ങുമാ രക്ഷശ്ശാർദ്ദൂലനെ മഹാകപി.
ഉറങ്ങും രാക്ഷസേന്ദ്രന്റെ നന്മെത്ത വിലസീ തദാ,
ഗന്ധദീപം കിടക്കുമ്പോഴും വല്യതാം ചോല പോലവേ. 14

കാണായ് നീട്ടിയിടപ്പെട്ടു, വമ്പനാശരർക്കോനുടെ
പൊന്തോൾവളയണിത്തൃക്കയ്യിണ ശക്രധ്വജോപമം:
പോരിലൈരാവതക്കൊമ്പാൽക്കുത്തേറുള്ള വടുക്കളും,
വജ്രം തട്ടിയ തോൽത്തളും, വിഷ്ണുചക്രക്ഷതങ്ങളും, 16

ഒത്ത നൽത്തോൾകളും, വണ്ണം, ബലവും മെയ്ക്കിണക്കവും,
സുലക്ഷണനഖാംഗുഷ്ഠതലാംഗുലിയുമുള്ളതായ്,
പരിഘം പോലുരപ്പൊത്തു തുമ്പിക്കൈ പോലുരുണ്ടതായ്
വെണ്മെത്തമേലിടപ്പെട്ടതൈമ്പടപ്പാമ്പിനൊപ്പമേ; 18

മുയൽച്ചോരയ്ക്കു ശരിയായ് സുശീതളസുഗന്ധിയായ്
ശ്രേഷ്ഠമാം ചന്ദനം ചേലിൽപ്പൂശി,ച്ചേലിലണിഞ്ഞവ,
നൽസ്ത്രീകളാൽത്തലോടപ്പെട്ടവ, നൽഗന്ധമാണ്ടവ,
ദേവാസുരാഹിഗന്ധർവ്വയക്ഷരെക്കരയിപ്പവ. 20

Digitized By Kerala Sahitya Akademi

കാണായ,വൻറെ ബാഹുക്കളാ പ്ലവംഗൻ മെത്തമേൽ,
മന്ദരാന്തരസുപ്തങ്ങൾ വൻക്രുദ്ധാഹികൾ പോലവേ;
ആ നീണ്ടുരുണ്ട ദോൎക്കൈകൾകൊണ്ടാ രാക്ഷസനായകൻ
വിളങ്ങീ, രണ്ടുശൃംഗത്താൽ മന്ദരം പോലെ,ശോഭമാൻ: 22

ചുന്നമാമ്പൂമണത്തോടും, നല്ലിലഞ്ഞിമണത്തോടും,
മൃഷ്ടാന്നഗന്ധമോടൊത്തും, പാനഗന്ധമിണങ്ങിയും
പൊങ്ങിപ്പുറപ്പെട്ടിരുന്നു നിദ്രാനിശ്വാസമുൽക്കടം,
ആ രക്ഷസ്സിംഹവദനേല,ഗ്ഗേഹം നിറയുംവിധം; 24

മുത്തണിഞ്ഞ വിചിത്രപ്പൊൻകിരീടം ചെററഴിഞ്ഞവൻ,
കുണ്ഡലദ്യുതിയംകൊണ്ടു മുഖം മിന്നിത്തിളങ്ങിയോൻ,
ചെഞ്ചന്ദനം പൂശിയതായ് മുത്തുമാലയണിഞ്ഞതായ്
തടിച്ചുനീണ്ടതായുള്ള വിരിമാറാൽ വിളങ്ങിയോൻ, 26

വെള്ളത്തതായ തോൽപ്പട്ടു മറിഞ്ഞോൻ, കൺ ചുകന്നവൻ,
മികവേറിയ തുമഞ്ഞളോട ചേലൊട്ടു ചുററിയോൻ,
ഉഴന്നു കൂട്ടിയതു പോലു,ഷ്ണം പാമ്പെന്നപോലെയും,
പെരുംഗംഗാജലാന്തത്തിലുറങ്ങുന്നാനപോലെയും, 28

നാലുഭാഗത്തുമേ നാലു പൊൻവിളക്കുജ്ജ്വലിക്കയാൽ,
മിന്നൽച്ചാർത്താൽക്കാറു പോലെ സർവ്വാംഗം വെളിവാക്കിയോൻ;
കണ്ടാനാ,മൽബാഹുമാരുള്ളാ മഹാത്മാവുതന്നുടെ
കാല്ക്കലായ്പ്പത്നികളെയും:രാക്ഷസേശൻറെ മന്ദിരേ, 30

നല്ല തോടയണിഞ്ഞോരെ,ച്ചന്ദ്രശ്രീമുഖിമാർകളെ,
വാടാമാലകളിട്ടോരെക്കണ്ടു വാനരയൂഥപൻ.

അരക്കർക്കോൻറെ മടി കയ്യീവചേന്നു കിടപ്പവർ
കാണായ് നൽഭൂഷണം പൂണ്ട നൃത്തവാദ്യവിദഗ്ദ്ധമാർ: 32

വൈഡൂര്യ്യം വജ്രവും വെച്ച തങ്കംകൊണ്ടുള്ള തോടകൾ
കാണായ് നാരികൾതൻകാതില,മ്മട്ടാമംഗദങ്ങളും;
നൽത്തോട ചേരുമവർതൻചന്ദ്രചാരുമുഖങ്ങളാൽ
വിമാനം വിലസീ, താരവ്രാതത്താൽ വാനുപോലവേ. 34

ആ രാക്ഷസേശ്വരസ്ത്രീകൾ മദവ്യായാമഖിന്നരായ്
അമ്മാതിടങ്ങളിലുറങ്ങുകയാണ,ണുമദ്ധ്യമാർ:
മൃദുവാമംഗഹാരത്താലംഗമൊക്കെയുമേവിധം
നേരെ വെച്ചാണുറങ്ങുന്നതോരാട്ടക്കാരി സുന്ദരി. 36

Digitized By Kerala Sahitya Akademi

ചാരത്തെല്ലേത്തുമിവനെ നോക്കിക്കാണ്മാനൊരുങ്ങിനാൻ,
തഴച്ച പൂവില ചുഴന്നി,ലക്കൊമ്പത്തൊളിച്ചവൻ.
നോക്കിക്കാണെന്നപോതങ്ങു കണ്ടു വാനരകുഞ്ജരൻ
രൂപയൌവനവാല്യൊത്ത രാവണാഗ്ര്യവധൂക്കളെ; 26
അസ്സുന്ദരാംഗികൾ ചുഴന്നരചൻ പുകൾ വായ്ചവൻ
പുക്കാൻ, പക്ഷിമൃഗാരാവം താവുമാ പ്രമദാവനം.
മത്തൻ, വിചിത്രാഭരണൻ ശങ്കുകർണ്ണൻ, മഹാബലൻ,
ആ രാക്ഷസേശനവനു കാണായീ വിശ്രവസ്സുതൻ 28
ചുററം നൽസ്ത്രീകളോടൊത്തു,സതാരൻ തിങ്കൾ പോലവേ;
അത്തേജോയുക്തനെപ്പാർത്താൻ തേജസ്സേറം മഹാകപി.
മഹാഭുജൻ രാവണനാണിതെന്നറികയാൽക്കപി
മേല്പോട്ടുകേറീ, തേജസ്വി ഹനുമാനനിലാത്മജൻ; 30
അത്ര തേജസ്സിരുന്നാലും, തത്തേജസ്സാഞ്ഞടിയ്ക്കയാൽ,
ഇലച്ചാർത്തിൻമറവിലാണ്ടൊളിച്ചാനാ മരുത്സുതൻ.
ദശാസ്യനോ സമീപിച്ചാൻ, സുശ്രോണി നിബിഡസ്തനി
കാർവേണിയസിതാപാംഗിയവളെക്കണ്ടുകൊള്ളുവാൻ. 32

—*—

## പത്താമതാം സർഗ്ഗം : രാവണന്റെ സീതോപസർപ്പണം

—*—

അരുനേരത്തു, കേടററ വൈദേഹി നൃപപുത്രിയോ,
രൂപയൌവനവാല്യൊത്തോൻ നന്മെക്കോപ്പുകൾ ചാർത്തിയോൻ.
അരക്കർകോൻ രാവണനെയങ്ങു കണ്ടതൊടൊപ്പമേ
വിറച്ചുപോയ് വരാരോഹ, വങ്കാററാൽ വാഴ പോലവേ. 2
ഊരുക്കൾകൊണ്ടു വയറം, കൈകൾകൊണ്ടു കുചങ്ങളും
മറച്ചിരുന്നാൾ കേണംകൊണ്ടാ,ക്കൺ നീണ്ട സുവർണ്ണിനി.
രാക്ഷസ്ത്രീകൾ കാത്താർത്തി ചീർത്ത വൈദേഹി ജാനകി
കാണായ് ദശാസ്യനു,ദധൌ തിണ്ടാടും തോണി പോലവേ, 4
വെറും നിലത്തിരിയ്ക്കുന്നോൾ, തീക്ഷ്ണമാം വ്രതമുള്ളവൾ,
മുറിഞ്ഞു മന്നിൽ വീണോരു മരക്കൊമ്പെന്നപോലെയും.
ഭൂഷാസ്ഥാനത്തഴക്കാണ്ടോൾ ഭൂഷണാർഹയഭൂഷയാൾ
ശോഭിയ്ക്കുന്നില, ശോഭിപ്പു, ചേർ പൂണ്ട ബിസമാംവിധം. 6



Digitized By Kerala Sahitya Akademi

ജ്ഞാതാത്മാവായിട്ടും രാമരാജസിംഹൻെറ ചാരവേ
സങ്കല്പാശ്വാന്വിതമനോരഥമേറിഗ്ഗമിപ്പവാം;
ശോഷിച്ചൊററയ്ക്കു കേഴുന്നോാം, ചിന്താശോകങ്ങളാണ്ടവാം
ദുഃഖത്തിനററം കാണാത്തോാം, രാമാനുവ്രത, രാമയാാം; 8
വിഷ്ടം കെട്ടോരു സപ്പേന്ദ്രപ്പിട പോലെ പിടയ്ക്കുവോാം,
ധൂമകേതുഗ്രഹോത്തപ്തയായ രോഹിണി പോലവേ;
ശീലാചാരാഢ്യധമ്മിഷ്ഠവംശമൊന്നിലുദിതയായ്,
വോംക്കപ്പെട്ടിട്ടുദ്വംശത്തിങ്കൽച്ചേന്നവാം പോലവേ. 10
നേത്ത വങ്കീത്തിയെപ്പോലെ; നിന്ദിതശ്രദ്ധ പോലവേ;
ഇടിഞ്ഞ ബുദ്ധിയെപ്പോലെ; പാഴായുള്ളാശ പോലവേ;
മന്ദവിത്താപ്തിയെപ്പോലെ; തടവേററാജ്ഞ പോലവേ;
കാലേ കത്തും ദിക്ക പോലേ; ഹൃതയാം പൂജ പോലവേ; 12
മ്ലാനപദ്മിനി പോല, സ്തശ്ശൂരയാം സേനപോലവേ.
ഇരുൾ മൂടും ശോഭ പോലേ;വററിപ്പോം നദി പോലവേ;
കെട്ട തീ പോലവേ; തീണ്ടപ്പെട്ടതാം വേദി പോലവേ;
രാഹു വാർതിങ്കളെത്തിന്ന വെൺവാവിരവു പോലവേ; 14
തണ്ടാരില പറിയ്ക്കപ്പെട്ട,ണ്ഡജങ്ങൾ നടുങ്ങിയും,
കൊമ്പൻെറ തുമ്പിക്കൈ തട്ടിച്ചിന്നും പദ്മിനി പോലവേ;
ഭത്തൃശോകാത്ത, ശോഷിച്ചോാം, നീർ വാത്തപുഴ പോലവേ;
വേണ്ടും വെടുപ്പിയററാത്തോാം, ബഹുളക്ഷപ പോലവേ; 16
സുകുമാരി, മനോജ്ഞാംഗി, രത്നഗർഭഗൃഹാർഹയാം
അപ്പോാംപ്പറിച്ചുചൂടേല്ക്കും മൃണാളലത പോലവേ;
പിടിച്ചു കൊമ്പൻ പിരിയെക്കററിതന്നേൽത്തള്ളയാൽ
മാൽ മൂത്തു നെടുവീപ്പേന്തും ഗജേന്ദ്രപ്പിട പോലവേ; 18
താനേ മിടഞ്ഞ ദീഘൈകവേണികൊണ്ടു ലസിപ്പവാം
ശരൽകാലേ കരിംകാടിൻവാരിയാലൂഴി പോലവേ;
നോൽമ്പാലും സങ്കടത്താലും ചിന്തയാൽപ്പേടിയാലുമേ
വാടിച്ചടച്ചുഴന്നോളു,ൺ കുറഞ്ഞവാം തപസ്വിനി; 20
ദശാസ്യനു രഘുശ്രേഷ്ഠനോടു തോൽവി മനസ്സിനാൽ,
തൊഴുതീശ്വരനോടാത്ത്യാ പ്രാത്ഥിയ്ക്കുംപോലിരിപ്പവാം;

ശരിയ്ക്കു നോക്കിക്കരയുന്ന മാന്യയാാം,
സുപക്ഷ്മതാമ്രായതശുഭ്രനേത്രയാാം,

Digitized By Kerala Sahitya Akademi

അതീവ രാമന്നടിപെട്ട സീതയെ-
പ്പകിട്ടിനാൻ, ചാവതിനായി രാവണൻ. 22

—::—

## ഇരുപതാം സർഗ്ഗം : രാവണാഭ്യർത്ഥനം.

—०—

ആനന്ദം കെട്ടഴലുമാപ്പാവമാകിയ സാധ്വിയെ
കാണിച്ചാൻ തന്റെ ഹൃദയം രാവണൻ മധുരോക്തിയാൽ:-
"എന്നെക്കണ്ടിട്ടനാസോരു, വയർകൊങ്ക മറച്ചു നീ,
തന്നെക്കാണാത്തമട്ടാക്കാനല്ലോ നോക്കുന്നു പേടിയാൽ! 2
ദീർഘലാക്ഷി, കാമി ഞാൻ നിങ്കലെ,ന്നെക്കൊണ്ടാടുകോമളേ,
സർവാംഗഗുണസമ്പന്നേ, സർവലോകമനോഹരേ!
ആരുമില്ലിങ്ങു നരരോ കാമരൂപരരക്കരോ;
സീതേ, നിനക്കു നീങ്ങട്ടേ,യെന്നിൽനിന്നുള്ളതാം ഭയം. 4
ഭൃശം സ്വധർമ്മമേ ഭീരു, രാക്ഷസന്മാർക്ക സർവഥാ,
പരസ്ത്രീയെപ്പുണരലും ബലാലപഹരിക്കലും;
എന്നാലും, കാമമില്ലാത്ത നിന്നെ മൈഥിലി, ഞാൻ തൊടാ;
കാമൻ തിമത്തുകൊള്ളട്ടേ കാമംപോലെന്റെ മേനിയിൽ; 6
പേടിയാൽക്കിങ്ങു നീ ദേവി; വിശ്വസിയ്ക്കുകലോമലേ;
നേരായ് സ്നേഹിയ്ക്കയും ചെയ്യുകേ;-വം മാൽ പൂണ്ടിരിയ്ക്കോലാ!
ഒറ്റവേണി, നിലം മെത്ത, മുഷിഞ്ഞ തുകിൽ, ചിന്തയും,
വേണ്ടാത്തെടം പട്ടിണിയും, ചേരുകില്ല നിനക്കിവ; 8
നാനാവിധങ്ങളാം മാല്യങ്ങ,ളകിലും, ചന്ദനങ്ങളും,
പലമാതിരിവസ്ത്രങ്ങളും, ദിവ്യാഭരണജാലവും,
മികവേറിയ പാനങ്ങളും, ശയനീയാസനങ്ങളും,
പാട്ടു കൊട്ടാട്ടവും നേടുകെങ്കൽച്ചേർന്നു വിദേഹജേ! 10
സ്ത്രീരത്നമല്ലോ നീ;-യേവമാകൊല്ല;-ണിക ഭൂഷകളും:
എന്തുമട്ടനർഹയാകും നീ,യെങ്കൽ വന്നിട്ടു സുന്ദരി?
പോയ്പ്പോകുന്നു നിനക്കീ, നല്ലഴകിൽച്ചേർന്ന യൌവനം;
പോയാലിതു തിരിച്ചെത്താ, നീരൊഴുക്കതു പോലവേ! 12
നൂനം, നിന്നെത്തീർത്തടങ്ങി രൂപകൃത്തപ്പിതാമഹൻ:
നിന്നോളമഴകില്ലല്ലോ മറ്റാർക്കും ശുഭദർശനേ!
രൂപയൌവനവാഗ്യോർത്ത നിന്നെക്കണ്ടെത്തിയിട്ടവൻ
കടന്നുപോവും വൈദേഹി, സാക്ഷാൽ നാന്മുഖനാകിലും? 14

Digitized By Kerala Sahitya Akademi

നിൻെറയേതേതു ഗാത്രം ഞാൻ നോക്കുന്നു ചന്ദ്രനേർമുഖി,
അതതിൽപ്പൃഥുലശ്രോണി, പററിനില്ക്കുന്നിതെൻമിഴി!
എൻഭാര്യയാക; വെടികിത്തെററിദ്ധാരണ മൈഥിലി;
അങ്ങിങ്ങുനിന്നാഹൃതമാർ വളരെപ്പേർ വരാംഗിമാർ; 16
അവർക്കൊട്ടുക്ക, ഭദ്രം തേ, മേലാളാം രാജ്ഞിയാക നീ!
ബലാൽപ്പാർകളിൽനിന്നിങ്ങെത്തിച്ച രത്നങ്ങളേവയോ,
അവയെല്ലാം നിനക്കാണീ,യെൻനാട്ടും ഭീരു' ഞാനുമേ!
ജയിച്ചു നാനാനഗരനിരയൊത്തുഴിയൊക്കയും 18
ജനകന്നേകിയേയ്ക്കാം ഞാൻ, നിന്നെച്ചൊല്ലി വിലാസിനി!
കാണ്മീലിപ്പാരിലെന്നോളം ബലവാനാമൊരാളെ ഞാൻ;
കാണുകെൻ, പെരുതാം വീര്യം യുദ്ധത്തിലെതിരററതാം.
ഞാൻ പെരുത്തുരു തോല്പിച്ചു പോരിൽക്കൊടിയുടക്കുയാൽ, 20
ശക്തരല്ലെൻെറയെതിരിൽ നില്ക്കുവാൻ ദേവദാനവർ.
മെച്ചപ്പെട്ടമലങ്കാരമിച്ഛപോലിന്നു ചെയ്ക നീ:
നിന്മെയ്യിൽച്ചേർത്തുകൊൾകാ,ശ കോല്യമാഭരണങ്ങളെ;
കണ്ടാവൂ നേക്ക,ലങ്കാരം ചേർന്ന നിന്നഴകൊന്നു ഞാൻ! 22
കൃതാലങ്കാരയായ്ബ്ഭീരു, ചേർന്നിണങ്ങി വരാനനേ,
ഭോഗം ഭുജിയ്ക്ക വേണ്ടോളം; പാനംചെയ്യു; രമിയ്ക്ക നി
യഥേഷ്ടം നല്കുയുംചെയ്ക ഭൂമിയും ദ്രവിണങ്ങളും;
രമിയ്ക്ക വിശ്വസിച്ചെങ്കൽക്കുസാതരുളകാജ്ഞയും! 24
രമിയ്ക്കട്ടെ,മൽപ്രസാദാൽ രമിയ്ക്കും നിൻ ജനങ്ങളും;
കാൺക നീയെൻെറ സമ്പത്തും ശ്രീയു,മെൻകീർത്തിയും ശുഭേ.
നീയെന്തു കാട്ടും സുഭഗേ, തോലുടുക്കുന്ന രാമനാൽ?
വിജയം വിട്ടവൻ രാജൻ ശ്രീ കെട്ടോൻ, കാടു ചുററുവോൻ, 26
ഭൂശായി, താപസനിരിപ്പുണ്ടോ, സംശയ,മില്ലയോ?
കണ്ടെത്തുകയുമില്ലല്ലോ രാമൻ നിന്നെ വിദേഹജേ,
വെള്ളിൽ മുൻചേർന്ന കാർ മൂടും തൂനിലാവിനെയാംവിധം.
നിന്നെയെൻകയ്യിൽനിന്നങ്ങു നേടാനും പോര രാഘവൻ, 28
ഇന്ദ്രാലിരണ്യകശിപു നിജകീർത്തിയെയാംവിധം.
ചാരുസ്മിതേ, ചാരുദതി, ചാരുനേത്രേ, വിലാസിനി,
ഗരുഡൻ പാമ്പിനെപ്പോലെ,ൻമനം റാഞ്ചുന്നു ഭീരു, നീ!
മുഷിഞ്ഞ പുഴനൂൽപ്പട്ടൊത്ത,ണിയാതെ, ചടയ്ക്കിലും 30

Digitized By Kerala Sahitya Akademi

നിന്നെക്കണ്ടിട്ടു, തോന്നാതായ് കാമമെൻപത്നിമാരിൽ മേ,
എത്രപേരുണ്ടെനിയ്ക്കന്തഃപുരത്തിൽഗ്ഗുണപൂർണ്ണമാർ,
അത്രയും നാരികളുടെ നാഥയായ്ക്കൊൾക മൈഥിലി!
കരിങ്കുഴലി, മൂപ്പാരിൽ മുന്തിയോരെ,ന്റെ നാരിമാർ; 32
നിന്നെസ്സേവിച്ചിടും, ശ്രീയെയപ്സരസ്സ്ത്രീകളും പോലവർ.
സുഭ്രു, വൈശ്രവണന്റേതായിരുന്ന ധനരത്നവും
ഭുജിച്ചുകൊൾകുലകവും സുശ്രോണി, സുഖമെന്നെയും.
രാമൻ തപസ്സിനാൽദ്ദേവി, ബലത്താൽ വിക്രമങ്ങളാൽ 34
സത്വത്താലുമെൻകിടയ്ക്കൊക്കാ തേജസ്സാൽപ്പുകളാലുമേ.

നുകരുക, വിഹരിയ്ക്കുകേ,ല്ക്ക ഭോഗം,
രതിയരുൾകു[illegible]ഴി ധനങ്ങളും തരാം ഞാൻ;
തെളിയുകിവനിലംഗനേ, സുഖം നീ;
തവയി തെളിയട്ടെ സുഹൃജ്ജനങ്ങളും തേ!
മലർമരനിര തിങ്ങി വണ്ടിണങ്ങി-
ജ്ജലധിതടത്തിലമർന്ന കാട്ടുതോറും,
കനകവിമലമുത്തുമാല ചാർത്തി-
പ്പെരികെ രമിയ്ക്കുക ഭീരു, ഞാനുമായ് നീ!" 36

—*—

ഇരുപത്തൊന്നാം സർഗ്ഗം: സീതാ[illegible]ത്തരവാക്യം.

—*—

ആ രൌദ്രനാമരക്കന്റെയാ വാക്യം കേട്ടു സീതയും
മാൽ മൂത്തു ദീനസ്വരയായ്ദ്ദീനാവാക്കോതി മെല്ലവേ:
മാൽ പൊറാതെ കരയുവോൾ, പാവം സീത വിറയ്ക്കുവോൾ,
പതിയെത്തന്നെ ചിന്തിപ്പോൾ, വരാരോഹ, പതിവ്രത, 2
പുല്ലൊന്നിടയിൽ വെച്ചത്രേ സംസാരിച്ചു ശുചിസ്മിത:-
'പിന്മാറുകെങ്കൽനിന്നുള്ള,മുള്ളം തന്നാളിൽ വെയ്ക്ക നീ:
എന്നെപ്രാർത്ഥിച്ചുകൂടാ, നൽസ്സിദ്ധിയെപ്പാപി പോലെ നീ:
വർജ്ജ്യമാകുമകാര്യത്തെച്ചെയ്യതല്ലേകപത്നി ഞാൻ, 4
പുണ്യമായ കുലം പുക്കോൾ, വങ്കുലത്തിൽജ്ജനിച്ചവൾ.'
എന്നാ രാവണനോടോതിപ്പുകളേറിയ മൈഥിലി
അരക്കന്നു പുറം കാട്ടിയിരുന്നരുളി വീണ്ടുമേ:—
"നിനക്കൊക്കും ഭാര്യയല്ലാ, സതിയാം പരഭാര്യ ഞാൻ: 6

Digitized By Kerala Sahitya Akademi

ഓൎത്തുനോക്കുക സദ്ധൎമ്മം, ചെമ്മേ ചെയ്യുക സദ്വ്രതം.
നിന്റെ പോലന്യരുടെയും പത്നി രാക്ഷസ, രക്ഷ്യയാം;
തന്നെദ്ദൃഷ്ടാന്തമാക്കീട്ടു രമിയ്ക്കു നിജപത്നിയിൽ.
ഇന്ദ്രിയങ്ങൾ ചലിച്ചാടി,ത്തൻപത്നിയിലതുഷ്ടനായ് 8
ശാഠ്യം കൊൾവവനെക്കൊട്ടയാട്ടുമേ പരപത്നിമാർ!
നല്ലോരിങ്ങില്ല;—യല്ലെങ്കിൽ, നല്ലോരിൽത്താഴ്വതില്ല നീ;
നേരേമറിച്ചാണല്ലോ നിൻതോന്നലാചാരവൎജ്ജിതം!
അഥവാ, രാക്ഷസപാംസത്തിന്നായ,ബുദ്ധപ്പൂണ്ട നീ, 10
വിദ്വജ്ജനോക്തമാം പത്ഥ്യവാക്കെട്ടുക്കാതിരിയ്ക്കയാം.
മനസ്സടക്കാത്തനയം ചെയ്യും ഭൂപകലൈശ്വര്യയാൽ
മുടിഞ്ഞുപോം, ശ്രീയിയലും രാഷ്ട്രങ്ങൾ നഗരങ്ങളും;
അമ്മട്ടു നിങ്കൽച്ചേൎന്നിട്ടീ രത്നം തിങ്ങിയ ലങ്കയും 12
മുടിഞ്ഞുപോമുടൻതന്നെ, നീയൊരുത്തന്റെ തെറ്റിനാൽ!
തൻകൎമ്മത്താൽക്കൊലപ്പെട്ട പാപി, കാഴ്ച കുറഞ്ഞവൻ
മുടിഞ്ഞുപോയാൽബ്ഭൂതങ്ങൾ സന്തോഷിയ്ക്കുന്നു രാവണ!
ചൊല്ലുമേ പാപിയാം നിന്നെപ്പററിയിമ്മട്ടു പീഡിതർ, 14
'ഭാഗ്യ,മീ വിനയിൽപ്പെട്ടു ക്രൂരനൊന്നാ'ത്തഹൎഷരായ്!
മേന്മയാലോ ധനത്താലോ പററില്ലെന്നെപ്പകിട്ടുവാൻ:
രാമങ്കൽത്തന്നെ നില്പോൾ ഞാൻ, സൂൎയ്യങ്കൽ പ്രഭ പോലവേ.
ആ ലോകനാഥനുടെ തൃക്കയ്യിന്മേൽത്തല വെച്ച ഞാൻ 16
മററൊരുത്തന്റെ കയ്യിന്മേലെവ്വണ്ണം തല വെച്ചിടും?
ആ മേദിനീനാഥനുതാൻ ചേൎച്ചയുള്ളൊരു ഭാൎയ്യ ഞാൻ,
വ്രതസ്നാതാത്മവിജ്ഞാനിവിപ്രന്നാ വിദ്യ പോലവേ.
നന്നു, രാവണ, രാമങ്കൽച്ചേൎത്താൽ മാലാളുമെന്നെ നീ, 18
കാട്ടിൽത്തളച്ച പിടിയെക്കരീന്ദ്രങ്കൽക്കണക്കിനെ.
നീ സഖാവാക്കിയാൽ നന്നു, നിനക്കു നില കിട്ടുവാൻ,
കൊട്ടംകൊല പെടായ്വാനു,മാ നരൎഷഭരാമനെ.
പ്രസിദ്ധനല്ലോ, ധൎമ്മജ്ഞനവനാശ്രിതവത്സലൻ; 20
അവന്റെ മിത്രമായ്ക്കൊൾക, ജീവിച്ചീടേണമെങ്കിൽ നീ!
പ്രസാദിപ്പിയ്ക്കുകൊന്നീ,യാശ്രിതവത്സലനെബ്ഭവാൻ;
തിരിയേ നല്കയും ചെയ്യുകവിടെയ്ക്കെന്നെയാസ്ഥയിൽ.
ഏവം രഘൂത്തമന്നേകിക്കൊണ്ടാലങ്ങയ്ക്കു നന്മയാം; 22

Digitized By Kerala Sahitya Akademi

മറിച്ചു ചെയ്കിലോ, കൊല്ലപ്പെട്ടുപോമുടൻ രാവണ:
വിട്ടേയ്ക്കാ,മെയ്താം വജ്രം; വിട്ടേയ്ക്കാം യമനാം ചിരം;
നിന്തരക്കാരനെ വിടാ ലോകേശൻ രാഘവൻ തഥാ!
രാമന്റെ വില്ലിൻ വമ്പിച്ചൊരൊച്ചകേൾക്കായ്കരും തവ, 24
ഉമ്പർകോൻ വിട്ട വജ്രത്തിൻ ചീററമെന്നതുപോലവേ.
എരിവായ്പ്പാമ്പുകൾക്കൊപ്പമിങ്ങുവന്നതിരും ദ്രുതം,
പേർ കൊത്തി നല്ല മൊട്ടൊത്ത രാമലക്ഷ്മണപത്രികൾ;
അരക്കരെ വധിച്ചുംകൊണ്ടി,പ്പുരത്തിങ്കലെങ്ങുമേ 26
ഇടം കിടപ്പില്ലെന്നാക്ക,മതിൻകങ്കപത്രികൾ.
ആ മഹാൻ രാമഗരുഡൻ രാക്ഷസേന്ദ്രാഹിമുഖ്യരെ,
താർക്ഷ്യൻ പാമ്പുകളെപ്പോലെ ശീഘ്രം റാഞ്ചിയെടുക്കുമേ!
കൊണ്ടുപോം നിങ്കൽനിന്നെന്നെ ക്ഷിപ്രം ഭർത്താവരിന്ദമൻ, 28
മുച്ചോടിനാൽദൈത്യരിൽനിന്നാ ശ്രീയെ ശ്ശാർങ്ഗി പോലവേ.
കെട്ട ദിക്കാം ജനസ്ഥാനത്തരക്കരെ വധിച്ചതിൽ,
ശേഷികേടാലെയല്ലോ നീ ചെയ്തതിത്തിന്ന രാക്ഷസ:
ഭ്രാതാക്കളാ നരവ്യാഘ്രർ ദൂരെപ്പോയപ്പൊളല്ലയോ, 30
ശൂന്യമാമാശ്രമം പുക്കു കൊണ്ടുപോന്നതു നീച, നീ?
ഗന്ധമേല്ക്കുകിൽ നീ രാമലക്ഷ്മണന്മാർക്കു നേരിലേ
നില്പാനാളാകുമോ, പട്ടി പുലികൾക്കെന്നപോലവേ!
ആ നിനക്കവരായ്പ്പോരിൽജ്ജയം നേടാൻ കഴിഞ്ഞിടാ, 32
ഇന്ദ്രന്റെ കൈകളായ് വൃത്രനുള്ളൊരറക്കയ്യിനാംവിധം.
എൻനാഥനാകുമാ രാമൻ സസൌമിത്രി ശരങ്ങളാൽ
എടുക്കും നിന്നുയിർ ജവാൽ, സൂര്യനല്പാംബുപോലവേ.
കടന്നു നീ വാരുണമാം സദസ്സിലോ,
ധനാധിനാഥാദ്രിയിലോ ഗമിക്കിലും
സുരാഖി കാലാശനിയിങ്കൽനിന്നുപോ-
ലൊഴിഞ്ഞിടാ രാമനിൽനിന്നു നൂനം!'' 34

—*—

## ഇരുപത്തിരണ്ടാം സർഗ്ഗം: രാവണപ്രത്യാഖ്യാനം.

—*—

സീതതൻ പരുഷച്ചൊല്ലു കേട്ടു രാക്ഷസരാജനും
പ്രിയദർശനയാം സീതതന്നോടപ്രിയമോതിനാൻ:—

"എത്രയ്ക്കനുനയിപ്പിയ്ക്കും, സ്ത്രീകൾക്കത്രയ്ക്കുമിഷ്ടനാം;
എന്നിയ്ക്കോ, പ്രിയമെത്രയ്ക്ക ചൊന്നേന,ത്രയ്ക്കിളപ്പമായ്! 2
എൻക്രോധത്തെയടക്കുന്നു നിന്നിലുണ്ടായ കാമമേ,
വഴി വിട്ടോട്ടമശ്വത്തെപ്പട്ടസാരഥി പോലവേ.
മർത്ത്യൎക്കു വാമമാം കാമമേതാളിൽപ്പററിനില്പിതോ,
ആയാൾതൻപേരിലുണ്ടാകുമല്ലോ സ്നേഹാനുകമ്പകൾ. 4
ഇതിനാലാണു, ഞാൻ നിന്നെക്കൊല്ലാത്തതു വരാനനേ,
കള്ളത്താപസനെക്കാമിപ്പോളെ, നിന്ദാവധാർഹയെ.
നീയിങ്ങെന്നോടു പറയുമോരോ പരുഷവാക്കിനും,
കൊടുതാം നിലയിൽക്കൊല്ലുവേണം നിന്നെ വിദേഹജേ!" 6
എന്നുരച്ചിട്ടു വൈദേഹിയാളോടുത്തരമോതിനാൻ,
ക്രോധവും വാശിയും പൂണ്ടു രാവണൻ രാക്ഷസാധിപൻ:—
"കാക്കേണം രണ്ടുമാസം ഞാൻ, നിനക്കവധിവെച്ചതിൽ;
അതിനാൽ,ക്കയറിക്കൊൾകെൻകട്ടിലിന്മേൽസ്സുശ്രോണി നീ; 8
രണ്ടു തിങ്ങൾക്കുമേലെന്നെബ്ഭർത്താവായ്ക്കരുതാഞ്ഞിടിലോ,
നിന്നെക്കൊത്തിനുറുക്കും, മേ പ്രാതലൂണിന്നു വെപ്പുകാർ!"
അപ്പടിയവളെ നിശാടേന്ദ്രൻ തർജ്ജിയ്ക്കുന്നതു കാൺകയാൽ
മാഴ്കി വലഞ്ഞു കണ്ണോടെ ദേവഗന്ധർവ്വകന്യമാർ. 10
ചിലർ ചുണ്ടിനാൽ ചുളുക്കത്താൽ,ച്ചിലർ നേത്രമുഖങ്ങളാൽ
ആശ്വസിപ്പിച്ചു, രക്ഷസ്സാൽത്തർജ്ജിയ്ക്കപ്പെട്ട സീതയെ.
  തദാശ്വാസിതയാം സീത ചാരിത്രബലധാടിയിൽ
അരക്കർകോൻ രാവണനോടോതിനാൾ സ്വഹിതോക്തിയെ:— 12
"ഒരാളുമില്ല തേ നന്മ കരുതുന്നവനായ് ധ്രുവം:
നിന്നെത്തടുപ്പതില്ലല്ലോ, നിന്ദ്യമാമീ പ്രവൃത്തിയിൽ!
ശക്രന്റെ ശചിയെപ്പോലെ,യെന്നെദ്ധാർമ്മികപത്നിയെ
മറ്റാരിൽ നീയൊഴിഞ്ഞേതവനർത്ഥിയ്ക്കും കരൾകൊണ്ടുമേ? 14
രാക്ഷസാധമ,തേജസ്വി രാമൻതൻ ഭാര്യയോടു നീ
ചൊന്നല്ലോ പാപ;—മതിൽനിന്നെങ്ങു പോയാലൊഴിഞ്ഞിടും?
മദമുള്ളാനയും കാട്ടിൽ മുയലും കൂട്ടിമുട്ടിനാൽ;
രാമനങ്ങാനയെപ്പോലെ; നീച, നീ മുയൽ പോലെയും! 16
നാണം വിട്ടിങ്ങിരുന്നാ, നീ പഴിപ്പു രഘുനാഥനെ;
അവന്റെ ദൃഷ്ടിമാർഗ്ഗത്തിൽച്ചെൽവീലല്ലോ തരിമ്പുമേ!

Digitized By Kerala Sahitya Akademi

ഈ നിൻ കറുത്തു മഞ്ഞച്ച വിരൂപക്രൂരദൃഷ്ടികൾ
മന്നിൽ വീഴാഞ്ഞതെന്തെ,ന്നെ നോക്കുംപൊഴുതു ദുർമ്മതേ! 18
അധാർമ്മികൻ വേട്ട ദശരഥൻെറ വധുവെന്നൊടായ്
സംസാരിക്കുന്ന നിൻനാവു നുറുങ്ങീടാത്തതെന്തുവാൻ!
രാമനാജ്ഞ, തപോരക്ഷയിവകാരണമാണു ഞാൻ
നീറാക്കാത്തതു തേജസ്സാൽ വധ്യ, നിന്നെദ്ദശാനന! 20
ധീമാൻ രാമങ്കൽനിന്നെന്നെപ്പിടുങ്ങാൻ പററുകില്ല തേ;
വിധികല്പിതമല്ലോ നിൻവധത്തിന്നിതസംശയം!
ശൂരൻ, കുബേരസഹജൻ, മികച്ച ബലശാലി നീ
രാമനെദ്ദൂരവേ പോക്കിബ്ഭാര്യയെക്കട്ടതെന്തുവാൻ!'' 22
സീതതൻ വചനം കേട്ടു രാവണൻ രാക്ഷസാധിപൻ
കടുത്ത കണ്ണുരുട്ടിക്കൊണ്ടജ്ജാനകിയെ നോക്കിനാൻ:
കറുത്ത കാറു പോലുള്ളോൻ, കൈകഴുത്തു തടിച്ചവൻ,
സിംഹസത്ത്വഗതൻ, ശ്രീമാൻ, നാക്കും കണ്ണും ജ്വലിച്ചവൻ, 24
മുടിയുമ്പാടിയോൻ, നീണ്ടോൻ, ചിത്രമാല്യാനുലേപനൻ,
രക്തമാല്യാംബരധരൻ, തങ്കത്തോൾവള ചാർത്തിയോൻ,
കറുത്തു വമ്പിച്ചൊരരപ്പട്ട കെട്ടിയിരിക്കയാൽ,
പാമ്പാൽച്ചുററിയ പാലാഴികടകോൽക്കുന്നിനൊത്തവൻ; 26
ഉരുത്തികഞ്ഞ ഭുജദണ്ഡത്താലാ രാത്രിഞ്ചരേശ്വരൻ
വിളങ്ങി, രണ്ടു ശൃംഗത്താൽ മന്ദരം പോല,ഗോപമൻ;
ബാലാർക്കാഭങ്ങളാം രണ്ടു കുണ്ഡലങ്ങളണിഞ്ഞവൻ,
പൂചെന്തളിരശോകങ്ങൾ രണ്ടൊത്ത മല പോലവേ; 28
മെയ്യെട്ടത്ത വസന്തം പോല,വൻ കല്പദ്രുമോപമൻ;
ചുടുകാട്ടിലെ വൃക്ഷം പോലണിഞ്ഞാലും ഭയംകരൻ;
നോക്കിയുംകൊണ്ടു വൈദേഹി സീതയോടോതി രാവണൻ,
ക്രോധാൽച്ചുട്ടത്ത കണ്ണോടേ, പാമ്പിനെപ്പോലെ ചീററുവോൻ:- 30
'നീതി കെട്ടർത്ഥമററോനെപ്പിന്തുടർന്നവളേ, ബലാൽ
മുടിപ്പൻ നിന്നെ ഞാനിപ്പോൾ,സ്സന്ധ്യയെബ്ഭാനു പോലവേ.'

ഏവം മൈഥിലിയോടോതി രാവണൻ ശത്രുരാവണൻ
വല്ലാത്ത രാക്ഷസികളോടെല്ലാമരുളി തമ്പുരാൻ: 32
ഒററക്കണ്ണി, ശരിയ്ക്കൊററക്കാതി, കാതാൽപ്പുതയ്ക്കുവോൾ,
കൈക്കാതി,യാനനേക്കാതി, കാതററോൾ, കാതു തൂങ്ങിയോൾ,



Digitized By Kerala Sahitya Akademi

അശ്വക്കാലി, ഗജക്കാലി, പൈക്കാലീ, പദകേശിയാം
ഒററക്കണ്ണി, പെരുക്കാലിയൊ,ററക്കാലി,യപാദയാം, 34
കഴുത്തും തലയും ചീർത്തോരാം, വയർകൊങ്കകൾ ചീർത്തവരാം,
മുകരം മിഴിയും ചീർത്തോരാം, നാവററോരാം, നാവു നീണ്ടവരാം,
മൂക്കററോരാം, പന്നിപൈസിംഹമോന്തമാരിവരോടുതാൻ:—
'സീത മൈഥിലിയാം ക്ഷിപ്രമെൻവശത്താവ്വതുംവിധം 36
ചെയ്യിനെല്ലാവരുംകൂടി ക്ഷിപ്രം രാക്ഷസിമാർകളേ:
പ്രതികൂലാനുകൂലക്കൈക്ക, സാമദാനങ്ങളും ഭേദവും,
ദണ്ഡത്തിന്നോങ്ങലിവയാൽസ്സീതയെപ്പാട്ടിലാക്കുവിൻ.'
വീണ്ടും വീണ്ടുമിതിൻവണ്ണം ചൊല്ലിയേല്പിച്ചരക്കർകോൻ 38
കാമവും ശുണ്ഠിയും മൂത്തു തർജ്ജിച്ചാനങ്ങു സീതയെ.
അപ്പോളുച്ചിക്കെന്നടുത്തെത്തിധാന്യമാലിനി രാക്ഷസി
കെട്ടിപ്പിടിച്ചു ചൊന്നാളദ്ദശകണ്ഠനൊടിങ്ങനെ:—
'കളിച്ചുകളിയാടിക്കൊൾകെന്നോടൊത്താശരേശ്വര; 40
എന്തിന്നീസ്സാധുമർത്ത്യപ്പെണ്ണൊ,ളിയും കെട്ട സീത തേ?
തമ്പുരാനേ, വിധിച്ചിട്ടില്ലിവൾക്ക ദൃഢമീശ്വരൻ,
ത്വൽകൈക്കരുത്താർജ്ജിച്ച ദിവ്യഭോഗോത്തമങ്ങളെ!
കാമിയാത്തവളെക്കാമിക്കുന്നവനുടൽ വെന്തുപോം; 42
കാമമുള്ളവളെക്കാമിപ്പോനേ നൽപ്രീതി കൈവരൂ.'
എന്നോതി രാക്ഷസി പിടിച്ചെഴുന്നേല്പിക്കയാൽബ്ബലി
മടങ്ങിനാൻ ചിരിച്ചുംകൊണ്ടാ,ക്കാറിന്നൊത്ത രാക്ഷസൻ.
പുറപ്പെട്ടൂഴിയുലയുംപടിയദ്ദശകന്ധരൻ 44
സൂര്യവർണ്ണത്തിൽ മിന്നുന്ന മന്ദിരം ചെന്നുപൂകിനാൻ.
ആവിധം ദേവഗന്ധർവ്വനാഗസ്ത്രീകളുമേവരും
ദശാസ്യനെച്ചൂഴ്ന്നാ നൽസ്സദനം ചെന്നുപൂകിനാർ.

വിറയ്ക്കുമാർത്താത്മികയായ സീതയെ—
പ്പഴിച്ചു: കാമാൽ വെളിവററ രാവണൻ
വിദേഹരാട്പുത്രിയെയങ്ങു വിട്ടുപോയ്
സ്വഗേഹമേ പൂകി, സമുജ്ജ്വലപ്രഭം. 46

Digitized By Kerala Sahitya Akademi

## ഇരുപത്തിമൂന്നാംസർഗ്ഗം: രാക്ഷസീവാക്യം.

— : o : —

ഏവം മൈഥിലിയോടോതി രാവണൻ, ശത്രുരാവണൻ
പോയാനരക്കിമാരെല്ലാരെയുമേല്പിച്ച തമ്പുരാൻ.
അരക്കർകോൻ തിരിച്ചന്തഃപുരത്തിൽപ്പോയനേരമേ,
അഘോരരാക്ഷസസ്ത്രീകൾ പാഞ്ഞണഞ്ഞിതു സീതയെ. 2
സീതതന്നരികിൽച്ചെന്നിട്ടീറ മൂത്താശരത്തികൾ
ചൊന്നാർ വൈദേഹിയോടേവമേററം പരുഷമാംവിധം:—
'പൌലസ്ത്യന്റെ, വരിഷ്ഠന്റെ, രാവണന്റെ, മഹാന്റെ,
ദശഗ്രീവന്റെ ഭാര്യാത്വം സീതേ, നിസ്സാരമോ തവ?' 4
അര കയ്യിലൊതുങ്ങുന്ന വൈദേഹിയെ വിളിച്ചുടൻ
ചൊന്നാളേകജടാഭിഖ്യ, രോഷരക്താക്ഷി, രാക്ഷസി:—
'പ്രജാപതികളാറാളിൽ നാലാമത്തെ പ്രജാപതി,
ബ്രഹ്മാവിൻ മാനസസുതൻ, പുലസ്ത്യപ്പേർ പുകഴ്ന്നവൻ; 6
പുലസ്ത്യമാനസസുതൻ തേജസ്സേറിയ മാമുനി,
വിശ്രവസ്സെന്നു പേരായോൻ, പ്രജാപതിസമപ്രഭൻ;
അദ്ദേഹത്തിൻ പുത്രനത്രേ, രാവണൻ ശത്രുരാവണൻ;
ആ രാക്ഷസേശ്വരനു നീ ഭാര്യയാകായതേക്ഷണേ. 8
എൻവാക്ക ചാരുസർവാംഗി, വകവെയ്ക്കാത്തതെന്തു നീ?'
അനന്തരം ഹരിജടാഭിഖ്യയാമൊരു രാക്ഷസി
പൂച്ചക്കണ്ണി രുഷാ കണ്ണുമുരുട്ടിയുരിയാടിനാൾ:—
'മുപ്പത്തിമൂന്നു വാനോരെ, വാനോർതൻതമ്പുരാനെയും 10
ആർ വെന്നാനാ, നിശിചരാധീശൻതൻ ഭാര്യയാക നീ.'
പിന്നെ, പ്രഘസയെന്നുള്ളൊരീറയേറിയ രാക്ഷസി
ഘോരമായിപ്പഴിച്ചുംകൊണ്ടിവണ്ണമുരിയാടിനാൾ:—
'പോർകളിൽപ്പിന്തിരിയ്ക്കാത്ത ശൂരനായ് വീര്യദൃപ്തനായ് 12
വീരനാം ബലിതൻഭാര്യയാകിൽ നീയെന്തു നേടിടാ?
എല്ലാരെക്കാൾ പ്രിയപ്പെട്ട ധന്യസൽകൃതഭാര്യയെ
വെടിഞ്ഞു നിങ്കലേ ചേരും, രാജാവുമഹാഭാഗൻ രാവണൻ!
ആയിരം നാരിമാരൊത്തു നാനാരത്നഗണങ്ങളാൽ 14
മിന്നുമന്തഃപുരം വിട്ടു നിങ്കൽച്ചേരും ദശാനനൻ!'
വികടാഭിഖ യാം മറെറാരരക്കിയഥ ചൊല്ലിനാൾ:—

Digitized By Kerala Sahitya Akademi

'പലവട്ടം പടകളിൽ നാഗഗന്ധർവ്വദൈത്യരെ
ജയിച്ച ഭീമവിക്രാന്തനത്രേ നിൻപക്കൽ വന്നവൻ; 16
ശ്രീ തികഞ്ഞ മഹാത്മാവാ രാവണാശരർകോന്റെ
ഭാര്യയാകാനനാര്യേ, നീയിച്ഛിച്ചീടാത്തതെന്തുവാൻ?'
അനന്തരം, ദുർമ്മുഖിയെന്നൊരു രാക്ഷസി ചൊല്ലിനാൾ:—
ആർക്കു ചൂടേകകില്ലർക്കനാ,രെപ്പേടിച്ചു വായുവും 18
വീശുമാറില്ല, നന്നായ് നില്ക്കാത്തതെന്തായതാക്ഷി, നീ.
ആരെപ്പേടിച്ചു വൃക്ഷങ്ങൾ പുഷ്പൌഘത്തെപ്പൊഴിക്കുമോ
മലയും മുകിലും സുഭ്രു, വേണ്ടുംനേരം ജലത്തെയും,
ആ രക്ഷോരാജനായ് രാജരാജനാം രാവണന്നിഹ 20
ഭാര്യയായ് വാഴവാനെന്തേ തോന്നാത്തു തവ ഭാമിനി?
നല്ലതോതീടിനേൻ ദേവി, നേരായ്, നിന്നോടു ഭാമിനി;
കൈക്കൊൾക സുസ്മിതേ, നൽച്ചൊല്ല,ല്ലാഞ്ഞാൽത്തീർന്നു നിൻകഥ!'

— : —

## ഇരുപത്തിനാലാംസർഗ്ഗം: സീതാഭർത്സനം.

— : o : —

പിന്നെസ്സീതാന്തികേ ചെന്നു വികൃതാസ്യനിശാടിമാർ
പരുഷാനർഹയവളോടോതീ പരുഷമപ്രിയം:—
'സീതേ, സർവ്വമനോഹാരിയാകുമന്തഃപുരാന്തരേ
മികച്ച കട്ടിൽമേൽ വാഴൽ കൊണ്ടാടീടാത്തതെന്തു നീ? 2
മർത്ത്യഭാര്യാപദംതാനോ മാനിപ്പൂ മർത്ത്യനാരി നീ?
വിട്ടുകൊൾകാശ: രാമന്റെയാസ്ഥരാ നീയൊരിക്കലും!
മുപ്പാരിനുതലുണ്ണുന്ന രാവണാശരനാഥനെ
മണാളനാക്കിയൊന്നിച്ചു വിഹരിക്കൂ സുഖേന നീ. 4
ആ രാമനാം മാനുഷനെക്കാംക്ഷിപ്പൂ മാനുഷത്തി നീ,
നന്ദിതേ, നാടു പോയോനെ, ബീഭദ്രേ, സാത്തററ ഭോഷനെ!'
രാക്ഷസീവചനം കേട്ടു രാജീവമിഴി ജാനകി
കണ്ണീർ നിറഞ്ഞ കണ്ണോടൊത്തിവണ്ണമുരിയാടിനാൾ:— 6
"നിങ്ങൾ ചേർന്നൊത്തു ചൊല്ലുന്നവല്ലോ ലോകവിഗർഹിതം;
കടുവാക്കിതു ചിത്തത്തിൽപ്പതിഞ്ഞീടുകയില്ല മേ.
മനുഷ്യപ്പെണ്ണരക്കന്നു ഭാര്യയായാൽച്ചിതം വരാ;
കടിച്ചുതിന്നുകൊൾകെന്നെ,ക്കൊൾക ഞാൻ നിങ്ങൾതൻമൊഴി! 8

Digitized By Kerala Sahitya Akademi

ദീനൻതാൻ, രാജ്യഹീനൻതാനെ,നിക്കു ഗുരുവെൻപതി;
സുവർച്ചലയിനങ്കൽപ്പോല,വങ്കൽ പ്രീത ഞാൻ സദാ.
എമ്മട്ടു ചേൎന്നുനില്ക്കുന്നു ശക്രങ്കൽദ്ധന്യയാം ശചി.
അരുന്ധതി വസിഷ്ഠങ്കൽ,ച്ചന്ദ്രങ്കലഥ രോഹിണി, 10
ലോപാമുദ്രയഗസ്ത്യങ്കൽ, ച്യവനങ്കൽസ്സുകന്യയാം,
സാവിത്രി സത്യവാങ്കൽ, ശ്രീമതിയാക്കപിലങ്കലും
സഗരേ കേശിനി, മദയന്തി മിത്രസഹങ്കലും;
അധീന നാഥൻ നളനു ദമയന്തി വിദൎഭജ; 12
അമ്മട്ടിക്ഷ്വാകുവരനാം നാഥൻ രാമന്നധീന ഞാൻ!”

സീതതൻ വാക്കു കേട്ടീറ മൂത്ത രാക്ഷസനാരിമാർ
പഴിച്ചാർ പരുഷം ചൊല്ലിക്കൊണ്ടു രാവണശാസനാൽ.
മിണ്ടാതെയശ്ശിംശപമേലൊളിച്ച ഹനുമാൻ കപി 14
കേട്ടാൻ, സീതയൊടാ രക്ഷഃസ്ത്രീകൾ ചൊല്ലുന്ന തൎജ്ജനം:
വിറച്ചുമവളെച്ചുററം പാഞ്ഞടുത്തരിശത്തൊടും
നക്കിനാർ, പെരികെത്തൂങ്ങിക്കിടക്കുമെരിചുണ്ടുകൾ;
വൻക്രോധാൽച്ചൊല്ലുകയും ചെയ്താർ വെണ്മഴുക്കളെടുത്തുടൻ:_ 16
‘അരക്കർകോൻ രാവണനെബ്ഭൎത്താവാക്കുകയില്ലിവൾ!’
ഭീമരാക്ഷസിമാരേററപ്പഴിക്കുന്നാസ്സുവക്ത്രയോ,
കണ്ണീർ തുടച്ചുകൊണ്ടെത്തിച്ചേൎന്നാളശ്ശിംശപാന്തികേ:
അരക്കിമാരാൽച്ചുററപ്പെട്ടാ വിശാലാക്ഷി മൈഥിലി 18
അശ്ശിംശപച്ചുവട്ടത്തെത്തി നിന്നാളഴലിലാണ്ടവൾ.
മെലിഞ്ഞു വദനം വാടി മുഷിഞ്ഞ തുകിൽ ചുററിയും
നില്ക്കുമസ്സീതയെച്ചുററം പഴിച്ചാരാ നിശാടിമാർ:
വിനതാഭിഖ്യയായോരു ഭീമരൂപിണി രാക്ഷസി 20
ക്രോധം പൂണ്ടവളോടോതി കടുത്തോരു കുമ്പ വീൎത്തവൾ:__
‘ഇത്രയും മതി; നീ കാട്ടി ഭൎത്തൃസ്നേഹം വിദേഹജേ;
അതിയായ്ച്ചെയ്തതാപത്തിന്നായിപ്പോമെന്തിലും ശുഭേ!
തോഷിച്ചേൻ ഞാൻ; തവ ശുഭം! മനുഷ്യത്തൊഴിൽ ചെയ്തു നീ; 22
എന്നാലെൻ പത്ഥ്യമാം വാക്കു കൈക്കൊള്ളുകിനി മൈഥിലി;
സൎവ്വരാക്ഷസഭൎത്താവെബ്ഭൎത്താവാക്കു ദശാസ്യനെ,
സുരേശശക്രനെപ്പോലെയഴകുള്ളോനെ, വീരനെ,
കണ്ടാലാൎക്കും രുചിപ്പോനെ,ദ്ദാതാവെ,യനുകൂലനെ; 24

Digitized By Kerala Sahitya Akademi

സാധുമർത്ത്യൻ രാമനെ വിട്ടാശ്രയിയ്ക്ക ദശാസ്യനെ,
സീതേ, ദിവ്യക്കുറിക്കൂട്ടം ദിവ്യമൈക്കോപ്പുമാൎന്ന നീ.
ഇന്നേമുതല്ക്ക ലോകങ്ങൾക്കെല്ലാമീശ്വരിയാക നീ,
അഗ്നിതൻ സ്വാഹ പോലായ്ക്കേ, ശക്രൻതൻ ശചി പോലെയും! 26
സീതേ, നിനക്കെന്തായുസ്സുകെട്ടോനാം സാധുരാമനാൽ?
ഞാനിപ്പറഞ്ഞതിനെ നീ കൂട്ടാക്കില്ലെന്നിരിയ്ക്കിലോ,
ഞങ്ങളെല്ലാവരുംകൂടിത്തിന്നീടും നിന്നെയിപ്പൊഴേ!'
വികടാഭിഖ്യയാകും മറെറാരുത്തി മുലതൂങ്ങിയോൾ 28
മുഷ്ടിയോങ്ങിച്ചൊടിച്ചാൎത്തുംകൊണ്ടു സീതയൊടോതിനാൾ:—
'അപ്രിയങ്ങളനേകങ്ങൾ നിൻവാക്കുകൾ സുദുൎമ്മതേ,
കനിവും മയവും മൂലം ക്ഷമിയ്ക്കപ്പെട്ടു മൈഥിലി;
കാലോചിതം ഹിതം ഞങ്ങൾ ചൊന്നതോ, ചെയ്യതില്ല നീ. 30
വരുത്തപ്പെട്ടു നീയന്യരെത്താക്കടലിനിപ്പുറം;
രാവണാന്തഃപുരം ഘോരം സീതേ,പുക്കമിരിപ്പു നീ;
തടഞ്ഞു രാവണഗൃഹേ ഞങ്ങൾ കാവലിരിയ്ക്കയാൽ,
നിന്നെ രക്ഷിയ്ക്കുവാനാളാകില്ല സാക്ഷാൽ മഹേന്ദ്രനും. 32
വേണ്ടതോതിത്തരുന്നേൻ ഞാന,തു ചെയ്യുക മൈഥിലി:
പോരുമേ കണ്ണുനീർ വാക്കൽ, പാഴാം ദുഃഖം ത്യജിയ്ക്ക നീ;
പ്രീതിയും ഹൎഷവും കൊൾക; നിത്യദൈന്യം ത്യജിച്ചു നീ;
സീതേ, രാക്ഷസർകോനൊത്തു വിഹരിയ്ക്ക യഥാസുഖം. 34
അറിഞ്ഞുകൂടെയോ ഭീരു, നില്ക്കാ സ്ത്രീകൾക്കു യൌവനം;
അതു പോകുന്നതിൻമുന്നേ ഭുജിയ്ക്കുക സുഖത്തെ നീ.
ചേലുററ പൂംകാവുകളിൽപ്പൎവ്വതോപവനത്തിലും
ചരിച്ചുകൊൾകാ, ശരർകോനൊത്തു നീ മദിരേക്ഷണേ. 36
സ്ത്രീകളേഴായിരം പേർ നിൻകീഴിൽസ്സുന്ദരി, നിന്നിടും;
സൎവ്വരാക്ഷസഭൎത്താവെബ് ഭൎത്താവാക്ക ദശാസ്യനെ!
പറിച്ചെടുത്തു തിന്നും ഞാൻ നിൻെറ നെഞ്ചു വിദേഹജേ,
ഞാൻ പറഞ്ഞതു ചെമ്മേ നീ ചെയ്യുകില്ലെന്നിരിയ്ക്കുകിൽ!' 38
പിന്നീടു, ചണ്ഡോദരിയെന്നൊരു രാക്ഷസി ചൊല്ലിനാൾ,
ഈററ മൂൎത്തു പെരുംശൂലം ചുഴററിക്കൊണ്ടിതിൻവിധം:—
'പേടിച്ചു കൊങ്കകൾ കലുങ്ങിടുമീ മാഞ്ചലാക്ഷിയെ
രാവണൻ കൊണ്ടുവന്നാറേ കണ്ടേറാം കൊതി 40

Digitized By Kerala Sahitya Akademi

യകൃൽപ്ലീഹകളതൻ മാംസം, മുരടോടൊത്ത നെഞ്ചവും,
കുടരും, തലയും കാൻ തിന്നാമെന്നാണൊരാശ മേ'.
പിന്നെ, പ്രഘസയെന്നുള്ള രാക്ഷസപ്പെണ്ണു ചൊല്ലിനാൾ:—
'നമുക്കിദ്ദുഷ്ടതൻകണ്ഠം ഞെക്കാം; നില്ക്കുന്നതെന്തുവാൻ? 42
പിമ്പാ, മാനുഷി ചത്തെന്നു തമ്പുരാനോടുണർത്തിടാം;
കില്ലൊന്നുമില്ലിതിൽ, 'തിന്നുകൊൾകെ'ന്നവൻ ചൊല്ലിടും!'
പിമ്പ,ജാമുഖിയെന്നുള്ള രാക്ഷസപ്പെണ്ണു ചൊല്ലിനാൾ:—
'ചെന്നൊത്തിട്ടിവളെക്കൊന്നു മാംസമൊപ്പം നുറുക്കുവിൻ; 44
പിന്നെപ്പകുക്കാമെപ്പേർക്കും; വഴക്കു രസമല്ല മേ.
പേയം വരുത്തുവിൻ വെക്കം വിവിധം ബഹുലേഹ്യവും.'
ഉടനേ, ശൂർപ്പണഖയെന്നൊരു രാക്ഷസി ചൊല്ലിനാൾ:—
'അജാമുഖിയഭിപ്രായപ്പെട്ടതേ മമ സമ്മതം: 46
വെക്കം വരുത്തുവിൻ, ദുഃഖമെല്ലാം തീർക്കുന്ന മദ്യവും;
നരമാംസം തിന്നു നികുംഭിലയ്ക്കാട്ടം കഴിയ്ക്കു നാം.'
ഏവമത്യുഗ്രമാരായ രക്ഷഃസ്ത്രീകൾ പഴിക്കവേ,
ദേവകന്യാഭയസ്സീത ധൈര്യം വിട്ടു കരഞ്ഞുപോയ്! 48

—*—

## ഇരുപത്തഞ്ചാം സർഗ്ഗം: സീതാവിലാപം

—*—

അവ്വണ്ണം ഘോരപരുഷം ക്രൂരരാക്ഷസിമാരവർ
ഇച്ചൊലും പുലമ്പുംപൊഴുതിൽക്കരഞ്ഞാൾ ജനകാത്മജ.
രാക്ഷസീവചനം കേട്ടിട്ടാ മനസ്വിനി മൈഥിലി
പേടിച്ചരണ്ടു കണ്ണീരാലിടർ പൂണ്ടുരിയാടിനാൾ:— 2
'മനുഷ്യപ്പെണ്ണരക്കന്റെ ഭാര്യയായാൽച്ചിതം വരാ;
കടിച്ചു തിന്നുകൊൾകെന്നെ;ക്കേൾക്കാ ഞാൻ നിങ്ങൾതൻ മൊഴി!'
രാക്ഷസീനടുവിൽദ്ദുഃഖം മൂത്താദ്ദേവസുതാഭയാൾ.
സ്വാസ്ഥ്യം നേടീല, പൌലസ്ത്യനാലും തർജ്ജിത മൈഥിലി. 4
ഇച്ചൊലാം വിറച്ചാൾ തൻമെയ്യുൾപ്പൂകുവോൾ പോലെ മൈഥിലി,
കാട്ടിൽക്കൂട്ടറ്റു ചെന്നായ്ക്കളേററ മാമ്പേട പോലവേ.
പൂത്തതായൊരശോകത്തിൻ പെരുംകൊമ്പു പിടിച്ചവൾ
ചിന്തിച്ചാൾ പതിയെപ്പററിശ്ശോകത്താലുള്ളടഞ്ഞവൾ. 6
പോർകൊങ്ക രണ്ടും നീരാട്ടുമാറു കണ്ണീരൊലിച്ചവൾ
ചിന്തചെയ്തിട്ടു കണ്ടെത്തീലഴലിന്നററമൊന്നുമേ.

Digitized By Kerala Sahitya Akademi

വങ്കാററിൽ വാഴയെപ്പോലെ വിറകൊണ്ടവാം വീണുപോയ്,
അരക്കിമാരെപ്പേടിച്ചു നിറം കെട്ട മുഖത്തൊടും. 8
വിറയ്ക്കും സീതയുടെയാ നെടുതാം പിന്നൽവാർമുടി
ഉലഞ്ഞുകൊണ്ടു കാണായീ, പാമ്പുഴയ്ക്കുന്നതിൻവിധം.
വൻദുഃഖാൽ നെടുവീർപ്പിട്ടു മാലാൽ വെളിവുകെട്ടവാം
ആർത്തയായ്ക്കണ്ണുനീർ വാർത്താം, വിലപിച്ചാം വിദേഹജ: 10
ഹാ, രാമ, എന്നും, ദുഃഖാർത്ത, ഹാ, ഹാ, ലക്ഷ്മണ! എന്നുമേ,
ഹാ, മമ ശ്വശ്രു, കൌസല്യേ, സുമിത്രേ! എന്നുമംഗന:—
"പണ്ഡിതന്മാർ പറയുമീ ലോകവാദം യഥാർത്ഥമാം:
സ്ത്രീയ്ക്കോ പുമാന്നോ മരണം കാലത്തിൻമുമ്പു കൈവരാ. 12
ക്രൂരാശരികളിങ്ങേവം പീഡിപ്പിച്ചുഴലാണു ഞാൻ,
രാമനില്ലാതെ ജീവിയ്ക്കുന്നല്ലോ തെല്ലിടയെങ്കിലും!
നശിച്ചുപോമനാഥയ്ക്കാത്തീപ്പുണ്യം കെട്ട സാധ്വി ഞാൻ,
വങ്കാറേററാഴിനടുവിൽ നിറവാഞ്ചി കണക്കിനെ. 14
അമ്പ്ഭർത്താവെക്കണ്ടിടാതെ രാക്ഷസീവശയായ ഞാൻ
മാൽകൊണ്ടിടികയായ്, നീർക്കരത്തലച്ച കര പോലവേ!
പൊയ്ത്താരിതാംക്കണ്ണനെ,യസ്സിംഹവിക്രാന്തഗാമിയെ
കാണ്മിതെൻ നാഥനെ ധന്യരി,ഷ്ടം ചൊല്ലും കൃതജ്ഞനെ! 16
സവ്ഥാ, വിദിതാത്മാവാ രാമൻ പിരികയാൽ മമ
ദുല്ലഭം ജീവിതം, തീക്ഷ്ണനഞ്ഞുണ്ടാലെന്നപോലവേ!
മുൻജന്മത്തെന്തു മാപാപമാണാവോ ചെയ്തിരിപ്പു ഞാൻ,
ഘോരദാരുണമാം ദുഃഖമിമ്മട്ടനുഭവിയ്ക്കുവാൻ! 18
ഉയിർ പോക്കാൻ കൊതിയ്ക്കുന്നേൻ വലുതാമഴലേല്ക്കയാൽ;
രാക്ഷസത്തികരം കാക്കും ഞാൻ കണ്ടെത്തുന്നില്ല രാമനെ!
മോശമല്ലോ മനുഷ്യത്വം, മോശമേ പാരതന്ത്ര്യവും:
പ്രാണൻ കളയുവാൻ പാടില്ലല്ലോ തന്നിച്ചപോലവേ!" 20

—*—

## ഇരുപത്താറാം സർഗ്ഗം: സീതാമൃതിനിശ്ചയം.

—*—

കണ്ണീർ വാൻ മുഖത്തോടൊത്തേവം ചൊല്ലുന്ന ജാനകി,
പെൺതല്ലലാം മുഖം ചായ്ച്ചു വിലപിപ്പാൻതുടങ്ങിനാം,
ഭ്രാന്ത,സ്ഥാളിത്ത,മുാംക്കോളും പൂണ്ടപോലായി മാഴ്കിയും,
ഉരുളും പെൺകുതിര പോലൂഴിതന്നിലുരുണ്ടുമേ:— 2

Digitized By Kerala Sahitya Akademi

“കാകുൽസ്ഥനെ,ക്കാമരൂപനരക്കൻ വേർപെടുക്കയാൽ
കൊണ്ടുപോന്നാൻ ബലാൽക്കേറി,ക്കേണൊക്കുന്നെന്നെ രാവണൻ!
രാക്ഷസീവശയായ്ത്തീർന്നോൾ, തീക്ഷ്ണമാം പഴി കേൾപ്പവൾ,
ചിന്ത പൂണ്ടേറെ മാലാണ്ടോൾ, ജീവിപ്പാൻ ശക്തയല്ല ഞാൻ. 4
എനിയ്ക്കില്ലുയിരാൽക്കാര്യം, സ്വത്താലില്ലി,ല്ല മോടിയാൽ,
രാമൻ മഹാരഥൻ വേർപെട്ടാശരീമദ്ധ്യവാഴ്ചയിൽ!
കല്ലിന്റെ കാതല,ല്ലെങ്കിൽജ്ജരാമരണഹീനമാം,
നൂനമെൻനെഞ്ചി:—ളുടയുന്നില്ലല്ലോ സങ്കടത്തിനാൽ! 6
മോശം, ഞാൻ നീചയസതി:—യവിടുന്നായ്പ്പിരിഞ്ഞ ഞാൻ
താങ്ങുന്നല്ലോ ക്ഷണംപോലും ജീവിതം, പാപജീവിത!
എന്തിനായ് ശ്രദ്ധ വെപ്പൂ ഞാൻ സുഖത്തിൽജ്ജീവിതത്തിലോ,
പ്രിയംവദൻ സമുദ്രാന്തോർവ്വീശനാ പ്രിയനെന്നിയേ? 8
പിളർക്കയോ തിന്നുകയോ ചെയ്യാം; മൈ വെടിയുന്നു ഞാൻ:
പൊറുക്കാ നെടുനാൾ ദുഃഖം പ്രിയനോടു പിരിഞ്ഞ ഞാൻ!
തൊടില്ലിടംകാൽകൊണ്ടും ഞാൻ ദശാനനനിശാടനെ;
പിന്നെയുണ്ടോ ഭവിക്കുന്നൂ കാമമിഗ്ഗർഹിതങ്കൽ മേ! 10
തള്ളിക്കളഞ്ഞതോർപ്പീലാ, തന്നെയില്ലി,ല്ല തൻകുലം;
ദുഷ്ടശീലതയാലെന്നെക്കിട്ടാൻ നോക്കുകയാണിവൻ.
വെട്ടിക്കീറിപ്പകുത്താലും, ചെന്തിയ്യിൽച്ചുട്ടെരിയ്ക്കിലും,
ചേരാ രാവണനോടീ ഞാൻ; നിങ്ങൾ പേ ചൊൽവതെന്തിനോ? 12
പ്രാജ്ഞൻ, കൃതജ്ഞൻ, സദ്വൃത്തൻ, ദയാവാനെ,ന്നു വിശ്രുതൻ
രാമൻ നിർദ്ദയനായെന്നു വരാമെൻഭാഗ്യഹാനിയാൽ!
ജനസ്ഥാനത്തുവെച്ചീരേഴായിരം പേരരക്കരെ
തനിച്ചല്ലോ നശിപ്പിച്ചതെ;—ങ്കലെത്താത്തതെന്തവൻ? 14
എന്നെത്തടഞ്ഞ രക്ഷസ്സു രാവണൻ സ്വല്പവീര്യനാം;
പോരുമല്ലോ, രാവണനെപ്പോരിൽക്കൊൽവതിനെൻപ്രിയൻ.
ദണ്ഡകക്കാട്ടിൽവെച്ചിട്ടു വിരാധാശരവര്യനെ
കൊന്നല്ലോ രാഘവൻ പോരിലെ;—ങ്കലെത്താത്തതെന്തവൻ! 16
ശരി, കേറാവതല്ലാത്തൊന്നീ ലങ്ക കടൽമദ്ധ്യഗം;
എന്നാൽക്കാകുത്സ്ഥബാണത്തിൻ ഗതിയ്ക്കു തടവെങ്ങുവാൻ?
എന്തായിരിക്കണം ഹേതു, രാമൻ ദൃഢപരാക്രമൻ
രക്ഷസ്സുകട്ടോരാരോമൽപ്പത്നിയെ പ്രാപിയാത്തതിൽ? 18



Digitized By Kerala Sahitya Akademi

ഞാനിങ്ങുണ്ടെന്നറിഞ്ഞിട്ടുണ്ടാവില്ലാ ലക്ഷ്മണാഗ്രജൻ;
അറിഞ്ഞിട്ടും,, സുതേജസ്പി കയ്യേററാതെപ്പൊറുക്കുമോ?
കട്ടെന്നറിഞ്ഞെന്നെയുണർത്തിച്ചേനേ രാമനോടെവൻ,
അഗ്ഗൃധ്രേശനെയും പോരിൽ വീഴിച്ചല്ലോ ദശാനനൻ! 20
വങ്കർമ്മമല്ലോ ചെയ്യാനന്നെന്നെ രക്ഷപ്പെടുത്തുവാൻ,
ജടായു വൃദ്ധനെന്നാലും രാവണന്നെതിർനിന്നവൻ.
ഞാനിങ്ങുണ്ടെന്നറിഞ്ഞാലോ, ചൊടിച്ചാ രാമനപ്പൊഴേ
ലോകം രാക്ഷസരില്ലാത്തതാക്കുമല്ലോ ശരങ്ങളാൽ: 22

ലങ്കാപുരി പറപ്പിക്കും, വററിക്കും വൻപയോധിയെ;
നീചനാം രാവണന്നുള്ള ചൊല്ലും പേരും മുടിച്ചിടും;
അപ്പോഴാ നാഥർ കൊലപ്പെട്ട രാക്ഷസീവീടുതോറുമേ,
എന്നവം കരയുമെന്നെപ്പോലുണ്ടാം വളരെയാളുകൾ! 24

ആരാഞ്ഞെരക്കർതൻ ലങ്ക തീക്കും രാമൻ സലക്ഷ്മണൻ:
അവർ കണ്ടെത്തിയാൽജ്ജീവിയ്ക്കില്ലല്ലോ ശത്രു തെല്ലുമേ.
ചിതാധൂമം വഴികളിൽച്ചിന്നി,ക്കഴുകർ തിങ്ങിയും,
വൈകാതീ ലങ്ക ചുടലക്കളം പോലായ്ച്ചമഞ്ഞിടും! 26

അടുത്ത സമയത്തിൽത്താൻ നേടും ഞാനീ മനോരഥം;
ദുർന്നടപ്പിതു ചൊല്ലുന്നു നിങ്ങൾക്കെല്ലാം വിപത്തിനെ:
ദുർന്നിമിത്തങ്ങൾ കാണുന്നുണ്ടല്ലോ ലങ്കയിലിങ്ങിനെ;
ഇതു നിഷ്പ്രഭയായ്പ്പോകുമടുത്ത സമയത്തുതാൻ! 28

രാക്ഷസാധിപനാം പാപി രാവണൻ കൊലയേല്ക്കയാൽ,
ദുർദ്ധർഷ ലങ്ക ശോഷിക്കും, വിധവാംഗന പോലവേ!
പുണ്യോത്സവം വിട്ടീ,ശൻ ചത്താ,ശരീമാത്രശേഷയായ്,
ഭർത്താവു ചത്ത പെണ്ണെന്നപോലായ്പ്പോം ലങ്കയാം പുരി! 30

കില്ലില്ല, വീടുതോറും മാൽ മൂത്ത രാക്ഷസകന്യമാർ
കേഴുന്നൊരൊച്ച ഞാനിങ്ങു കേൾക്കുമേ വൈകിടാതെതാൻ!
ഇരുളാണ്ടു, വെളിച്ചം വിട്ടാ, ശരഷർ ചത്തതായ്,
രാമബാണങ്ങളാൽ വെന്തു നീറായ്പ്പോം ലങ്കയാം പുരി, 32

എന്നെയശ്ശൂരനാം രാമൻ കടക്കണ്ണു ചുകന്നവൻ
രാവണന്റെ ഗൃഹേ വാഴ്വതായിട്ടറിയുമെങ്കിലോ!
എനിക്കിങ്ങി,യധമനാം കനിവില്ലാത്ത രാവണൻ
കുറിച്ചല്ലോ സമയമൊന്ന,തിൻ കാലമടുത്തുപോയ്. 34

Digitized By Kerala Sahitya Akademi

അകാര്യത്തെഗ്ഗണിയ്ക്കുന്നീലല്ലോ പാപികളാശരർ;
അധർമ്മത്താൽ മഹത്താകുമനർത്ഥം വരുമിപ്പൊഴേ.
ധർമ്മത്തെയറിയുന്നില്ലീ, മാംസം തിന്നുന്ന രാക്ഷസർ;
രാക്ഷസൻ തീർച്ചയായെന്നെ പ്രാതലൂണിന്നെടുത്തിടും! 36

ഞാനെന്തു ചെയ്യുമെന്നാലാ, പ്രിയദർശനനൊന്നിയേ,
ആ രക്താപാംഗനാം രാമൻതന്നെക്കാണാഞ്ഞു മാഴ്കുവോാം?
എനിയ്ക്കിങ്ങു വിഷം നല്കാനൊരാളുണ്ടാകിലിപ്പൊഴേ,
ഭർത്താവകന്ന ഞാനാശു കണ്ടേനേ യമദേവനെ! 38

ഞാൻ ജീവിപ്പതറിഞ്ഞിട്ടില്ലാ രാമൻ ലക്ഷ്മണാഗ്രജൻ;
അറിഞ്ഞാലവർ മന്നിങ്കലെന്നെത്തേടാതിരുന്നിടാ.
എന്നെക്കുറിച്ചു മാഴ്കിത്താനാ വീരൻ ലക്ഷ്മണാഗ്രജൻ
മൈ മന്നിൽ വിട്ടെഴുന്നള്ളിയിരിയ്ക്കാമമരാലയേ! 40

ധന്യർതാൻ, ദേവഗന്ധർവർ സിദ്ധന്മാർ മുനിമുഖ്യരും:
രാമനെക്കാണ്മതുണ്ടല്ലോ, പത്മാക്ഷനെ മദീശനെ!
അല്ലെങ്കിൽബ്ഭാര്യയാമെന്നാൽ,ധീമാനായ്ധർമ്മകാമനായ്
പരാത്മാവായ രാജർഷി രാമന്നില്ലൊരു കാര്യവും! 42

കാണുമ്പോാം പ്രീതിയുണ്ടാകും;; കാണാഞ്ഞാൽ സ്നേഹമററുപോം!
കൃതഘ്നരേ വേഴ്ച വിട്ടൂ; വിടുവോനല്ല രാഘവൻ.
നന്മയൊന്നില്ലെനിയ്ക്കെന്നോ? മമ ഭാഗ്യം ക്ഷയിച്ചിതോ?
നാരി ഞാൻ വലയുന്നല്ലോ, നാഥനാം രാമനൊന്നിയേ! 44

ജീവിയ്ക്കയെക്കാാംച്ചാക്കത്രേ നല്ലൂ, ശൂരൻ മഹാശയൻ
ശത്രുമാഥി സുചാരിത്രൻ രാമൻ പിരികയാൽ മമ!
അല്ലെങ്കിലാ,യുധം വെച്ചു, കാട്ടിൽക്കായ്കനിയുണ്ണുമായ്,
കാടുവാഴികളായെന്നാ,മാ ഭ്രാതാക്കാാം നരോത്തമർ. 46

അതല്ലെങ്കിൽ,ദ്ദുരാത്മാവാം രാവണാശരരാജനാൽ
ചതിച്ചു ഹതരായ് ശൂരരാമലക്ഷ്മണർ സോദരർ!
സർവഥാ മൃത്യുരത ഞാൻ കാലമിങ്ങിനെയാകയാൽ;
എന്നാൽ, മൃതി വിധിച്ചിട്ടില്ലെനിയ്ക്കിസ്സങ്കടത്തിലും! 48

ധന്യർതന്നേ, മഹാത്മാക്കളപാപർ പരമർഷിമാർ:
സുസംയതാത്മാക്കളവർക്കില്ലയല്ലോ പ്രിയാപ്രിയം!
പ്രിയത്താൽദ്ദുഃഖമുണ്ടാകില്ല, പ്രിയാൽപ്പരുഭീതിയും;
വ വേർപെട്ടിരിപ്പോരാം മഹാത്മാക്കാാംക്കു വന്ദനം! 50

Digitized By Kerala Sahitya Akademi

എന്നാൽ, പ്രിയാർഹൻ വിദിതാത്മാവു രാമൻ വെടിഞ്ഞ ഞാൻ
പ്രാണനെപ്പോക്കുവിൻ, പാപി രാവണന്നടിപെട്ടവൾ.''

—*—

## ഇരുപത്തേഴാം സർഗ്ഗം: ത്രിജടാസ്വപ്നകഥനം.

—*—

എന്നു സീതോക്തി കേട്ടീറ പൂണ്ടാർ ഘോരനിശാടിമാർ;
പോയാർ ചിലരതു,ച്ചൊല്ലാൻ രാവണങ്കലുണർത്തുവാൻ.
പിന്നെസ്സീതയ്ക്കടുത്തെത്തിഘോരരൂപനിശാടിമാർ
അനർത്ഥാർത്ഥ,മതേമട്ടാം പരുഷം വീണ്ടുമോതിനാർ:— 2
'ഇന്നിപ്പൊഴുതുതാൻ നീചേ, സീതേ, പാപവിനിശ്ചയേ,
നിന്മാംസമിതു തിന്നീടും രക്ഷഃസ്ത്രീകാം യഥാസുഖം.'
ആ നീചമാർ മൈഥിലിയെത്തർജ്ജിയ്ക്കുന്നതു കണ്ടുടൻ,
കിടന്നിരുന്ന കിഴവി ത്രിജടാശരി ചൊല്ലിനാൾ:— 4
'തിന്നുകൊൾവിൻ നിജാംഗംതാൻ; തിന്നില്ലാ നിങ്ങൾ നീചമാർ,
ജനകേഷ്ടാത്മജ ദശരഥൻെറ വധു സീതയെ;
ഭീമം കോൾമയിർ കൊള്ളിയ്ക്കും സ്വപ്നമൊന്നിന്നു കണ്ടു ഞാൻ,
അരക്കർക്കു വിപന്മൂല,മേതന്നാഥന്നു ഭവ്യദം.' 6
എന്നായ് ത്രിജട ചൊന്നപ്പോളീ,റ മൂത്ത നിശാടിമാർ
ചോദിച്ചാരാ ത്രിജടയോടേവം, ചേർന്നോരു ഭീതിയാൽ:—
'ചൊല്ലു, നീയെന്തൊരു കിനാവാണു കണ്ടതു രാത്രിയിൽ?'
ആ രാക്ഷസപ്രമദമാരിച്ചോദിച്ചതു കേട്ടുടൻ 8
ചൊന്നാൾ ത്രിജട, കാലത്തു കാണായ്വന്ന കിനാവിനെ:—
''ഒരാനക്കൊമ്പുപല്ലക്കു ദിവ്യമാകാശമാർഗ്ഗഗം
ആയിരം ഹംസമേന്തുന്നൊന്നേറി വന്നെത്തിനാൻ സ്വയം,
വെള്ളമാല്യാംബരം പൂണ്ട രാഘവൻ ലക്ഷ്മണാന്വിതൻ. 10
കാണായ് കിനാവിൽ മേ, വെള്ളപ്പട്ടുടുപ്പൊത്ത സീതയും:
ആഴി ചൂഴെച്ചുഴന്നോരു വെള്ളക്കുന്നേറിയിട്ടുടൻ
ചേർന്നാളാ രാമനിൽസ്സീത, സൂര്യനിൽ പ്രഭ പോലവേ.
വീണ്ടും കണ്ടേൻ: മലയ്ക്കൊത്ത പെരും നാല്ക്കൊമ്പനാനമേൽ 12
കയറിസ്സഞ്ചരിച്ചാനാ രാഘവൻ ലക്ഷ്മണാന്വിതൻ;
എന്നിട്ടാ, നരശാർദ്ദൂലർ, തൻതേജസ്സാൽത്തിളങ്ങുവോർ,
വെള്ളമാല്യാംബരം പൂണ്ടോർ സീതയ്ക്കരികിലെത്തിനാർ;
പിന്നീടാ മലമേൽവെച്ചു, ജനകൻെറ കുമാരിയാൾ, 14

Digitized By Kerala Sahitya Akademi

നഭ'സ്യ' ധീശനരുളമാനതൻ മുതുകേറിനാനം.
പിന്നെക്കാന്തൻെറ മടി വിട്ടൊന്നുയൎന്നംബുജാക്ഷിയാം
ആദിത്യചന്ദ്രരെക്കയ്യാൽത്തുടയ്ക്കുന്നതു കണ്ടു ഞാൻ.
പിന്നെക്കമോരരവരും കണ്ണു നീണ്ടുള്ള സീതയും 16
മേവുമാ വൻഗജം വന്നു നിന്നു ലങ്കയ്ക്കു മീതെയായ്.
പിന്നെ, വെള്ളെരുതെട്ടെണ്ണം പൂട്ടപ്പെട്ടോരു തേരുമായ്
ഇങ്ങെഴുന്നള്ളി കാകുൽസ്ഥൻ ഭാൎയ്യ സീതയൊടൊപ്പമേ;
തമ്പി ലക്ഷ്മണനൊന്നിച്ചു സീതയോടൊത്തു വീൎയ്യവാൻ 18
വിമാനം പുഷ്പകം ദിവ്യം കയറിസ്സൂൎയ്യസന്നിഭം
ഗമിയ്ക്കയും ചെയ്തു വടക്കോട്ടു പുരുഷസത്തമൻ.
ഏവം കിനാവിൽക്കാണായ് മേ, രാമൻ വിഷ്ണുപരാക്രമൻ
തമ്പി ലക്ഷ്മണനൊന്നിച്ചു സീതയോടൊത്തു രാഘവൻ. 20
തേജസ്വി രാമനെശ്ശക്തരാകാ വെൽവാൻ സുരാസുരർ,
അരക്കർ, മററുള്ളവരും, സ്വൎഗ്ഗത്തെത്ത്രുഷ്ടർ പോലവേ!
കാണായ് രാവണനും മന്നിലെ,ണ്ണ തേച്ചരുണാംബരൻ
കടിപ്പോൻ, കണവീരപ്പൂമാലയിട്ടോൻ മദാന്വിതൻ. 22
വിമാനം പുഷ്പകം വിട്ടു മന്നിൽ വീണസിതാംബരൻ,
പെണ്ണിഴപ്പവനായ് വീണ്ടും മുണ്ഡൻ കാണായി രാവണൻ.
കഴുതത്തേർ കയറിനാൻ രക്തമാല്യാനുലേപനൻ,
എണ്ണ മോന്തി,ച്ചിരിച്ചാ,ടി,യുന്മക്കോളാണ്ടാകുലേന്ദ്രിയൻ; 24
ഗൎദ്ദഭസ്ഥിതനായ്ത്തെക്കോട്ടിക്കിലേയ്ക്കാശു പോയിനാൻ.
വീണ്ടും കണ്ടേൻ: ഭയാൽ മൂൎച്ഛിച്ചു,രക്ഷപ്രഭു രാവണൻ
തല കുത്തിക്കഴുതമേൽനിന്നു വീണാൻ ധരിത്രിയിൽ;
വെമ്പിപ്പെട്ടെന്നെഴുന്നേററാൻ മത്താൽ വാടിബ്ഭയാതുരൻ; 26
നഗ്നനായ് ഭ്രാന്തനെപ്പോലെ പല ദുൎവ്വാക്കു പേശിനാൻ;
ദുൎഗ്ഗന്ധം ദുസ്സഹം ഘോരമിരുണ്ടു നരകോപമം
ചേറഴക്കാശു പുക്കങ്ങു താനു പോയാനിരാവണൻ;
ചേർ തേച്ചോരു കറുമ്പിപ്പെണ്ണഥ ചെഞ്ചേല ചുററിയോരം 28
ദശാസ്യനെഗ്ഗളേ കെട്ടിത്തെക്കോട്ടാഞ്ഞുവലിയ്ക്കയായ്.
കുംഭകൎണ്ണാശരനെയും കണ്ടേനിവ്വണ്ണമങ്ങു ഞാൻ;
എണ്ണയും തേച്ചു കാണായീ രാവണാത്മജരേവരും.
പന്നിയാലേ ദശഗ്രീവനഥ തെക്കോട്ടു പോയിനാൻ, 30

Digitized By Kerala Sahitya Akademi

ഒട്ടകത്താൽക്കുംഭകർണ്ണൻ, നക്രത്താലിന്ദ്രജിത്തുമേ.
കാണായ്വന്നാനതിലെനിക്കൊരാറുമാത്രം, വിഭീഷണൻ:
ശുഭ്രമാല്യാംബരച്ഛത്രൻ, ശുഭ്രഗന്ധാനുലേപനൻ,
ഭേരിശംഖൊലിയാട്ടം പാട്ടിവയോടൊത്ത,ലംകൃതൻ, 32
നാല്ക്കൊമ്പനായ്ക്കുന്നെതിരായിടിക്കൊത്തൊച്ചയുള്ളതായ്
ദിവ്യമാമാനമേലേറിയങ്ങിരുന്നാൻ വിഭീഷണൻ,
നാലുപേർ മന്ത്രിമാരൊത്തു വിമാനത്തിന്നടുക്കലായ്;
ഉടുത്ത പൂമാല, ഉടുത്താടയും പൂണ്ട രാക്ഷസർ 34
കുടിക്കും സഭയും കാണായ് പാട്ടുകൊട്ടൊലിയോടുമേ.
ഈ രമ്യലങ്കാപുരവും തേർഗജാശ്വഗണത്തൊടേ
വീണുകാണായി കടലിൽബ്ഭഗ്നഗോപുരതോരണം;
കിനാവിൽക്കണ്ടുവല്ലോ ഞാൻ, രാവണൻ കാത്ത ലങ്കയെ 36
രാമദൂതനൊരുക്കേറും വാനരൻ ചുട്ടെരിച്ചതും;
എള്ളെണ്ണ മോന്തി, നൃത്തം വെച്ചു,ച്ചത്തിൽച്ചിരികൂട്ടിയും
പരുത്ത ചാരമാം ലങ്ക പൂകീ രാക്ഷസനാരിമാർ;
കുംഭകർണ്ണപ്രമുഖരീ രാക്ഷസശ്രേഷ്ഠരേവരും 38
ചുകന്ന വസ്ത്രവും ചുററിച്ചാണകക്കുണ്ടിലാണ്ടുപോയ
ദൂരെപ്പോവിൻ, ഉലയുവിൻ: നേടീ സീതയെ രാഘവൻ;
കൊന്നേക്കും വൻക്രുധാ നക്തഞ്ചരനൊത്തു നിങ്ങളെ!
കാട്ടിലും പിന്തുടർന്നോരു മാനിതപ്രിയ ഭാര്യയെ 40
പഴിപ്പതും തർജ്ജനവും സഹിപ്പോനല്ല രാഘവൻ.
പോരും പരുഷവാക്യങ്ങൾ; നല്ല വാക്കേ കഥിക്കുവിൻ:
യാചിക്ക നാം മൈഥിലിയോടി;—തത്രേ മമ സമ്മതം.
ഏതു ദുഃഖിതയെപ്പററിക്കാണ്മിതോ സ്വപ്നമിങ്ങിനെ, 42
അവൾ നാനാതരം മാൽ വിട്ടുത്തമപ്രിയമാർന്നിടും.
മടിയെന്താശരികളേ? പഴിച്ചാലു,മിരിക്കുവിൻ:
രാക്ഷസന്മാർക്കുടുത്തല്ലോ രാമനാൽഘോരമാം ഭയം.
പണിഞ്ഞാൽത്തെളിവോളല്ലോ സീത രാക്ഷസമാതരേ; 44
വൻഭയം നീക്കി രക്ഷിപ്പാൻ പോരും ജാനകിയാളിവൾ.
അത്രയല്ലീ, വിശാലാക്ഷിക്കൊന്നും കാണ്മതുമില്ല ഞാൻ,
ചീത്തയാം ലക്ഷണം ഗാത്രങ്ങളിലിത്തിരിപോലുമേ;
കാന്തിവൈകല്യമാം ദുഃഖം മാത്രമേ കാണ്മതുള്ള ഞാൻ 46

Digitized By Kerala Sahitya Akademi

സുഖാർഹയായ് വിമാനസ്ഥയാകുമിദ്ദേവിയിൽ ദൃഢം.
കാര്യസിദ്ധിയടുത്തെത്തീ വൈദേഹിയ്ക്കെന്നു കാണ്മു ഞാൻ,
രാക്ഷസേന്ദ്രന്നരതിയും, രാമന്നു ജയലാഭവും.
പെരുതാകും പ്രിയം കേൾപ്പാനിവളാക്കിതു നിമിത്തമാം: 48
കാണ്മൂ, പൊയ്ത്താരിതൾക്കൊപ്പം നീണ്ട കണ്ണിളകുന്നതായ്;
സാരള്യം താവുമിസ്സീതയ്ക്കൊട്ടു രോമാഞ്ചയുക്തമായ്
പെട്ടെന്നുതാൻ, ചലിയ്ക്കുന്നുണ്ടിടത്തേതായ കയ്യുമേ;
ആനത്തുമ്പിക്കരം പോലാമിടംതുടയുമുത്തമം 50
സൂചിപ്പിയ്ക്കുന്നു വിറയാൽ,ക്കാകുത്സ്ഥൻ മുന്നിൽ നില്പതായ്।
കൊമ്പത്തു കൂടേറിയ പക്ഷിതാനും
മേന്മേൽ മഹാസാന്ത്വമുതിർത്തുകൊണ്ടേ,
മേന്മേൽശ്ശുഭസ്വാഗതവും കഥിച്ചു
സഹർഷമായ് പ്രേരണചെയ്തിട്ടുന്നോ!"

—ാ—

## ഇരുപത്തെട്ടാം സർഗ്ഗം: സീതാമരണോദ്യമം.

—o—

ക്രവ്യാദർകോനാകിയ രാവണൻെറ–
യച്ചൊല്ലു കേട്ടപ്രിയമപ്രിയാത്ത
പാരം വിറക്കൊണ്ടിത സീത, കാട്ടിൽ–
സ്സിംഹം കയക്കും പിടിയാന പോലേ.
ആ രാക്ഷസീമധ്യഗയായ ഭീരു–
വത്യന്തമാം രാവണതർജ്ജനത്താൽ,
ആളററ കാട്ടിൻനടുവിൽക്കളഞ്ഞ
പെൺതയ്യൽ പോലേ വിലപിച്ചു സീത:–
"നേരാണ,കാലേ മരണം ഭവിയ്ക്കി–
ലെന്നൂഴിയിൽ സ്സത്തമർ ചൊൽവതയ്യോ:
നിർഭാഗ്യയായ് തർജ്ജനമേവർമററു
ജീവിപ്പിതല്ലോ ക്ഷണമെങ്കിലും ഞാൻ!
നൂനം, സുഖം വിട്ടൊ,രുപാട്ടു ദുഃഖം
നിറഞ്ഞതാം നെഞ്ചിതു നിഷ്ഠുരം മേ
ചിന്നുന്നതില്ലായിരമായി,ടിഞ്ഞി–
യലച്ച കുന്നിൻമുടി പോലി,തല്ലോ!



Digitized By Kerala Sahitya Akademi

എനിയ്ക്കിതിൽപ്പാതകമില്ല നൂന–
മിഘോരരൂപൻ കൊലചെയ്യുമെന്നെ;
ആളല്ല ഞാനുള്ളമിവന്നു നല്കാൻ,
ശൂദ്രന്നു മന്ത്രം ദ്വിജനെന്നപോലെ.
ആ വിഷ്ടപസ്വാമി വരായ്കിലെ,ന്നെ
നൂനം നുറുക്കും ഖലനാശരേന്ദ്രൻ
തീക്ഷ്ണായുധംകൊണ്ടൊ,രു ശല്യഹാരി
ഗർഭക്കിടാവിൻ തനുവെന്നപോലെ. 6

നാളേറെയായ്ക്കാഴ്കമെനിയ്ക്കു രണ്ടു
മാസം കഴിയ്ക്കേണ,മതാണു ദുഃഖം,
കുററംനിമിത്തം ത്ടവാണ്ടുഷസ്സിൽ–
കൊല്ലപ്പെട്ടും തസ്കരനെന്നപോലെ!
ഹാ, രാമ, ഹാ, ലക്ഷ്മണ, ഹാ സുമിത്രേ,
ഹാ, രാമതായേ, പരമെൻറയമ്മേ,
ഇതാ, നശിക്കുന്നിതഭാഗ്യയാം ഞാൻ,
വങ്കാററലച്ചാഴിയിൽ വഞ്ചി പോലെ! 8

ഞാനൂലമായ്, മാൻവടിവാണ്ട ജന്തു
കെല്ലേറമ,പ്പാർത്ഥിവപുത്രർതന്നെ
വധിച്ചിരിക്കും ശരിയായി,ടത്തി–
യ്യിരണ്ടു സിംഹഷ്ഭരെക്കണക്കെ!
അന്നാററം ദുഃഖം, മാനുടൽ പൂണ്ടു കാല–
നത്രേ ഭ്രമിപ്പിച്ചു വിഭാഗ്യയെന്നെ:
ഞാൻ പോക്കിയല്ലോ ജഡ, ലക്ഷ്മണാര്യൻ
ഭർത്താവെയും രാമകനിഷ്ഠനേയും! 10

ഹാ, രാമ, സത്യവ്രത, ദീർഘബാഹോ,
ഹാ, പൂർണ്ണചന്ദ്രപ്രതിമാനവക്ത്ര,
ഹാ, ജീവികൾക്കൊക്കെ ഹിതൻ പ്രിയൻ നീ
തേറുന്നതില്ലാശരവധ്യയെന്നെ!
അനന്യദേവത്വമിതി,ത്തിതിക്ഷ,
മന്നിൽക്കിടപ്പും, വരധർമ്മനില്പും,
എനിയ്ക്കു ചാരിത്രമിതും, നരക്കു
കൃതഘ്നരിൽച്ചെയ്തതു പോലെ പാഴായ്! 12

Digitized By Kerala Sahitya Akademi

ഞാൻ ചെയ്തതാം ധൎമ്മവുമിന്നു പാഴി–
ലി,യ്യേകപത്നീവ്രതവും ഭവദ്ധാവിൽ:
കാണ്മീലയല്ലോ, പ്രഭ ഹോ! ദാസ്, മെലിഞ്ഞു,
കിഴിഞ്ഞ ഞാൻ, സംഗനിരാശ നിന്നെ!
താതാജ്ഞ തെററാതെ കഴിച്ചു കാട്ടിൽ–
നിന്നും മടങ്ങിച്ചരിതവ്രതൻ നീ
നൂനം നെടുംകണ്ണടവാർകളൊത്തു
രമിയ്ക്കുമോ വീതഭയൻ കൃതാൎത്ഥൻ! 14
ഞാനോ, ചിരം രാമ, നശിപ്പതിന്നു
സകാമയായിക്കരയാം നിങ്കൽ നിൎത്തി,
പാഴാം തപസ്സും വ്രതവും ചരിച്ചോരം,
ജിവൻ ത്യജിയ്ക്കും ബത, ഭാഗ്യമറേറാരം!
ത്യജിയ്ക്കുവാൻ ജീവിതമഞ്ജസാ ഞാൻ
നഞ്ഞോ,തല്ലെങ്കിലൊരായുധത്താൽ;
നഞ്ഞോ നിശാതായുധമോ തരാനി–
ല്ലൊരാളെറിയ്ക്കാശരവിട്ടിലല്ലോ!'' 16
ഇമ്മട്ടനേകം വിലപിച്ചു ദേവി
സൎവ്വാത്മനാ രാമനെയോൎത്തുകൊണ്ടേ,
തുലോം വിറക്കൊണ്ടു മുഖം വരണ്ടാ–
പ്പൂ ചേൎന്ന വൻവൃക്ഷമണഞ്ഞുനിന്നാൾ.
മാൽകൊണ്ടു നീറിപ്പല ചിന്ത തേടി,
സ്വവേണിതൻകെട്ടു പിടിച്ചു സീതഃ–
'ഈ വേണി കെട്ടിജ്ജവമോട്ടു തൂങ്ങി–
ക്കാലൻെറ ചാരത്തു ഗമിയ്ക്കുവൻ ഞാൻ,' 18
എന്നും നിനച്ചാ മൃദുസൎവ്വഗാത്രി–
യശ്ശാഖിതൻ കൊമ്പു പിടിച്ചുനിന്നാൾ.
ആ രാമരാമാനുജരേയുമങ്ങ–
ശ്ശുഭാംഗി, തൻവംശവുമോൎത്തുനില്ക്കേ,
ശുഭാഗമം ചൊല്ലുവതായ്ജ്ജഗത്തിൽ
പ്പുകഴ്ന്നതായ്,ധൈൎയ്യമണപ്പതായി,
പണ്ടും ഫലപ്പെട്ടറിവുള്ളതായ
നിമിത്തമോരോന്നുളവായിവന്നു. 20



—***—

Digitized By Kerala Sahitya Akademi

## ഇരുപത്തൊമ്പതാം സർഗ്ഗം: സുനിമിത്തോദയം.

—*••—

ഇവണ്ണമാഹ്ലാദമകന്നു ഖിന്നയായ്
മനസ്സുഴന്നാശ്ശുഭയായ മാന്യയെ
ഭജിച്ചുകൂടീ സുനിമിത്തമണ്ഡലം,
ധനാഢ്യനെബ്ഭൃത്യജനം കണക്കിനേ:
അച്ചാരുകേശിയ്ക്കു, വെളുത്തിരുണ്ടും
രോമം ചുരുണ്ടും സുവിശാലമായും
അററം ചുകന്നും വിലസുന്നിടംകൺ
വിറച്ചു, മത്സ്യാഹതപദ്മമട്ടിൽ. 2
മുഴുത്തുരുണ്ടഞ്ചിതഭംഗിയുക്തം
വിലപ്പെട്ടുംകാരകിൽചന്ദനാഹം
പെരുത്തു നാളുത്തമകാന്തനൊപ്പു—
ണ്ടിരുന്നിടംകയ്യുമുടൻ ചലിച്ചു.
ആ വട്ടമൊത്തുള്ളവ രണ്ടിൽവെച്ചു,
ഗജേന്ദ്രഹസ്തോപമചാരുപീനം
വീണ്ടും വിറയ്ക്കുന്നവൾതൻതുടത്ത—
ണ്ടുരച്ചു, മുന്നില്പ്പിതു രാമനെന്നായ്. 4
ശുഭാക്ഷിയാളായ്ശിഖരാഗ്രദന്ത—
സമേതയാം സുന്ദരിയാൾക്കു വീണ്ടും
നില്ലെക്കിഴിഞ്ഞു ചെറുതൊട്ടു ധൂളി—
പുരണ്ട പൂഞ്ചേല സുവർണ്ണവർണ്ണം.
ഇക്കൂട്ടു മുമ്പും ഫലമൊത്തുകണ്ട
മററും നിമിത്താലുണർവാന്ന സുഭ്രൂ,
വെയിൽകാററിനാൽ വാടി മുടിഞ്ഞ വിത്തു
വർഷത്തിനാലെന്നവിധം തെളിഞ്ഞാൾ. 6
ഓമന്നിഴിഭ്രൂമുടി, വക്രപക്ഷം,
ചെന്തൊണ്ടിനേർച്ചുണ്ടു, വെളുത്ത പല്ലും
ചേരും മുഖം മിന്നിയവൾക്കു വീണ്ടും,
രാഹുപാനനം വിട്ട സുധാംശു പോലെ,
ആ മാന്യ മാൽ വിട്ടു, വിമോഹമററു,
താപം ശമിച്ചു,ൾക്കളിരാണ്ടു പാരം,
മിന്നീ മുഖത്താൽ,സ്സിതപക്ഷരാത്രി—
യുദിച്ചു പൊങ്ങും ശശിയാൽക്കണക്കെ. 8

—*—

Digitized By Kerala Sahitya Akademi

## മുപ്പതാം സർഗ്ഗം: ഹനുമദ്വിചാരം.

—*—

വിക്രാന്തനാം ഹനൂമാനതൊക്കെക്കേട്ടു ശരിക്കുതാൻ
ജാനകീത്രിജടാവാക്യം, രാക്ഷസീതർജ്ജനങ്ങളും.
നന്ദനോ ദേവിയെപ്പോലെ,ദ്ദേവിയെപ്പാർത്തുകൊണ്ടുതാൻ
നാനാതരം മനോരാജ്യം വിചാരിച്ചാൻ വനേചരൻ:— 2
"ദിക്കുതോറും ബഹുസഹസ്രായുതംപേർകൾ വാനരർ
ആരെത്തേടുന്നിത,വളെയിതാ, കണ്ടെത്തിനേനിവൻ!
ശത്രുവിൻ ശേഷിയറിവാനായയയ്ക്കപ്പെട്ട ചാരനായ്
ഒളിവിൽസ്സഞ്ചരിച്ചിട്ടു നോക്കിക്കണ്ടേനിതൊക്കെ ഞാൻ: 4
അരക്കർതൻ മട്ടുകളും വീക്ഷിച്ചേനിപ്പുരത്തെയും,
രാക്ഷസപ്പെരുമാളാമീ രാവണൻതൻ പ്രഭാവവും.
ശരിക്കു,മേയനായുള്ളാജ്ജീവകാരുണ്യവാനുടെ,
ഭർത്തൃദർശനമിച്ഛിക്കും ഭാര്യയ്ക്കാശ്വാസമേകണം, 6
അദൃഷ്ടദുഃഖ, ദുഃഖാർത്ത, ദുഃഖാന്തമണയാത്തവൾ,
പൂർണ്ണചന്ദ്രാസ്യയിവളെയാശ്വസിപ്പിപ്പതുണ്ടു ഞാൻ.
ശോകംമൂലം വെളിവു കെട്ടോളാമിസ്സതിയാളെ ഞാൻ
ആശ്വസിപ്പിച്ചിരുത്താതെ പോയാല,പ്പോക്കു ദോഷമാം: 8
ഞാനങ്ങോട്ടു തിരിച്ചാലീ, രാജനന്ദിനി ജാനകി
രക്ഷ കിട്ടാഞ്ഞു,യിർ വെടിഞ്ഞേയ്ക്കുമല്ലോ യശസ്വിനി.
ആ മഹാബാഹുവാം പൂർണ്ണചന്ദ്രാസ്യനെയുമങ്ങു ഞാൻ
ആശ്വസിപ്പിയ്ക്കേണമല്ലോ, സീതാദർശനലോലനെ. 10
നന്നല്ലതാനും സംസാരിപ്പതാ,ശരികൾ കാൺകവേ;
എപ്രകാരമിതൊപ്പിയ്ക്കുവേണ്ടു? ചുററലിലായി ഞാൻ!
ഞാനീശ്ശേഷിച്ച രാവിൽത്താനാശ്വസിപ്പിച്ചിടായ്കിലോ,
സർവ്വഥാ, പ്രാണനെപ്പോക്കുമിവളി,ല്ലൊരു സംശയം! 12
'എന്തോതീ സീതയിങ്ങെ'ന്നു രാമൻ ചോദിയ്ക്കുമെങ്കിൽ, ഞാൻ
സുമദ്ധ്യയോടു സംസാരിക്കാതങ്ങെന്തോതുമുത്തരം?
സീതാസന്ദേശമില്ലാതെ ഞാൻ ജവാലങ്ങു ചെല്ലുകിൽ,
കാകുത്സ്ഥൻ കടുനോട്ടത്താൽച്ചുട്ടെരിച്ചെന്നുമാം രുഷാ! 14
ഞാൻ തമ്പുരാനെ രാമന്നായൊരുങ്ങി വതാകിലോ,
പടയോടൊത്തവനുടെ വരവും പാഴിലായ്പ്പരും!

Digitized By Kerala Sahitya Akademi

ഇങ്ങു നിന്നാ,ശരികളിൽത്തക്കം കണ്ടുപിടിച്ചു ഞാൻ
ആശ്വാസിപ്പിയ്ക്കുവൻ, താപം വായ്ക്കുന്നിവളെ മെല്ലവേ 16
ഞാനേററം ചെറുതായ്ക്കള്ളോൻ, വിശേഷിച്ചൊരു വാനരൻ,
സംസ്കൃതാലാപവും ചെയ്യുന്നിങ്ങു മാനുഷഭാഷയിൽ.
എന്നാൽ, ബ്രാഹ്മണനെപ്പോലേ സംസ്കൃതംചൊല്ലുരയ്ക്കിലോ,
എന്നെ രാവണനാണെന്നു കണ്ടു സീത ഭയപ്പെടും; 18
വിശേഷിച്ചും വാനരത്താൻ സംസാരിയ്ക്കുന്നതെങ്ങിനെ?
എന്നാലും, ചൊല്ലുതാൻ വേണം സാർത്ഥമായ് മർത്ത്യഭാഷയിൽ:
അല്ലാതെയാശ്വാസിപ്പിയ്ക്കാൻ വയ്യെനിയ്ക്കിസ്സുശീലയെ.
എന്മെയ്യു കണ്ടു സംസാരം കേട്ടാലിജ്ജനകാത്മജ, 20
മുമ്പു രാക്ഷസരാൽബ്ഭീതി പൂണ്ടോരാൾ വീണ്ടും ഭയപ്പെടും!
ഭയം തോന്നിയതോടൊപ്പം ശബ്ദിച്ചേയ്ക്കും മനസ്വിനി,
കാമരൂപൻ രാവണനെന്നാശങ്കിച്ചായതാകിലാം;
സീത ശബ്ദിച്ചുപോയാലോ, സഹസാ രാക്ഷസീഗണം 22
നാനാ ശസ്ത്രവുമായ് ഘോരം കാലനെപ്പോലെടുത്തിടും,
എന്നിട്ടെന്നെച്ചുഴലവും ചുഴന്നു വികൃതാസ്യമാർ
കൊല്ലുവാനും പിടിപ്പാനുമാവോളം വേല ചെയ്തിടും;
പെരുംവൃക്ഷങ്ങൾതൻ കൊമ്പുതടിചില്ലകളേന്തി ഞാൻ 24
പാഞ്ഞേതല്ലുവതു കണ്ടാലോ, ഭയശങ്കയിലാണ്ടുപോം;
വനസഞ്ചാരിയാമെന്റെ വൻമെയ്യും പാർത്തുകാൺകയാൽ,
വികൃതാസ്യകളാം രക്ഷഃസ്ത്രീകൾ പേടിച്ചരണ്ടുപോം;
ഉടനേ രാക്ഷസരെയും വിളിയ്ക്കും രാക്ഷസത്തികൾ; 26
രാക്ഷസേന്ദ്രന്റെ സദനേ രാക്ഷസേന്ദ്രനിയുക്തരെ.
അവർ വേൽവാളശ്ശൂലാദിവിവിധായുധഹസ്തരായ്
പാഞ്ഞെത്തിയേയ്ക്കും പോരിന്നിങ്ങുക്രോധോ, ദ്വേഗമേല്ക്കയാൽ;
അവരാൽ വളയപ്പെട്ടു രക്ഷഃപടയുടച്ചു ഞാൻ 28
വങ്കടന്ന് ക്കൈക്കർയ്യത്താൻ ശേഷികെട്ടവനായ്പ്പരം.
ശീഘ്രം ചാടിപ്പിടിച്ചെന്നും വരാമെന്നെപ്പൊരുതുവോർ;
ഇവൾ കാര്യം ഗ്രഹിയ്ക്കാതാ;–മിവൻ പിടിയിലും പെടും!
ഹിംസിച്ചെന്നും വരാം, ഹിംസാരതരീ രാജപുത്രിയെ; 30
അപ്പോളീ രാമസുഗ്രീവകാര്യം തീരെ മുടിഞ്ഞുപോം.
കടൽ ചുഴ്ന്നതായ്ച്ചുററം രാക്ഷസക്കാവലുള്ളതായ്

Digitized By Kerala Sahitya Akademi

വഴി കാണാത്തതാമിദ്ദേശത്തല്ലോ വാഴ്‌വൂ ജാനകി!
എന്നെപ്പിടിയ്ക്കുതാൻ പോരിൽക്കൊല്ലുതാനവർ ചെയ്യുകിൽ 32
കാണ്മീല മററു തുണയെക്കാകുത്സഥന്നർത്ഥസിദ്ധിയിൽ:
കാണ്മീലല്ലോ നിനച്ചിട്ടും ഞാൻ ചത്താലൊരു കീശനെ,
നൂറു യോജന വിസ്താരമുള്ള വങ്കടൽ ചാടുവാൻ,
നൂറായിരം രാക്ഷസരെപ്പോലും ഞാൻ മതി കൊല്ലുവാൻ; 34

എന്നാലാളാകയില്ലാ വങ്കടലക്കര പററുവാൻ.
പോരസ്ഥിരവുമാണല്ലോ; സന്ദിഗ്ദ്ധം പ്രിയമല്ല മേ:
പ്രാജ്ഞനേവനസന്ദിഗ്ദ്ധം കാര്യം സന്ദിഗ്ദ്ധമാക്കിടും?
സംസാരിയ്ക്കാതിരുന്നാലോ, വൈദേഹിയുയിർ കൈവിടും; 36
ഞാൻ സീതയോടു സംസാരിച്ചാലീ വൻദോഷവും വരും!
ദേശകാലവിരോധം പെട്ടററുപോമൊത്ത കാര്യവും
വിഡ്ഢിയാം ദൂതനിൽച്ചേർന്നാലു,ഷസ്സിലിരുട്ടു പോലവേ;
കാര്യാകാര്യങ്ങളെപ്പററിച്ചെയ്ത തീർപ്പും വൃഥാവിലാം; 38
അറിവുണ്ടെന്നു ഭാവിയ്ക്കും ദൂതർ കാര്യം കെടുക്കുമേ.
എന്തായാൽക്കെട്ടിടാ കാര്യ?-മെന്തായാൽ വിഡ്ഢിയാവുരാ?
എന്തായാൽപ്പാഴിലായ്ത്തീരാ, കടൽ ചാടിക്കടന്നതും?
എന്തായാലെൻെറ ചൊൽ കേൾക്കും പേടിയ്ക്കുകയുമില്ലിവൾ?" 40

എന്നു ചിന്തിച്ചു ഹനുമാൻ തീർപ്പു ചെയ്തിതു ബുദ്ധിമാൻ:—
'സുകർമ്മാവായ തൻ ബന്ധു രാമനെപ്പററി വാഴ്ത്തി ഞാൻ,
തൽബന്ധുധ്യായിനിയിവൾ പേടിച്ചീടാതെയാക്കുവാൻ.
ജ്ഞാതാത്മാവാകുമിക്ഷ്വാകുപ്പുൺപാം രാമൻെറ വാക്കുകൾ. 42

ശുഭങ്ങൾ ധർമ്മയുക്തങ്ങൾ സമർപ്പിയ്ക്കുന്നതുണ്ടു ഞാൻ;
കേൾപ്പിയ്ക്കുന്നുണ്ടു മുഴുവനിവൻ മധുരഭാഷയിൽ;
വിശ്വാസമിയ്യിവൾക്കുണ്ടാംവണ്ണം ചെയ്യുവനൊക്കയും.'

ഇതി ബഹുവിധമാ മഹാനുഭാവൻ
ക്ഷിതിപതിമങ്കയെ നേർക്കു പാർത്തുകൊണ്ടു
മധുരവചനമോതിനാൻ യഥാർത്ഥം
തരുവിടപാന്തരലീനനാം ഹനുമാൻ. 44

—*—

Digitized By Kerala Sahitya Akademi

## മുപ്പത്തൊന്നാം സർഗ്ഗം: രാമാനുകീർത്തനം

—*—

ഏവം പലതരം ചിന്ത ചിന്തിച്ചു കപിസത്തമൻ,
ചാരേ സീതയ്ക്കു കേൾക്കാകുമാറായ് മധുരമോതിനാൻ:—
‘ഒരുവീശൻ ദശരഥൻ രഥമാതംഗവാജിമാൻ
ഉണ്ടായിരുന്നു, പുണ്യാത്മാവൃദ്ധൻ, ചൊല്ക്കൊണ്ട കീർത്തിമാൻ, 2
രാജർഷിമാരിൽഗ്ഗുണവാൻ,തപസ്സാലൃഷിസന്നിഭൻ,
ചക്രവർത്തികുലോദ്ഭൂതൻ, ബലത്തിൽശ്ശക്രസന്നിഭൻ,
അഹിംസാശീലന,ക്ഷുദ്രൻ, ദയാവാൻ, സത്യവിക്രമൻ,
ഇക്ഷ്വാകുവംശപ്രവരൻ, ശ്രീമാൻ, ശ്രീ കൈവളർത്തുവോൻ 4
രാജലക്ഷണസംയുക്തൻ, ശ്രീ വായ്ചോരും രാജപുംഗവൻ,
ഊഴിതൻ നാലതിർവരെപ്പേർകേട്ടോൻ, സുഖദൻ, സുഖി;
അവന്നോമനയാം മൂത്ത നന്ദനൻ രാമനെന്നവൻ
ചന്ദ്രാനനൻ, വിശേഷജ്ഞൻ, വില്ലർക്കൊക്കെയഗ്രിമൻ, 6
സ്വചാരിത്രത്തെ രക്ഷിപ്പോൻ രക്ഷിപ്പോൻ സ്വജനത്തെയും,
ജീവലോകത്തെ രക്ഷിപ്പോൻ, ധർമ്മത്തേയും പരന്തപൻ.
ആസ്സത്യസന്ധനാം വൃദ്ധനച്ഛനങ്ങരുൾചെയ്കയാൽ,
ഭാര്യാസഹജരോടൊത്തു കാട്ടിൽപ്പോന്നിതു വീര്യവാൻ. 8
അപ്പെരുംകാട്ടിൽ വേട്ടയ്ക്കായ് നടപ്പതിനിടയ്ക്കവൻ
കൊന്നു പെരുത്തുപേർ ശൂരർ കാമരൂപരരക്കരെ.
ജനസ്ഥാനവധത്തോടേ ഖരദൂഷണഘാതവും
കേട്ടിട്ടു രുഷ്ടനായ്ത്തീർന്നു കട്ടാൻ സീതയെ രാവണൻ, 10
രാമനെക്കാനനേ കള്ളപ്പൊന്മൃഗത്താൽച്ചതിച്ചുതാൻ.
രാമനാ മാന്യയാം സീതാദേവിയെത്തിരയുംവിധൌ
കണ്ടെത്തി മിത്രമായ്ക്കാട്ടിൽസ്സുഗ്രീവാഖ്യപ്ലവംഗനെ.
പിന്നീടു ബാലിയെക്കൊന്നാ, രാമൻ പരപുരഞ്ജയൻ 12
സുഗ്രീവന്നു കൊടുത്താനക്കപിരാജ്യം മഹാബലൻ.
സുഗ്രീവനും ചൊല്ലിവിട്ടാൻ കാമരൂപപ്ലവംഗരെ;
ദിക്കാകെത്തിരയുന്നുണ്ടദ്ദേവിയെക്കൂട്ടമിട്ടവർ.
ഞാനോ, സമ്പാതിതൻ ചൊല്ലാലീ, വിശാലാക്ഷിമൂലമായ്, 14
ചാടിക്കടന്നേനൊരുനൂർ കാതം വീതി പെടും കടൽ.
എന്നിട്ടു ശരിയായ്ക്കേട്ടേൻ മെയ്യും നിറവുമാകയും

Digitized By Kerala Sahitya Akademi

രാമങ്കൽനിന്നു,തിന്മട്ടള്ളിവളെക്കണ്ടുമുട്ടി ഞാൻ.'
ഇവണ്ണമുരചെയ്തിട്ടങ്ങടങ്ങി കപിപുംഗവൻ; 16
വൈദേഹിതാനുമതു കേട്ടത്യന്തം വിസ്മയിച്ചുപോയ്.
പിമ്പക്കാർകുന്തലാം, ഭീരു, കുന്തൽത്തുമ്പു ചുരുണ്ടവൾ,
കുന്തൽ മേന്ന മുഖം പൊക്കി നോക്കിനാളിശിംശപാമരം.

പ്ലവംഗമൻതൻ മൊഴി കേട്ട സീത,
ദിക്കും പ്രദിക്കും പുനരൊക്കെ നോക്കി,
താൻതാൻ ഇലോമമാംകളിർ പൂണ്ടുകൊണ്ടാൾ,
സർവാത്മനാ രാമനെയോർത്തിടുന്നോൾ: 18
വിലങ്ങു മേൽ കീഴിവ പാർത്തു പിന്നെ,—
പ്ലവാദ്രിമേൽസ്സൂര്യനെയെന്നപോലെ,
അചിന്ത്യധീയായനിലാത്മഭവാം
പിംഗാധിപാമാത്യനെയങ്ങു കണ്ടാൾ.

— . —

## മുപ്പത്തിരണ്ടാം സർഗ്ഗം: സീതാവിചാരം

—*—

കൊമ്പിൻനടുക്കൊളിച്ചോനെക്കണ്ടുള്ളി,ളകിയോളവൾ
വെള്ളവസ്ത്രമുടുത്തോനെ, മിന്നൽനേർമഞ്ഞവണ്ണനെ;
ചേർത്തും പാർത്തു കപിയെയങ്ങി,ഷ്ടം ചൊല്ലും വിനീതനെ,
അശോകപുഷ്പപ്രഭനെത്തങ്കപ്പൊന്നെതിർകണ്ണനെ; 2
തികച്ചും വിസ്മയപ്പെട്ടു ചിന്ത പൂണ്ടാൾ വിദേഹജ.
'ശിവനേ, വാനരൻതൻ മെയ്യിതു ഘോരം ദുരാസദം,
നോക്കാവല്ലാത്തതെ'!—ന്നായ്ക്കണ്ടവൾ മൂർച്ഛിച്ചു വീണ്ടുമേ.
വിലപിച്ചാൾ കരുണമായ്സ്സീത പേടിച്ചരണ്ടവൾ, 4
രാമ, രാമേതി മാൽ മൂത്തു ലക്ഷ്മണാ! എന്നുമംഗന;
കരഞ്ഞാൾ സീത പലപാടൊച്ച പൊങ്ങാതെ മെല്ലവേ.
അക്കപീന്ദ്രൻ വണക്കത്തിൽച്ചാരേ നില്പതു കണ്ടവൾ,
ഇതെന്തോ സ്വപ്നമെന്നത്രേ നണ്ണീ മൈഥിലി ഭാമിനി. 6

നോക്കുംവിധൌ, ചീർത്ത മുഖം വളഞ്ഞോൻ,
പ്ലവംഗരാജാജ്ഞ നടത്തിടുന്നോൻ,
പിംഗാധിപാമാത്യനവൾക്കു കാണായ്",
കാററിന്മകൻ, പ്രാജ്ഞരിൽവെച്ചു മുമ്പൻ.

Digitized By Kerala Sahitya Akademi

അസ്സീത തദ്വീക്ഷണമാത്രയിൽത്താ–
നതീവ മൂർച്ഛിച്ചു മരിച്ചപോലായ്;
ചിരേണ തന്റേടമുദിച്ചു വീണ്ടും
വിചിന്തയിൽപ്പെട്ടിതു കൺവിരിഞ്ഞോരാൾ:– 8

'കിനാവിലിന്നീ വികൃതക്കരങ്ങ
കാണായി മേ, ശസ്ത്രനിഷിദ്ധമല്ലോ;
സ്വസ്ഥ്യസ്തു രാമന്ന,ഥ ലക്ഷ്മണന്നു–
മെന്നച്ഛനാം മൈഥിലമന്നവന്നും!
എന്നാൽകിനാവല്ലിതുൢദുഃഖശോകാ–
ർത്തയാമെനിയ്ക്കില്ലിഹ നിദ്രയല്ലോ;
ഇല്ലാ മമ സ്വാസ്ഥ്യവുമസ്സുധാംശു–
ബിംബാനനൻ വേറപിരിഞ്ഞിതല്ലോ. 10

രാമേതി രാമേതി സദാ മനസ്സാൽ–
ച്ചിന്തിച്ചു, ചിന്തിച്ചു, വനെക്കരിച്ചേ
കഥിയ്ക്കുവോരാം ഞാനതിനൊത്തമട്ടിൽ–
ത്തദ്വാർത്തകേൾപ്പൂ; സ്വയമിങ്ങു കാണ്മൂ;
അവൻനിമിത്തം സ്മരപീഡയേറവം
വിചാരമെല്ലാമവനിൽപ്പതിഞ്ഞും
സദാ തദേകസ്മൃതി കൊൾകയാൽ ഞാ–
നമ്മട്ടു കാണേന,തുമട്ടു കേൾപ്പേൻ! 12

സങ്കല്പമാമെന്നു നിനച്ചിടുന്നു–
ണ്ടെ,ന്നാലുമല്ലെന്നിഹ തോന്നിടുന്നു:
എന്തെന്നുവെച്ചാല,തിനില്ലരൂപ,
മിച്ചൊല്ലുവോനോ സ്ഫുടരൂപനല്ലോ.
നമസ്കരിയ്ക്കാം, ധിഷണന്നു, നിജ്ജരേ–
ന്ദ്രനും, സ്വയംഭൂവിനു, ഹവ്യവാഹനും,
ഇതിക്കരങ്ങൾ മമ മുന്നിൽവെച്ചര–
ച്ചതന്യഥാ പോകരുതു,ള്ളതാവണം.' 14

—*—

Digitized By Kerala Sahitya Akademi

## മുപ്പത്തിമൂന്നാം സർഗ്ഗം: സീതാപ്രശ്നോത്തരം.

—*—

മരത്തിൽനിന്നിറങ്ങിപ്പോന്നിട്ടപ്പവിഴനേർമുഖൻ
അഴലോടെ വണക്കത്തിൽപ്പണിഞ്ഞരികിലെത്തിനാൻ;
ചൊന്നാൻ മധുരമാം വാക്കസ്സീതയോടു മഹാദ്യുതി,
തലയിൽത്തൊഴുകൈ വെച്ചു ഹനുമാനനിലാത്മജൻ:— 2

"ആർ നീ, പിഞ്ഞിയ മഞ്ഞപ്പട്ടുടുത്തോളംബുജേക്ഷണേ,
മരക്കൊമ്പു പിടിച്ചിങ്ങു നില്ക്കുന്നവളനിന്ദിതേ?
എന്തേ, നിൻകണ്ണുകളിൽനിന്നഴൽക്കണ്ണീരൊലിപ്പതും,
രണ്ടു പൊയ്ത്താരിതളിൽനിന്നുതിരും നീർ കണക്കിനെ? 4

ദേവാസുരരിലോ, ഗന്ധർവാഹിരക്ഷോഗണത്തിലോ,
യക്ഷരിൽ,ക്കിന്നരരിലോ നീയാർക്കുള്ളവളാം ശോഭനേ?
നീയാർക്കുള്ളവളാകുന്നു മരുദ്രുദ്രവസുക്കളിൽ?
വരാനനേ, വരാരോഹേ, തോന്നുന്നു ദേവിയെന്നു മേ. 6

സദ്ഗുണങ്ങളാം തികഞ്ഞോരാം നീ, ചന്ദ്രനോടു വിയുക്തയായ്
വാനിൽനിന്നഞ്ജസാ വീണ രോഹിണീപരതാരയോ?
ആർ നീ കല്യാണി? നീയാരാണസിതാഞ്ചിതലോചനേ?
കോപമോ മൌഢ്യമോ മൂലം ഭർത്താവായ വസിഷ്ഠനെ 8

ക്രോധപ്പെടുത്തിയൊരരുന്ധതിയല്ലല്ലി നീ ശുഭേ?
ആർ പുത്രന,ച്ഛനോ, കാന്തൻ, ഭ്രാതാവോ തേ സുമധ്യമേ,
ഈ ലോകാൽ പരലോകേ പോയ് നിന്നാൽ മാഴ്കപ്പെടുന്നവൻ?
കേഴലാല,തിനിശ്വാസാൽ, നിലം തൊട്ടുള്ള നില്പിനാൽ, 10

രാജചിഹ്നസ്പൃഷ്ടതയാൽ, ഞാനോർപ്പൂ, ദേവിയല്ല നീ:
നിന്റെ ഗാത്രങ്ങളും ലക്ഷണങ്ങളും പാർത്തുകാണ്കയാൽ,
നീ ഭൂപപത്നിയാം രാജപുത്രിയെന്നോർത്തിടുന്നു ഞാൻ.
നീ, രാവണൻ ജനസ്ഥാനാൽ സഹസാ കട്ട സീതയോ? 12

എങ്കിൽ,ത്തേ നന്മ, ചോദിപ്പോരുമെന്നോടുത്തരംചെയ്ക നീ.
നിന്റെ മാലാണ്ട നിലയു,മതിമാനുഷരൂപവും,
തപോവേഷവുമോർത്താൽ, നീ രാമൻതൻ പത്നിതാൻ ദൃഢം!"
അവന്റെ വാക്കു കേട്ടിട്ടു രാമകീർത്തനഹൃഷ്ടയായ് 14



Digitized By Kerala Sahitya Akademi

ചൊന്നാം, തരുതലേ നില്ക്കും ഹനുമാനോടു മൈഥിലി:—
"ജ്ഞാതാത്മാവായ് ക്ഷിതിയിലെ ക്ഷ്മാപസിംഹനിരുത്തമനായ്
ശത്രുഘ്നാരിയാകിയ ദശരഥൻെറ വധുവാണു ഞാൻ;
മഹാത്മാവായ വൈദേഹജനകൻെറ കുമാരി ഞാൻ; 16
സീതയെന്നവാം, ധീമാനാം രാമൻതന്നുടെ ഭാൎയ്യ ഞാൻ.
ഈരാറു സംവത്സരമാ രാഘവൻെറ ഗൃഹത്തിൽ ഞാൻ
ഭുജിച്ചേൻ മൎത്ത്യഭോഗങ്ങളം സൎവ്വകാമസമൃദ്ധിയിൽ.
പതിമ്മൂന്നാമതാമാണ്ടിൽ, ക്ഷ്മാപനിക്ഷ്വാകുപുത്രനെ 18
രാജ്യത്തിലഭിഷേചിപ്പാൻ വാദ്ധ്യാന്മാരൊത്തൊരുങ്ങിനാൻ.
രാമൻെറയഭിഷേകത്തിന്നങ്ങു വട്ടങ്ങളം കൂട്ടവേ,
കൈകേയിയെന്നു പേരായ ദേവി ഭൎത്താവൊടോതിനാൾ:—
'പാനംചെയ്യാ, ഭുജിയ്ക്കാ ഞാൻ പതിവായെൻെറ ഭോജനം; 20
തീൎന്നു മേ ജീവിതം, രാമന്നഭിഷേകം നടത്തുകിൽ!
പറഞ്ഞിട്ടില്ലയോ വാക്കൊന്നുടൻ പ്രീത്യാ നീ നൃപോത്തമ,
അതു തെററിച്ചുകൂടെങ്കിൽ, കാട്ടിൽപ്പോകട്ടെ രാഘവൻ.'
കൈകേയീദേവിതൻ ക്രൂരവിപ്രിയച്ചൊല്ലു കേൾക്കയാൽ 22
മൂൎച്ഛിച്ചുപോയ്, വരത്യാഗമോൎത്തസ്സത്യോക്തിയാം നൃപൻ.
പിന്നെക്കിഴവനാം മന്നൻ സത്യധൎമ്മത്തിൽ നില്പവൻ
കേണിരന്നാൻ, പുകൾപ്പെട്ട മൂത്ത പുത്രനൊടൂഴിയെ.
ആ ശ്രീമാനഭിഷേകത്തെക്കാളിഷ്ടം പിതൃഭാഷിതം 24
മുമ്പേ മനസ്സാലേററിട്ടു, കൈക്കൊണ്ടാൻ വാക്കിനാലുമേ.
കൊടുക്കും, വാങ്ങുകില്ലല്ലോ; ചൊല്ലുകില്ലേതുമപ്രിയം,
പ്രാണത്രാണത്തിനായ്പ്പോലും, രാമൻ സത്യപരാക്രമൻ!
വിലയേറിയ വസ്ത്രങ്ങൾ വെടിഞ്ഞാപ്പുകളേറിയോൻ 26
മനസ്സാൽ നാടു വിട്ടെന്നെയമ്മയ്ക്കരികിലാക്കിനാൻ.
ഞാനോ, പോന്നേൻ ദ്രുതം, കാട്ടിൽപ്പോവാനവനു മുന്നിലായ്;
അവൻ കൂടാതെനിയ്ക്കിഷ്ടമല്ലല്ലോ സ്വൎഗ്ഗവാസവും!
സൌമിത്രിയും മഹാഭാഗൻ മുന്നമേ മിത്രമുഷ്ടിദൻ 28
ജ്യേഷ്ഠൻെറ പിമ്പേ പോരാനായ് മരത്തോലുകൾ ചാൎത്തിനാൻ.
സ്വാമിതന്നാജ്ഞ മാനിച്ചു നിശ്ചലവ്രതർ ഞങ്ങളും
ഉൾപ്പൂകി, മുമ്പു കണ്ടിട്ടില്ലാത്ത ഗംഭീരമാം വനം.
ദണ്ഡകാടവിയിൽപ്പാൎക്കുമാ മഹൌജസ്സുതന്നുടെ 30

Digitized By Kerala Sahitya Akademi

ഭാര്യയാമെന്നെ രക്ഷസ്സു കട്ടാൻ ദുർബുദ്ധി രാവണൻ.
ജീവിതം തന്നിരിക്കുന്നു രണ്ടു മാസമെനിക്കവൻ;
രണ്ടു മാസം കഴിഞ്ഞാലോ, ത്യജിക്കും ജീവിതത്തെ ഞാൻ.''

—*—

## മുപ്പത്തിനാലാം സർഗ്ഗം: സീതാശങ്ക.

—*—

മാൽകൊണ്ടു മാലിലാപ്പെട്ട ദേവിതൻ വാക്കു കേട്ടുടൻ
സാന്ത്വമാമുത്തരം ചൊല്ലീ ഹനുമാൻ ഹരിയൂഥപൻ:—
'ദേവിക്കു രാമസന്ദേശാൽ ദൂതനായ് വന്നതാണു ഞാൻ:
രാമൻ കുശലി വൈദേഹി കുശലം നിന്നൊടോതിനാൻ; 2
ബ്രഹ്മാസ്ത്രവും നാന്മറയുമറിവോൻ, വേദവിത്തമൻ,
ദേവീ, രാമൻ ദാശരഥി കുശലം നിന്നൊടോതിനാൻ.
തേജസ്വിയാം ലക്ഷ്മണനും നിൻഭർത്താവിൻ പ്രിയാനുഗൻ
ശിരസ്സാലഭിവാദ്യം തേ ചെയ്താനഴലിൽ വെന്തവൻ.'
ആ നരേന്ദ്രർക്കു കുശലമെന്നു കേട്ടിട്ടു ദേവിയും
മോദാലാകെക്കോൾമയിർക്കൊണ്ടു,നുമാനോടു ചൊല്ലിനാൾ:—
'നാട്ടുചൊല്ലിതു നേർതന്നെയെന്നത്രേ തോന്നിടുന്നു മേ:
ജീവിച്ചിരുന്നാലാ,നന്ദം നൂററാണ്ടാ,ലെങ്കിലും വരും!' 6
അവൻ വന്നതിലാശ്ചര്യപ്രീതി തേടീടിനാളവൾ;
സംസാരിക്കുകയും ചെയ്തു തമ്മിൽ വിശ്വാസമാർന്നവർ.
ദുഃഖാർത്തയായ വൈദേഹിതൻെറയാ വാക്കു കേട്ടുടൻ
സമീപത്തെക്കു ചെന്നാനാ ഹനുമാൻ ഹരിയൂഥപൻ. 8
ഹനുമാൻ മൈഥിലിയൊടണഞ്ഞെത്രയ്ക്കെത്രയ്ക്കടുത്തുവോ,
അത്രയ്ക്കത്രയ്ക്കു ശങ്കിച്ചാള,ത്തു രാവണനെന്നവൾ:—
'ഛീ, മോശ, മിവനോടീ ഞാൻ സംസാരിച്ചതു ചീത്തയായ്:
വേറേ വേഷമെടുത്തുള്ളാ രാവണൻ തന്നെയാണിവൻ!' 10
അശോകത്തിൻെറയക്കൊമ്പു വിട്ടു ശോകാൽച്ചടച്ചവൾ
ഇരുന്നരുളിനാൾ, ചാരുഗാത്രിയാളാ നിലത്തുതാൻ.
ദുഃഖാർത്തയാം ജാനകിതൻ ഭയപ്പാടതു കണ്ടുടൻ
വന്ദിച്ചുകൊണ്ടാനവളെ ഹനുമാൻ സുമഹാഭുജൻ; 12
എന്നാലവനെ നോക്കീലാ വീണ്ടും പേടിച്ചരണ്ടവൾ,
വന്ദിക്കും കപിയെക്കണ്ടു ചന്ദ്രനേർമുഖി ജാനകി

Digitized By Kerala Sahitya Akademi

നെടുവീർപ്പിട്ടു,വനൊടു ചൊന്നാൾ മധുരകണ്ഠിയാൾ:—
'മായ കൈക്കൊണ്ടു മായാവി രാവണൻതന്നെയായ നീ 14
വീണ്ടുമെന്നെത്തപിപ്പിയ്ക്കുയാണെങ്കില,തയുക്തമാം.
തന്മൈ വെടിഞ്ഞു യതിതൻ മൈ പൂണ്ടോനാകുമാരെ ഞാൻ
ജനസ്ഥാനത്തു കണ്ടേനാ, രാവണൻതന്നെയാണു നീ!
നോൽമ്പാൽച്ചടച്ചവശയായ്ത്തപ്തയാമെന്നെ വീണ്ടുമേ 16
തപിപ്പിപ്പതയുക്തം തേ കാമരൂപ, നിശാചര.
അല്ലെങ്കിലിതു, ഞാൻ ശങ്കിച്ചതു പോലല്ല കേവലം:
ഉൾപ്രീതി തോന്നുന്നുണ്ടല്ലോ നിന്നെക്കണ്ടതിനാൽ മമ!
നീ രാമദൂതനായ്‌വന്നോ,നാണെങ്കിൽ,ത്തവ മംഗളം! 18
ചോദിയ്ക്കുന്നേൻ ഹരിശ്രേഷ്ഠ; പ്രിയം രാമന്റെ വാർത്ത മേ:
ചൊല്ലുകെൻ പ്രിയരാമന്റെ ഗുണൗഘം സൌമ്യ, വാനര;
ഹരിപ്പിതെന്മനം, നീർക്കുത്താററിൻവക്കെന്നപോലെ നീ.
അമ്പോ, കിനാവിലെസ്സൗഖ്യം: സുചിരാഹൃത ഞാനിതാ, 20
കാണുന്നുവല്ലോ, കാകുത്സ്ഥൻ ചൊല്ലിവിട്ട കുരങ്ങനെ!
കിനാവിലെങ്കിലും വീരലക്ഷ്മണാനുചിതരാമനെ
കാണ്കിൽ ഞാൻ തളരാഞ്ഞേനേ കിനാവും വൈരിയായി മേ!
കിനാവാകില്ലിതു ദൃഢം: കിനാവിൽക്കപിദർശനാൽ
ശുഭം കിട്ടാവതല്ലല്ലോ; കിട്ടിതാനും ശുഭം മമ!
ഇതെന്തു, ചിത്തഭ്രമമോ? വല്ല വായുവികാരമോ? 22
ഉന്മാദത്തിൻ പുറപ്പാടോ? കേവലം മൃഗതൃഷ്ണയോ?
അല്ലെങ്കിലു,ന്മാദവുമല്ലി,തുന്മാദവിമോഹവും:
ഞാനെന്നെയറിയുന്നുണ്ടു ശരിയ്ക്കീക്കപിതന്നെയും.'
ഏവം ബലാബലം ചിന്തിച്ചി,തു രാവണനെന്നുതാൻ 24
നണ്ണീ സീത,യരക്കന്മാർ കാമരൂപികളാകയാൽ.
ഇവണ്ണം തീർപ്പു ചെയ്തിട്ടസ്സീത, മധ്യം ചടച്ചവൾ
സംസാരിയ്ക്കാതിരുന്നാളാ പ്ലവംഗനൊടു ജാനകി
സീതാനിനവറിഞ്ഞിട്ടു ഹനുമാനനിലാത്മജൻ, 26
കേൾക്കാൻ തോന്നും മൊഴികളാലവൾക്കാഹ്ലാദമേകിനാൻ:—
"സൂര്യനെപ്പോലെ തേജസ്വി, ചന്ദ്രൻ പോലെ ജഗൽപ്രിയൻ,
കുബേരദേവനെപ്പോലെ പാരിനൊട്ടുക്ക തമ്പുരാൻ,
വിഷ്ണുവെപ്പോലെ വിക്രാന്തൻ, വളർന്ന പുകൾ പൂണ്ടവൻ, 28

Digitized By Kerala Sahitya Akademi

നേർചൊൽവോൻ, ദേവനാം വ്യാഴൻ പോലേ മധുരഭാഷണൻ,
മെയ് പൂണ്ട കാമനെപ്പോലെ രൂപസൌഭാഗ്യകാന്തിമാൻ,
സ്ഥാനേ ചൊടിച്ചെതിക്കുന്നോൻ, പാരിൽ മുഖ്യം മഹാരഥൻ;
പാരിൻെറ നിഴലേറ്റു മഹാത്മാവിൻ കൈത്തണലിങ്കലോ, 30

ആ രാഘവനെ നന്മാനോലാശ്രമാൽപ്പോക്കിവിട്ടുടൻ
ശൂന്യത്തിൽ നിന്നെക്കട്ടോനു കാണുമേ നീയതിൻ ഫലം;
ഉടൻ രാവണനെപ്പോരിൽക്കൊല്ലുമേതൊരു വീര്യവാൻ
അരിശത്തോടുമാഞ്ഞെത്തു ചെന്തീയെതിർശരങ്ങളാൽ, 32

അദ്ദേഹം വിട്ട ദൂതൻ ഞാൻ,നിൻചാരത്തിങ്ങു വന്നവൻ.
ത്വദ്വിയോഗാതുരനവൻ കുശലം നിന്നൊടോതിനാൻ;
തേജസ്വിയാം ലക്ഷ്മണനും സുമിത്രാനന്ദവർദ്ധനൻ
കൈവണങ്ങി മഹാബാഹു കുശലം നിന്നൊടോതിനാൻ; 34

ദേവി, രാമസുഹൃത്താമസ്സുഗ്രീവാഖ്യപ്ലവംഗനും
പ്ലവംഗമുഖ്യക്കരചൻ കുശലം നിന്നൊടോതിനാൻ,
നിന്നെസ്സ്മരിപ്പോരെപ്പോഴും രാമസുഗ്രീവലക്ഷ്മണർ.
ഭാഗ്യം, ജീവിപ്പു വൈദേഹി, രാക്ഷസീവശയായ നീ! 36

ഉടൻ നീ രാമനെക്കാണും, ബലി സൌമിത്രിതന്നെയും
കപികോടിനടുക്കോജസ്സേറം സുഗ്രീവനേയുമേ.
ഞാനോ, സുഗ്രീവസചിവൻ, ഹനുമാനെന്ന വാനരൻ
പുക്കേൻ, മഹാർണ്ണവം ചാടിക്കടന്നീ ലങ്കയാം പുരം. 38

ദുരാത്മാവാം രാവണൻെറ തലയിൽക്കാലുവെച്ചുതാൻ,
നിന്നെക്കാണ്മതിനായ്പ്പന്നേൻ, പരാക്രമമെടുത്തു ഞാൻ.
ദേവി കല്പിച്ചുകരുതുംപോലെയുള്ളവനല്ല ഞാൻ;
കൈവെടിഞ്ഞീടുകീശ്ശങ്ക; വിശ്വസിച്ചരുളുകെൻ മൊഴി.'' 40

—*—

## മുപ്പത്തഞ്ചാം സർഗ്ഗം: സീതാവിശ്വാസോൽപ്പാദനം.

—*—

കപികഞ്ജീരവനിൽനിന്നാ രാമകഥ കേട്ടുടൻ
മധുരം സാന്ത്വവാക്കേവമരുളിച്ചെയ്തു മൈഥിലി:—
'എങ്ങു നീ രാമനിൽച്ചേർന്നു? ജ്ഞാതനെങ്ങിനെ ലക്ഷ്മണൻ?
ചേർച്ചയെങ്ങിനെയുണ്ടായീ നരവാനരർതങ്ങളിൽ? 2

Digitized By Kerala Sahitya Akademi

ചിഹ്നങ്ങളെവ രാമന്നും ലക്ഷ്മണന്നും പ്ലവംഗമ;
അവ വീണ്ടും പറക നീ;— യുളവാകൊല്ലെനിയ്ക്കഴൽ:
എന്മട്ടവയവച്ചേപ്പ്, രാമനെന്മട്ട രൂപവും,
കയ്യെന്മട്ട്,തുടവെന്മട്ട, ലക്ഷ്മണന്നും? കഥിയ്ക്ക മേ.' 4

ഏവം മൈഥിലി ചൊന്നാറേ, ഹനുമാനനിലാത്മജൻ
രാമനെപ്പററി വഴിപോലുരചെയ്യാൻതുടങ്ങിനാൻ:—
"ഭാഗ്യം, ചോദിപ്പിതങ്ങെന്നോടറിഞ്ഞുംകൊണ്ട മൈഥിലി;
ഭർത്താവിൻ വടിവംഭോജലോചനേ, ലക്ഷ്മണൻെറയും! 6

ചിഹ്നങ്ങളെവയോ രാമന്നെ,വയോ ലക്ഷ്മണന്നുമേ,
കണ്ടപോലവ ഞാൻ ചൊല്ലാം;കേട്ടുകൊൾകായതേക്ഷണേ:
രാമൻ തണ്ടാരിതൾക്കണ്ണൻ, സർവ്വസത്വമനോഹരൻ,
രൂപദാക്ഷിണ്യവായ്പോടേ ജനിച്ചോൻ ജനകാത്മജേ; 8

തേജസ്സാൽസ്സൂര്യസദൃശൻ, ക്ഷമയാൽ ക്ഷിതിസന്നിഭൻ,
ബുദ്ധിയാൽ വ്യാഴനാ സമൻ, യശസ്സാൽ വാസവോപമൻ,
ജീവലോകത്തെ രക്ഷിപ്പോൻ, രക്ഷിപ്പോൻ സ്വജനത്തെയും
തൻനടപ്പിനെ രക്ഷിപ്പോൻ ധർമ്മത്തെയുമരിന്ദമൻ; 10

രാമൻ രക്ഷിപ്പു ലോകത്തിൽ നാലു ജാതിയെയും ശുഭേ!
ലോകമര്യാദകളെയും ചെയ്യോൻ, ചെയ്യിക്കുവോനവൻ:
തേജസ്വി, പൂജിതൻ പാരം, ബ്രഹ്മചര്യവ്രതസ്ഥിതൻ,
നല്ലോരിലുപകാരജ്ഞൻ, കർമ്മാനുഷ്ഠാനകോവിദൻ, 12

രാജവിദ്യകൾ ശീലിച്ചോൻ, വിപ്രന്മാരെബ്ഭജിപ്പവൻ,
ശ്രുതവാൻ, ശീലസമ്പന്നൻ, വിനയാഢ്യൻ, പരന്തപൻ,
യജുർവേദം പഠിച്ചുള്ളോൻ, വേദജ്ഞപരിപൂജിതൻ,
ധനുർവേദത്തിലും വേദവേദാംഗങ്ങളിലും രതൻ, 14

തോൾ തടിച്ചോൻ, മഹാബാഹു, കംബുകണ്ഠൻ, ശുഭാനനൻ,
കൺ ചുകന്നോൻ ഗൂഢജത്രു രാമൻ ദേവി, പുകഴ്ന്നവൻ;
ഭേരിയ്ക്കൊത്തൊച്ചയുടയോൻ, സ്നിഗ്ദ്ധവർണ്ണൻ പ്രതാപവാൻ
ഒത്താളംഗങ്ങളൊത്തുള്ളോൻ, കറുത്ത നിറമൊത്തവൻ, 16

മൂന്നുറച്ചോൻ, മൂന്നു നീണ്ടോൻ, മൂന്നൊത്തോൻ, മൂന്നുയർന്നവൻ,
ത്രിസ്നിഗ്ദ്ധൻ, മൂന്നു ചെമ്പിച്ചോൻ, മൂന്നിൽഗ്ഗംഭീരനെപ്പൊഴും,
മൂന്നു താണോൻ, ത്രിവല്യാഢ്യൻ, നാലാൽ ഹ്രസ്വൻ, ത്രിശീർഷവാൻ,
ചതുഷ്കലൻ, ചതുർല്ലേഖൻ, നാൽക്കോലുയരോൻ, ചതുസ്സമൻ 18

Digitized By Kerala Sahitya Akademi

പതിന്നാലിണയൊത്തുള്ളോൻ, ചതുർദ്രംഷ്ട്രൻ, ചതുർഗ്ഗതി,
ചുണ്ടമൂക്കണ വമ്പിച്ചോൻ, പഞ്ചസ്നിഗ്ദ്ധാഷ്ടവംശവാൻ,
ദശപത്മൻ, ദശായാമി, മൂന്നാൽ വ്യാപ്തൻ, ദ്വിശുക്ലവാൻ
ആറുയരന്നോൻ, നവകൃശൻ, മൂന്നാൽ വ്യാപിപ്പു രാഘവൻ; 20

സത്യധർമ്മപരൻ, ശ്രീമാൻ, നേടുവോൻ, ഫലമേകുവോൻ,
ദേശകാലവിഭാഗജ്ഞനേ,വക്കം പ്രിയമോതുവോൻ
ദ്വൈമാത്രൻ തമ്പിയവന്നു, സൌമിത്രിയപരാജിതൻ,
സ്നേഹത്താലഴകാൽ നന്മയാലുമമ്മട്ടിലുള്ളവൻ; 22

ആ ശ്രീമാൻ സ്വർണ്ണനേർവർണ്ണൻ; രാമൻ ശ്യാമനതുപ്രഥൻ.
ആ നരവ്യാഘ്രരിരുപേരങ്ങയെക്കണ്ടുകിട്ടുവാൻ
മന്നിലെല്ലാം തിരയവേ ഞങ്ങളോടൊത്തിണങ്ങിനാർ.
നിന്നെത്താൻ തേടി മന്നിങ്കൽസ്സഞ്ചരിച്ചതുടംവോരവർ 24

കണ്ടെത്തി, ജ്യേഷ്ഠനങ്ങാട്ടിക്കളഞ്ഞ കപിനാഥനെ,
മരങ്ങാം വളരെത്തിങ്ങുമൃശ്യമൂകഗിരിയ്ക്കുമേൽ
ഭ്രാതൃഭീത്യാർത്തനായേമ്പും സുഗ്രീവനെ, മനോജ്ഞനെ.
ഞങ്ങളോ, സത്യവാനായ സുഗ്രീവഹരിരാജനെ, 26

നാട്ടിൽനിന്നേട്ടനാട്ടിപ്പായിച്ചോനെസ്സേവചെയ്യുവോർ:
കരത്തിൽപ്പള്ളിവില്ലോടും, മരത്തോൽ ചുററിയോരവർ
ഋശ്യമൂകാദ്രിതൻ ചേലുള്ളടിവാരത്തിലെത്തിനാർ.
അധനവിമർത്ത്യോത്തമരെക്കണ്ടിട്ടാ വാനരർഷഭൻ 28

പേടിച്ചരണ്ടഗ്ഗിരിതൻ ശിഖരത്തെക്കു ചാടിനാൻ;
എന്നിട്ടാശ്ശിഖരത്തിങ്കലിരുന്നാ വാനരേശ്വരൻ
അവർതന്നരികത്തെയ്ക്കായെന്നെത്താൻ വിട്ടു സത്വരം.
തൊഴുതുംകൊണ്ടണഞ്ഞേൻ ഞാൻ സുഗ്രീവനുടെയാജ്ഞയാൽ, 30

രൂപലക്ഷണവായ്യുള്ളാ നരവ്യാഘ്രപ്രഭുക്കളെ.
സത്യം ഗ്രഹിയ്ക്കയാൽ, സ്നേഹമാന്നോരാമന്നരേന്ദ്രരെ
പുറത്തു കേററിയങ്ങോട്ടു കൊണ്ടുപോന്നീടിനേനിവൻ;
അറിയിച്ചേൻ മഹാത്മാവാം സുഗ്രീവനെയനന്തരം; 32

അവർക്ക, തമ്മിൽസ്സംസാരിച്ചുളവായ് സ്നേഹവും തുലോം.
ആ സ്നേഹയുക്തരായ്ത്തീർന്ന ഹരീശ്വരനരേശ്വരർ
മുന്നം നടന്ന കഥയാൽത്തമ്മിലാശ്വാസമേകിനാർ.
സുഗ്രീവന്നു സമാശ്വാസം ചേർത്താനാ ലക്ഷ്മണാഗ്രജൻ, 34

Digitized By Kerala Sahitya Akademi

സ്ത്രീമൂലമേട്ടൻ തേജസ്വി ബാലിയാട്ടിക്കളഞ്ഞതിൽ.
സുകർമ്മാവായ രാമന്നു നീ പോയ്പോയുള്ള ദുഃഖവും
സുഗ്രീവകപിരാജാവോടറിയിച്ചിതു ലക്ഷ്മണൻ.
ലക്ഷ്മണൻ ചൊന്ന വചനം കേട്ടിട്ടക്കപിനായകൻ 36
തീരെ നിഷ്പ്രഭനായ്പ്പോയീ, ഗ്രഹഗ്രസ്താർക്കനാംവിധം.
പിന്നെ, നിന്മെയ്യിലണിയപ്പെട്ടിരുന്ന വിഭൂഷകൾ,
രാക്ഷസൻ കൊണ്ടുപോരും നീ കീഴ്പ്പോട്ടിട്ടവ,യൊക്കെയും
കൊണ്ടുവന്നു മുദാ കാട്ടീ രാമനെക്കപിയൂഥപർ; 38
പൊട്ടിക്കിലുങ്ങിടുമവ, ഞാൻതന്നേ കണ്ടെടുത്തവ,
രാമന്റെ കയ്യിലപ്പിച്ചാർ; മൂർച്ഛിച്ചാനവിടുന്നുടൻ!
ദൃശ്യങ്ങളാമവ മടിത്തട്ടിൽ വെച്ചു പലേതരം
ആവലാതികൾ ചൊന്നാനദ്ദേവൻ, ദേവസമപ്രഭൻ. 40
തൃക്കണ്ണൊക്കും, കരഞ്ഞീടും, വീണ്ടും വീണ്ടും തളർന്നിടും;
ഇമ്മട്ടഴൽത്തീയ്യിനെയിട്ടാളിച്ചു രാഘവന്നവ!
ചിരം മയക്കവും പൂണ്ടാനാ മഹാൻ ദുഃഖവിഹ്വലൻ;
പലതോതിപ്പുണിപ്പെട്ടിട്ടത്രേ വെളിവിയററി ഞാൻ. 42
പാർത്തും മഹാഭുജൻ പേർത്തും പേർത്തും കാട്ടിക്കൊടുത്തുമേ
സുഗ്രീവൻപക്കലേല്പിച്ചാനവ രാമൻ സലക്ഷ്മണൻ.
നിന്നെക്കാണായ്കയാലായ്യേ, സന്തപിയ്ക്കുന്നു രാഘവൻ,
സദാ ജ്വലിയ്ക്കും വഹ്നിയ്യാലഗ്നിപർവ്വതമാംവിധം. 44
തപിപ്പിയ്ക്കുന്നു നിന്മൂലമഴൽ, ചിന്ത,യനിദ്രയും
അഗ്നിയഗ്നിഗൃഹത്തെപ്പോലാ, മഹാത്മാവു രാമനെ.
നിന്നെക്കാണാത്ത ദുഃഖംകൊണ്ടുലയുന്നുണ്ടു രാഘവൻ,
വലുതാകിയ ഭൂകമ്പംകൊണ്ടു വന്മല പോലവേ. 46
രമ്യം പുഴ വനം ചോലയിവയിൽസ്സഞ്ചരിയ്ക്കവേ
രതി തേടാതെയായ്, നിന്നെക്കാണാഞ്ഞിട്ടു നൃപാത്മജേ.
ആ രാമനങ്ങയെക്ഷിപ്രം വീണ്ടെടുക്കും നരർഷഭൻ
ദശാസ്യനെസ്സുഹൃദ്ബന്ധുസഹിതം കൊന്നു ജാനകി! 48
തമ്മിലാ രാമസുഗ്രീവരന്നു ചെയ്താർ പ്രതിജ്ഞയെ,
ബാലിയെക്കൊലചെയ്വാനുമങ്ങയെത്തിരയാനുമേ.
പിന്നെക്കിഷ്കിന്ധയിൽച്ചെന്നാ രണ്ടു വീരകുമാരകർ
വാനരപ്പെരുമാളാമബ്ബാലിയെപ്പോരിൽ വീഴ്ത്തിനാർ. 50

Digitized By Kerala Sahitya Akademi

ബാലിയെത്തരസാ പോരിൽക്കൊലചെയ്തിട്ടു രാഘവൻ
സുഗ്രീവനെ പ്ലവംഗർക്കെല്ലാമരചനാക്കിനാൻ.

ഇവണ്ണമത്രേ യോജിച്ചു ദേവി, സുഗ്രീവരാഘവർ;
അവർതൻ ദൂതനായ്‌വന്നോൻ ധരിയ്ക്കൂ ഹനുമാനിവൻ. 52

തൻനാടു നേടിസ്സുഗ്രീവൻ കരുത്തേറും കപീന്ദ്രരെ
വരുത്തി,ദ്ദേവിയെത്തേടാനയച്ചാൻ പത്തുദിക്കിലും.
ഓജസ്സേറും കപിസ്വാമി സുഗ്രീവനരുൾചെയ്കയാൽ
മന്നിൽ നീളെപ്പുറപ്പെട്ടു മഹാദ്രിസമരാമവർ. 54

സുഗ്രീവന്റെ നിയോഗത്തെപ്പേടിച്ചാരാഞ്ഞുകൊണ്ടുതാൻ
പാടേ നടക്കയായ് പാരിൽ ഞങ്ങളും മററു കീശരും.
ശ്രീമാനംഗദനെന്നുള്ള ബാലിപുത്രൻ മഹാബലൻ
മൂന്നിലൊന്നാം പടയുമായ്പ്പോന്നാൻ വാനരപുംഗവൻ. 56

ബിലമൊന്നാണു ഞങ്ങൾക്കു, വിന്ധ്യാദ്രിദ്രുമങ്ങൾതിങ്ങിയതാൻ,
അതിൽ മാലിലാപ്പെട്ടു നാളൊട്ടേറെക്കഴിഞ്ഞുപോയ്!
ആ ഞങ്ങളാശകേടാലും കാലം വൈകുകയാലുമേ
കപീരാജഭയത്താലുമുറച്ചിതുയിർ പോക്കുവാൻ; 58

വനദുർഗ്ഗം, മലഞ്ചോലയിവയിങ്കൽത്തിരഞ്ഞതിൽ
ദേവിതൻ ഗതി കണ്ടെത്താഞ്ഞൊരുങ്ങിയുയിർ പോക്കുവാൻ.
കപീന്ദ്രരെല്ലാം പ്രായോപവേശം കൊണ്ടതു കാൺകയാൽ
വിലപിച്ചാൻ മാൽക്കടലിലത്യന്തം മുങ്ങിയംഗദൻ, 60

നീ പോയതു,ബ്ബാലിവധ,മസ്മൽപ്രായോപവേശനം,
ജടായുസ്സിന്റെ മരണമിവയെപ്പററി മൈഥിലി!
സ്വാമിച്ചൊല്ലാലാശ കെട്ടു ഞങ്ങൾ ചാകാൻ തുടങ്ങവേ,
കാര്യത്തിനൊന്നപോലെത്തിയൊരു വമ്പക്ഷി വീര്യവാൻ 62

സമ്പാതിയെന്ന ഗൃധ്രേശൻ ഗൃധ്രരാജന്റെ പൂർവ്വജൻ
ഭ്രാതാവിന്റെ വധം കേട്ടു കോപമാർന്നുവചൊതിനാൻ:—
'ആരാണെൻ തമ്പിയെക്കൊന്നതു,ങ്ങാവാൻ വിട്ടിരിപ്പതും?
ഇതു വിജ്ഞനായ്ക്കയില്ല,തിനതാൻകൊള്ളാം കപീന്ദ്രരേ!' 64

അംഗദൻ ശരിയായ്ച്ചൊന്നാൻ, ജനസ്ഥാനത്തു വെച്ചുതാൻ
വിരൂപം ഘോരരക്ഷസ്സാലവന്നേററ പെരുംകൊല.



Digitized By Kerala Sahitya Akademi

ജടായുഹതി കേട്ടല്ലൽപ്പെട്ടാനരുണോത്ഭവൻ;
അവനല്ലോ കഥിച്ചതു നിൻ ലങ്കാവാസം നിതംബിനി! 66

സന്തോഷസന്ദായകമസ്സമ്പാതിമൊഴി കേൾക്കയാൽ
പോന്നു ചിക്കെന്നവിടെനിന്നംഗദാദികൾ ഞങ്ങളും.
വിന്ധ്യങ്കൽനിന്നു കടലിൻ വടക്കേക്കര പൂകിനാർ,
ത്വദ്ദർശനോൽക്കരായ്ത്തോഷിച്ചുൾ കളിത്ത വലീമുഖർ. 68
കരയ്ക്കരികിലെത്തിച്ചേർന്നംഗദാദികളേവരും
ഭയേന ചിന്തയിൽപ്പെട്ടാർ വീണ്ടും, ത്വദ്ദർശനോത്സുകർ.
കടൽ കണ്ടുള്ളിടിയുമപ്പ്ലവംഗപ്പടതന്നുടെ
കടുംഭയം തീർത്തഥ ഞാൻ ചാടിനേൻ നൂറു യോജന. 70
പുക്കേനരക്കരാൽച്ചുററപ്പെട്ട ലങ്കയുമല്ലിൽ ഞാൻ;
കണ്ടേൻ ഞാൻ രാവണനെയും മാലിൽ മുങ്ങിയ നിന്നെയും.
ഇതെല്ലാം സത്യമായ്ച്ചൊല്ലുന്നേനിവിട്ടത്തോടനിന്ദിതേ;
സംസാരിക്കുന്നൊടെൻദേവി; ദൂതൻ ദാശരഥിക്കു ഞാൻ. 72
അങ്ങയെച്ചൊല്ലി രാമനുവേണ്ടിയിട്ടിങ്ങു വന്നവൻ,
സുഗ്രീവാമാത്യനറിക വായുവിൻ സൂനു ദേവി, ഞാൻ.
നിൻകാകുത്സ്ഥൻ കുശലിതാൻ സർവ്വശസ്ത്രഭൃദ്വരോത്തമൻ;
സുലക്ഷണൻ ലക്ഷ്മണനും, ഗുരുശുശ്രൂഷണോദ്യതൻ. 74
ദേവിതൻ വീഴ്ച്ചവാനാമബ്ഭർത്താവിൻെറ ഹിതത്തിനായ്
വന്നേനൊററയ്ക്കിവിടെ ഞാൻ സുഗ്രീവനുടെ ചൊല്ലിനാൽ;
തനിയേ സഞ്ചരിച്ചുംകൊണ്ടിത്തെക്കേദ്ദിക്കിലെത്തിനേൻ
ദേവിയെങ്ങെന്നതാരാഞ്ഞുനോക്കാനായ്ക്കാമരൂപി ഞാൻ. 76
ഭാഗ്യം, നിൻനാശമോർത്തല്ലൽപ്പെട്ടും കീശപ്പടയ്ക്കു ഞാൻ,
നിന്നെക്കണ്ടെത്തിയതുരച്ചാററുമല്ലോ മതിജ്വരം!
ഭാഗ്യം, വൃഥാവിലായ്പ്പോയീലാഴി ചാടിയതിങ്ങു ഞാൻ!
ഭാഗ്യം, കൈവരുമല്ലോ മേ ദേവിയെക്കണ്ടതിൻ പുകൾ! 78
വീണ്ടെടുക്കുകയുംചെയ്യും വീഴ്ച്ചവാൻ രാമനങ്ങയെ,
രാവണാശരരാജാവെക്കൂട്ടത്തോടേ വധിച്ചുടൻ.
വൈദേഹി, മാല്യവാനെന്നുണ്ടൊരു മാമലയാം മല;
ഗോകർണ്ണാദ്രിയ്ക്കങ്ങുനിന്നു പോയാൻ കേസരി വാനരൻ; 80
ദേവർഷിശാസനത്താലെന്നച്ഛനാക്കപിസത്തമൻ
ശംബസാദനനെക്കൊന്നാൻ നല്ലാഴിത്തീർത്ഥമായതിൽ.

Digitized By Kerala Sahitya Akademi

അൎക്കീശന്റെ കളത്രത്തിൽപ്പിറന്നോൻ വായുവിന്നു ഞാൻ,
സ്വകൎമ്മംകൊണ്ടുതാൻ സീതേ, ഹനുമാനെന്നു വിശ്രുതൻ. 82
വിശ്വാസത്തിനു വൈദേഹി, ചൊന്നേൻ ഭൎത്തൃഗുണങ്ങളും ഞാൻ;
ദേവീയെശ്ശോഭനേ, രാമൻ കൊണ്ടുപോമിങ്ങുനിന്നുടൻ.''
ഏവംവാസ്തവചിഹ്നങ്ങളും കേട്ടു വിശ്വാസയുക്തയായ്
അവനെ ദൂതനെന്നെണ്ണി. മാൽച്ചുടപ്പാൻ മൈഥിലി. 84
നിസ്തുല്യഹൎഷവും പൂണ്ടാൾ കോൾമയിർക്കൊണ്ടു ജാനകി;
രോമം ചുരുണ്ട കണ്ണാലേ വാൎത്താളാനന്ദബാഷ്പവും.
വെളുത്തു ചെങ്ങിയ നെടുംകണ്ണുള്ളാച്ചാരുവാം മുഖം
വിളങ്ങീ വിരികണ്ണാൾക്കു, രാഹുമുക്തേന്ദു പോലവേ. 86
ഹനുമൽകപിയെത്തീൎത്തും മറിച്ചെണ്ണാതെയായ, വാം;
ഹനുമാനപ്പുറം ചൊല്ലീ പ്രിയദൎശനയോടുടൻ:—
'ഇതെല്ലാം ചൊല്ലിനേൻ നിന്നോടാ;—ശ്വസിയ്ക്കുക മൈഥിലി;
എന്തു ചെയ്യേണ്ടു? നിന്നിഷ്ടമെവ്വണ്ണം? ഞാൻ തിരിയ്ക്കയായ്. 88

മഹൎഷിവാക്കാൽ യുധി ശംബസാദനാ—
മരാരിയെക്കേസരി കൊന്നതിന്നുമേൽ
പിറന്നവൻ മൈഥിലി, മാരുതന്നു ഞാ—
ന,വന്റെയാ മേന്മയുമാന്ന വാനരൻ.'

—*—

## മുപ്പത്താറാം സർഗ്ഗം: സീതാശങ്ക

വീണ്ടും, തേജസ്സു കൂടുന്ന ഹനുമാനനിലാത്മജൻ
സീതയ്ക്കു വിശ്വാസമുദിപ്പാനായ്ത്താഴ്മയിലോതിനാൻ:—
'വാനരൻ ഞാൻ മഹാഭാഗേ, ധീമദ്രാമന്റെ ദൂതനാം;
കാൺകിതാ ദേവി രാമന്റെ പേരണിത്തിരുവാഴിയും: 2
നിൻവിശ്വാസത്തിനദ്ദേഹം നല്കയാൽ കൊണ്ടുവന്നതാം;
സമാശ്വസിയ്ക്ക, ഭദ്രം തേ, തീൎന്നുപോയ് തവ ദുൎദ്ദശ!'
ഭൎത്താവിനുടെ കൈപ്പണ്ടം വാങ്ങി നോക്കുന്നവേളയിൽ,
ഭൎത്താവായ്ച്ചേൎന്നതിൻവണ്ണം ഹൃഷ്ടയായ്ത്തീൎന്നു ജാനകി! 4
വെളുത്തു ചെങ്ങിയ നെടുംകണ്ണുള്ളാച്ചാരുവാംമുഖം
വിളങ്ങീ വിരികണ്ണാൾക്കു രാഹുമുക്തേന്ദു,പോലവേ.

Digitized By Kerala Sahitya Akademi

നാണിച്ചപ്പെൺകിടാവങ്ങു ഭർത്തൃസന്ദേശഹൃഷ്ടയായ്
സന്തോഷം പൂണ്ടു കൊണ്ടാടി പ്രശംസിച്ചാളാം കപീന്ദ്രനെ:— 6
"വിക്രാന്തൻ നീ, വിദഗ്ദ്ധൻ നീ, പ്രാജ്ഞൻ നീ വാനരോത്തമ:
വന്നാക്രമിച്ചുവല്ലോ നിയ്യൊ,റ്റയ്ക്കീ രാക്ഷസാലയം!
നൂറു കാതം പരപ്പുള്ള സാഗരം മകരാലയം
പൈക്കുളമ്പാക്കിവെച്ചില്ലോ ചാട്ടത്താൽ ശ്ലാഘ്യവിക്രമൻ! 8
ഒരു സാധുക്കുരങ്ങെന്നല്ലോർപ്പൂ നിന്നെക്കപീന്ദ്ര, ഞാൻ:
പേടിക്കുസലുമില്ലല്ലോ തവ രാവണനാലെയും!
ശരിയ്ക്കെന്നോടു സംസാരിയ്ക്കാവുന്നവനമാണു നീ:
ജ്ഞാതാത്മാവാം രാമനയച്ചോനല്ലോ വാനരേന്ദ്ര, നീ. 10
ദുർദ്ധർഷൻ രാമനാപരീക്ഷിതനെച്ചൊന്നയച്ചിടാ
പരാക്രമം ധരിയ്ക്കാതേ, വിശേഷിച്ചെന്റെ ചാരനോ.
ഭാഗ്യം, രാമൻ സുഖിയുമാണേററം നേരുള്ള ധാർമ്മികൻ;
തേജസ്വിയാം ലക്ഷ്മണനും സുമിത്രാനന്ദവർദ്ധനൻ! 12
കാകുത്സ്ഥൻ സുഖിയാണെങ്കിലാ,ഴി ചൂഴററ ഭൂമിയെ
ചൊടിച്ചെന്താണെരിയ്ക്കാത്തതേ,ന്തും കല്പാഗ്നി പോലവേ?
അല്ലെങ്കിൽ,ദ്ദേവകളെയും വെല്ലാൻ പോന്നവരാണവർ;
എന്നാലി, ല്ലായിരിയ്ക്കാമെൻദുഃഖങ്ങൾക്കൊരു നീക്കവും! 14
മെലിഞ്ഞുപോയിട്ടില്ലല്ലീ? തപിപ്പീലല്ലി രാഘവൻ?
മേലിൽ വേണ്ടവയും ചെയ്യുന്നില്ലയോ പുരുഷോത്തമൻ?
വാടുന്നില്ലല്ലി? കാര്യത്തിൽത്തപ്പുന്നില്ലല്ലി സംഭ്രമാൽ?
പൌരുഷത്തെയനുഷ്ഠിയ്ക്കുന്നില്ലയോ നൃപനന്ദനൻ? 16
കൊള്ളുവതില്ലേ ദ്വിവിധമായ് മൂവുപായമുപായവും?
വിജിഗീഷുസുഹൃത്തല്ലേ മിത്രങ്ങളിലരിന്ദമൻ?
മിത്രങ്ങളെ ലഭിപ്പീലേ? നേക്കുന്നില്ലേ രിപുക്കളെ?
സസ്നേഹമിത്രാന്വിതനം മിത്രാദൃതനുമല്ലയോ? 18
നേരുന്നതില്ലയോ ദേവപ്രസാദം പാർത്ഥിവാത്മജൻ?
പൌരുഷം ദൈവമിവയെസ്സംശ്രയിയ്ക്കുന്നതില്ലയോ?
വേർപാടാലെന്റെമേൽ സ്നേഹം വിട്ടോനല്ലല്ലി രാഘവൻ?
ഇയ്യനർത്ഥത്തിൽനിന്നെന്നെ വിടുത്തില്ലേ വലീമുഖ ? 20
നിത്യം സുഖങ്ങളാം ശീലിച്ചോനസുഖം ശീലിയാത്തവൻ
വല്ലാത്തഴലണഞ്ഞിട്ടു വാടുന്നീലല്ലി രാഘവൻ?

Digitized By Kerala Sahitya Akademi

കൌസല്യതന്റെ കുശലം കേൾക്കപ്പെട്ടവതില്ലയോ,
സുമിത്രയുടെയും കൂടെയുള്ളടെയ ബ് ഭരതന്റെയും? 22

മാഴ്കന്നീലല്ലി ഞാൻമൂലം, മാനിയ്ക്കുന്നതക്ക രാഘവൻ?
സകതനല്ലല്ലി മറെറാന്നിലെ?-ന്നെ രക്ഷിയ്ക്കയില്ലയോ?
മന്ത്രിമാർ കാപ്പതാം ഘോരാക്ഷൌഹിണിപ്പടയൊന്നിനെ
എനിയ്ക്കായിട്ടയയ്ക്കില്ലേ ഭരതൻ ഭ്രാതൃവത്സലൻ? 24

ശ്രീമാൻ കപീന്ദ്രൻ സുഗ്രീവനൊന്നൊപ്പം വരില്ലയോ,
നഖദന്തായുധന്മാരാം വീരവാനരർ ചുററുമായ്?
അശ്ശൂരനാം ലക്ഷ്മണനാം സുമിത്രാനന്ദവദ്ധനൻ
അസ്ത്രജ്ഞനമ്പിൻനിരയാൽ മുടിയ്ക്കില്ലേ നിശാടരേ? 26

കാണില്ലേ തെല്ലുനാളാൽ ഞാൻ,കത്തുമുഗ്രശരത്തിനാൽ
കൂട്ടരോടൊപ്പമേ പോരിൽക്കൊല്ലപ്പെട്ട ദശാസ്യനെ?

അവനും, പൊയ്ത്താർമണമെത്തു പൊന്നിൻ-
വർണ്ണം പെടുന്നാ മുഖമെൻവിയോഗാൽ
മാലാണ്ടുണങ്ങീടുവതില്ലയല്ലീ,
നീർ വററി വെയിലാൽ നളിനം കണക്കെ? 28

ധർമ്മാസ്ഥയാ നാടു വെടിഞ്ഞു, കൊണ്ടു-
പോന്നെന്നെയും കാട്ടിൽ നടത്തിയിട്ടും
മാൽ പേടിയും ശോകവുമാക്കദിച്ചീ-
ല,ദ്ദേഹമുൾധീരത കൊൾവതില്ലേ?
ഇല്ലമ്മ,യില്ലച്ഛനൊ,രാളുമില്ലാ
സ്നേഹാൽക്കവിഞ്ഞോ,നവനൊക്കിടയ്ക്കോ;
മനോരമൻതൻ കഥയിങ്ങു ദൂത,
കേൾപ്പോളമേ ഞാനുയിർ പൂണ്ടിരിയ്ക്കൂ" 30

എന്നൊക്കെയും ദേവി മഹാത്ഥമംശു-
വാക്കക്കപിശ്രേഷ്ഠനൊടോതി, വീണ്ടും,
അവന്റെ രാമാത്ഥയുതാഭിരാമ-
വചസ്സു കേൾപ്പാൻ വിരമിച്ചു രാമ.

സീതതൻ വാക്കു കേട്ടിട്ടു വാതജൻ ഭീമവിക്രമൻ
തലയിൽത്തൊഴുകൈ വെച്ചു മറുവാക്കരിയാടിനാൻ:- 32
"നീയിങ്ങിരിപ്പതറിയാഞ്ഞിട്ടാണ, ബ്ജാക്ഷി, രാഘവൻ
ചിക്കെന്നു കൊണ്ടുപോകാത്തതി,ന്ദ്രൻ ശചിയെയാംവിധം.

Digitized By Kerala Sahitya Akademi

എന്നാലെൻവാക്ക കേട്ടാശു വന്നെത്തുമിഹ രാഘവൻ,
പ്ലവംഗർക്ഷർ നിറഞ്ഞോരു പെരുംപടയൊടൊപ്പമേ; 34
അക്ഷോഭ്യം വരുണാഗാരം സ്തംഭിപ്പിച്ചാശുഗങ്ങളാൽ
ലങ്കാപുരിയരക്കന്മാരററതാക്കും കകുത്സ്ഥജൻ.
അതിന്നിടയ്ക്കു, യമനോ ദേവാസുരഗണങ്ങളോ
രാമമാർഗ്ഗത്തിൽ നിന്നെന്നാല,വരും കൊലയേററപോം! 36
നിന്നെക്കാണായ്കയാലാര്യേ, മാലിൽ മുങ്ങിയ രാഘവൻ
നേടുന്നീലാ സുഖം,സിംഹാർദ്ദിതമാമാന പോലവേ.
മലയം, വിന്ധ്യന,വ്വണ്ണം മന്ദരം, മേരു, ദർദ്ദുരം,
കായ്കിഴങ്ങിവകൊണ്ടാണായിട്ടുന്നേൻ ദേവിയോടു ഞാൻ: 38
നീംക്കണ്ണും തൊണ്ടിനേർച്ചുണ്ടുമൊത്ത രാമൻെറ നന്മുഖം
കാണാം തേറോർമതിയുദിച്ചതുപോല,ഗ്ഗ്രകണ്ഡലം!
വൈദേഹി, നെ ക്കമെങ്ങയ്ക്കു കാണാം, പ്രസ്രവണാദ്രിമേൽ,
നാകപൃഷ്ഠസ്ഥലത്തിന്ദ്രൻ പോലെ മേവുന്ന രാമനെ! 40
മാംസം തിന്നില്ല കാകുത്സ്ഥൻ, കുടിയ്ക്കാറില്ല മദ്യവും;
നിത്യം, വിധിച്ച വന്യാന്ന,മഞ്ചാംനേരത്തശിച്ചിടും!
കാട്ടീച്ചയെ,ക്കൊതുകിനെ,ക്കീടത്തെ,യിഴജന്തുവെ
മെയ്യിൽനിന്നാട്ടിടാ രാമനു,ംക്കാമ്പങ്ങയിലാകയാൽ! 42
എല്ലായ്പ്പോഴും മനോരാജ്യ,മെല്ലായ്പ്പോഴും വിഷാദവും;
ആക്കാമവശനാം രാമന്നില്ല മറെറാരു ചിന്തയും!
നിദ്രയില്ലേതുമേ രാമനു,റങ്ങുകിൽ നരോത്തമൻ
'സീതേ!' എന്നായ്സ്സുമധുരം ചൊല്ലിക്കൊണ്ടെഴുന്നേൻപോം! 44
പുഷ്പമോ ഫലമോ മറേറാ ഭംഗിയുള്ളതു കാണുകിൽ,
'ഹാ, പ്രിയേ!' എന്നു വീർപ്പിട്ടു വിളിയ്ക്കും നിന്നെ നൂറുരു!

സന്തപ്തനായ്ദ്ദേവി, സദാപി 'സീതേ!'
എന്നങ്ങയെത്തന്നെ വിളിച്ചുകൊണ്ടേ,
ഉദാരനാ രാജസുതൻ വ്രതസ്ഥൻ
തൽപ്രാപ്തിയൊന്നിന്നു പരിശ്രമിപ്പൂ."
രാമാനുസങ്കീർത്തനവീതശോക,
രാമൻെറ ശോകത്തൊടു തുല്യശോക,
ശരന്മുഖേ കാർമുകി ചന്ദ്രനും ചേ-
ന്നൊരല്ലുപോലായി വിദേഹപുത്രി.

—:*:—

Digitized By Kerala Sahitya Akademi

## മുപ്പത്തേഴാം സർഗ്ഗം: രാമാനയനപ്രാർത്ഥനം.

—:::—

സീതയാ വാക്ക കേട്ടിട്ടു, ദുഃഖാർത്തികളാം നേർമുഖി
ഹനുമാനോടു ധർമ്മാർത്ഥയുക്തമായേവമോതിനാൾ:—
“വിഷം കലർന്നോരമൃതാണങ്ങു ചൊന്നതു വാനര:
രാമൻ മറെറാന്നുമോക്കാത്തോനെന്നും, ശോകാർത്തനെന്നുമേ! 2
വായ്ച സമ്പത്തിലേക്കും വൻദാരുണാപത്തിലേക്കുമേ
കയറാൽക്കെട്ടിയിട്ടാംമട്ടിഴപ്പൂ വിധി മർത്ത്യനെ!
ദേഹികൾക്ക തടുക്കാവതല്ല ദൈവം മഹാകപേ:
രാമലക്ഷ്മണരും ഞാനും മാലിലാണ്ടതു കാൺക നീ!
ഇദ്ദുഃഖത്തിൻ മറുകരെയ്യെന്നെത്തീടും കകുൽസ്ഥജൻ, 4
കടലിൽക്കപ്പൽ പൊളികെ ക്ലാന്തനായ് നീന്തുവോൻ പടി?
അരക്കരെക്കൊന്നു ദശഗ്രീവന്നരതി നല്കിയും
ലങ്ക തീരെ മുടിച്ചെന്നെക്കാണുമെന്നാണു വല്ലഭൻ? 6
‘വെമ്പുകെ’ന്നവിടുത്തോടു ചൊല്ലുകീ,യൊരു വത്സരം
ചെൽവതിൻമുമ്പുതാനു;—ത്തനാളേ ജീവിക്കുകയുള്ള ഞാൻ!
പത്താംമാസം കഴികയായ്; ബാക്കി രണ്ടേ പ്ലവംഗമ:
എനിക്കു വെച്ചോരവധിയിതല്ലോ പാപി രാവണൻ. 8
വിഭീഷണാഖ്യൻ സോദര്യനെന്നെത്തിരിയെ നൽകുവാൻ
കിണഞ്ഞനുനയിപ്പിച്ചാൻ, കൂട്ടാക്കന്നീലതായവൻ.
എന്നെത്തിരിച്ചേകുവതു രാവണന്നിഷ്ടമല്ലപോൽ;
മരണം തിരയുന്നുണ്ടു പോരിലക്കാലവശ്യനെ! 10
വിഭീഷണാഗ്ര്യസുതയാം കന്യകാനലയാണി,ഹ
വന്നുചൊല്ലിയതെന്നോടിത,മ്മ താൻതാനയയ്ക്കയാൽ.
അവിന്ധ്യനെന്ന മേധാവി വൃദ്ധരാക്ഷസപുംഗവൻ
ധൈര്യവാൻ ശീലവാൻ വിദ്വാൻ രാവണന്നതിസമ്മതൻ 12
രാമനാലാശരക്കെത്തീ നാശമെന്നോതിനോക്കിപോൽ;
അദ്ദേഹത്തിൻെറ ഹിതമാം വാക്കും കേൾപ്പീല ദുർമ്മതി!
നേരുവൻ ഞാൻ: ദ്രുതം കർത്താവെങ്കലെത്തും കപീശ്വര;
വിശുദ്ധമല്ലോ ചിത്തം മേ; തെല്ലല്ലവനിൽ നന്മയും: 14
ഉത്സാഹം, പൌരുഷം, സത്വം, കൃതജ്ഞത,മൃദുത്വവും
പ്രഭാവവും വിക്രമവുമുണ്ടു രാമങ്കൽ വാനര!

Digitized By Kerala Sahitya Akademi

ജനസ്ഥാനത്തുവെച്ചീരേഴായിരംപേരരക്കരെ
തമ്പികൂടാതെ കൊന്നോനെപ്പേടിക്കില്ലേതു വൈരിതാൻ ? 16
ആപത്തുകാംക്കിളക്കാവുന്നാളല്ലോ പുരുഷർഷഭൻ;
അവൻെറ ശക്തിയറിവോം ശക്രൻെറ ശചിപോലെ ഞാൻ:
ശരാംശുമാലിയാം ശൂരൻ രാമസൂര്യൻ പ്ലവംഗമ,
ശത്രുരാക്ഷസവെള്ളത്തെത്തീരെ വററിച്ചുകൊള്ളുമേ!” 18

എന്നേവം രാമനെപ്പററിച്ചൊല്ലി,യല്ലൽത്തളച്ചയാൾ
മുഖത്തു കണ്ണീർ തിറയുമവളോടോതി വാനരൻ:—
“എൻവാക്കു കേട്ടിട്ടുടനേ വന്നെത്തുമിഹ രാഘവൻ,
പ്ലവംഗർക്ഷർ നിറഞ്ഞോരു പെരുംപടയൊടൊപ്പമേ. 20
അഥവാ, നിന്നെയീ മാലിൽനിന്നിപ്പോഴെത്താനനിന്ദിതേ,
യോർപെടുത്താം സുമുഖി ഞാൻ; കേറിക്കൊൾകെൻപുറത്തു നീ.
നിന്നെപ്പുറത്തെടുത്തിട്ടു കടലും ഞാൻ കടക്കുവൻ:
പേറാൻ കെൽപ്പുണ്ടെനിയ്ക്കല്ലോ, രാവണൻ ചേർന്ന ലങ്കയും. 22
ഞാനാ പ്രസ്രവണേ വാഴും രാഘവങ്കൽ വിദേഹജേ,
എത്തിപ്പനിന്നാ,ഹുതിയെശ്ശക്രങ്കൽശ്ശിഖിപോലവേ,
കാണാം സീതേ, നിനക്കിന്നേ, ലക്ഷ്മണൻ ചേർന്ന രാമനെ,
ദൈത്യഹിംസയിലുത്സാഹം പൂണ്ട വിഷ്ണുവെയാംവിധം. 24
നിന്നെക്കാണ്മാൻ തുനിഞ്ഞാശ്രമത്തിൽ വാഴും ബലിഷ്ഠനെ,
ഗിരീന്ദ്രാഗ്രത്തിലരുളുമമ്പർകോനെക്കണക്കിനെ!
കേറിക്കൊൾകെൻപുറത്തായ്യേ; മടിച്ചീടേണ്ട ശോഭനേ:
ചേർന്നാലും രാമനോടി,ന്ദുവോടു രോഹിണി പോലെ നീ. 26
മിന്നുന്ന ചന്ദ്രാർക്കരോടു സംസാരിപ്പവൾ പോലവേ,
എൻപുറത്തേറിയാകാശപ്പെരുംകടൽ കടക്ക നീ!
ഇങ്ങുനിന്നംഗനേ നിന്നെക്കൊണ്ടുപോകുമൊരാളെന്നുടെ
പോക പിന്തുടരാൻ പോരാ ലങ്കാവാസികളേവരും 28
എത്തിയവിടെ വന്നോൻ ഞാനെ,ങ്ങട്ടേ ശങ്കിയാതെ ഞാൻ
നിന്നെച്ചുമന്നു വാനേറിപ്പോയ്ക്കൊള്ളാം; കാണുക മൈഥിലി!”

കപിവര്യൻെറയാശ്ചര്യമൊഴി കേട്ടിട്ടു ജാനകി
ഹർഷാകുലാംഗിയായ്ക്കൊണ്ടാമേനിർക്കൊണ്ടതുമാതു വാക്കു ചൊല്ലിനാൾ:- 30
ദൂരേറും വഴി വാനരൻ,നീയെന്നെപ്പേറാൻ നിനയ്ക്കയോ?
അതു നിൻവാനരത്വംതാനെന്നെൻപക്ഷം കപീശ്വര!

Digitized By Kerala Sahitya Akademi

കൃശൻ നീയിങ്ങുനിന്നെന്നെക്കൊണ്ടാക്കാനോപ്പതെങ്ങിനെ
നരേന്ദ്രനാമെൻഭർത്താവിന്നരികിൽ പ്ലവഗർഷഭ! 32
സീതതൻ വാക്കു കേട്ടിട്ടാ ശ്രീഹനൂമാൻ മരുത്സുതൻ,
നടാടെയൊരു പോരായ്മ പെട്ടതായ്ക്കരുതീടിനാൻ!
'അറിഞ്ഞുകൂടാ മയ്യണ്ണാരംഭക്കെൻകരുത്തോ പ്രഭാവമോ;
എന്നാൽക്കാണട്ടെ വൈദേഹി, കാമംപോലാകുമെന്നുടൽ 34
എന്നു ചിന്തിച്ചു ഹനുമാനപ്പൊഴേ പ്ലവഗർഷഭൻ
കാട്ടിക്കൊടുത്താൻ സീതയ്ക്കു തന്റെ മെയ്യരിമർദ്ദനൻ: 36
ആ മരം വിട്ടുടൻ ചാടി വലുതാവാൻ തുടങ്ങിനാൻ,
സീതയ്ക്കു വിശ്വാസമുദിപ്പാനായ്ധീമൻ കപീശ്വരൻ. 38
മേരുമന്ദരമട്ടൊത്തു ശോഭിച്ചാനെരിതീപ്രഭൻ;
കപീന്ദ്രൻ നില്ക്കയുംചെയ്താൻ സീതതൻ തിരുമുമ്പിലായ്!
മുഖം ചുടുത്തോൻ, പ്ലവഗൻ മലയ്യൊത്തോൻ, മഹാബലൻ,
വജ്രദംഷ്ട്രാനഖൻ, ഭീമൻ വൈദേഹിയൊടിതോതിനാൻ:— 38
'മല കാടും മതിൽ കമാൻ കൊത്തളം ചേർന്ന ലങ്കയെ
നാഥനോടൊപ്പമേ കൊണ്ടുപോകുവാനുണ്ടു ശേഷി മേ!
അതിനാലുള്ളുറപ്പിയ്ക്കാം; മടി പോരും വിദേഹജേ;
മാലറ്റോനാക്കുകെൻദേവി, ലക്ഷ്മണൻ ചേർന്ന രാമനെ.' 40
കാററിന്മകന്റെ കൊടുതാം സ്വരൂപമതു കണ്ടുടൻ
ചൊന്നാളവനൊട,ല്ലിത്താരിതളൊനേർമിഴി ജാനകി:—
'നിൻനെഞ്ചുറപ്പും ബലവുമറിയാം വാനരേന്ദ്ര, മേ,
തീയ്യൊത്തദ്ഭുതതേജസ്സും, കാററിനൊത്തുള്ള പോക്കുമേ. 42
മററു നിസ്സാരനീ മന്നിലെവ്വണ്ണം വന്നണഞ്ഞിടും,
അളവില്ലാത്ത കടലിന്നിപ്പുറം കപിപുംഗവ?
അറിവേനെ,ന്നെയും കൊണ്ടുപോകുവാൻ ശേഷിയുണ്ടു തേ.
എന്നാൽ ഭദ്രപ്രദം നിനയ്ക്കേണം തനതാം കാര്യസിദ്ധിയും: 44
പോന്നുകൂടാ കപിശ്രേഷ്ഠ, ഭവാനോടൊരുമിച്ചു ഞാൻ;
കാററൊക്കിന്നൊത്ത നിന്നുക്കിൽ മോഹാലസ്യം വരും മമ;
ആഴിതൻ മേലെമുകളിലാകാശത്തിലണഞ്ഞ ഞാൻ
ഊക്കിൽപ്പാഞ്ഞിടും നിന്റെ മുതുകിൽനിന്നു പേടിച്ചു വീണുപോം. 46
തിമിനക്രഝഷം തിങ്ങുമാഴിയിൽച്ചെന്നു വീണ ഞാൻ
വലഞ്ഞു ജലജന്തുക്കൾക്കുററൊരിരയുമാമുടൻ!



Digitized By Kerala Sahitya Akademi

ഞാനാളല്ലങ്ങയോടൊത്തു പോരുവാനരിനാശന;
രക്ഷ്യവാനാകിലങ്ങനും സംശയത്തിൽപ്പെട്ടം ദ്ധ്രുവം: 48
ഹരിശ്ശപ്പെട്ടമെന്നെക്കണ്ടു,ഗ്രവിക്രമരാശരർ
പിന്തുടർന്നെത്തുമേ, ദുഷ്ടൻ രാവണൻ ചൊന്നയജ്ഞയാൽ;
ശൂലംമുൽത്തടി കൈക്കൊണ്ടാ ശൂരർ നിന്നെച്ചുഴന്നിട്ടും;
സംശയപ്പെട്ടപാം വീര, ഞാനാ[illegible]ം രക്ഷ്യമുള്ള നീ! 50
സായുധാശരരേററംപേർ, വാനിൽ നിശ്ശോ, നിരായുധൻ;
പോരിനെങ്ങിനെയാളാകു,മെന്നെ രക്ഷിപ്പതിന്നു മേ?
നീയാ നൃശംസരാം നക്തഞ്ചരരോടമർ ചെയ്യവേ,
ഭയാർത്തയായ് നിന്മുതുകിൽനിന്നു വീഴും കപീന്ദ്ര, ഞാൻ. 52
അരക്കരുഗ്രർ ക്രൂരന്മാർ കരുത്തുള്ളവർ പോരതിൽ
വെന്നുവെന്നുംവരാം നിന്നെ വല്ലപാടും കപീശ്വര.
അല്ലെങ്കില,മർ ചെയ്യും നീ ശ്രദ്ധിയ്ക്കാഞ്ഞിവരാം വീണുപോം;
വീണാലെടുത്തുടൻ കൊണ്ടുപോകുമേ പാപി രാക്ഷസർ. 54
അഥവാ നിങ്കൽനിന്നെന്നെക്കവരാം, കൊലചെയ്തിടാം:
ഉറപ്പില്ലാതെയാണല്ലോ കാണ്മൂ പോരിൽജ്ജയാജയം.
ഞാൻ ചത്തുവെന്നോ വന്നേയ്ക്കാ,മരക്കാരുടെ തർജ്ജനത്തിൽ;
എന്നാൽക്കപീന്ദ്ര, നിൻയത്നം പാഴിലായ്ത്തന്നെ തീർന്നിടും! 56
കൊല്ലാൻ നീ മതിയായേയ്ക്കാമരക്കന്മാരെയൊക്കയും;
രക്ഷോവധം നീ ചെയ്താലോ കീർത്തി രാമന്നിടിഞ്ഞുപോം.
അല്ലെങ്കിൽ,ക്കൊണ്ടുപോന്നെന്നെയൊളിപ്പിയ്ക്കും നിശാചരർ,
അക്കീശനും രാഘവനും കണ്ടെത്താത്തൊരിടത്തുതാൻ. 58
അപ്പോളെ,ന്നെക്കുറിച്ചുള്ള നിൻവേലയിതു പാഴിലാം;
നീ രാമനൊക്കൊണ്ടുവരികെന്നതാണേററമുത്തമം.
എൻപക്കലല്ലോ പെരിയ രഘൂത്തമന്റെ ജീവിതം,
ഭ്രാതാക്കൾക്കും മഹാബാഹോ, തവ രാജകുലത്തിനും; 60
എൻപേരിലാശകെട്ടെന്നാലഴൽച്ചൂടാൽച്ചുടച്ചവർ,
കീശർക്ഷരെല്ലാമൊന്നിച്ചു രണ്ടാളുമുയിർ പോക്കുമേ!
ഭർത്തൃഭക്തിയെ മുന്നിർത്തി വാഴ്‌വോൾ ഞാൻ വാനരർഷഭ;
രാമനല്ലാതൊരാണിന്റെ ദേഹം തൊടുകയില്ല ഞാൻ. 62
രാവണന്റെ ശരീരം ഞാൻ ബലത്താൽത്തൊട്ടുപോയതാം:
എന്തൊന്നു ചെയ്യും, നിസ്സ്വൻ വിട്ടാവതെന്ന്യേ വലഞ്ഞ ഞാൻ!

Digitized By Kerala Sahitya Akademi

രാമൻ ദശാസ്യനെക്കൂട്ടത്തോടിങ്ങു കൊലചെയ്തുടൻ
എന്നെക്കൊണ്ടങ്ങു പോമെന്നാ,ലതവന്നൊത്തതായ്വരും! 64
ശ്രവിച്ചതും കണ്ടതുമാണു ഞാൻ, രണ-
പ്രമാഥിയാമപ്പെരിയോന്റെ വിക്രമം:
സുരാഹിഗന്ധർവ്വനിശാടരാരുമേ
പടയ്ക്കു രാമന്റെ കിടയ്ക്കു നിന്നിടാ.
വിചിത്രചാപൻ വലവൈരിവിക്രമൻ
കകുത്സ്ഥജൻ ഭൂരിബലൻ സലക്ഷ്മണൻ
പടയ്ക്കു കാണാവുകിലാർക്കു സഹ്യനാം,
സമീരനേറ്റാളിടുമഗ്നി പോലവേ? 66
സലക്ഷ്മണൻ രാഘവനാജിമർദ്ദനൻ
മദിച്ച ദിശന്തികണക്കു നില്പവൻ
കപീന്ദ്ര, യുദ്ധങ്ങളിലാർക്കു സഹ്യനാം,
യുഗാന്തസൂര്യപ്രതിമൻ ശരാംശുമാൻ?
കപീന്ദ്ര, നീ യൂഥപരൊത്തു വെക്കമി-
ങ്ങണയ്ക്ക, മേ ലക്ഷ്മണനൊത്ത നാഥനെ;
ചിരം തുലോം രാമനെയോർത്തു മാഴ്കിടു-
ന്നെനിക്കു ഹർഷം ഹരിവീര, നല്കു നീ." 68

—*—

## മുപ്പത്തെട്ടാം സർഗ്ഗം: ചൂഡാമണിദാനം

—o—

ആ വാക്കു കേട്ടിട്ടു മനം കുളിർത്തക്കപിപുംഗവൻ
സീതയോടുടനേ ചൊന്നാൻ, ചൊല്ലുവാൻ വിരുതുള്ളവൻ:—
"അരുളിച്ചെയ്തതു തുലോം ശരിതാൻ ശുഭദർശനേ;
സ്ത്രീസ്വഭാവത്തിനും ചേർന്നുള്ളൊന്നു സാധ്വീനടപ്പിനും. 2
സ്ത്രീത്വത്തിനാവതല്ലല്ലോ, തടിയുള്ളെങ്കലേറിയും,
നൂറുയോജന വിസ്താരം ചേരും കടൽ കടക്കുവാൻ.
രണ്ടാമതൊന്നു ചൊന്നല്ലോ കാരണം വിനയാന്വിതേ,
'രാമനല്ലാതൊരുവനെത്തൊടാ ഞാനെ'ന്നു ജാനകി; 4
ഇതാ മഹാന്റെ ഗൃഹിണിയാകും ദേവിക്കു ചേർന്നതാം;
ദേവിയല്ലാതെ മറ്റേതു മങ്കയേവം കഥിച്ചിടും?
കാകുത്സ്ഥൻ കേൾക്കയും ചെയ്യുമൊക്കെയൊട്ടൊഴിയാതെതാൻ,
എന്നുന്നിൽവെച്ചു കല്പിച്ചുചെയ്തതും ദേവി ചൊന്നതും, 6

Digitized By Kerala Sahitya Akademi

വളരെക്കാരണംകൊണ്ടു രാമന്നിഷ്ടം വരുത്തുവാൻ,
സ്നേഹംകൊണ്ടുള്ളഴിഞ്ഞിട്ടു ചൊന്നതാണിതു ദേവി, ഞാൻ:
ലങ്കതൻ ദുഷ്പ്രവേശതാം, വങ്കടൽത്തൻ സ്തരതാവും,
എൻെറ പാടവവും മൂലമത്രേ; ഞാനിതു ചൊല്ലിനേൻ. 8
തോന്നിപ്പോയ്, രഘുനാഥങ്കൽച്ചേർക്കാൻ ദേവിയെയിപ്പൊഴേ;
മറിച്ചല്ലാ, ഗുരുസ്നേഹാൽ, ഭക്തിയാലുമിതോതിനാൻ.
വയ്യങ്ങയ്ക്കെന്നൊടൊന്നിച്ചു പോരാനെങ്കിലനിന്ദിതേ,
രാഘവന്നറിയാവുന്നൊരടയാളത്തെ നല്കു നീ." 10

ഏവം ഹനുമാൻ ചൊന്നപ്പോൾ, ദേവകന്യാഭ സീതയും
ബാഷ്പത്താലക്ഷരം ഛിന്നമാവരച്ചിതു മെല്ലവേ:—
"ഈ നല്ലൊരടയാളം ചൊല്ലെൻെറ വല്ലഭനോടു നീ:
'ചിത്രകൂടാദ്രിതൻ താഴ്‌വാരത്തീശാനകോണിലായ്, 12
മന്ദാകിനിയ്ക്കടുത്തേ,ററം നീർകാസ്ഥനികളുള്ളതായ്
സിദ്ധസേവിതമാം ദേശത്ത്, ശ്രമേ പണ്ടു പാർക്കവേ,
നാനാറാൽപ്പുഷ്പമണം കോലുമതിൻപൂംകാവിനങ്ങളിൽ
കളിച്ചു, മേൽക്കഴുകി, യെന്മടിത്തട്ടിൽക്കിടന്നു നീ. 14
അപ്പോഴാം, മാംസാർത്ഥിയായൊരു കാക്ക കൊത്തിക്കളഞ്ഞു മാം,
ആട്ടിനോനൊരു മൺകട്ടയോങ്ങിയാ വായസത്തെ ഞാൻ.
എന്നാലെ,ന്നെപ്പിളർത്തുംകൊണ്ടങ്ങുതന്നെ പതുങ്ങിനാൻ;
മാംസത്തിൽനിന്നു പിൻവാങ്ങീലി,ര തെണ്ടുന്ന വായസം. 16
ഞാൻ പക്ഷിയോടതിശമാന്നരഞ്ഞാന്നരിട്ടംവിധൌ,
വസ്ത്രവും കിഴിയുംനേരം, കണ്ടല്ലോ സ്വാമിയെന്നെ നീ;
ഉടൻ ഭവാൻ പരിഹസിച്ചതിൽ നാണിച്ചു രുഷ്ടയായ്
വന്നേൻ ഭവാങ്കൽ,ത്തീൻ തേടും കാക്ക കൊത്തിച്ചൊളിച്ചു ഞാൻ. 18
പിള്ളാടി,രിക്കും നിന്നംഗേ കിടന്നേൻ ഞാൻ തളച്ചയാൽ;
ചൊടിയ്ക്കുമെന്നെസ്സരസമാശ്വസിപ്പിച്ചിതങ്ങയും.
ഞാൻമുഖത്തശ്രുനീർവാന്നു കണ്ണു മെല്ലെത്തുടയ്ക്കവേ,
"കാകനാലതിശം കൊണ്ടേ,ളെന്നറിഞ്ഞു ഭവാൻ പ്രഭോ." 20
രാമൻെറ മടിയിൽ ക്ഷീണിച്ചേറെനേരമുറങ്ങി ഞാൻ;
ഉൗഴമിട്ടെൻമടിയിലുറങ്ങീ ഭരതാഗ്രജൻ
അന്നേരമങ്ങു വന്നെത്തിക്കൊണ്ടാനക്കാക്ക വീണ്ടുമേ—
ഞാനാ രാമൻെറ മടിയിൽനിന്നുന്നേററിരിക്കവേ, 22

കാക്ക ചിക്കെന്നു പറന്നെത്തി—മാന്തിനാനെൻ കുചാന്തരേ;
വീണ്ടും വീണ്ടും പറന്നെത്തി മാന്തിനാനെന്നെയേറ്റവും;
അതിനാൽച്ചോരയിറ്റിറ്റു വീണു രാമന്റെ മേനിയിൽ.
അക്കാക്ക വല്ലാതെയുപദ്രവിച്ചും സമയത്തു ഞാൻ 24
സുഖിച്ചുറങ്ങുമാ ശ്രീമാനാര്യവല്ലനെയുണർത്തിനേൻ.
എൻകൊങ്കകളും പിളർത്തപ്പെട്ടതു കണ്ടാ മഹാഭുജൻ
ചൊടിച്ച പാമ്പിനെപ്പോലെ ചീറ്റിക്കൊണ്ടുരിയാടിനാൻ:—
'ആർ നാഗനാസോരു, മുറിപ്പെട്ടത്തീ നിന്നുരത്തടം? 26
ചൊടിച്ചോരൈമ്പടപ്പാമ്പാൽക്കളിയാടുന്നതാരവൻ?'
പിന്നെ നോക്കുന്ന നേരത്തു കണ്ടാനബ്ബലിഭോജിയെ,
കടുംനഖത്തിൽ നിണമാർന്നെൻനേർക്കേ നോക്കി നില്പതായ്:
പക്ഷിപ്രവരനക്കാകനിന്ദ്രന്റെ മകനാണപോൽ, 28
മന്നിടത്തങ്ങസാ വന്നോൻ, കാറ്റിനൊപ്പം പറക്കുവോൻ.
ഉടൻതാനരിശംകൊണ്ടു കണ്ണുരുട്ടി മഹാഭുജൻ
അക്കാകനിൽക്കടുംതീർപ്പു ചെയ്താൻ പെരിയ ബുദ്ധിമാൻ:
വിരിപ്പിൻദർഭയൊന്നേന്തി ബ്രഹ്മാസ്ത്രം കേറ്റിനാനവൻ; 30
അതു, കാലാഗ്നി കത്തുംപോലാളി പക്ഷിക്കുനേരെയായ്.
ആളുമദ്ദർഭയാഞ്ഞെയ്താനക്കാകനുടെ നേർക്കവൻ;
അദ്ദർഭയോ, നഭസ്സിങ്കൽപ്പിന്തുടർന്നിതു കാകനെ.
അതു പിന്തുടരും കാക്ക നാനാഗതികളും പൂകിനാൻ: 32
രക്ഷപ്പെടുന്നതിന്നായിപ്പറന്നാൻ പാരിലൊക്കയും.
അച്ഛനും ത്രിദശർഷീന്ദ്രന്മാരും വെടികയാലവൻ
മുപ്പാരിൽച്ചുറ്റി,യിവനെത്തന്നേ ശരണമാക്കിനാൻ.
ശരണംപുക്ക മന്നിങ്കൽ വീഴ്കയാലാ വധാർഹനെ 34
ശരണ്യനാമക്കാകുത്സ്ഥൻ രക്ഷിച്ചരുളിയമ്പിനാൽ:
ശോകസന്തപ്തനായ് വന്ന കാകനോടോതിനാനവൻ:—
'ബ്രഹ്മാസ്ത്രം പാഴിലാക്കാവല്ല;—തിനാലുരചെയ്ക നീ.'
'പോയ്ക്കൊള്ളട്ടേ വലംകൺ നിന്നമ്പാലെ'ന്നാൻ വിഹംഗനും. 36
അതു പോക്കീ കാക്കയുടെ വലത്തെക്കണ്ണിനെത്തദാ;
അവൻ വലംകണ്ണു കൊടുത്തു,സുസംരക്ഷ നേടിനാൻ.
രാഘവനും ദശരഥക്ഷ്മാപനും നതി ചെയ്തവൻ
ആ വീരനോടു വിടയും വാങ്ങിപ്പുക്കാൻ നിജാലയം. 38

Digitized By Kerala Sahitya Akademi

'എനിയ്ക്കായ്ക്കാകനിൽപ്പോലും ബ്രഹ്മാസ്ത്രം വിട്ടവൻ ഭവാൻ
എന്താണെ,ന്നെക്കവെന്നോനിൽ ക്ഷമിപ്പതു മഹീപതേ?
ആ മഹോത്സാഹനങ്ങെങ്കൾ ദയ ചെയ്ക നരോത്തമ;
അനാഥപോലായ്ത്തീന്നല്ലോ, നാഥ, നിന്നാൽസ്സനാഥയാം! 40
വൻധമ്മം കനിവാണെന്നു കേട്ടേൻ ഞാൻ നിങ്കൽനിന്നുതാൻ.
അറിവേൻ: നീ മഹാവീയ്യൻ മഹോത്സാഹൻ, മഹാബലൻ,
അക്ഷോഭ്യന,റമില്ലാത്താൻ, ഗാംഭീയ്യാൽസാഗരോപമൻ,
ആഴി ചൂഴുറൊത്രഴിയ്ക്കു ഭത്താവാ,ഖലോപമൻ; 42
ഇമ്മട്ടസ്ത്രജ്ഞരിൽ ശ്രേഷ്ഠൻ സത്ത്വവാൻ ബലവാൻ ഭവാൻ
എന്താണ,രക്കർതൻ നേക്കൊരമ്പെയ്യാത്തതു രാഘവ?'
മരുദ്ഗണങ്ങളസുരർ ഗന്ധവ്വരുരഗങ്ങളും
ശക്തരാകില്ല രാമനെറയ്യുക്ക പോരിൽത്തടുക്കുവാൻ. 44
ആ വീരനെമ്പേരിലൊരു വെമ്പലുണ്ടെന്നിരിയ്ക്കിലോ,
എന്താണു, ക്രൂരമ്പുകളാൽ മൂടിയ്ക്കാത്തതരക്കരെ?
പരന്തപൻ ലക്ഷ്മണനോ, പൂവ്വജാദേശധാരിയായ്
എന്തുകൊണ്ടെന്നെ രക്ഷിയ്ക്കുന്നീല വീരൻ മഹാബലൻ? 46
ആ നരവ്യാഘ്രർ വായ്വഗ്നിതുല്യതേജസ്വിയന്നവർ
ദേവകരംക്കും ദുരാധഷ്രെന്താണെന്നെ വെടിഞ്ഞിടാൻ?
എനിയ്ക്കുതന്നേ മാപാപമേതാണ്ടൊന്നുണ്ടു, തീച്ചതാൻ:
എന്നെ നോക്കുന്നതില്ലല്ലോ, പോന്നോരാമപ്പരന്തപർ!" 48
കണ്ണീർ കലന്നു വൈദേഹീദീനവാക്കിതു കേട്ടുടൻ
കഥിച്ചാനതിതേജസ്വി ഹനുമാനനിലാത്മജൻ:—
"നിന്മാലാൽ നിശ്ചലൻ രാമൻ; നേർകൊണ്ടാണയിടുന്നു ഞാൻ!
രാമനല്ലൽപ്പെട്ടകയാൽദ്ദേവി, വേകുന്നു ലക്ഷ്മണൻ. 50
കണ്ടെത്തിയല്ലോ കഷ്ടിച്ചു; ദേവി മാഴ്കുകവേണ്ടിനി;
ദുഃഖങ്ങളംക്കറമിപ്പോഴേ കാണുമഞ്ജുനനിന്ദിതേ.
ഇരുപേരാ നരവ്യാഘ്രരൂജ്ജസ്വികരം നൃപാത്മജർ
തപ്പർനോദ്യമം പൂണ്ടു ലങ്കയെച്ചാമ്പലാക്കുമേ: 52
രാവണക്രൂരനെപ്പോരിൽ കൂട്ടത്തോടേ വധിച്ചുടൻ
തൻപുരേ കൊണ്ടുപോം നിന്നെസ്സുവിശാലാക്ഷി, രാഘവൻ!
ചൊല്ക രാമനൊടോതേണ്ടുന്നതു, ലക്ഷ്മണനോടുമേ
തേജസ്വി സുഗ്രീവനൊടും പ്ലവംഗമഗണത്തൊടും." 54

Digitized By Kerala Sahitya Akademi

ഹനുമാനിതു ചൊന്നപ്പോൾ, ദേവകന്യാഭ സീതയും
മാൽകൊണ്ടേറിപ്പൊരിക്കൊണ്ടാ പ്ലവംഗനൊടു ചൊല്ലിനാൾ:
"കൌസല്യ ലോകപതിയാമാരെപ്പെറ്റൂ മനസ്വിനി,
സുഖം ചോദിയ്ക്കുകവനോടെൻറപേക്ഷ പ്രണങ്ങി നീ.

മാല്യങ്ങൾ, സർവരത്നങ്ങളോ, മൽപ്പെൺമണിമാർകളും,
പരന്ന പാരിലും കിട്ടാത്തൈശ്വര്യവുമിരിയ്ക്കിലും,
മാതാപിതാക്കളെപ്പോലം മാനിച്ചു കനിയിച്ചുമേ
രാമൻെറ കൂടെപ്പോന്നല്ലോ, സുമിത്രയുടെ നന്ദനൻ; 58

സ്നേഹാൽ, മഹത്തായ സുഖം വെടിഞ്ഞു ധാർമ്മികൻ വനേ
ഒപ്പം നടക്കയാണല്ലോ ജ്യേഷ്ഠരാമനു കാവലായ്;
സിംഹസ്കന്ധൻ മഹാബാഹു മനസ്വി പ്രിയദർശനൻ
നണ്ണുന്നു തായയെന്നന്നെ, യച്ഛനെന്നോപ്പു രാമനെ; 60

എന്നെക്കൊണ്ടതാ വീരനറിഞ്ഞീലന്നു ലക്ഷ്മണൻ;
ശ്രീമാൻ, ശക്തൻ, വൃദ്ധസേവി, യേറ്റെസ്സംസാരിയാത്തവൻ,
രാജാവിന്നിഷ്ടസൽപുത്രൻ, തുല്യനെൻശ്വശുരന്നവൻ;
എനിയ്ക്കെന്നും പ്രിയതരൻ, രാമഭ്രാതാവു ലക്ഷ്മണൻ, 62

എല്ലിയ്ക്കപ്പെട്ട ഭാരങ്ങളേന്തിപ്പോരുന്ന വീര്യവാൻ;
അച്ഛൻ തീപ്പെട്ടതോർക്കാറില്ലാരെക്കണ്ടിട്ടു രാഘവൻ,
അവനോടോതണം ക്ഷേമമെൻെറ പക്കലെൻെറ വാക്കിനാൽ;
ശുചി ദക്ഷൻ മൃദു സദാ പ്രിയൻ രാമനു ലക്ഷ്മണൻ. 64

അവിടുന്നെൻെറ ദുഃഖങ്ങൾ നീക്കേണം വാനരോത്തമ;
നീയാണിക്കാര്യയോഗത്തിൽ പ്രമാണം ഹരിയൂഥപ!
നിന്നുദ്യമത്താൽക്കാകുത്സ്ഥനെന്നെപ്പറ്റി ശ്രമിയ്ക്കണം.
വീണ്ടും വീണ്ടുമുണർത്തിയ്ക്കിതെ, ൻനാഥൻ ശൂരരാമനെ: 66

'ഞാനൊററമാസമേ ജീവിയ്ക്കുള്ളൂ ദശരഥാത്മജ;
മാസത്തിൻ മീതെ ജീവിയ്ക്കാ; ഞാനിച്ചൊൽവതു സത്യമാം!
രാവണൻ പാപി ചതിയാൽത്തടഞ്ഞുള്ളന്നെ വീര, നീ,
രസാതലാൽ കൌശികിയെപ്പോലേ കാത്തരുളേണമേ!' 68

ആടമേൽനിന്നു ദിവ്യശ്രീ ചൂഡാമണിയഴിച്ചുടൻ,
'രാമനു നല്കുകെ'ന്നേകി വൈദേഹി ഹനുമാൻവശം.
മികച്ച മണി കൈക്കൊണ്ടിട്ടിട്ടാൻ വിരലിലായവൻ:
വളർന്നതായിരുന്നില്ലയല്ലോ, വീരൻെറ കൈ തദാ. 70

Digitized By Kerala Sahitya Akademi

ശ്രേഷ്ഠമാം മണി കൈക്കൊണ്ടു, വൈദേഹിയെ വിനമ്രനായ്
വന്ദിച്ചു വലവുംവെച്ചു നിന്നാൻ ചാരേ കപീശ്വരൻ.
സീതയെക്കാൺകയാലുള്ള വലുതാം ഹർഷമോടവൻ
ഉടംകൊണ്ടു രാമനിൽപ്പോന്നോൻ; ദിന്നാംഗടലുകൊണ്ടുതാൻ! 72

ജനകജ വിരുതിൽധരിച്ചിരുന്നാ—
വിധ പെരുകം മണിരത്നമേറ്റുവാങ്ങി,
പവനചലിതമുക്തശൈലതുല്യൻ
മതിസുഖമാന്നു മടങ്ങുവാനൊരുങ്ങി.

—*—

## മുപ്പത്തൊമ്പതാം സർഗ്ഗം: സീതാസമാശ്വാസനം.

—*—

മണി നല്കിയുടൻ സീത ഹനുമാനോടു ചൊല്ലിനാൾ:—
'ഇതു രാമനു ശരിയായറിവുള്ളടയാളമാം.
മണി കണ്ടിട്ടു മൂന്നാളെ വീരനാം രാമനോക്കുമേ:
അമ്മയേയും, ദശരഥക്ഷിതീശനെയു,മെന്നെയും. 2

എന്നാൽ, വീണ്ടും പ്രോത്സാഹനായിട്ടു ഹരിസത്തമ,
ഇക്കാര്യത്തിൻ തുടക്കത്തിലപ്പുറം വേണ്ടതോക്ക നീ.
നീയാണിക്കാര്യയോഗത്തിൽ പ്രമാണം ഹരിസത്തമ!
യത്നം പൂണ്ടു ഹനുമാനേ, ദുഃഖശാന്തിയണയ്ക്ക നീ: 4

ചിന്തിച്ചുകെ,ന്തു യത്നത്താൽദ്ദുഃഖമില്ലാം ദുഃഖമെന്നു നീ.'
ആവാമെന്നോതിച്ചിട്ടാ വായുജൻ ഭീമവിക്രമൻ
സീതയെത്താനു വന്ദിച്ചു പോരുവാനായൊരുങ്ങിനാൻ
വാനരൻ വായുതനയൻ പുറപ്പെട്ടതു കാൺകയാൽ 6

കണ്ണീരിനാലിടർക്കൊണ്ടു ചൊല്ലിനാൾ ദേവി മൈഥിലി:—
"ഹനുമൻ, കുശലം ചൊല്ലു രാമലക്ഷ്മണരോടു നീ;
സാമാത്യസുഗ്രീവനോടും കപിവൃദ്ധരൊടൊക്കയും
ധർമ്മം കലന്ന കുശലം ചൊല്ലു നീ കപിസത്തമ. 8

ആ മഹാബാഹു കാകുത്സ്ഥനീ മാലാഴിയിൽനിന്നുടൻ
എന്നെക്കരേറ്റുമാറെന്തെല്ലാംചെയ്യേണമേ ഭവാൻ!
രാഘവൻ കീർത്തിമാനെന്നെയുജ്ജീവിപ്പിക്കുമാറുതാൻ
ചൊല്ലണം നീ ഹനുമാനേ; ധർമ്മംനേടുക വാക്കിനാൽ 10

Digitized By Kerala Sahitya Akademi

നി സദാ ചൊല്ലുമൊരുസാരം ചേൎന്ന വാക്കുകൾ കേൾക്കയാൽ
വൎദ്ധിയ്ക്കണം ദാശരഥിയ്ക്ക്,ൻ പ്രാപ്തിയ്ക്കുള്ള പൌരുഷം.
നിങ്കൽനിന്നെൻെറ സന്ദേശവാക്യ കേട്ടതൊടൊപ്പമേ
വിക്രമത്തിന്നൊരുങ്ങണം, വീരൻ രാമൻ യഥാവിധി. 12

സീതതൻ വാക്യ കേട്ടിട്ടു ഹനുമാനനിലാത്മജൻ:—
തലയിൽത്തൊഴുകൈ വെച്ചു മറുവാക്കരിയാടിനാൻ:—
'വെക്കം വന്നെത്തുമേ രാമൻ വാനരൎക്ഷേന്ദ്രയുക്തനായ്
ശത്രുവൎഗ്ഗത്തെ യുദ്ധത്തിൽ വെന്നു, നിന്മാലകററുവാൻ. 14

കാണ്മീല ഞാൻ നരരിലോ, ദേവാസുരഗണത്തിലോ,
അവനമ്പെയ്യവേ മുമ്പിൽ നില്പാൻ പോരുമൊരുത്തനെ.
അഗ്നിയേയും ശക്രനേയും സൌരിയാം യമനേയുമേ
പോരിൽത്താങ്ങാനവൻ പോരുമങ്ങയെച്ചൊല്ലിയേറെയും! 16

അവനാഴിവരെയ്ക്കുഴി കീഴടക്കാനൊരുങ്ങുമേ:
'ത്വൽപ്രാപ്തിയല്ലോ, രാമന്നു ജയം ജനകനന്ദിനി!'
അവൻ ഭംഗിയിലാച്ചൊന്ന നല്ല നേൎവാക്യ കേൾക്കയാൽ
വൈദേഹി ബഹുമാനിച്ചാളു,വൎണ്ണമൊരിയാടിനാൾ; 18

പോരാൻ തുടങ്ങുമവനെ മേല്ക്കുമേൽപ്പാൎത്തു മൈഥിലി
സൌഹൃദസ്നേഹമാം വാക്യമഭിനന്ദിച്ചു വേഴ്ചയാൽ:—
"ആമെങ്കിൽ വീര, പാൎത്താലുമൊരുനാൾ നീയരിന്ദമ,
എങ്ങാനുമൊളിവിൽ ക്ഷീണം തീൎത്തു നാളെഗ്ഗമിച്ചിടാം. 20

ഈ മന്ദഭാഗ്യയ്ക്കു, ഭവാൻ ചാരേ മേവുകിൽ വാനര,
ഇപ്പെരുംമാലിൽനിന്നൊട്ടുനേരം വിടുതി കിട്ടുമേ;
തിരിയെവരുവാൻവേണ്ടിപ്പോയാലോ ഹരിപുംഗവ,
പ്രാണസന്ദേഹമെനിയ്ക്കുണ്ടാം; സംശയമില്ലിതിൽ: 22

നിന്നെക്കാണായ്കിലെശ്ശോകം വീണ്ടും താപപ്പെടുത്തുമേ,
ദുഃഖാൽ ദുഃഖിതയാമെന്നെയെരിയ്ക്കുംമട്ടു വാനര!
എൻമുന്നിൽ നില്പതായ്ത്തോന്നുന്നുണ്ടീപ്പെരിയ ശങ്കയും,
വീര, നിൻകൂട്ടർ കീശൎക്ഷന്മാരെപ്പററിക്കപീശ്വര: 24

എവ്വണ്ണ,മററമില്ലാത്ത പെരുംകടൽ കടന്നിടും
അക്കീശൎക്ഷപ്പടകളു,മാ നരേന്ദ്രകുമാരരും?
ഭൂതവൎഗ്ഗത്തിൽ മൂവൎക്കേ സമുദ്രമിതു പിന്നിടാൻ
ശേഷിയുള്ളു: സുപൎണ്ണന്നുമങ്ങയ്ക്കുമനിലന്നുമേ. 26



Digitized By Kerala Sahitya Akademi

ഇക്കാൎയ്യമീവിധം വീര, സാധ്യമല്ലാതിരിക്കവേ,
ഉപായമെന്തു കാണുന്നു നീ? കാൎയ്യജ്ഞവരനല്ലി നീ!
നീതന്നെയൊററയ്ക്കാളാകാമിക്കാൎയ്യം നിറവേററുവാൻ;
എന്നാല,തിൽ നിനക്കല്ലോ, പരനീരാല്ലനോ, പുകഴ്; 28
ശത്രുസൈന്യനെപ്പോരിലുരന്നേ നയാൽ വെന്നുടൻ ജയി
ത്താനുമായ് ത്തൻപുരം പുക്കെന്നാലേ മമ വരൂ പുകഴ്.
ലങ്ക ബാണങ്ങളാൽ മൂടി, മാററാർപ്പടയുടച്ചവൻ
കാകുത്സ്ഥനെന്നെക്കൊണ്ടങ്ങു പോയാല,തവനൊത്തതാം! 30
അതിനാലാ മഹാത്മാവാം രണശൂരന്നു കേവലം
തക്ക വിക്രമമുണ്ടാകുംവണ്ണമേ ചെയ്യുവെയ്യു നീ.''
സപ്രാശ്രയം സ്നേഹവും പൂണ്ട യുക്തിസംയുക്തമാ മൊഴി
ചെവിക്കൊണ്ടിട്ടു ഹനുമാൻ ബാക്കിയുത്തരമോതിനാൻ:— 32
''ദേവി, കീശർക്ഷസൈന്യങ്ങൾക്കീശ്വരൻ, പ്ലവഗോത്തമൻ,
സുഗ്രീവൻ സത്ത്വസമ്പന്നൻ, നിങ്കാൎയ്യത്തീർപ്പു ചെയ്യുവാൻ;
അനേകമായിരം കോടി വാനരന്മാർ ചുഴന്നവൻ
വൈദേഹി,വേഗം വന്നെത്തും നിശാടരെ മടിക്കുവാൻ. 34
അവിടെയ്ക്കു,തിവിക്രാന്തർ സത്ത്വവാന്മാർ മഹാബലർ
നിനവിന്നൊത്ത പോക്കുള്ളോർ കീഴിൽ നില്പുണ്ടു വാനരർ:
തടയില്ലവർതൻ പോക്കു മേലും കീഴും വിലങ്ങുമേ;
വങ്കർമ്മങ്ങളിൽ വാടാറമില്ലാ തേജസ്സു കൂടിയോർ; 36
പലവട്ടം, മഹോത്സാഹർ, വായുമാൎഗ്ഗമണഞ്ഞവർ
വലത്തുവെച്ചിരിക്കുന്നു, കുന്നാഴി പെട്ട ഭൂമിയെ;
എന്നെപ്പോലെയായും തുല്യന്മാരായുമുണ്ടങ്ങു വാനരർ;
എന്നിൽത്താണവനായിട്ടി,ല്ലാരും സുഗ്രീവസന്നിധൌ. 38
ഞാൻപോലുമിങ്ങു വന്നെത്തി; പിന്നെയെന്താ മഹാബലർ!
ഭൃത്യരായ് വരുമോ ശ്രേഷ്ഠർ? താണോരേ ഭൃത്യരായ് വരൂ.
അതിനാൽ മതി സന്താപം; നീക്കുക ദേവി,താന്തുഴൽ;
ഒററച്ചാട്ടത്തിനാലെത്തും ലങ്കയിൽക്കപിയൂഥപർ: 40
എൻപുറത്തേറി,യുത്സത്ത്വരിരുവരാ നൃസിംഹരും
തവ ചാരത്തു വന്നെത്തു,മുദിതേന്ദുക്കൾ പോലവേ.
ഒന്നിച്ചാ മനുജശ്രേഷ്ഠർ വീരരാം രാമലക്ഷ്മണർ
[illegible] 42

Digitized By Kerala Sahitya Akademi

കൂട്ടത്തോടേ രാവണനെക്കൊന്നു, രാമൻ രഘൂദ്വഹൻ
നിന്നെക്കൊണ്ടു വരാരോഹേ, തമ്പുരിക്കു തിരിച്ചുപോം.
ആശ്വസിയ്ക്കുക, ഭദ്രം തേ; കാലത്തെക്കാത്തിരിയ്ക്ക നീ;
രാമൻ വൈകാതെ കാണാകും കത്തുമഗ്നി കണക്കിനേ! 44

രാവണൻ സ്വജനത്തോടേ വധിയ്ക്കപ്പെട്ടതിനുമേൽ,
ചേരും നീ രാമനോടി,ന്ദുവോടു രോഹിണി പോലവേ.
വെക്കം മാലിന്നറുകരയ്ക്കെത്തും നീ ദേവി, മൈഥിലി;
വൈകാതെ, രാവണനെയും കാണാം, രാമൻ വധിച്ചതായ്." 46

ഏവം ഹനൂമാൻ വൈദേഹിയ്ക്കാശ്വാസം ചേർത്തു വായുജൻ
പോരാനൊരുങ്ങിയിട്ടോതി വൈദേഹിയോടു പിന്നെയും:—
"കാണാമുടൻ, കൃതാത്മാവാമപ്പുരോന്മർദ്ദി രാമനെ,
വില്ലേന്തും ലക്ഷ്മണനെയും, ലങ്കാദ്വാരത്തണഞ്ഞതായ്. 48
സിംഹശാർദ്ദൂലവിക്രാന്തർ വീരർ ദംഷ്ട്രാനഖായുധർ
കാണാകുമാശു ചേർന്നോത്തു വാരണേന്ദ്രാഭർ വാനരർ;
മേഘകാരകളം പോലായ്യേ, ലങ്കാമലയസാനുവിൽ
അലറും വൻകപികാന്തൻ കൂട്ടങ്ങളുമസംഖ്യമേ. 50
എന്നാൽ, മർമ്മത്തു കൊടുതാം കാമബാണം തറയ്ക്കയാൽ
സ്വാസ്ഥ്യം നേടാതെയായ് രാമൻ, സിംഹാർദ്ദിതഗജോപമൻ.
കേഴൊല്ലേ ദേവി; മാലാൽ നിന്നുള്ളിന്നു ഭയമേല്ക്കൊലാ:
സനാഥയല്ലോ ഭർത്താവാൽ,ശുക്രനാൽശുചി പോലെ നീ! 52
രാമനു മേലേ മററാരുണ്ടോ;—ആളല്ല ലക്ഷ്മണോപമൻ?
അഗ്നിവായൂപമർ നിനക്കുള്ളന്നായോര;സ്സഹോദരർ!
നീണാളു വസിയ്ക്കേണ്ടിവരില്ല ദേവി-
യ്ക്കു,ത്യുഗ്രമാമീയൊരരക്കനാട്ടിൽ:
വൈകാതെഴുന്നള്ളിവരും പ്രിയൻ തേ;
ക്ഷമിയ്ക്കു, ഞാനങ്ങണയുംവരെയ്ക്കും! 54

—**—

## നാല്പതാം സർഗ്ഗം: സീതാസന്ദേശവാക്യം.

—**—

മഹാത്മാവാകുമക്കാററിന്മകന്റെ മൊഴി കേട്ടുടൻ
തനിയ്ക്കു ഹിതമെന്നോതി സീത ദേവസുതാഭയാം:—

Digitized By Kerala Sahitya Akademi

"ഹർഷിപ്പൂ ഞാൻ പ്രിയം ചൊല്ലും നിന്നെ പ്ലവഗ കാൺകയാൽ,
മഴയാൽ,പ്പകുതിസ്സസ്യം മുളച്ച വയൽ പോലവേ. 2
ആ നരവ്യാഘ്രനെശ്ശോകാൽച്ചടച്ചവയവങ്ങളാൽ
സകാമ ഞാൻ തടവുമാറെമ്പേരിൽദ്ദയചെയ്ക നീ!
അടയാളവുമോതേണം രാമങ്കൽക്കപിസത്തമ,
കോപത്താലൊരു പുല്ലെയ്തു കാക്കക്കണ്ണൊന്നു ചൂന്നതായ്. 4
'പൊട്ടു മാഞ്ഞപ്പൊഴെ,ൻഗണ്ഡപാർശ്വത്തിൽ മനയോലയാൽ
പൊട്ടൊന്നു തൊടുവിച്ചല്ലോ; നീയതൊന്നോർത്തിടേണമേ!
വീരൻ നീ വരുണേന്ദ്രാഭൻ മോഷ്ടിക്കപ്പെട്ട സീതയെ
അരക്കരുടെ മധ്യത്തിൽപ്പാർപ്പാൻ വിട്ടുകൊടുക്കയോ? 6
സൂക്ഷിച്ചുപോന്നോനിദ്ദിവ്യചൂഡാമണി ശുഭം ശുചേ;
മാൽ പോക്കമോദമങ്ങിതിനെബ്ഭവാനെപ്പോലെ കണ്ടു ഞാൻ.
ഇതങ്ങയ്ക്കായയയ്ക്കുന്നേൻ ശ്രീയുള്ളൊന്നു സമുദ്രജം;
ഇനിമേലിലുയിർക്കൊള്ളാൻവാനാളാകാ മാലിലാണ്ട ഞാൻ. 8
നെഞ്ചം പിളർത്തുമത്യുഗ്രരാക്ഷസീവചനങ്ങളും,
അസഹ്യാധികളും, നിന്നെച്ചൊല്ലിയത്രേ പൊറുപ്പു ഞാൻ.
ഞാനൊററമാസമേ ജീവിച്ചിരിയ്ക്കൂ രിപുസൂദന;
മാസത്തിൻമീതെ ജീവിക്കില്ലങ്ങുന്നെന്യേ നൃപാത്മജ! 10
ഘോരനാണീ നിശാടേന്ദ്രൻ; സൌമ്യമല്ലെങ്കൽ നോട്ടവും;
ഭവാൻ വൈകിപ്പതും കേട്ടാൽത്തെല്ലും ജീവിക്കയില്ല ഞാൻ."
കണ്ണീർ കലർന്ന വൈദേഹീദീനവാക്കിതു കേട്ടുടൻ
കഥിച്ചാനതിതേജസ്വി ഹനുമാനനിലാത്മജൻ:—— 12
"നിൻമാലാൽ നിശ്ചലൻ രാമൻ; നേർകൊണ്ടാണയിടുന്നു ഞാൻ!
രാമനല്ലൽപ്പെടുകയാൽദ്ദേവി" വേകുന്നു ലക്ഷ്മണൻ.
കണ്ടെത്തിയല്ലോ കഷ്ടിച്ചു; ദേവി മാഴ്കകവേണ്ടിനി;
ദുഃഖങ്ങൾക്കററമിപ്പോഴേ കാണുമങ്ങുന്നു ഭാമിനി! 14
ഇരുപേരാ നരവ്യാഘ്രരരിന്ദമർ നൃപാത്മജർ
താദൃശനോദ്യമം പൂണ്ടു ലങ്കയെച്ചാമ്പലാക്കുമേ!
രാവണക്രൂരനെപ്പോരിൽക്കൂട്ടത്തോടേ വധിച്ചുടൻ
തൻപുരേ കൊണ്ടുപോം നിന്നെസ്സവിശാലാക്ഷി, രാഘവർ. 16
രാമൻ ശരിക്കുറിയുമൊരടയാളമനിന്ദിതേ,
അവന്നു സംപ്രീതികരം കല്പിച്ചരുളുക വീണ്ടുമേ."

Digitized By Kerala Sahitya Akademi

ചൊല്ലിനാളവളം:—'തന്നല്ലോ ഞാൻ നല്ലൊരടയാളമേ;
രാഘവനെ,ന്നടെ മുടിപ്പണ്ടമാമിതു കാണ്കിലോ, 18

നിന്റെ വാക്കു ഹനൂമാനേ, വീര, വിശ്വാസ്യമായ്വരും.'
ആ ശ്രേഷ്ഠമണി കൈക്കൊണ്ടാ ശ്രീമാൻ പ്ലവഗസത്തമൻ
ദേവിയെത്താന്നു വന്ദിച്ചു, പോരുവാനായൊരുങ്ങിനാൻ.
ആ വാനരർഷഭൻ ചാടാൻ മുതിർന്നു പെരുത്തുകൊണ്ടും 20

വളരുന്നതു നോക്കിക്കണ്ടേതുളിച്ചെയ്തു ജാനകി,
ദീനയായ്ക്കണ്ണുനീർ വാർത്തും കണ്ണീരാലിടർ തേടിയും:—
'ഹനൂമൻ, ഭ്രാതൃസിംഹാഭരാമലക്ഷ്മണർതമ്മൊടും,
സാമാത്യസുഗ്രീവനൊടും, ക്ഷേമം ചൊല്ലേവരോടുമേ. 22

ആ മഹാബാഹു കാകുത്സ്ഥനീ മാലാഴിയിൽനിന്നുടൻ
എന്നെക്കരേറ്റമാറൊക്കെച്ചെയ്യുയും ചേണമേ ഭവാൻ!
ഈത്തീവ്രമാമെന്റെയഴൽത്തഴപ്പു,—
മീ രാക്ഷസന്മാർ പഴി ചൊല്വതും നീ
രാമാന്തികേ പോയ്പ്പറയു കപീന്ദ്ര;
നിനക്കു നന്നായിവരട്ടെ മാർഗ്ഗം! 24
നരേന്ദ്രപുത്രീവചനം ധരിച്ചു
മനം കുളിർത്താ പ്ലവഗൻ കൃതാർത്ഥൻ
കാര്യം കുറെബ്ബാക്കികിടപ്പതോർത്തി—
ട്ടുള്ളാൽ വടക്കോട്ടു തിരിച്ചുകൊണ്ടാൻ.

—*—

## നാല്പത്തൊന്നാം സർഗ്ഗം: പ്രമദവനഭഞ്ജനം.

—***—

പോരാൻ ഭാവിക്കയ്ക്കു, നൽച്ചൊല്ലാലവളം മാനിച്ചു വാനരൻ
അദ്ദേശം വിട്ടുപോന്നിട്ടു ചിന്തചെയ്താനിതിൻവിധം:—
"ബാക്കി തെല്ലുണ്ടിതിൽച്ചെയ്യാൻ; കണ്ടേനല്ലോ മൃഗാക്ഷിയെ,
മൂന്നുപായങ്ങളം വിട്ടിങ്ങു നാലാമത്തതെടുക്കണം: 2

ഗുണപ്പെടാ സാമമരക്കരിൽദൃഢം;
ചിതപ്പെടാ ദാനമനല്പവിത്തരിൽ;
ബലോദ്ധതന്മാരിൽ വൃഥൈവ ഭേദവും;
പരാക്രമം താനിഹ സമ്മതം മമ.

Digitized By Kerala Sahitya Akademi

ഇതിങ്ങലോ, കാര്യമിതിന്നു കേവലം
പരാക്രമം വിട്ടൊ,രു തീപ്പുമൊത്തിടാ;
പ്രവീരർ പോരിൽക്കെ ലഘു ല്ലീലാ,ശര–
ക്കദിച്ചിടാമിങ്ങൊരുമട്ടുക്കവും. 4

ഒരു കാര്യനിയോഗത്തിൽ, മുൻകാര്യം തെററിടാതെതാൻ
പലതും നേടുവോനത്രേ, കാര്യസിദ്ധിക്കു തക്കവൻ.
ചെറുവേലയ്ക്കുമിങ്ങൊന്നാകില്ലല്ലോ, സാധികാരണം;
കാര്യത്തെ ബ്ബഹുധാ കാണ്മോനത്രേ, കാര്യപ്പാടുകോവിദൻ. 6

ഉടൻ, സപത്നക്കൊ നിഷ്കുളള പോർ–
മിടുക്കറിഞ്ഞിട്ടൊരു തീർപ്പൊരുക്കണം
ഗമിക്കു കീശേശഗൃഹത്തിലെങ്കിലേ
നടത്തിയെന്നായിവരൂ, നൃപാജ്ഞ ഞാൻ.
എളുപ്പമായെങ്ങിനെ ദൈവതം തരാം,
നിശാടരോടിന്നടരാടുവാൻ മമ;
പടയ്ക്കു തൻശക്തിയുമെന്നെയും ശരി
യ്ക്കുളക്കയെം ചെയ്തിടുമദ്ദശാനനൻ? 8

അതിൻവിധം, മന്ത്രിബലസമന്വിതനാം
ദശാസ്യനെപ്പോരിലടുത്തു കണ്ടു ഞാൻ
അവൻെറയന്തർഗ്ഗതവും കരുത്തുമേ
സുഖാലറിഞ്ഞിട്ടു തിരിച്ചുപോകവാൻ.

ഇതാ, നന്ദനസങ്കാശ,മദ്ദുഷ്ടൻെറ മഹാവനം,
നാനാതരുലതാകീർണ്ണ,മുള്ളിൽ കണ്ണിനും പ്രീതിദം; 10
മുടിപ്പനിതു ഞാൻ, ചെന്തീയഗ്നികൾക്കൊപ്പോലവേ!
ഇതുടച്ചിടുകിൽ, ക്രോധം പൂണ്ടുവന്നീടും ദശാനനൻ.

ഉടൻ, പെരുംതേരുഗജാശ്വങ്ങളും
ത്രിശൂലകാളായസപട്ടസംഘവും
നിറഞ്ഞ സൈന്യത്തെ വിടും നിശാടർകോൻ;
കനത്ത പോരിങ്ങുളവായ്വരും തദാ. 12

രണത്തിൽ ഞാൻദാരുണവീര്യയുക്തരാ–
മരക്കരോടേററവിഷഹ്യവീര്യനായ്,
ദശാനനപ്രേഷിതമബ്ബലം സുഖാ–
ലുടച്ചു, പോവൻ പ്ലവഗേശമന്ദിരേ.''

Digitized By Kerala Sahitya Akademi

ദൃഷ്ടനായ് വായുവെപ്പോലാ വായുജൻ ഘോരവിക്രമൻ
വീഴ്ത്തിത്തുടങ്ങി വമ്പിച്ച തുടയ്ക്കാൽത്തരുക്കളെ. 14

അപ്പോട്ട, വീരൻ ഹനുമാനടച്ചാൻ പ്രമദാവനം,
മത്തപക്ഷിരുതോപേതം, നാനാതരുലതാവൃതം.
ഞെരിഞ്ഞു വൃക്ഷനികരം, നീരാഴികളിടിഞ്ഞുപോയ്;
പൊടിഞ്ഞു പർവതാഗ്രങ്ങൾ; വൈരൂപ്യപ്പെട്ടിതാ വനം! 16

നാനാപക്ഷിരവം പൊങ്ങി, നീരാഴികളിടിഞ്ഞുപോയ്,
വാടിപ്പോയ് ചെന്തളിർക്കൂട്ടം; വാടി വല്ലീദ്രുമങ്ങളും;
ഇവണ്ണം; കാട്ടുതീയേററപോലെയായ്പ്പോയിതാ വനം.
ആ വള്ളികളശേഷം വിട്ട,വസ്ത്രസ്ത്രീകൾ പോലെയായ്! 18

ലതാഗൃഹം ചിത്രഗൃഹങ്ങൾ വീണുട-
ഞ്ഞു,ഹിംസ്രവ്യാള മൃഗങ്ങൾ പററിയും,
ശിലാഗൃഹം മററു ഗൃഹങ്ങളും തക-
ർന്നലം മുടിഞ്ഞു വലുതായ് വനം.
ഉലഞ്ഞു പോയ്ശ്ശോഭ ലതാപ്രതാന-
മായീ,വരാശോകലതപ്രതാനം,
കീശൻറെ കൈയ്യാൽ, പ്രമദാവനാന്ത-
സ്സുള്ളാദ്രിശാസ്യപ്രമദാവനാന്തം. 20

അനല്പമാ വമ്പു കലർന്ന തമ്പുരാ-
ന്നൊരപ്രിയം ചെയ്തു മഹാൻ പ്ലവംഗമൻ,
തനിച്ചനേകം ബലദൃപ്തരോടു പോർ
തുടർന്നു നിന്നാൻ പടിമേലുദഗ്രൻ

—* * *—

## നാല്പത്തിരണ്ടാം സർഗ്ഗം: കിങ്കരവധം.

— o.o —

വൃക്ഷങ്ങളൊടിയും ശബ്ദം, പക്ഷിസ്വനമിവററിനാൽ
ഭയസംഭ്രാന്തരായ്ത്തീർന്നു ലങ്കാവാസികളേവരും.
പേടിച്ചരണ്ടു കരികൊണ്ടാർത്തു മൃഗപത്രികൾ;
ഉണ്ടായ്വന്നു നിശിചരർക്കനേകം ദുർന്നിമിത്തവും.

കണ്ടാരുറക്കം വിട്ടാറെ, വികൃതാസ്യനിശാടിമാർ
[illegible] വീരവാനരചിത്രങ്ങളും.

Digitized By Kerala Sahitya Akademi

ആ നിശാടികളെക്കണ്ടാ, മഹാസത്ത്വൻ മഹാഭുജൻ
വളൎത്തി മെയ്യ,വർ ഭയപ്പെട്ടമാറു മഹാബലൻ. 4
മല പോലെ പെരുംകൂററനാബ്ബലിഷ്ഠപ്ലവംഗനെ
കണ്ടിട്ടു വൈദേഹിയോടായ്ച്ചോദ്യം ചെയ്താർ നിശാടിമാർ,
‘ആരിതാ,രുടെയാണെ,ങ്ങുനിന്നെ,ന്തിന്നെത്തിയിങ്ങിവൻ?
നിശ്ശമായ്ച്ചെയ്തുയുണ്ടായോ സല്ലാപമിവനൊ’ന്നുടൻ:— 6
‘ചൊല്ലിക്കൊൾക വിശാലാക്ഷി; സുഭഗേ, ഭീതി വേണ്ട തേ;
നിന്നോടൊത്തസിതാപാംഗി, സല്ലാപം ചെയ്തതെന്തിവൻ?’
ഉരചെയ്താൾ തദാ സാധ്വി സീത സൎവാംഗസുന്ദരി:—
‘കാമരൂപാശരന്മാരെയറിവാൻ കഴിവെന്തു മേ? 8
ഇന്നാരിന്നതിവൻ ചെയ്യുമെന്നിങ്ങറിക നിങ്ങൾതാൻ.
പാമ്പേ ശരിയ്ക്കറിയുകയുള്ളൂ പാമ്പിന്റെ കാല്കളെ.
പേടിയുണ്ടിങ്ങെനിയ്ക്കും; ഞാനറിഞ്ഞീലി,വനേവനോ?
കാമരൂപനരക്കൻതാനീ വന്നോനെന്നു കാണ്മു ഞാൻ.’ 10
സീതതൻ വാക്കു കേട്ടോടി നാലിടത്തും നിശാടിമാർ:
ചിലർ നില്പായി; ചിലർ പോയ് രാവണങ്കലുണൎത്തുവാൻ.
രാവണന്റെ സമീപത്തു, വികൃതാസ്യനിശാടിമാർ
വിരൂപഘോരകപിയെപ്പററിച്ചൊല്‌വാൻതുടങ്ങിനാർ:— 12
‘അശോകക്കാവിൽ നില്പുണ്ടൊരുഗ്രാംഗൻ കപി മന്നവ,
വൈദേഹിയോടു സല്ലാപം ചെയ്ത,മേയപരാക്രമൻ.
ഞങ്ങൾ ചോദിച്ചു പലപാടെ;—ന്നാലസ്സീത ജാനകി,
ഏതിക്കരങ്ങനെന്നോതാൻ കൂട്ടാക്കില മൃഗാക്ഷിയാൾ. 14
ഇന്ദ്രന്റെ ദൂതനായേയ്ക്കാം, കുബേരനുടെ ദൂതനോ,
രാമൻ പറഞ്ഞയച്ചോനോ സീതയെത്തേടിനോക്കുവാൻ.
അത്ഭുതാകാരനായാൾതാൻ തച്ചുടച്ചാൻ, മനോഹരം
നാനാമൃഗൌഘാവൃതമായ്നിന്ന നിൻ പ്രമദാവനം. 16
അവൻ നശിപ്പിച്ചീടാതെയൊരുഭാഗവുമില്ലതിൽ;
എന്നാൽ നശിപ്പിച്ചിട്ടില്ലാ,സ്സീത ജാനകിയുള്ളിടം.
സീതയെക്കാക്കുവാനായോ, ക്ഷീണത്താലോ? തെരിഞ്ഞിടാ;
അഥവാ, ക്ഷീണമവനെന്തു്—വളെക്കാപ്പതിന്നുതാൻ; 18
വൈദേഹി പാൎത്തുപോരുന്ന വലുതാം ശിംശപാദ്രുമം,
നൽപ്പൂതളിർ നിറഞ്ഞൊന്നു സംരക്ഷിച്ചീടിനാനവൻ.

Digitized By Kerala Sahitya Akademi

ഉഗ്രാത്മാവാമവനുഗ്രശിക്ഷയൊന്നു വിധിക്കൂ നീ:
സംസാരിപ്പാൻ മൈഥിലിയോടു,ടച്ചല്ലോ വനത്തെയും, 20
നിന്മനംകൊണ്ടു വേട്ടുള്ളാസ്സീതയോടാശരേശ്വര,
സംവാദമേതൊരാളു ചെയ്യും, ജീവനെക്കൈവിടാത്തവൻ!'
രാക്ഷസീവചനം കേട്ടു,കണ്ണുരുട്ടിസ്സരോഷനായ്
ജ്വലിച്ചാൻ ചുടലത്തീപോലാ,ശരസ്വാമി രാവണൻ: 22
ക്രോധാൽ നിണത്തുള്ളിയവന്നുതിർന്നു കണ്ണിൽനിന്നുടൻ,
കത്തും വിളക്കിൽനിന്നച്ചിസ്സൊത്തെണ്ണത്തുള്ളി പോലവേ.
തനിക്കൊത്തവരാം ശൂരർ കിങ്കരാഖ്യരരക്കരെ
ചൊല്ലിവിട്ടാൻ സുതേജസ്വി, ഹനുമാനെപ്പിടിക്കുവാൻ. 24
ഊക്കേറും കിങ്കരവരിരുനാല്പതിനായിരം
കൂടംമുറംതൂകി കൈക്കൊണ്ടു പുറപ്പെട്ടാർ തദാലയാൽ:
എകിറം വയറം ചീർത്തോരു,ഗ്രരൂപർ, മഹാബലർ,
പോർ കൊതിപ്പവരെപ്പേരും ഹനുമാനെപ്പിടിക്കുവാൻ 26
പടിമേൽസ്സജ്ജനായ് നിന്ന കപീന്ദ്രനെയണഞ്ഞവർ.
പാഞ്ഞേററാര,ഗ്നിയെപ്പാററക്കൂട്ടം പോലേ,ററെയ്ക്കൊടും.
അവർ നാനാഗദകളും പൊന്നണിപ്പരിഘങ്ങളും
കപീന്ദ്രങ്കൽ പ്രയോഗിച്ചാർ സൂര്യതുല്യശരങ്ങളും. 28
മുദ്ഗരം പട്ടസം ശൂലം പ്രാസതോമരവേലുമായ്
ഹനുമാനെച്ചൂഴന്നങ്ങു മുന്നിൽ നിന്നാർ കരുത്തൊടും.
തേജസ്വിയാം ഹനുമാനും ശ്രീമാൻ പർവ്വതസന്നിഭൻ
വാൽ നിലത്തിട്ടടിച്ചു,ച്ചശബ്ദമൊന്നലറിടിനാൻ. 30
ഏററവും ക്രൂരനായിട്ടാ ഹനുമാനനിലാത്മജൻ
ധൃഷ്ടം കൈകൊട്ടിനാൻ, ലങ്കയൊച്ചയാൽ നിറയുംവിധം.
അവന്റെ കൈകൊട്ടലൊലി മാറെറാലിക്കൊണ്ടുപൊങ്ങവേ
വീണു പക്ഷികളാ വാനം വിട്ടു;-റക്കെച്ചൊല്ലിനാനിതും:- 32
'വെല്‌വൂ മഹാബലൻ രാമനാ,ലക്ഷ്മണനുമൂർജ്ജിതൻ;
തമ്പുരാൻ വെല്‌വു സുഗ്രീവൻ, കാകുത്സ്ഥനുടെ രക്ഷയിൽ!
രാമനെന്ന സുകർമ്മാവാം കോസലേന്ദ്രന്റെ ദാസനാം,
പററലർപ്പടയെക്കൊല്ലും ഹനുമാൻ വായുസൂനു ഞാൻ. 34
ആയിരം രാവണന്മാരുമെതിർനില്ക്കില്ല പോരിൽ മേ,
കല്ലും മരങ്ങളും നൂറായിരമായ് നേർക്ക ചാട്ടവേ!



Digitized By Kerala Sahitya Akademi

ലങ്കാപുരത്തെ മർദ്ദിച്ചു വൈദേഹിയെ വണങ്ങി ഞാൻ
പോവൻ കൃതാർത്ഥനായ്,സ്സർവ്വാശരരും നോക്കിനില്ക്കവേ.' 36
അഗ്ഗർജ്ജനനിനാദത്താൽച്ചൂളിനാർ പേടിപൂണ്ടവർ;
കണ്ടാര,ന്തിമുകിൽക്കൊപ്പമുയന്ന ഹനുമാനെയും.
സ്വാമിതന്നാജ്ഞയാൽച്ചൂളൽ വിട്ടക്കൌണപർ കിശനെ
നാനാഘോരായുധവുമായ് പ്പാഞ്ഞണഞ്ഞാരതാതിടം. 38
ശൂരരാമവരെമ്പാടും ചുഴന്നാസ്സമഹാബലൻ
ഇരിമ്പുതഴതൊന്നുഗ്രം കണ്ടെത്തി പടിവാതിൽമേൽ;
ചെന്നത്തഴതെടുത്തിട്ട തച്ചാനവനരക്കരെ.
പിടയ്ക്കും പാമ്പിനെക്കൊണ്ട വൈനതേയൻ കണക്കവൻ
തഴതേന്തി നഭസ്സിങ്കൽച്ചുററി വീരൻ മരുൽസുതൻ.
കിങ്കരാഭിഖ്യരാം രക്ഷോവീരരെക്കൊന്നു മാരുതി
പിന്നെയും പോരിനായ് വീരൻ പടിമേൽത്തന്നെ മേവിനാൻ.
പിമ്പ,ങ്ങപായം പിണയാതൊഴിഞ്ഞ ചില രാക്ഷസർ 42
രാവണങ്കലുണത്തിച്ചു സവ്വകിങ്കരനിഗ്രഹം.

അനല്പമാം രാക്ഷസസേനതൻ വധം
ശ്രവിച്ചു കണ്ണേററമുരട്ടിയാ നൃപൻ
അടക്കയച്ചാനെതിരറ്റശൌയ്യനാം
പ്രഹസ്തദായാദനെ,യപ്രധൃഷ്യനെ.

—:*:—

## നാല്പത്തിമൂന്നാം സർഗ്ഗം. ചൈത്യപാലവധം

കിങ്കരശ്രേണിയെക്കൊന്നാ ഹനുമാൻ ചിന്ത തേടിനാൻ:—
'ഉടച്ചേൻ കാവിതു; മുടിച്ചില്ലല്ലോ ചൈത്യമേട ഞാൻ;
അതിനാൽ മേടയിതുമിങ്ങിപ്പടിയ്ക്കു തകക്കുവൻ.'
എന്നുള്ളംകൊണ്ട ചിന്തിച്ചു ഹനുമാൻ കാട്ടിനാൻ ബലം; 2
തുംഗമാം മേരുശൃംഗംപോലിരിയ്ക്കും കോവിൽമേടമേൽ
ചാടിക്കേറി ഹരിശ്രേഷ്ഠൻ, ഹനുമാനനിലാത്മജൻ;
മലനേർമേടമേൽക്കേറി,ത്തേജസ്സേറും കപീശ്വരൻ
വിളങ്ങി മറെറാരാദിത്യൻ വന്നുദിച്ചതു പോലവേ!
ദുദ്ധഷ്തുംഗമാം ചൈത്യമേടമേലേറി നില്ക്കവേ,
ശ്രീയാൽ ജ്വലിയ്ക്കും ഹനുമാൻ പാരിയാത്രാഭ തേടിനാൻ.

Digitized By Kerala Sahitya Akademi

പ്രഭാവത്താൽപ്പെരുംകൂററനായിട്ടപ്പവനാത്മജൻ
ധൃഷ്ടം കൈകൊട്ടിനാൻ, ലങ്കയൊച്ചയാൽ നിറയുംവിധം.
അവൻെറ കൈകൊട്ടലൊലി ചെവി പൊട്ടിച്ചു പൊങ്ങവേ
വീണിതങ്ങു വിഹംഗങ്ങൾ; മൂർച്ഛിച്ചു ചൈത്യപാലരും,
'വെല്ക രാഘവനസ്ത്രജ്ഞനാ, ലക്ഷ്മണനുമൂർജ്ജിതൻ!
തമ്പുരാൻ വെല്ക സുഗ്രീവൻ കാകുത്സ്ഥനോടെ രക്ഷയിൽ: 8
രാമനെന്ന സുകർമ്മാവാം കോസലേന്ദ്രൻെറ ദാസനാം,
പററലർപ്പടയെക്കൊല്ലും ഹനുമാൻ വായുസൂനു ഞാൻ.
ആയിരം രാവണന്മാരുമെതിർനില്ക്കില്ല പോരിൽ മേ,
കല്ലും മരങ്ങളും നൂറായിരമായ് നേർക്കു ചാട്ടവേ! 10
ലങ്കാപുരത്തെ മർദ്ദിച്ചു വൈദേഹിയെ വണങ്ങി ഞാൻ
പോവൻ കൃതാർത്ഥനായ് സ്വാശരരും നോക്കിനില്ക്കവേ.'
എന്നു ചൈത്യസ്ഥരോടോതി, വിമാനസ്ഥൻ ഹരീശ്വരൻ,
അരക്കർ പേടി തേടുംമാറലറീ ഭീഷണാരവൻ. 12
ആ വന്നിനാദാലവനോടടുത്താർ ചൈത്യപാലരും:
നാനായുധങ്ങൾ കൈക്കൊണ്ടു കുന്തംവെണ്മഴുവാളുകൾ
ചാട്ടിയുംകൊണ്ടു കൂററന്മാർ വളഞ്ഞൂ വായുപുത്രനെ.
അവർ നാനാ ഗദകളും പൊന്നണിപ്പരിഘങ്ങളും 14
കപീന്ദ്രങ്കൽ പ്രയോഗിച്ചാർ സൂര്യതുല്യശരങ്ങളും.
ഗംഗാജലത്തിൻ വലുതാം പരന്ന ചുഴി പോലവേ
വിളങ്ങി, കീശവരനെച്ചുഴന്നാ രാക്ഷസവ്രജം.
അപ്പോളൊളൊരുഗ്രമാം രൂപം പൂണ്ടാൻ ക്രോധേന വാതജൻ 16
മഹാനാ മേടയുടെ പൊന്നണിഞ്ഞുള്ളൊരു തൂണിനെ
പറിച്ചെടുത്തിട്ടുക്കോടേ ഹനുമാനനിലാത്മജൻ
ചുഴററിനാനതു, ശതധാരമാംവണ്ണമൂർജ്ജിതൻ;
അതിൽച്ചെന്തീ പൂപ്പെട്ടു; കത്തിപ്പോയിതു മേടയും! 18
മേട കത്തുന്നതീക്ഷിച്ചു, വളരെപ്പേരരക്കരെ,
വജ്രത്താൽദൈത്യരെശ്ശക്രൻപോലെ കൊന്നു കപീശ്വരൻ
വാനിടത്തിൽ നിലക്കൊണ്ടു ചൊല്ലീ ശ്രീമാനിതിൻവിധം:—
'അസംഖ്യംപേരെ വിട്ടിട്ടുണ്ടെ,ൻതരക്കാരെ വമ്പരെ, 20
സുഗ്രീവവശഗന്മാരാം കരുത്തേറും കപീന്ദ്രരെ.
ന്നിലെല്ലാം നടക്കുന്നു ഞങ്ങളും മററ കീശരും:

Digitized By Kerala Sahitya Akademi

പത്താനക്കെല്പൊട്ട ചിലർ; പത്തിരട്ടിയുമായ്ച്ചിലർ;
ചിലരായിരമാനയ്ക്കു നേരാം വിക്രമമുള്ളവർ; 22
ചിലരുണ്ടോഘബലരായ്,ച്ചിലർ വായുബലാന്വിതർ;
അമേയബലരാണങ്ങു വേറേ ചില ഹരീശ്വരർ.
ഇമ്മട്ടുകാരാം നഖദന്തായുധന്മാർ വലീമുഖർ.
നൂർന്നൂറായിരമീരയ്യായിരം കോടിയുമൊത്തുടൻ 24
വന്നെത്തുമല്ലോ സുഗ്രീവൻ, നിങ്ങളെക്കൊന്നൊടുക്കുവാൻ.
ഇല്ല ലങ്കാപുരിയിതു, നിങ്ങളില്ലി,ല്ല രാവണൻ,
മഹാത്മാവാം രഘുശ്രേഷ്ഠനോടു ശത്രുത കൊള്ളുകയാൽ!'

—*—

## നാല്പത്തിനാലാം സർഗ്ഗം: ജംബുമാലിവധം.

—*—

അരക്കർകോനാലാജ്ഞപ്തൻ പ്രഹസ്തസുതനൂർജ്ജിതൻ
ജംബുമാലി മഹാദംഷ്ട്രൻ പുറപ്പെട്ടിതു വില്ലുമായ്:
രക്തമാല്യാംബരധരൻ, മാലയിട്ടോൻ, സുകുണ്ഡലൻ,
ക്രൂരൻ, കണ്ണിട്ടുരുട്ടുന്നോൻ, ചണ്ഡൻ, പോരിൽസ്സുദുർജ്ജയൻ, 2
മിന്നുമമ്പൊത്ത വലുതാം മഴവില്ലെതിർവില്ലിനെ
ഊക്കിൽ ഞാണൊലികൊള്ളിച്ചുംകൊണ്ടു വജ്രാശനിസ്വനം.
അവൻെറ വില്ലിൻെറ കനത്തുള്ള ഞാൺവലിയൊച്ചയാൽ
ദിക്പ്രദിക്കുകളും വാനും നിറയപ്പെട്ടിതഞ്ജസാ.
കഴുതത്തേരിൽ വന്നെത്തുമവനെപ്പാർത്തുകാൺകയാൽ,
ഊക്കേറെയുള്ള ഹനുമാനിമ്പമാർന്നലറീടിനാൻ.
പടിതൻ പ്രാപ്പലകമേൽ നില്ക്കുമക്കപിമുഖ്യനെ
ജംബുമാലി മഹാബാഹുവെയ്താൻ കൂർത്ത ശരങ്ങളാൽ: 6
മുഖത്തൊരർദ്ധചന്ദ്രത്താൽ, ശ്ശിരസ്സിലൊരു കർണ്ണിയാൽ,
കൈകളിൽപ്പത്തു നാരാചത്താലുമെയ്താൻ കപീന്ദ്രനെ.
അവൻെറയത്തുടുമുഖം വിലസീ ശരമേല്ക്കയാൽ,
സൂര്യാംശു തട്ടിയ ശരൽഫുല്ലപദ്മം കണക്കിനെ. 8
ചോരയും പാറി വിലസീ ചുകപ്പൊത്തുള്ള തന്മുഖം,
ചന്ദനച്ചാർതളിച്ചോരു ചെന്താമര പോലെയംബരേ!
ചൊടിച്ചുന്നാശരനൊടാശ്ശുരമേററ മഹാകപി:
കണ്ടാനുടൻ പരപ്പേറുമൊരു വമ്പാറയന്തികേ; 10

Digitized By Kerala Sahitya Akademi

ചിക്കെന്നു പറിച്ചേന്തിയാഞ്ഞെറിഞ്ഞാൻ മഹാബലൻ;
ക്രോധമോടതു പത്തമ്പാലെയ്തുടച്ചിതു രാക്ഷസൻ.
ആ വേല പാഴായതു കണ്ടു,നുമാൻ ചണ്ഡവിക്രമൻ
പറിച്ചു കുററമ്പയൊന്നുരുവീര്യൻ ചുഴററിനാൻ. 12

പയന്മരം ചുഴററുന്ന ബലമേറും പ്ലവംഗനെ,
വളരെക്കണകൊണ്ടെയ്താൻ ജംബുമാലി മഹാബലൻ:
സാലം നാലാൽ മുറിച്ചെയ്താനഞ്ചാൽക്കൈമേൽ പ്ലവംഗനെ,
ഒരമ്പാൽ മാറിടത്തിങ്കൽ,പ്പത്താൽ മുലനടുക്കിലും. 14

മെയ്യിൽശ്ശരം നിറകയാൽത്തുലോമരിശമേററവൻ
കൈക്കൊണ്ടി,ട്ടത്തഴുതാരൂക്കിലിട്ടുചുഴററിനാൻ;
ഊക്കേറിയോൻ തുലോമൂക്കിൽച്ചുഴററിത്തഴുതങ്ങവൻ
അരക്കന്റെ പെരുംനെഞ്ഞത്തെയ്യേറിഞ്ഞാൻ ബലോൽക്കടൻ. 16

അവനു തലയില്ലാതായ്,കൈകളില്ലി,ല്ല മുട്ടുകൾ,
വില്ലില്ല, തേരില്ലി,ല്ലശ്വം;കാണാതായ്പ്പോയ് ശരങ്ങളും!
അളുക്കിൽ വന്നേല്ക്കുകയാൽ മെയ്ക്കോപ്പുകൾ പൊടിഞ്ഞുപോയ്
മന്നിൽ വീണാൻ കൊലപ്പെട്ടു ജംബുമാലി മഹാരഥൻ. 18

കെല്പർ കിങ്കരരും ജംബുമാലിയും കൊലയേററതായ്
കേട്ടു കോപിച്ചു, ചൊടിയാൽക്കൺചുകപ്പാർന്നു രാവണൻ.

പ്രഹസ്തപുത്രൻ ബലി ചത്തശേഷമോ,
ചൊടിച്ചുരുട്ടും തുടുകണ്ണൊടൊത്തുടൻ
പറഞ്ഞയച്ചാനതിവീര്യവിക്രമാ-
ഢ്യരാമമാത്യാത്മജരെ ക്ഷപാടർകോൻ. 20

—o—

## നാല്പത്തഞ്ചാം സർഗ്ഗം: മന്ത്രിപുത്രവധം.

—o—

അരക്കർകോൻ നിയോഗിച്ചു മന്ത്രിനന്ദനരേഴുപേർ
പുറപ്പെട്ടാരഗ്ഗൃഹത്തിൽനിന്നു വൈശ്വാനരപ്രഭർ:
വില്ലേന്തി, വമ്പടയകമ്പടിയൊത്തു, മഹാബലർ,
കൃതാസ്ത്രര,സ്ത്രവിന്മുഖ്യർ, വെവ്വേറേ ജയകാംക്ഷികൾ, 2

ചുററും പൊൻജന്നൽ കൊടികൾ കൊടിക്കാലിവയൊത്തതായ്
ഇടിനേരൊച്ചയുള്ളൊന്നാം മഹാശ്വരഥത്തിലേറിയോർ,

Digitized By Kerala Sahitya Akademi

ഉരുക്കപ്പൊൻപൂശിയ വില്ലൊലിക്കൊള്ളിച്ചുകൊണ്ടുടൻ,
മിന്നൽക്കാറുകൾ പോലിമ്പം വളൎന്നുദ്ദാമവിക്രമർ. 4
അവർതന്നമ്മമാരങ്ങു കിങ്കരാഹതി കേൾക്കയാൽ
ശോകസംഭ്രാന്തിയിൽപ്പെട്ടു ബന്ധുമിത്രജനത്തൊടും!
ഇണക്കത്തോടു, തങ്കപ്പൊന്നാഭരണങ്ങൾ പൂണ്ടഞ്ഞവരാമവർ
പാഞ്ഞേററാർ പടിമേൽ നോക്കിനിന്ന വായുതനൂജനെ. 6
തേരൊച്ചയാകുമിടിയെത്തറവു വർഷിച്ചുകൊണ്ടുതാൻ
ചരിച്ചാരാശരാഭ്രങ്ങൾ, വർഷത്തിൽക്കാർകൾ പോലവേ.
അമ്പാണവർഷമെമ്പാടുമേററ മാരുതനന്ദനൻ
മൈ മറഞ്ഞവനായ്ത്തീർന്നു, വർഷാൽ വന്മല പോലവേ. 8
പാഴാക്കിനാനക്കണകൾ പാച്ചിൽകൊണ്ടു വനാലയൻ,
വെൺവാനിൽസ്സഞ്ചരിച്ചിട്ടാ വീരർതൻ രഥവേഗവും.
ആ വില്ലരാൽക്കളിച്ചുംകൊണ്ടാ വീരൻ വിലസീ ദിവി,
വില്ലൊത്ത കാർകളാൽ വാനത്തനിലസ്വാമി പോലവേ. 10
ഘോരമാത്ത,പ്പെരുംസൈന്യത്തിനെ ഞെട്ടിച്ചുകൊണ്ടുടൻ
ഒരുക്കെട്ടെത്തു ഹനുമാൻ വീര്യവാനാ നിശാടരിൽ:
തച്ചാൻ ചിലരെ വൈരിഘ്നൻ; ചിലപേരെച്ചവുട്ടിനാൻ;
മാന്തിപ്പൊളിച്ചു ചിലരെ;-കരത്തീ ചിലരെ മുഷ്ടിയാൽ; 12
നെഞ്ചാലരച്ചാൻ ചിലരെ,ത്തുടയാൽച്ചിലകൂട്ടരെ;
അവന്റെയാക്രൽ കേട്ടിട്ടേ നിലംപൊത്തീടിനാർ ചിലർ.
അവർ തീരെ വശംകെട്ടു മന്നിൽ വീണാരശാന്തരേ,
പേടിച്ചരണ്ടിട്ടെമ്പാടും പാഞ്ഞിതപ്പടയൊക്കയും. 14
ഗജങ്ങൾ വല്ലാതലറീ; മന്നിൽ വീണിതു വാജികൾ;
ധ്വജനീഡച്ഛത്രമററ തേർകളാൽ മൂടിയൂഴിയും.
മാൎഗ്ഗേ കാണായി പുഴകളൊ,ഴുകീടുന്ന ചോരയാൽ;
നാനാസ്വരത്തിൽ വികൃതാരാവവും പൊങ്ങി ലങ്കയിൽ. 16

ബലിഷ്ഠനാമക്കപിവീരനപ്പെരും-
നിശാടരെക്കൊന്നു നിശാന്തവിക്രമൻ
അണഞ്ഞുനിന്നാനടനക്കമൊന്നമേ,
പുനശ്ച മററാശരരോടു പോരിടാൻ.

—*—

Digitized By Kerala Sahitya Akademi

## നാല്പത്താറാം സർഗ്ഗം: സേനാപതിവധം.

—*—

മന്ത്രിപുത്രരെയും കുററകപി കൊന്നതറിഞ്ഞതിൽ,
ഭാവം മറച്ചു, ധീരത്വമവലംബിച്ചു രാവണൻ.
അതിൽപ്പിന്നെ വിരൂപാക്ഷൻ, യൂപാക്ഷൻ, ദുദ്ധരാശരൻ,
പ്രഘസൻ, ഭാസകണ്ണാഖ്യനിസ്സേനാധിപരൈവരെ 2
ചൊല്ലിവിട്ടു ദശഗ്രീവൻ, നയാഭിജ്ഞരെ, വീരരെ,
ഹനുമാനെപ്പിടിപ്പാനായ്പ്പോരിൽ മാരുതവേഗരെ,
'ചെൽവിൻ വമ്പടയും കൂട്ടിച്ചേന്നൊത്തു പടനായകരേ,
രഥാശ്വേഭാഢ്യരായ്;—ശ്ശിക്ഷിയ്ക്കുകാക്കപിയെ'യെന്നുതാൻ:— 4
"അക്കാടനോട്ട ചെന്നേററാലോറം ശ്രദ്ധിച്ചുകൊള്ളണം;
കമ്മം ചെയ്യായ്ക്കയും വേണം, ദേശകാലറിതരൂപമായ്.
അവൻ കുരങ്ങനല്ലെന്നു തോന്നുന്നു തൊഴിലാൽ മമ;
എല്ലാംകൊണ്ടും, കരുത്തേറുമേറതാ വൻഭൂതമാണവൻ! 6
അവൻ കുരങ്ങെന്നോത്തിട്ടു ശങ്ക നീങ്ങുന്നതില്ല മേ.
പ്ലവംഗനല്ലെന്നെൻപക്ഷം; ചെയ്താനല്ലോ ഇതൊക്കയും!
നമ്മെ വെല്വാൻ തപശ്ശക്ത്യാ ശക്രൻ സൃഷ്ടിച്ചതായ്പരാം!
ഗന്ധവ്വയക്ഷാഹിസുരാസുരമാമുനിമാർകളെ
വെന്നല്ലോ, നിങ്ങളെല്ലാരും ചേന്നൊത്തൊരു നാട്ടുകൂടവേ;
അവർ ചെയ്യേണ്ടതുമേ നമ്മാംക്കപ്രിയം വല്ലതും ദൃഢം. 8
അതിനാലി,ങ്ങു കില്ലില്ല, ബലാൽച്ചെന്നു പിടിയ്ക്കണം;
അവജ്ഞതെ കൊള്ളൊലാ നിങ്ങൾ ധീരവിക്രമി കീശനിൽ.
ഞാൻ മുന്നു കണ്ടിട്ടുണ്ടല്ലോ ഭൂരിവിക്രമർ കീശരെ,
ബാലിസുഗ്രീവരെയുമാബ്ബലിയാം ജാംബവാനെയും 10
സേനേശനാം നീലനെയും ദ്വിവിദാദികരാം തമ്മെയും,
ഇല്ലവക്കിതു ഘോരപ്പോക്കി,ല്ലോജസ്സി,ല്ല വിക്രമം,
ഇല്ല ബുദ്ധി, ബലോത്സാഹമില്ലി,ല്ലാ കാമരൂപവും.
കുരങ്ങായ് നിന്ന വൻജന്തുവൊന്നിതെന്നു ധരിയ്ക്കണം; 12
വമ്പിച്ച യത്നമേ കൈക്കൊണ്ട,തിനെപ്പിടികൂടുവിൻ.
ശക്രദേവാസുരാനരരൊത്ത മൂന്നുലകങ്ങളും

Digitized By Kerala Sahitya Akademi

നിങ്ങളൊന്തൻ മുന്നിൽ നിന്നിടാൻ പോരാ സമരഭൂമിയിൽ;
എന്നാകിലും, നയാഭിജ്ഞൻ പോരിങ്കൽ വിജയത്തിനായ്, 14
സ്വരക്ഷ യത്നാൽ ചെയ്യേണം; സ്ഥിരമല്ലടരിൽജ്ജയം."
അതുളപ്പാട കൈക്കൊണ്ടാ മഹൌജസ്സുകളേവരും
പുറപ്പെട്ടാർ പെരുത്തുക്കോടഗ്നിതേജസ്സിയന്നവർ,
തേർമത്തഹസ്തികളൊടും പ്രജവാശ്വഗണത്തൊടും 16
നാനാതീക്ഷ്ണായുധത്തോടുമെല്ലാപ്പടകളോടുമേ.
പിന്നീടാ വീരർ കണ്ടാരാ,ത്തിളങ്ങും കപിമുഖ്യനെ:
ഉദിക്കും സൂര്യനെപ്പോലേ, തൻതേജസ്സാലെ സൂര്യനെ,
അനല്പസത്ത്വബലനെ,പ്പടിമേലു,ദ്യമാഢ്യനെ, 18
ബുദ്ധിവേഗങ്ങളാം വായ്ചോനെ,ക്കൈകളും മെത്തിയ ക്രൂരനെ.
കണ്ടതോടൊപ്പമേ, ചുററപാടും നിന്നാവരേവരും
അതാത്തു ഘോരായുധമോടേററടുത്താരതാതിടം.
മുന മഞ്ഞച്ച ക്ഷുപ്രേറമഞ്ചിരിമ്പമ്പു ദുർദ്ധരൻ 20
അദ്ദേഹത്തിൻ തലയ്ക്കേയ്യാനി,ന്ദീവരദളോപമം.
തലയ്ക്കശ്ശരമഞ്ചെണ്ണം തറഞ്ഞ വനഗോചരൻ,
ദിക്ക പത്തും മുഴങ്ങുമാറാർത്തു മേല്പോട്ടു ചാടിനാൻ.
ഉടൻ, രഥസ്ഥനാം വീരൻ ദുർദ്ധരൻ കുലവില്ലിനാൽ 22
ക്ഷുരമ്പായിരമെയ്യുംകൊണ്ടേററണഞ്ഞാൻ മഹാബലൻ.
ശരം വർഷിക്കുമവനെത്തടുത്തു വാനിലക്കപി,
വർഷാവസാനേ, വർഷിക്കും കാറിനെക്കാററു പോലവേ.
പിന്നിട,ദ്ദുർദ്ധരൻ പീഡിപ്പിയ്ക്കുന്ന പവനാത്മജൻ 24
ആർത്തുകൊണ്ടാനധികമായ്, വലുതായാനൊരുക്കൊടേ;
ദൂരത്തുയർന്നു പെട്ടെന്നു ചാടിനാൻ പെരുത്തുക്കൊടേ,
മലമേലിടിവാളുപോലെ, ദുർദ്ധരത്തേരിലക്കപി.
അശ്വമെട്ടുമരഞ്ഞ,ച്ചാം നകത്തണ്ടും മുറിഞ്ഞ തേർ 26
വെടിഞ്ഞു ചത്തു പാരിട്ടിൽ വീണുപോയ് ദുർദ്ധരൻ താദാ.
അവൻ വീണതു കണ്ടിട്ടു രോഷാൽ മേല്പോട്ടു ചാടിനാർ
ദുർദ്ധർഷരാം വിരൂപാക്ഷയൂപാക്ഷന്മാരരിന്ദമർ;
പെട്ടെന്നു ചാടിയിട്ടാഞ്ഞുതച്ചാർ മുഷ്ടിത്തടികൊണ്ടവർ 28
വെൺവാനിൽ മേവുമാക്കൈകളും നീണ്ട കീശനെ നെഞ്ചിലായ്.
മൗക്കേരമവർതന്നൂക്കിൽനിന്നൊഴിഞ്ഞു മഹാബലൻ

Digitized By Kerala Sahitya Akademi

ഭൂമിയിൽച്ചാടിനാൻ വീണ്ടും, ഗരുഡോപമവിക്രമൻ;
കാണായോരു പയൻവൃക്ഷം പറിച്ചേന്തി പ്ലവംഗമൻ 30
തച്ചുകൊന്നാൻ മരുൽപുത്രനാ രണ്ടാശരവീരരെ.
ആ മൂന്നുപേരെയുമുക്കേറും ഹരി കൊന്നതറിഞ്ഞുടൻ
പാഞ്ഞണഞ്ഞു മഹാവേഗൻ പ്രഘസൻ കപിയെന്ന്വലാൽ,
ചൊടിച്ചു ശൂലം കൈക്കൊണ്ടു വീഴ്ത്തുവാൻ ഭാസകർണ്ണനും: 32
പ്രഘസൻ ചെന്നൊരുവശം നിലകൊണ്ടാഞ്ഞുകുത്തിനാൻ
ശിതാഗ്രമാം പട്ടസത്താൽച്ചൊല്ലേറ്റാണ്ട കപിസിംഹനെ;
ഭാസകർണ്ണൻ നിശിചരൻ ശൂലംകൊണ്ടു കപീന്ദ്രനെ.
അവയേററിട്ടു ഗാത്രങ്ങളും മുറിഞ്ഞാ ക്രുദ്ധനാം കപി, 34
രോമങ്ങളിൽച്ചോര പുരണ്ടു,ഭൃത്സൂര്യാഭ തേടിനാൻ.
സദ്രുമവ്യാളമൃഗമൊരദ്രിശൃംഗം പറിച്ചുടൻ
തച്ചു ഹനുമാൻ കീശേന്ദ്രൻ വീരനാ രണ്ടരക്കരെ;
അവരഗ്ഗിരിശൃംഗത്താലരഞ്ഞെ,ള്ളണിപോലെയായ്।
അസ്സേനാനാഥരഞ്ചാളുമറ്റതിപ്പെട്ടതിന്നുമേൽ, 36
ബാക്കിയുള്ളപ്പടയെയും കൊന്നൊടുക്കി പ്ലവംഗമൻ:
യോധരാൽ യോധരെ, ഹയത്താലശ്വം, ദന്തിയാൽഗ്ഗജം,
തേരാൽത്തേരും നശിപ്പിച്ചാൻ, ദൈത്യരെജ്ജിഷ്ണുപോലവേ.
കൊല്ലപ്പെട്ട ഗജാശ്വത്താല,ച്ചുതണ്ടററ തേർകളാൽ, 38
കൊല്ലപ്പെട്ടാശരന്മാരാൽ മൂടീ മന്നിടമെങ്ങുമേ.

പ്ലവംഗനസ്സൈനികനാഥവീരരെ–
സ്സസൈന്യവാഹം യുധി കൊന്നു വീഴ്ത്തുവാൻ
അതിൻപടിക്കേ പടിയേറി മേവിനാൻ,
പ്രജാക്ഷയോത്സാഹി യമൻ കണക്കിനേ।

—o—

## നാല്പത്തെട്ടാം സർഗ്ഗം: അക്ഷകുമാരവധം

—o—

യാനാനുഗന്മാരൊടുകൂടെയഞ്ചുപേർ
സേനേശരേയും ഹനുമാൻ വധിച്ചതായ്
ശ്രവിച്ചു രാജാവടരിന്നുഴറെറഴും
കുമാരനാമക്ഷനെ മുന്നിൽ നോക്കിനാൻ.



Digitized By Kerala Sahitya Akademi

അവൻെറ നോട്ടം വഴിപോലുരസ്സയാൽ,
പ്രതാപവാൻ പൊന്നണിവില്ലുമൊത്തവൻ
എണീററകൊണ്ടാൻ, സഭയിൽ ദ്വിജേന്ദ്രർ നൈ
പകന്നു കത്തിച്ചൊരു വഹ്നി പോലവേ. 2

ഉടൻ, നവാക്പ്രഭമായുരുക്കപൊൻ
ജനാൽ ചുഴന്നുള്ളൊരനല്പമാം രഥം
കരേറി,യക്ഷീശവരൻെറ നേക്കു പോ–
ന്നിതാ,ക്ഷപാടഷ്ഭനായ വീര്യവാൻ:
തുടന്നു നാനാതപസാ ലഭിച്ചതാ–
യു,രുക്കപൊൻജന്നൽകളാൽ വിചിത്രമായ്
മണിക്കൊടിക്കാൽകൊടിയുള്ളതായ് മനോ–
ജവാശ്വങ്ങളെട്ടഗ്ഗൃഹയങ്ങളം ചേന്നതായ്, 4

സുരാസുരാദ്ധൃഷ്യ്യ,മസംഗചംക്രമം,
തടിത്തു പോലംബരചാരി, സജ്ജിതം,
മെരട്ടകൈവാറം നിരമേൽത്തറച്ചു, വേൽ.
സതോമരം തൂണിയടുക്കിവെച്ചതായ്
സമഗ്രവസ്ത്വനചിതമായ്, രവീന്ദുനേർ–
മഹസ്സണിപ്പൊങ്കയറോടുമൊത്തതായ്,
ദിവാകരന്നൊത്ത രഥത്തിലേറിയി–
ട്ടവൻ പുറപ്പെട്ടിതമർത്ത്യവിക്രമൻ. 6

ശരാശചവന്തേരൊലിയാൽസ്സശൈലഭൂ–
നഭോവിഭാഗങ്ങളം നിറച്ചുകൊണ്ടവൻ
സമേതമാം സൈന്യമൊടൊത്തണഞ്ഞിതാ,–
പ്പടിക്കുമേൽനിന്നു പടുപ്ലവംഗനെ.
പ്രഭാക്ഷയോദ്യൈക്തയുഗാന്തവഹ്നിപോ–
ലിരിക്കുമക്കീശനെയുററുനോക്കിനാൻ,
സവിഭ്രമാശ്ചര്യനെയങ്ങു, സിംഹനേർ–
സമീക്ഷനക്ഷൻ ബഹുമാനദൃഷ്ടിയാൽ. 8

പെരുംകരങ്ങൻെറയൊരുക്കമാഹവ–
ക്കയററവും തൻബലവും നിനച്ചുടൻ
സമുജ്ജ്വലിച്ചാൻ ശിശിരാന്തഭാസ്കരൻ
കണക്കെയാ രാവണപുത്രനൂർജ്ജിതൻ,

Digitized By Kerala Sahitya Akademi

തടുക്കവയ്യാതെയുറച്ച വിക്രമം
സരോഷനായ്ക്കണ്ടവനാഹവസ്ഥിരൻ
മനസ്സുനിർത്തിക്കണ മൂന്നു തീക്ഷ്ണമെ-
യ്യുടക്കിളക്കി പവമാനസൂനുവെ. 10

കരമ്പനാമക്കപിയെശ്ശരിയ്ക്കുറി–
ഞ്ഞതഖിന്നനെശ്ശത്രുജയപ്രവീണനെ
സമുന്നതസത്വാന്തനെ നിന്നുനോക്കിനാ–
നഥാക്ഷനമ്പും പടവില്ലുമേന്തിയോൻ.
അവൻ സുവർണ്ണാംഗദനിഷ്കകുണ്ഡലൻ
പ്ലവംഗനോടേററിതു ശീഘ്രവിക്രമൻ;
അതുല്യമട്ടാമവർതന്നിടച്ചിലിൽ–
സ്സുരാസുരന്മാർക്കുമുദിച്ചു സംഭ്രമം! 12

മുഴങ്ങി മന്നു;–ക്കനെനുഷ്ണരശ്മിയായ്;
മരുത്തു വീശീല! വിറച്ചുപോയ് ഗിരി;
കുമാരനും കീശനുമിട്ട പോരു ക–
ണ്ടിരമ്പി വാനങ്ങു; കലങ്ങിയാഴിയും.
പ്രവീരനക്ഷൻ, ചിറകൊത്തു നൽത്തല–
പ്പിടന്നു പൊന്നുകെട്ടിയ മൂന്നു സായകം
കപിത്തലയ്ക്കേറ്റു വിഷോരഗോപമം,
തൊടുക്കലെയ്ത്തുന്നവുമഭ്യസിച്ചവൻ. 14

ശിരസ്സിലാ മുക്കണയൊപ്പമേല്ക്കയാൽ
നിണം പൊഴിഞ്ഞക്ഷിയുരുട്ടുവാനവൻ,
നവാർക്കകല്പൻ വിലസീ ശരാംശുമാൻ,
കതിർക്കലം ചാർത്തിയ ഭാനുപോലവേ.
ഉദഗ്രചിത്രായുധചിത്രചാപനാം
നൃപേന്ദ്രപുത്രന്റെയെതിർക്കൽ കാൺകയാൽ
സഹർഷനായാൻ, വലുതായിനാനെ,ട–
ക്കമെന്നി കീശേശ്വരമന്ത്രിസത്തമൻ. 16

മഹാരുഷാ, മന്ദരമസ്തകസ്ഥനാം
ഖരാംശു പോലായ്ജ്ജ്വലവീര്യവാനവൻ
കുമാരനാമക്ഷനെ വാഹസൈന്യമോ–
ടെരിച്ചുകൊണ്ടാൻ നയനാഗ്നിഹേതിയാൽ,

Digitized By Kerala Sahitya Akademi

ഉടൻ, ധനുസ്സായ മഹേന്ദ്രവില്ലുമായ്
രണേ ശരം പെയ്തിട്ടമാശരാംബുദം
ശരം ചൊരിഞ്ഞാൻ ഹരിനായകാദ്രിമേൽ,
മഹാദ്രിമേൽക്കാർമുകിൽ മാരിപോലവേ. 18

പ്ലവംഗനാ,സ്സംഗരചണ്ഡവിക്രമം
പെടുന്ന തേജോബലവീര്യശാലിയെ–
കുമാരനാമക്ഷനെ നോക്കിയാഹവേ
സഹർഷമാർത്താൻ ഘനതുല്യനിസ്സ്വനൻ.
ചെറുപ്പമൂലം യുധി വീര്യഗർവിയ–
ന്ന,രം ചൊടിച്ചക്ഷികളും ചുടുത്തവൻ
അണഞ്ഞു പോരിൽക്കിടയററ കീശനെ,–
ത്തൃണാവൃതം വങ്കിണററാന പോലവേ. 20

അവൻെറയാഞ്ഞെയ്ത ശരങ്ങളെല്ലുയാ–
ലിടിസ്വനത്തോടലറിസ്സമീരജൻ
നഭസ്ഥലത്തെയ്ക്കു കുതിച്ചുചാടിനാൻ
ജവേന കൈകാൽകൾ കുടഞ്ഞു ഘോരനായ്.
കുതിച്ചുചാട്ടംപൊഴുതോടിയേററിതാ,–
പ്രതാപിയാം രാക്ഷസവര്യനൂർജ്ജിതൻ,
ഒരദ്രിമേലംബുദമശ്മവൃഷ്ടി പോ–
ലിഷുക്കൾ തൂകിസ്സരഥൻ മഹാരഥൻ. 22

അവൻെറയപ്പത്രികളേററിടാതെയാം-
വിധം ചരിച്ചാൻ കപിവീരനംബരേ:
ശരാന്തരേ വായുസമം മനോജവൻ
പറന്നുകൊണ്ടാൻ യുധി ചണ്ഡവിക്രമൻ.
രണോൽക്കനായ് വില്ലു കുലച്ചു കൂർത്ത നൽ–
ശ്ശരങ്ങൾ വാനത്തു വിരിക്കുമക്ഷനെ
ശരിക്കു പാർത്താൻ ബഹുമാനദൃഷ്ടിയാൽ;
വിചിന്ത പൂണ്ടാനനിലാത്മജ്രവവൻ. 24

കുമാരവീരൻ പെരിയോൻ ശരങ്ങളാൽ–
പ്പിളർത്ത നെഞ്ഞോടലറം പ്ലവംഗമൻ,
മഹാഭുജൻ, കർമ്മവിശേഷതത്ത്വവി–
ത്തുടൻ നിനച്ചാനടരിൽപ്പരാക്രമം:–

Digitized By Kerala Sahitya Akademi

'അബാലനെപ്പോലിഹ ബാലസൂര്യനോ-
സ്സിവൻ മഹത്താം തൊഴിൽ ചെയ്തിതൂർജ്ജിതൻ;
എനിക്കു തോന്നുന്നതുമില്ല ചൊല്ലുവാൻ,
തികഞ്ഞ പോർവമ്പെഴുമിക്കുമാരനെ. 26

ഇവൻ മഹാത്മാവ,തിമാത്രവീര്യവാൻ;
സമാഹിതൻ, പോരിലലം സഹിപ്പവൻ
ധ്രുവം, തൊഴിൽക്കുള്ളതിമേന്മകൊണ്ടിവൻ
ഭുജംഗയക്ഷർഷികളാലുമർച്ചിതൻ!
പരാക്രമോത്സാഹസമിദ്ധചിത്തനേ-
ററണഞ്ഞു നിന്നങ്ങിനെ നോക്കിടുന്നു മാം;
വരുത്തുമല്ലോ ത്രിദശാസുരർക്കു, മി-
ത്തരസ്വിതൻ വിക്രമമുദ്ധ്രലിപ്പിനെ! 28

ഉപേക്ഷ കൊണ്ടാലിവനോടു തോററുപോം:
പരാക്രമം പോരിലിവനു വായ്ക്കയാം;
നിനയ്ക്കിലിയാളെ വധിയ്ക്കുതാൻ ഗുണം;
പടർന്നിടും തീയൊടുപേക്ഷ പററുമോ?
കപീന്ദ്രനേവം രിപുവിൻ കയററവും
സ്വകീയകർത്തവ്യവുമോർത്തുകണ്ടുടൻ
ഒരുക്കെട്ടത്താൻ ബലശാലി വീര്യവാ-
നൊ,രുങ്ങിനാൻ മൃത്യുവവന്നണയ്ക്കുവാൻ: 30

തിരിച്ചിൽ ശീലിച്ച ഭരം സഹിയ്ക്കുമാ
പ്രവേഗതദ്വാജികളെട്ടിനേയുമേ
അടിച്ചുകൊന്നാൻ ഗഗനത്തിൽവെച്ചു, കൈ-
ത്തലങ്ങളാൽ മാരുതി വീരവാനരൻ;
ഉടൻ പ്ലവംഗേശ്വരമന്ത്രി കയ്യുകൊ-
ണ്ടടിയ്ക്കയാലൂഴിയിൽ വീണിതംബരാൽ,
പരം നുകത്തണ്ടു തെറിച്ചു,ക്ലടട-
ഞ്ഞു,വൻെറയാ നഷ്ടഹയം മഹാരഥം: 32

രഥം വെടിഞ്ഞപ്പൊഴുതാ മഹാരഥൻ
ധനുർദ്ധരൻ വ്യോമ്നി കുതിച്ചു വാളുമായ്,
തപസ്സുചെയ്തിട്ടുടൽ വിട്ടു, വിണ്ണിലേ-
യ്ക്കൊരുഗ്രവീര്യൻ മുനിയെന്നപോലവേ.

Digitized By Kerala Sahitya Akademi

ഖഗേശസിദ്ധാനിലർ മേവുമംബരേ
ചരിഷ്ണുമായാളെയണഞ്ഞു വാനരൻ
പിടിച്ചുകൊണ്ടാൻ, പവമാനവിക്രമൻ
ക്രമാലയാംതന്നിരുകാൽകളും ദൃഢം;
മഹോരഗത്തെബ്ഭുജഗാരി പോലെടു- 34
ത്തൊ,രായിരംപാടു ചുഴററിയാഹവേ,
പ്ലവംഗമപ്രൌഢനയാളെ മന്നിലെ-
യ്ക്കെറിഞ്ഞിതൂക്കിൽ, പ്പിതൃതുല്യവിക്രമൻ.
അതിൽ ക്ഷപാടന്നരകൈകഴുത്തുകാ-
ലൊടിഞ്ഞു; കൺ പൊട്ടി; നുറുങ്ങിയെല്ലുകൾ;
ഢിണം ചുരന്നേപ്പുകളററു കെട്ടതി-
ന്നവൻ നിലത്താഹതനായ് കപീന്ദ്രനാൽ; 36
അയാളെയങ്ങുഴിയിലിട്ടരച്ചു വൻ-
ഭയം നിശാടേശനു ചേർത്തു വായുജയൻ.
പ്രതാഢ്യരാം ചക്രചരർഷിമുഖ്യരൊ-
ത്തണഞ്ഞു ഭൂതങ്ങൾ ഭുജംഗയക്ഷരും
സുവിസ്മയം പാർത്തിതു സേന്ദ്രദേവരും,
കുമാരനെക്കൊന്നവളക്ഷരങ്ങനെ.
തുടുത്ത കണ്ണെന്റാത്തു ജയന്തനേർമഹ-
സ്സ്വഴം കുമാരാക്ഷനെയിട്ടുകൊന്നുടൻ
അണഞ്ഞിതാ വിക്രമിയക്കമൊന്നമേ,
പ്രജാക്ഷയോത്സാഹി യമൻ കണക്കിനെ! 38

—:*:—

## നാല്പത്തെട്ടാം സർഗ്ഗം: ബ്രഹ്മാസ്ത്രബന്ധനം

—:*:—

സമീരഭൂവക്ഷകുമാരനെക്കൊ-
ന്നതിൽച്ചൊടിച്ചാപ്പെരിയോൻ ദശാസ്യൻ
മനസ്സുറപ്പിച്ചു,മഹേന്ദ്രഭാസ്സാം
മഹേന്ദ്രജിത്തോടരുൾചെയ്തുകൊണ്ടാൻ:—
"കൃതാസ്ത്രനസ്ത്രജ്ഞരിൽ വെച്ചു മുമ്പൻ
സുരാസുരക്ഷ്മം കദനപ്രദൻ നീ
സവാസവാമർത്ത്യരെയും ജയിച്ചോൻ
പിതാമഹാരാധനസഞ്ചിതാസ്ത്രൻ; 2

Digitized By Kerala Sahitya Akademi

നിന്നസ്ത്രബലമേററിട്ട സമരുദ്ഗണർ ദേവകൾ
ശക്തരായീല യുദ്ധത്തിൽ നില്പാൻ, ശക്രൻെറകൂടെയും.
മൂന്നുലോകത്തുമില്ലല്ലോ, നിൻപോരിൽത്തളരാതൊരാൾ!
കയ്യൂക്കു കാവലായുള്ളോൻ, തപസ്സും രക്ഷയുള്ളവൻ, 4
ദേശകാലവിഭാഗജ്ഞൻ, നീതാൻ വലിയ ബുദ്ധിമാൻ.

നിനക്കു യുദ്ധത്തിലസാദ്ധ്യമൊന്നുമി-
ല്ല,ഗമ്യമില്ലാ തവ ബുദ്ധിചിന്തയിൽ;
തവാസ്ത്രവന്വും ബലവും ശരിക്കറി-
ഞ്ഞിടാതൊരാളില്ലുലകങ്ങൾ മൂന്നിലും!
തപക്കരുത്ത,സ്ത്രബലം, രണേ പരാ-
ക്രമം, നിനക്കുണ്ടിവയെന്നൊടൊപ്പമേ;
ക്ഷീണിക്കുമാറില്ല പടത്തിരക്കിൽ,-
ബ്ഭവാനെയോർത്തെൻകരൾ നിശ്ചയത്താൽ. 6

ഹതർ കിങ്കരരെപ്പേരും, രാക്ഷസൻ ജംബുമാലിയും
അമാത്യപുത്രരും, വീരരഞ്ചുപേർ പടനാഥരും,
തേരാനയശ്വങ്ങൾ നിറഞ്ഞിരുന്ന ബഹുസൈന്യവും;
കൊല്ലപ്പെട്ടിതു നിന്നോമൽത്തമ്പിയക്ഷകുമാരനും; 8
എന്നാലേ,റെ മതിപ്പിങ്ങു നിങ്കലല്ലോ രിപുഘ്ന, മേ.

പെരുംപടക്കിപ്പടിമൃത്യുചേർത്തതും
കുമാരതൻ വിക്രമവും മിടുക്കും
സ്വശക്തിയും പേർത്തു നിനച്ചു കൈക്കൊൾ-
കൊരുക്കു നീ,യാത്മബലാനുരൂപം.
ഹതാവി നീ ചെന്നരികത്തണഞ്ഞാൽ-
ബ്ബലത്തെ മർദ്ദിക്കൽ നിലയ്ക്കുമാറേ,
സ്വശക്തിയും ശത്രുമിടുക്കുമോർത്തു
മതിൻകൊൾക ശസ്ത്രവിദശ്രമെന്നലേ. 10

ബലങ്ങൾ കാക്കാ പ്രബലങ്കൽ വീര;
ഗമിക്കുലാ ദുർബ്ബലവജ്രമേന്തി;
ഇവൻെറ പോക്കില്ല മരുത്തിനു;-ംഗ-
ൽഗ്ഗളാലടിക്കൊല്ലനലോപമങ്കൽ.
ഇവണ്ണമേ കാര്യമതുററുനണ്ണി;
സ്വകാര്യസിദ്ധിക്കു മനസ്സിരുത്തി;
ശരാസദിവ്യാസ്ത്രബലം സ്മരിച്ചു
ഗമിക്ക; ചെയ്യുന്നിടിവററ യത്നം: 12

Digitized By Kerala Sahitya Akademi

നിന്നെച്ചൊല്ലിവിടാനുള്ളീ നിനവുത്തമമല്ല മേ;
എന്നാലിതത്രെ, നീതിയ്ക്കും ക്ഷത്രജാതിയ്ക്കുമുത്തമം.
നാനായുധങ്ങളാൽപ്പോരിന്നൊക്കം വിരുതരിന്ദമ,
ശരിയ്ക്കോർമ്മയിൽ വെയ്ക്കേണം; നേരേണം ജയവും രണേ." 14

പിതാവുതൻ വാക്കിതു കേട്ടു പോരി-
നുറച്ചു,ഗീർവ്വാണസമപ്രഭാവൻ
അധീശനെത്തത്ര വലത്തുവെച്ചാ-
നദീനമാം സത്ത്വമിയന്ന വീരൻ.

അതിൽത്തൻമിത്രരാൽ വാഴ്ത്തപ്പെട്ടിട്ടുത്സാഹയുക്തനായ്
പടവെട്ടാനൊരുമ്പെട്ടാനി,ന്ദ്രജിത്തു രണോദ്ധതൻ. 16

ശ്രീമാൻ തണ്ടാരിതാംക്കണ്ണുനാശരേശൻെറ നന്ദനൻ
പുറപ്പെട്ടു മഹാതേജസ്സേ,ററത്തിൽക്കടൽ പോലവേ:

ഖഗേശവേഗാലൊരുപോലെ പായും
വ്യാളങ്ങളാം നാലുൽകടതുഭ്രദംഷ്ട്രർ
ചേർന്നോരു വേഗം തടയാത്ത തേരി-
ലങ്ങിന്ദ്രജിത്തിന്ദ്രസമൻ കരേറി. 18

ആ വൻവില്ലാളി തേരാളി ശസ്ത്രവിത്തസ്ത്രവിത്തമൻ
പോന്നാൻ തേരേറി, ഹനൂമത്സമീപത്തെയ്ക്കു വിദ്രുതം.
അവൻെറ വന്തേരൊലിയും വില്ലിൻ ഞാണിൻെറ ശബ്ദവും
കേട്ടിട്ടു പെരുതാമിമ്പം പൂണ്ടാനാ വീരവാനരൻ. 20

കൂർത്ത ബാണങ്ങളും വില്ലും കൈക്കൊണ്ടിട്ടിന്ദ്രജിത്തുടൻ
ഹനുമാനുടെ നേരിട്ടു പോന്നാൻ, പോർവിരുതുള്ളവൻ.

രണത്തെയോർത്തിമ്പമിയന്നു ബാണം
കൈക്കൊണ്ടവൻ പോരിനു പോന്നിടുമ്പോഴാം
ദിക്കാകമാനം കലുഷീഭവിച്ചു;
ഭീകാട്ടുംമൃഗൌഘം പലമട്ടിലാർത്തു. 22

അങ്ങിങ്ങൽ വന്നെത്തി മഹാഹിയക്ഷർ,
സസിദ്ധരാം ചക്രചരർഷിമാരും;
ഖഗങ്ങളും വ്യോമനി തിങ്ങിയുച്ച-
സ്വനം മുഴക്കി പെരുതിമ്പമോടേ.

തേരിലാർത്തു വരുന്നിന്ദ്രജിത്തിനെക്കണ്ടു വാനരൻ
ചീർത്താർപ്പുയോടലറിനാൻ; വലുതായാനൊരുത്രക്കൊടേ. 24

Digitized By Kerala Sahitya Akademi

വിചിത്രവില്ലുമായ് ദ്ദിവ്യത്തേരാണ്ടുള്ളിന്ദ്രജിത്തുമേ
ചെറഞ്ഞാണൊലിയിട്ടാനൊന്നി,ടിത്തീയെതിരൊച്ചയിൽ.

ഉടൻ കടുംവേഗമൊടേററ മുട്ടി
പടയ്ക്കു കൂസാത്ത മഹാബലന്മാർ,
പ്ലവംഗനും യാതുവരാത്മഭൂവും,
സുരാസുരേന്ദ്രപ്പടി ബദ്ധവൈരർ. 26

വളൎന്നവൻ, പോരിൽ മിടുക്കനാമാ
പ്രവീരവില്ലാളിമഹാരഥൻെറ
ശരപ്രവേഗം വിഫലീകരിച്ചാ-
ന;-മേയതാതാധ്വനി സഞ്ചരിച്ചാൻ.

സുപത്രവത്തായ്, മുന നീണ്ടു കൂൎത്തു,
കടയ്ക്കു പൊൻകെട്ടി,യുഴിഞ്ഞതായി,
രയാലിടിത്തീപ്പോലതിരാം ശരൌഘം
ചൊരിഞ്ഞു വീരൻ പരവീരഘാതി. 28

പ്ലവംഗനോ, വില്ലു വലിയ്ക്കുമൊച്ച,
മൃദംഗഭേരീപടഹപ്രണാദം,
അവൻെറ തേരൊച്ചയുമങ്ങു കേട്ടു,
പുനശ്ച മേല്പോട്ടു കുതിച്ചുകൊണ്ടാൻ.

ശരങ്ങൾക്കിടയിൽച്ചുററിത്തിരിഞ്ഞാനാത്തു വങ്കപി,
ഉന്നമേറുമവന്നന്നം വെയ്ക്കുൾ പാഴാക്കമാറതാൻ. 30

അവൻെറയമ്പുകളുടെ മുമ്പിൽ നിന്നിതു വീണ്ടുമേ;
കൈകളും നീട്ടിയനുമാൻ ചാടീ മേല്പോട്ടു മാരുതി.
രണ്ടാളുംക്കൂടിയൂക്കേറുമവർ പോർവിരുതുള്ളവർ
എല്ലവൎക്കും ശ്രദ്ധ പതിയുംമാറ വമ്പട വെട്ടിനാർ. 32

ഹരീശചരങ്കൽപ്പഴുതൊന്നു കണ്ടതി-
ല്ലരക്കനൊ, വമ്പനിലാഞ്ജനേയനും;
പരസ്പരം ദുസ്സഹരായ് ച്ചമഞ്ഞിത,-
ങ്ങിടഞ്ഞുമുട്ടിസ്സുരവീൎയ്യരാമവർ.



Digitized By Kerala Sahitya Akademi

വൃഥാവിലാകാത്ത ശരങ്ങളെയ്തു-
വിട്ടപ്പൊഴും ലാക്കതൊഴിഞ്ഞുനില്ക്കേ,
മഹാനവൻ തേടി മഹാവിചാരം,
തൊട്ടക്കലുന്നങ്ങളിലപ്രമത്തൻ. 34

നിശാടരാജാത്മജനങ്ങു വീര-
ഹരീന്ദ്രനെപ്പറ്റി നിനച്ചുകൊണ്ടാൻ,
അവദ്ധ്യനാം വാനരനെന്നുകണ്ട,
'പിടിപ്പതിന്നെങ്ങിനെ താഴ്'മെന്നായ്.

പിന്നെ, ബ്രഹ്മാസ്ത്രമാ വീരനസ്ത്രജ്ഞരിൽ മികച്ചവൻ
തൊടുത്താനക്കപീന്ദ്രൻെറ നേൎക്കു, തേജസ്സു വായ്ചവൻ. 36

അവദ്ധ്യനിവനെന്നായ്ക്കണ്ട,സ്ത്രത്താലസ്ത്രകോവിദൻ
ബന്ധിച്ചാൻ വായുസുതനെയിന്ദ്രജിത്തു മഹാഭുജൻ.
ആയസ്ത്രംകൊണ്ടു രക്ഷസ്സാൽ ബന്ധിക്കപ്പെട്ട വാനരൻ
ചേഷ്ട കേട്ടവനായ്ത്തീൎന്നു; വീഴ്കയുംചെയ്തിതുഴിയിൽ. 38

മഹാസ്ത്രബന്ധത്തെയറിഞ്ഞനേരം,
പ്രഭുപ്രഭാവാൽത്തനതുക്കടങ്ങി,
വരം തനിക്കും റിഥി നല്കിയിട്ടു-
ള്ളതോൎത്തുകൊണ്ടാൻ പ്ലവഗപ്രവീരൻ;
ബ്രാഹ്മമന്ത്രം ജപിച്ചുള്ളാ ബ്രഹ്മാസ്ത്രത്തെയറിഞ്ഞുടൻ
നിനച്ചുകൊണ്ടാനനുമാൻ ധാതാവിൻെറയനുഗ്രഹം. 40

'കരുത്തനാകില്ലിവനസ്ത്രബന്ധം
വിടുത്തുവാൻ വിശ്വഗുരുപ്രഭാവാൽ
എന്നോൎത്തുതന്നേ ദ്രുഹിണാസ്ത്രബന്ധം
പിണച്ചതെന്നാൽബ്ബ്രഹ്മമാന്യമത്രേ.'
പ്ലവംഗനങ്ങസ്ത്രമഹത്വവും, തൻ
പിതാമഹാനുഗ്രഹവും, മനസ്സാൽ
വിടുത്തുവാനുള്ള കരുത്തുമോൎത്തു,
പിതാമഹാജ്ഞയ്ക്കുടൻ കീഴടങ്ങി. 42

'അസ്ത്രബന്ധം പിണഞ്ഞിട്ടും ഭയം തോന്നുന്നതില്ല മേ.
ബ്രഹ്മാവുമാഖണ്ഡലനും വായുവും രക്ഷ ചെയ്കയാൽ.
അരക്കന്മാർ പിടിച്ചാലു, മെനിക്കുണ്ടാം മഹാഗുണം,
ലങ്കേശനോടു സല്ലാപം; പിടിക്കട്ടേ രിപുക്കളെ മാം.' 44

Digitized By Kerala Sahitya Akademi

ഇതോർത്തുറച്ചപ്ലവവീരഘാതി,
നിനച്ചു ചെഷ്ടോനിളകാതെ നിന്നാൻ;
എതിർത്തു ശത്രുക്കളെ ബലാൽപ്പിടിച്ചി-
ട്ടതാതുപോരങ്ങു പഴിയ്ക്കയാത്താൻ.

അനക്കം വിട്ടതായ്ക്കണ്ടപ്പുരന്തപനെ രാക്ഷസർ,
പിരിച്ച വക്ക വൃക്ഷത്തോലിവകൊണ്ടിട്ടു കെട്ടിനാർ. 46

അവനു സന്തുഷ്ടിദമായി, മാററാർ
പിടിച്ചതും, വീരർ ബലാൽ വരിഞ്ഞതും,
'ലങ്കേശനെന്നെക്കുതുകേന കാണ്മാ-
നൊരുങ്ങിടാ'മെന്നൊരു നിശ്ചയത്താൽ!

ആ വക്കക്കെട്ടു പെട്ടിട്ടാ വീയ്യവാനസ്ത്രമുക്തനായ്
അസ്ത്രക്കെട്ടതഴിഞ്ഞീടുമല്ലോ, മററൊരു കെട്ടിനാൽ. 48

ഒഴിഞ്ഞുപോയ്, വല്ക്കലബന്ധനത്താൽ-
ക്കപീശചരനസ്ത്രമതെന്ന ബോധാൽ
വിചിന്ത പൂണ്ടാൻ ഹരിവൈരിവീരൻ:—
'മററൊന്നിനാൽക്കെട്ടുകിൽ നീങ്ങുമസ്ത്രം.

അഹോ, മഹത്താം തൊഴിൽ പാഴിലാക്കീ;
നിശാടർ മന്ത്രസ്ഥിതിയോത്തതില്ല:
പരാസ്ത്രമേശാ പുനരസ്ത്രനാശേ;
സുസംശയാവസ്ഥയിലായി ഞങ്ങൾ!' 50

എന്നാൽത്തന്നസ്ത്രവിട്ടതിയറിഞ്ഞീല മരുത്സുതൻ,
അരക്കരിട്ടിഴപ്പോനെ,ക്കെട്ടാലും പീഡപെട്ടവൻ.
മുട്ടിമുഷ്ടികളാലിട്ടു വിക്കിക്കൊണ്ടുഗ്രരാക്ഷസർ
രാക്ഷസേന്ദ്രന്റെ ചാരത്തെയ്ക്കിഴച്ചാരക്കരങ്ങനെ. 52

ഒഴിഞ്ഞിതസ്ത്രം ദ്രുമവല്ക്കലാലെ-
ട്ടാലെന്നറിഞ്ഞിട്ടു മഹേന്ദ്രവൈരി,
കാണിച്ചിതങ്ങാ, പ്രബലപ്ലവംഗ-
പ്രവീരനെസ്സാനുഗനാം നൃപന്നായ്.

മദിച്ചൊരാനയെപ്പോലെ ബദ്ധനാം കപീന്ദ്രനെ
അരക്കർകോൻ രാവണങ്കലരക്കന്മാരുണത്തിനാർ. 54

'ആരിതാ,രുടെയാണെങ്ങുനിന്നെ,ന്തിങ്ങാ,രൊരാശ്രയം?'
എന്ന,ങ്ങു തമ്മിൽച്ചോദിച്ചാർ വീരരാകിയ രാക്ഷസർ.

Digitized By Kerala Sahitya Akademi

'കൊല്ലാം ചുട്ടകയോ ചെയ്യാം, തിന്നാ'മെന്നും സരോഷരായ്
തങ്ങളിൽത്തങ്ങളിൽച്ചൊന്നാരവിടെച്ചില രാക്ഷസർ. 56

മഹാനവൻ ക്ഷിപ്രമണഞ്ഞു കണ്ടാ–
നുദാരരത്നാഞ്ചിതമായ വീടും,
അരക്കർകോനാമരചന്റെ കാല്ക–
ലമാത്യരായീടിന വൃദ്ധരേയും.

കണ്ടു തേജസ്വിയരുമാ രാവണൻ കപിവര്യനെ,
അരക്കർ വികൃതാകാരരങ്ങോട്ടിങ്ങോട്ടിഴപ്പതായ്. 58

അരക്കർതന്നരചനെക്കണ്ടു കപിവരിഷ്ഠനും,
ചൂടേകും സൂര്യനെപ്പോലെ തേജോബലസമേതനെ.

കരങ്ങനെച്ചെങ്ങിയ കണ്ണുരുട്ടി
ക്രുധാ നിരീക്ഷിച്ച,വനെക്കുറിച്ചേ
നിഷണ്ണരാം ശീലകുലാഢ്യരായ
സുമന്ത്രിമാരോടരുളീ ദശാസ്യൻ. 60

മുറയ്ക്കു മുല്ലാടവർ കാര്യകാര്യ–
മൂലങ്ങളും ചോദിച്ചളവാ പ്ലവംഗൻ
ശരിയ്ക്കു ചൊല്ലീ:–'കപിനായകന്റെ
ചാരത്തുനിന്നെത്തിയ ദൂതനീ ഞാൻ.'

—oo—

## നാല്പത്തൊമ്പതാം സർഗ്ഗം: രാവണനിരീക്ഷണം.

—:*:—

രാക്ഷസേന്ദ്രന്റെ പണിയിൽ വിസ്മയിച്ചുഗ്രവിക്രമൻ
ക്രോധാൽച്ചുട്ട കണ്ണോടെ പാർത്താനവനെ മാരുതി:
മികവേറിയതാമ് മുത്തിൻമതാങ്ങൽ ചുഴെച്ചുഴന്നതായ്
മിന്നുന്ന പൊന്നിന്മകുടം ചൂടിയോൻ, പ്രഭകൂടിയോൻ; 2

മഹാഹരത്നമയമായ് വജ്രക്കല്ലു പതിച്ചതായ്
മനസ്സാൽത്തീർത്തപോലുള്ള ചിത്രപ്പൊങ്കോപ്പു ചാർത്തിയോൻ;
മുറ്റും വെണ്പട്ടുടുത്തോൻ, മെ ചന്ദനച്ചാറു പൂശിയോൻ;
വിചിത്രമായ്പ്പലതരം വരച്ചു കുറിയിട്ടവൻ: 4

Digitized By Kerala Sahitya Akademi

കാണേണ്ടതായ്, വിസ്പഷ്ടമായ്, കണ്ണഞ്ചുകനുരുഗ്രരൂപമായ്,
കുത്താളം വാരെകിറകളൊത്തു, ഉണ്ടിയ ചുണ്ടുമായ്,
ഈരഞ്ചു തലയുള്ളോരു വീരനോജസ്സയന്നവൻ,
വിവിധവ്യാളശിഖമാം മന്ദരം പോലിരിപ്പവൻ; 6

വാർതിങ്കാംനേർനടുക്കല്ലുള്ളാരം മാറിൽദ്ധരിക്കയാൽ,
വെള്ളിൽ ചേർന്ന മുകിൽക്കൊത്തോൻ; നീലാഞ്ജനചയപ്രഭൻ;
തോളത്തു വളയിട്ടു, ശ്രീചന്ദനം തേച്ചു,രണ്ടവ,
ധൃതാംഗങ്ങളാം പഞ്ചാസ്യപ്പാമ്പൊളിക്കൈകളൊത്തവൻ; 8
രത്നപ്പണിത്തരം ചേർന്നു; നൽവിരിപ്പു വിരിച്ചതായ്,
വിചിത്രമാം പളുങ്കിൻ വൻതൃപ്പീഠത്തിലിരിപ്പവൻ;
വടിവിൽക്കോപ്പണിഞ്ഞുള്ള മടവാർ നാലിടത്തിലും
കയ്യിൽ വെൺചാമരവുമായരികേ നിന്നിടുന്നവൻ; 10

മന്ത്രിമാർ മന്ത്രതത്ത്വജ്ഞർ മഹാപാർശ്വനാരക്കനും,
പ്രഹസ്തനും, ദുർദ്ധരനും, മന്ത്രിയായ നികുംഭനും,
ഈ രാക്ഷസർ ബലോത്സിക്തർ നാൽവർ ചാരത്തിരിക്കയാൽ,
നാലബ്ധിവരങ്ങളാം ചൂഴ്ന്ന സർവ്വലോകത്തിനൊത്തവൻ; 12
മററും സചിവരാൽ, മന്ത്രദക്ഷരാൽ,സ്സന്മനീഷരാൽ,
അരക്കരാല,മരരാലിന്ദ്രൻ പോലുപസേവിതൻ;
കാണായ്വന്നു ഹനൂമാനു തേജസ്സേറുമരക്കർകോൻ
മേരുശൃംഗത്തിലമരും നീരണിക്കൊണ്ടൽ പോലവേ. 14
ഘോരവിക്രമരാ നക്തഞ്ചരരിട്ടുവലയ്ക്കിലും,
തലോമാശ്ചര്യമൊടവൻ നോക്കിനാനാശരേശനെ.
മിന്നും രാക്ഷസർകോനെക്കണ്ടകമേ ചിന്ത തേടിനാൻ,
അത്ഭുതത്തിന്റെ തേജസ്സാലമ്പരന്നനിലാത്മജൻ:- 16
'അഹോ, രൂപം;-മഹോ, ധൈര്യം; മഹോ,നെഞ്ഞൂക്ക,മഹോ, ദ്യുതി!
അഹോ, രാക്ഷസരാജാവിൻ സർവ്വലക്ഷണപൂർത്തിയും!
അധർമ്മമിതു വമ്പിച്ചിട്ടില്ലെന്നാലി, യരക്കർകോൻ
രക്ഷിതാവായിരുന്നേനേ സേന്ദ്രമാമുമ്പർനാടിനും! 18
ലോകർ നിന്ദിച്ച കൊട്ടതാം കട്ടംകൈ ചെയ്യുവോനിവൻ;
അതുകൊണ്ടാണു പേടിപ്പതിവനാദ്ദേവദാനവർ.

Digitized By Kerala Sahitya Akademi

ഇററൻ ചൊടിച്ചാലാളാകും പാരൊററക്കടലാക്കുവാൻ!'
എന്നായ്പ്പലതരം ചിന്ത തേടിനാൻ കപി ബുദ്ധിമാൻ, 20
ഓജസ്സേറും നിശാടാധീശൻെറയാ മേന്മ കാൺകയാൽ.

---

## ഐമ്പതാം സർഗ്ഗം: രാവണഹനൂമൽസമാഗമം.

—*—

ആ മുമ്പിൽ നില്ക്കും പിംഗാക്ഷൻ തന്നെക്കണ്ടു മഹാഭുജൻ
പെരുതാമരിശം തേടീ രാവണൻ ലോകരാവണൻ.
ശങ്കയോടുംകൊണ്ടവൻ നോക്കീ തേജസ്സേറും കപീന്ദ്രനെ:
'ഇവൻ പ്രത്യക്ഷമേ വന്ന ഭഗവാൻ നന്ദിയാകുമോ? 2
അവനെന്നെശ്ശപിച്ചല്ലോ, കൈലാസം പണ്ടിളക്കവേ.
വാനരാകാരനായ്ത്തീർന്ന ബാണദാനവനോ ഇവൻ?
പ്രഹസ്തമന്ത്രീന്ദ്രനോടാ നൃപൻ കോപാരുണേക്ഷണൻ
അർത്ഥവത്താം മഹാവാക്യം കാലോചിതമിതോതിനാൻ:— 4
'ചോദിക്കിദ്ദുഷ്ടനോടെ,ങ്ങുനിന്നാ,രിവനെ വിട്ടവൻ?
പൂംകാടുടയ്ക്കുവാനെന്തേ രാക്ഷസീതർജ്ജനത്തിനും?
ദുർദ്ധർഷയാമെൻ പുരിയിൽ വന്നതെന്തിനുവേണ്ടിയാം?
അമർ ചെയ്തതുമെന്തിന്നായ്? ചോദിക്കിദ്ദുഷ്ടനോടു നീ.' 6

അരുളപ്പാടു കേട്ടിട്ടാ പ്രഹസ്തനരിയാടിനാൻ:—
'ആശ്വസിക്കുക, ഭദ്രം തേ; പേടിക്കേണ്ടാ പ്ലവംഗ, നീ.
നീ രാവണാലയത്തെക്കു ശക്രൻ വിട്ടവനെങ്കിലോ,
നേർ ചൊല്ക; തേ ഭയം വേണ്ടാ: വിടാം നിന്നെപ്ലവംഗമ, 8
നീ കുബേരൻെറയോ കാലൻതൻെറയോ വരുണൻെറയോ
ചാരനായ് ഞങ്ങളുടെയിപ്പുരി പൂകിയതാകിലും,
വിജയം തേടിടും വിഷ്ണു വിട്ടോനാം ദൂതനാകിലും.
തേജസ്സിനാൽ വാനരനല്ലാ, രൂപത്താൽത്താൻ കുരങ്ങു നീ; 10
സത്യം പറഞ്ഞുകൊൾകെ,ന്നാൽ വിടാം നിന്നെപ്ലവംഗമ;
നുണ ചൊല്ലുകിലോ, പ്രാണൻ കിട്ടാൻ തവ ഞെരുക്കമാം!
ചൊല്ലുകി,ന്നെന്തിനായ്പ്പൂകീ രാവണാലയമെന്നു നീ?
എന്നു കേട്ടു ഹരിശ്രേഷ്ഠനാശരേശനൊടോതിനാൻ:— 12

Digitized By Kerala Sahitya Akademi

'നിലിമ്പർകോന്റെ, കാലന്റെ, വരുണന്റെയുമല്ല ഞാൻ;
വിത്തേശസഖ്യമിങ്ങില്ല; വിഷ്ണു വിട്ടവനല്ല ഞാൻ;
ഇതെന്റെ ജാതിതാനല്ലോ; കുരങ്ങാണിങ്ങുവന്ന ഞാൻ.
രാക്ഷസാധീശനെക്കണ്ടുകിട്ടുവാൻ പണിയാകയാൽ, 14
കണ്മാൻവേണ്ടി മുടിച്ചേൻ ഞാൻ രാക്ഷസേന്ദ്രന്റെയീവനം.
ഉടനാ രാക്ഷസരടക്കെത്തിനാർ ബലശാലികൾ;
അങ്ങോട്ടും പോരടിച്ചേൻ ഞാൻ ദേഹരക്ഷണത്തിനായ്.
വല്ലെ,നാസ്ത്രപാശത്താൽക്കെട്ടാൻ ദേവാസുരർക്കുമേ: 16
ജഗൽസ്രഷ്ടാവുതാൻ തന്നതാണീ വരമെനിക്കുമേ:
രാജാവെക്കാണ്മതിന്നത്രേ, നേക്കസ്ത്രവശനായി ഞാൻ;
അസ്ത്രത്തിൽനിന്നൊഴിഞ്ഞതല്ലോ രാക്ഷസാർദ്ദിതനായ ഞാൻ.
ഏതാനും രാജകാര്യത്താൽ വന്നേൻ നിന്നന്തികത്തിൽ ഞാൻ: 18
ഓജസ്സേറിയ രാമന്റെ ദൂതനെന്നറികെന്നെ നീ;
കേൾക്കയുംചെയ്യുകീ,യെന്റെ ഹിതമാം വചനം പ്രഭോ.'

—o—

## ഐമ്പത്തൊന്നാം സർഗ്ഗം: സുഗ്രീവസന്ദേശകഥനം.

—o—

ആ മഹാസത്ത്വനെപ്പാർത്തു, സത്ത്വവാൻ ഹരിസത്തമൻ
ക്ലേശമറ്റ സാർത്ഥമാം വാക്കുദ്ദേശാസ്യനൊടു ചൊല്ലിനാൻ:—
"വന്നേൻ സുഗ്രീവസന്ദേശാൽ നിൻഗേഹേ രാക്ഷസേന്ദ്ര, ഞാൻ
ചോദിച്ചു കുശലം നിന്നോടാ, ഭ്രാതാവു ഹരീശ്വരൻ. 2
മഹാൻ ഭ്രാതാവു സുഗ്രീവൻ ചൊന്നയച്ചതു കേൾക്ക നീ,
ധർമ്മാർത്ഥയുക്തമാം വാക്യം തക്കൊന്നിഹപരങ്ങളിൽ:
നൃപൻ ദശരഥാഖ്യൻ രഥാശ്വേഭസമൃദ്ധിമാൻ.
ലോകത്തിനച്ഛനെപ്പോലെ ബന്ധു,വിന്ദ്രസമപ്രഭൻ; 4
അവന്നാരോമലാം മൂത്തമകൻ പ്രഭു മഹാഭുജൻ
അച്ഛന്റെ ചൊല്ലിനാൽപ്പോന്നു ദണ്ഡകാടവി പൂകിനാൻ,
ഭ്രാതാവാം ലക്ഷ്മണനൊടും ഭാര്യയാം സീതയൊടും,
രാമനെന്ന സുതേജസ്വി ധർമ്മമാർഗ്ഗത്തിൽ നില്പവൻ. 6
തദ്ഭാര്യ സീത ചോർന്നുപോയീ കാട്ടിൽവെച്ചു പതിവ്രത,
മഹാത്മാവാം വിദേഹേന്ദ്രജനകന്റെ കുമാരിയാം.

Digitized By Kerala Sahitya Akademi

അദ്ദേവിയെത്തിരയുമാ രാജപുത്രൻ സഹാനുജൻ
ഋശ്യമൂകത്തിൽ വന്നെത്തിസ്സുഗ്രീവനൊടിണങ്ങിനാൻ 8

പ്രതിജ്ഞചെയ്താനവനിൽ സ്സീതാന്വേഷണമായവൻ;
രാമൻ സുഗ്രീവനോടേററുചൊല്ലിനാൻ കപിരാജ്യവും.
പിന്നീട്ടു ബാലിയെപ്പോരിൽക്കൊന്നിട്ടാ രാജനന്ദനൻ. 10

നീ പണ്ടു കണ്ടിട്ടുണ്ടല്ലോ ബാലിയാം കപിസിംഹനെ;
കൊല്ലപ്പെട്ടിതൊരമ്പാലെ രാമനാൽപ്പോരിലക്കപി!
സീതയെത്തിരയാനായ സ്സുഗ്രീവൻ സത്യസംഗരൻ
ചൊല്ലിവിട്ടാൻ കപികളെട്ടിക്കിലെങ്ങും കപീശ്വരൻ. 12

അവളെസ്സുത സാഹസ്രനിയുതംപേർ കുരങ്ങുകൾ
തിരയുന്നുണ്ടു ദിക്കെങ്ങും മേലും കീഴും നഭസ്സിലും:
ഗരുഡന്നൊത്തവർ ചിലർ, ചിലരങ്ങനിലോപമർ,
പോക്കു നില്പാത്ത വേഗാഢ്യർ, കപിവീരർ മഹാബലർ. 14

ഞാനോ, ഹനുമാനെന്നുള്ളോൻ കാററിന്നുണ്ടായ നന്ദനൻ,
സീതയെച്ചൊല്ലി, നൂർകാതം പരന്ന കടലഞ്ജസാ
ചാടിക്കടന്നു വന്നേനിങ്ങ,വളെക്കാണ്മതിന്നുതാൻ;
കണ്ടെത്തിതാനുമവളെ ത്വദ്ഗൃഹേ സഞ്ചരിച്ചു ഞാൻ 16

എന്നാൽ, ഭവാൻ തപസ്വിയൻ, ധർമ്മാർത്ഥം കണ്ടറിഞ്ഞവൻ;
പിടിച്ചുവെയ്ക്കൊല്ല പരസ്ത്രീയെയങ്ങു മഹാമതേ:
ചെയ്യില്ലയല്ലോ, ധർമ്മത്തിനൊക്കാതാപത്തുവായ്ചതായ്
വേരോടറുപ്പതാം കർമ്മം, നിന്നരക്കാർ മനീഷികൾ 18

ലക്ഷ്മണൻ രാമകോപാനുസാരിയാമമ്പുതിക്കവേ
മുമ്പിൽ നില്പാനെവൻ പോരും, ദേവാസുരഗണത്തിലും?
ആരുമുണ്ടാകയില്ലല്ലോ രാജാവേ, മൂന്നു പാരിലും,
രാഘവന്നപ്രിയം ചെയ്തുവെച്ചിട്ടു സുഖമേല്ക്കുവാൻ! 20

അതിനാൽ,സ്സാത്ഥകം, പഥ്യം, ത്രികാലഹിതമീ മൊഴി
ധരിയ്ക്കു; നരദേവന്നു തിരിച്ചേകുക സീതയെ.

ദേവിയെക്കണ്ടുവല്ലോ ഞാൻ: ലബ്ധമായിങ്ങു ദുർല്ലഭം;
ഇനിബ്ബാക്കികിടപ്പുള്ള തൊഴിലിന്നാളു രാഘവൻ. 22

കണ്ടെത്തിയല്ലോ മാലാർന്നുട്ടാണ്ട മൈഥിലിയാളെ ഞാൻ;
അറിവീലെലമ്പടപ്പെണ്ണാമ്പാണെന്നി,വളെ നീ ഗൃഹേ

Digitized By Kerala Sahitya Akademi

ഓജസ്സിനാൽദ്ദഹിപ്പിയ്ക്കപ്പെടാവുന്നവളല്ലിവൾ,
ഉണ്ടുപോയ വിഷച്ചോറുപോലെ ദേവാസുരക്കുമേ! 24

യാതൊന്നു നിൻ ധർമ്മഫലം തപഃക്ലേശസമാർജ്ജിതം,
ആ നിജായുസ്സിതിനെ നീ നശിപ്പിപ്പതയുക്തമാം.

ദേവാസുരാവധ്യത യാതൊന്നോ തവ തപോബലാൽ,
അതിരുന്നല്ല,മിതൊരു വലുതാകിയ ഹേതുവാം: 26

സുഗ്രീവൻ ദേവനല്ലല്ലോ, ദൈത്യനല്ല,ല്ലരക്കനും;
ഗന്ധർവ്വനും ദാനവനും യക്ഷനും പാമ്പുമല്ലിവൻ;
അവങ്കൽനിന്നെങ്ങിനെ നീ രക്ഷിയ്ക്കുമുയിർ മന്നവ?
അധർമ്മം മുക്കുകിൽ,ധർമ്മസമ്പന്നനും വരാ സുഖം: 28

അതേ ഫലം പിന്തുടരും; ധർമ്മത്താൽപ്പോമധർമ്മവും.
നേടിക്കഴിഞ്ഞു; കില്ലില്ല, ധർമ്മത്തിൻ ഫലമൊക്കെ നീ;
ചിക്കെന്നേല്ക്കേണ്ടിവരു,മീയധർമ്മത്തിന്റെയും ഫലം!
ജനസ്ഥാനവധം കണ്ടു, രാമസുഗ്രീവസഖ്യവും, 30

ബാലിതൻ വധവും കണ്ടു നിജനന്മ നിനയ്ക്ക നീ.
ഞാൻതന്നെയൊററയ്ക്ക,ശേഷഭരഥമൊത്തുള്ള ലങ്കയെ
മുടിപ്പാൻ ശക്തനാണെ;ന്നാലി,തദ്ദേഹമുറയ്ക്കണം:
പ്രതിജ്ഞചെയ്തിട്ടുണ്ടല്ലോ വാനരർക്ഷഗണാന്തികേ, 32

സീതയെത്തീണ്ടിയ പരന്മാരെക്കൊൽവാൻ കകുത്സ്ഥജൻ.
രാഘവന്നപ്രിയം ചെയ്തിൽ,സ്സാക്ഷാൽ വൃത്രാരിപോലുമേ
സുഖം നേടാ; പിന്നെയുണ്ടോ, മററു നിന്മട്ടിലുള്ളവർ?
നീയ്യാരെസ്സീതയെന്നോർപ്പതാ,ർ നിൻവീട്ടിലിരിപ്പതോ, 34

ലങ്കാനാശിനിയാം കാളരാത്രിയെന്നറികായവളെ!
അതിനാൽപ്പോരു,മസ്സീതാരൂപമാം കാലപാശമേ
താൻതാൻ തോളത്തിട്ടുവതു; ചിന്തിയ്ക്ക തന്നതാം ഹിതം!
സീതാമഹസ്സാൽ വെന്തോരിപ്പുരി രാമരുഷാർത്തയായ് 36

തേർവീഥികൊത്തളത്തോടേ വെന്തുപോവതു കാൺക നീ!
തൻ മിത്രങ്ങള,മാത്യന്മാർ, ഭ്രാതൃജ്ഞാതിഹിതാത്മജർ,
ഭോഗങ്ങളും, ഭാര്യമാർ ലങ്കയെന്നിതെല്ലാം മുടിയ്ക്കോലാ!
കേളുകള്ള രാക്ഷസരാജേന്ദ്ര, വിശേഷാൽ സത്യമാം മൊഴി 38



Digitized By Kerala Sahitya Akademi

രാമദാസൻെറ, ദൂതൻെറ, കരങ്ങനുടെയെന്നുടെ!
പാരെല്ലാം സംഹരിച്ചിട്ടു സഭൂതം സചരാചരം
വീണ്ടുമമ്മട്ടു സൃഷ്ടിപ്പാൻ പോരും രാമൻ സുകീർത്തിമാൻ!
ദേവാസുരനരാധീശന്മാരിലാ,ശരയക്ഷരിൽ, 40
നാഗവിദ്യാധരന്മാരിൽ ഗന്ധർവരിൽ, മൃഗങ്ങളിൽ
സിദ്ധരിൽ,ക്കിന്നരന്മാരിലേ,തു പക്ഷിവ്രജത്തിലും,
ഏതുഭൂതങ്ങളിലുമില്ലേ,തു കാലത്തു, മെങ്ങുമേ,
വിഷ്ണുവിക്രമനാം രാമനോടെതിർത്തടരാടുവോൻ! 42
സർവ്വലോകേശ്വരൻ രാജസിംഹൻ രാമന്നിതിൻ വിധം
വമ്പിച്ചോരപ്രിയം ചെയ്ത ഭവാന്നായുസ്സു കിട്ടിടാ.

ഗന്ധർവ്വവിദ്യാധരനാഗയക്ഷർ
ദേവാസുരന്മാരമരക്കർദേകാനേ,
ആരും, ത്രിലോകീപതി രാമനോടു
പോരിന്നു നില്പാൻ മതിയാകയില്ലാ. 44
ബ്രഹ്മൻ സ്വയംഭൂവു ചതുർമ്മുഖനും
രുദ്രൻ ത്രിണേത്രൻ ത്രിപുരാന്തകനും.
ഇന്ദ്രൻ മഹേന്ദ്രൻ സുരനായകനും
സംരക്ഷ്യനാകാ യുധി രാമവധ്യൻ.''
അദീനവാക്കാം പ്ലവഗൻെറ സുഷ്ഠുവാം
പ്രിയോക്തി കേട്ടിട്ടെ,തിരററ രാവണൻ
കനത്ത രോഷത്തൊടു കണ്ണുരുട്ടി,യ-
ക്കപീന്ദ്രനെക്കൊൽവതിനാജ്ഞ നല്കിനാൻ. 46

—o—

## ൫൨ എമ്പത്തിരണ്ടാം സർഗ്ഗം: ദൂതവധനിഷേധം.

—:*:—

ആ വാനരമഹാത്മാവിന്നുടെയാ വാക്കു കേട്ടുകൊണ്ടയാൽ
കല്പിച്ചാനവനെക്കൊൽവാന,രിശം മൂത്ത രാവണൻ
ദൂതു കേൾപ്പിച്ചുവേനെന്നു,രാത്മാവായ രാവണൻ
കൊല്ലാൻ കല്പിച്ചതു ശരിവെച്ചതില്ല വിഭീഷണൻ: 2
ലങ്കേശൻ തന്നരിശവു,മക്കാര്യം വന്നടുത്തതും
കണ്ടറിഞ്ഞു വിചാരിച്ചാൻ കാര്യം കാര്യവിധിസ്ഥിതൻ;

Digitized By Kerala Sahitya Akademi

തീർപ്പു ചെയ്താര്യനെസ്സാമംകൊണ്ടു മാനിച്ചരിന്ദമൻ
അതീവ ഹിതമാം വാക്കു ചൊന്നാൻ ചൊൽവിരുതുള്ളവൻ:— 4

"ക്ഷമിയ്ക്ക, രോഷം വിട്ടകാശരേന്ദ്ര!
കനിഞ്ഞു കേൾക്കി മമ ഭാഷിതം നീ:
ചെയ്തിട്ടുമാറില്ലിഹ ദൂതഘാതം,
സത്തുക്കൾ മേല്കീഴറിയും നൃപേന്ദ്രർ.

വിരുദ്ധം രാജനീതിയ്ക്കു, ലോകാചാരവിനിന്ദിതം,
വീര, ചേർന്നതുമല്ലങ്ങയ്ക്കീ,ക്കരങ്ങൻെറ നിഗ്രഹം. 6

കൃതജ്ഞൻ, ധർമ്മമറിവോൻ, രാജനീതിവിശാരദൻ,
മേല്കീഴറിഞ്ഞോനാൻ, തത്ത്വജ്ഞനാല്ലോ ലോകത്തിൽവെച്ചു നീ;
നിന്മട്ടിലറിവുള്ളോരുമരിശം കൊൾവതാകിലോ,
ശാസ്ത്രം പഠിപ്പതു വെറുംബുദ്ധിമുട്ടിന്നുമാത്രമാം! 8

കനിഞ്ഞരുൾക ശത്രുഘ്ന, രാക്ഷസേന്ദ്ര, ദുരാസദ,
യുക്തായുക്തം നിനച്ചിട്ടു ചെയ്ക ദൂതാർഹദണ്ഡനം."
വിഭീഷണൻെറ ചൊൽ കേട്ടു രാവണൻ രാക്ഷസേശ്വരൻ
പെരുതാമരിശം പൂണ്ടു മറുവാക്കുരിയാടിനാൻ:— 10

'പാപം പെരും പാപികളെക്കൊന്നാലരിനിഷൂദന;
അതിനാൽ കൊല്ലുവൻ, പാപം ചെയ്തോനാമിക്കരങ്ങനെ.'

അധർമ്മചേരായരിശം മുഴുത്തു—
ള്ളനാര്യയോഗ്യം മൊഴി കേട്ടു വീണ്ടും
പറഞ്ഞുകൊണ്ടാൻ പരമാർത്ഥതത്ത്വം,
വിഭീഷണൻ തത്ര മനീഷിവര്യൻ:— 12

"പ്രസീദ ലങ്കേശ്വര, രാക്ഷസേന്ദ്ര;
ധർമ്മാർത്ഥയുക്തം മൊഴി കേട്ടുകൊൾക:
എപ്പോഴുമെങ്ങും നൃപ, ദൂതർ വധ്യ—
രല്ലെന്നു ചൊല്ലുന്നിതു സജ്ജനങ്ങൾ.

കില്ലില്ലി,വൻ വായ്ചൊരു ശത്രുതന്നെ:
ചെയ്താനിവൻ പാരമനിഷ്ടമല്ലോ;
എന്നാകിലും, ദൂതവധം നിഷിദ്ധം;
ദൂതന്നു ദണ്ഡം പലതുണ്ടുതാനും: 14

വൈരൂപ്യമോ മുണ്ഡതയോ വരുത്തൽ,
ചമ്മട്ടിയാൽത്തല്ലുക, ചാപ്പകുത്തൽ,

Digitized By Kerala Sahitya Akademi

ബന്ധനം ദൂതന്നിവ ചൊൽവൂ; ദൂത-
പ്രഘാതമോ, കേട്ടറിയുന്നുമില്ലാ!
എന്മട്ടു, ധർമ്മാർത്ഥവിനീതബുദ്ധി,
മേലുകീഴറിഞ്ഞങ്ങിനെ തീർപ്പു ചെയ്വോൻ,
നിന്മട്ടിലുള്ളോനരിശപ്പെടുന്നോ?
കരുത്തർ കോപത്തെയടക്കമല്ലോ. 16

ധർമ്മാഗമം, നാട്ടുനടപ്പു, ശാസ്ത്രം
പഠിച്ചുറപ്പിയ്ക്കുകയെന്നിവററിൽ
ഒരുത്തനങ്ങെയ്ക്കെതിരില്ല വീര;
മുഖ്യൻ ഭവാൻ സർവ്വസുരാസുരർക്കും;

കാണുന്നുമില്ലി,ക്കപിയെക്കൊൽവതിൽഗ്ഗുണമൊന്നുമേ;
ഇക്കീശനെയയച്ചോർക്കു വേണ,മിദ്ദണ്ഡമേകുവാൻ. 18

നല്ലവർതാൻ. തീയവൻ താനി,വൻ പരരയച്ചവൻ;
പരാർത്ഥം ചൊല്ലുവോൻ ദൂതൻ പരാധീനനവധ്യനാം.
അത്രയല്ലിവനെക്കൊന്നാൽ, വേറെ കാണ്മീല മന്നവ,
വീണ്ടും കടല്ക്കിപ്പുറമിങ്ങണയും വ്യോമചാരിയെ. 20
അതിനാലിവനെക്കൊൽവാൻ നോക്കായ്കരിപുരഞ്ജയ;
ഇന്ദ്രാദിവാനവന്മാരിൽ വേണം തവ പരിശ്രമം.

ഇയ്യാളു മരിച്ചാലൊരു ദൂതനന്യ-
നങ്ങാകയില്ലാ വഴിദൈർഘ്യമൂലം, 22
പോരിന്നു പോരിൽപ്രിയ, ദൃപ്തരാമാ
രാജാത്മജന്മാക്കളെയിങ്ങണയ്ക്കാൻ.
പരാക്രമോത്സാഹമനസ്വിമാരാം
നിശാചരർക്കിമ്പമിയററുവോനേ,
ആയോധനാവാപ്തി കളഞ്ഞുകൂടാ,
സുരാസുരന്മാർക്കജയ്യനാം നീ. 24
ഹിതപ്പെട്ടും ശൂരർ, വശത്തിൽ നില്പോർ,
ഗുണാഢ്യവംശങ്ങളിലുത്ഭവിച്ചോർ,
സസത്വർ, തേ ശസ്ത്രധരോത്തമന്മാർ,
കോടിയ്ക്കുമേലുണ്ടു സുഭൃത്യയോധർ;
ഒരംശമാം സേനയൊടൊപ്പമേ, യി-
ന്നാജ്ഞാകരന്മാർ ചിലർ പോയിടട്ടേ,

Digitized By Kerala Sahitya Akademi

ആ മൂഢരാമാത്മജരെപ്പിടിച്ചു,
മാററാരിൽ നിൻമേന്മ വെളിപ്പെടുത്താൻ!" 26

നിശാചരസ്വാമി, കനിഷ്ഠനായ
വിഭീഷണൻ തൻപ്രിയപുണ്യവാക്യം
ബുദ്ധ്യാ ഗ്രഹിച്ചാൻ, സുരലോകശത്രു,
മഹാബലൻ, രാക്ഷസരാജമുഖ്യൻ.

—o—

## ഐമ്പത്തിമൂന്നാം സർഗ്ഗം: ലാംഗൂലപ്രദീപനം

— ഃ —

ദേശകാലോചിതം ഭ്രാതാവിൻെറ വാക്കതു കേട്ടുടൻ
അവനോടുത്തരം ചൊന്നാൻ, ദശകണ്ഠൻ മഹാബലൻ:—
ശരിയാണോതിയതു നീ: ദൂതനെക്കൊല്ലു ചീത്തതാൻ,
എന്നാൽ, കൊല്ലുകയല്ലാത്ത ശിക്ഷയൊന്നിവനേകണം. 2

വാനരക്കേററമേററം വാലൊരാഭൂഷണമാണപോൽ;
അതു ചീക്കെന്നു കത്തിയ്ക്കാം; പോകട്ടെ,യതു വെന്തിവൻ.
കാണട്ടെയങ്ങിവനുടെ വൈരൂപ്യാതങ്കവാസ്സിനെ,
മിത്രജ്ഞാതിസുഹൃത്തുക്കളൊത്ത ബന്ധുക്കളൊക്കയും!' 4

നിയോഗിച്ചാൻ നിശാടേന്ദ്രൻ:— വാലു കത്തിച്ചു രാക്ഷസർ
നീളെക്കൊണ്ടുനടക്കട്ടേ നഗരീചത്വരങ്ങളിൽ.'
അവനെച്ചൊല്ലിയതു കേട്ടു,രിശം മൂത്ത രാക്ഷസർ
കീറപ്പഴത്തിത്തുണിയാൽ വാലു ചുററിത്തുടങ്ങിനാർ. 6

വാൽ ചുററപ്പെട്ടിടുംനേരം വലുതായൻ മഹാകപി,
ഉണക്കവിറകാംപ്പുക കാട്ടിൽച്ചെന്തീ കണക്കിനെ.
അവർ പിണ്ണെണ്ണയുമൊഴിച്ചതിന്മേൽത്തീ കൊളുത്തിനാർ;
കത്തിയ്ക്കപ്പെട്ട വാൽകൊണ്ടു തല്ലിനാനാ നിശാടരെ, 8

രോഷാമർഷങ്ങളാൽത്തിങ്ങിബ്ബാലസൂര്യസമാനനാൻ.
ആ ഹനുമാൻെറ കത്തിയ്ക്കപ്പെട്ട വാലൊന്നു കാണുവാൻ,
സ്ത്രീബാലവൃദ്ധരോടൊപ്പം നന്ദിച്ചെത്തീ നിശാചരർ.
വീണ്ടും ക്രൂരാശരന്മാർ ചേർന്നൊത്തു കെട്ടിമുറുക്കവേ, 10

Digitized By Kerala Sahitya Akademi

തൽക്കാലകൃത്യം ചിന്തിച്ചാൻ വീരനാക്കപിസത്തമൻ:—
'കെട്ടററാലുമെനിക്കേതും മതിയാവില്ല രാക്ഷസർ;
കയർപൊട്ടിച്ചുയർന്നീ ഞാൻ കൊൽവൻ വീണ്ടുമിവററിനെ.
സ്വാമിക്കുവേണ്ടി യത്നിക്കുമെന്നെ, സ്വാമിപ്രചോദനാൽ 12

ഇദ്ദുഷ്ടർ ബന്ധിച്ചതാമേ പകരം ചെയ്തതില്ലതോ!
അരക്കരെയൊക്കെയും പോരിൽ മതിയായവനാണു ഞാൻ;
എന്നാൽ, രാമന്റെ തുഷ്ടിക്കായ്സ്സഹിച്ചേക്കാമിതൊക്കെ ഞാൻ.
രണ്ടാമതും ചുററിനടക്കേണമെന്നുണ്ടു ലങ്കയിൽ: 14

ശരിക്കു കണ്ടതില്ലല്ലോ, കോട്ടപ്പണികളല്ലിൽ ഞാൻ;
തീർച്ചയായ്ക്കാണവേണം ഞാൻ ലങ്കയെപ്പുലർവേളയിൽ.
വീണ്ടും കെട്ടിവരിഞ്ഞിട്ടു വാലു കത്തിച്ചു രാക്ഷസർ
എന്നെ ദ്രോഹിച്ചുകൊള്ളട്ടെ;—യുൾക്കാമ്പിൽക്ലേശമില്ല മേ.' 16

ഉള്ള കാട്ടാത്ത പെരിയ സത്ത്വവാനാം പ്ലവംഗമെ
കൊണ്ടുപോയാർ സരസമാ രാക്ഷസന്മാർ കപീന്ദ്രനെ;
ഭേരീശംഖാരവത്തോടേ, നിജചേഷ്ടിതമൊക്കയും
ഘോഷിച്ചപ്പുരിയിൽക്കൊണ്ടുനടന്നാരുഗ്രരാക്ഷസർ. 18

പിറകെ രാക്ഷസരുമായ്പ്പോന്നാൻ സുഖമരിന്ദമൻ;
ചുഴിഞ്ഞുപാർത്താനനുമാനരക്കരുടെ വമ്പുരി.
നോക്കിക്കണ്ടാൻ പലതരം വിമാനങ്ങൾ മഹാകപി
ഗൂഢസ്ഥലങ്ങളും വേറതിരിച്ച പുരമുററവും; 20

ഗൃഹം തിങ്ങും തെരുവുകൾ, നാലു കൂടുന്ന പാതകൾ,
വൻനിരത്തു,ട്ടവഴികൾ, കയ്യാല,യൊളിവാതിലും,
വാർകൊണ്ടൽനേർവീടുകളും കണ്ടു കാററിന്റെ നന്ദനൻ.
ചത്വരങ്ങൾ ചതുഷ്കങ്ങൾ രാജമാർഗ്ഗങ്ങളെന്നിതിൽ 22

കപിയെ,ച്ചാരനെന്നാർത്തുകൂക്കീ രാക്ഷസരേവരും.
സ്ത്രീകൾ കുട്ടികൾ വൃദ്ധന്മാർ പുറപ്പെട്ടാരതാതിടം;
വാൽ കത്തിന ഹനൂമാനെക്കാണ്മാൻവേണ്ടിക്കുതൂഹലാൽ.
ആ ഹനൂമാന്റെ വാൽത്തുമ്പു കത്തുമ്പോളാ നിശാടിമാർ 24

ആ വിപ്രിയം ദേവിയോടങ്ങോതി വികൃതനേത്രമാർ:—
'സീതേ, നിന്നോടു സല്ലാപം ചെയ്ത മൊച്ചമരങ്ങനെ,
വാലു കത്തിച്ചി,താ, കൊണ്ടുനടന്നീടുന്നു ചുററുമേ.'
തന്നെക്കുട്ടുള്ള പോലുഗ്രമായുള്ളാ വാക്ക കേൾക്കയാൽ 26

Digitized By Kerala Sahitya Akademi

മനംകൊണ്ടു വെന്ത വൈദേഹിയഗ്നിയ്ക്കരികിലെത്തിനാൾ;
അവളക്കപിയ്ക്കു മംഗളം നേർന്നുകൊണ്ടുതാൻ
വിശുദ്ധിയോടുപാസിച്ചാൾ വിശാലാക്ഷി ഹുതാശനെ:— 28
‘ഭർത്തൃശുശ്രൂഷയുണ്ടെങ്കിൽ,തപസ്സുണ്ടെന്നിരിയ്ക്കിൽ മേ,
പാതിവ്രത്യവുമുണ്ടെങ്കിൽ,തണുക്കൂ ഹനുമാനു നീ!
എൻപേരിൽച്ചെറ്റു കനിവധീമാനുണ്ടെന്നിരിയ്ക്കുകിൽ,
ഭാഗ്യം മേ ബാക്കിയുണ്ടെങ്കിൽ,തണുക്കൂ ഹനുമാനു നീ!
തൽപ്രാപ്തിരത, സദ്വൃത്ത ഞാനെന്ന,ധർമ്മതൽപരൻ 30
അറിഞ്ഞീടുന്നതുണ്ടെങ്കിൽ,തണുക്കൂ ഹനുമാനു നീ!
സത്യസന്ധനായ്സുഗ്രീവനിദ്ദുഃഖാബ്ധിയിൽനിന്നുടൻ
കരേറുമെന്നെയിങ്ങെങ്കിൽ,തണുക്കൂ ഹനുമാനു നീ!’
അതിനാൽക്കപിതന്നഗ്നി വലംവെച്ചുജ്ജ്വലിയ്ക്കയായ്, 32
മംഗളം ചെറുമാൻകണ്ണാളേകുവോൻ പോലനാകുലം!
ഹനുമാനച്ഛനാം കാറ്റും, പുച്ഛാഗ്നിയുതനാകിലും,
ദേവീസുഖദനായ് വീശീ, മഞ്ഞുകാറ്റിൻ തണുപ്പോടെ!
വാലാളിക്കത്തിടുംനേരമാലോചിച്ചാൻ പ്ലവംഗമൻ:— 34
“എന്തു മിങ്ങെരിയില്ലെന്നെപ്പൊള്ളിച്ചീടാത്തതെന്തു വാൻ?
കാണാകുന്നു മഹാർച്ചിസ്സായ് നോവേകുന്നതുമില്ല മേ;
ശീതദ്രവ്യോച്ചയം പോലെയല്ലോ മേവുന്നു വാലുമേൽ!
അല്ലെങ്കിലി,തു നിർവാദം, രാമന്റെ മഹിമാവുതാൻ: 36
ചാടുമ്പോളാക്കണ്ടുവല്ലോ ഞാൻ കുന്നാമദ്ഭുതമാഴിയിൽ!
വരാം, കടല്ക്കും ധീമാനാം മൈനാകത്തിനുമെങ്കിലോ,
രാമാർത്ഥം വെമ്പലതുപോലഗ്നിയ്ക്കും വന്നുകൂടയോ?
സീതതൻ ദയ, രാമന്റെ തേജസ്സു,മച്ഛന്റെ ചേഷ്ടയും 38
ഇവ കാരണമാണെന്നെപ്പൊള്ളിയ്ക്കാത്തതു പാവകൻ!”
വീണ്ടും നിനച്ചാൻ ചെറുതുനേരമക്കപികുഞ്ജരൻ:—
‘എൻതരക്കാരെയെബ്ബന്ധിയ്ക്കുകയോ രാക്ഷസാധമർ!
പകരം ചെയ്യണമിതിനു,ണ്ടല്ലോ മമ വിക്രമം.’ 40

പിന്നപ്പാശങ്ങളും പൊട്ടിച്ചാർത്തുകേറിയ മഹാകപി;
മേല്പോട്ടു ചാടിനാനുക്കിലാർപ്പുമിട്ടാൻ മഹാകപി.
ചെന്നണഞ്ഞാനഥ ശ്രീമാൻ, ശൈലശൃംഗാഭമുന്നതം,
രാക്ഷസത്തിക്കൊഴിഞ്ഞൊരു പുരദ്വാരം മരുത്സുതൻ. 42

Digitized By Kerala Sahitya Akademi

മല പോലെയിരുന്നോനസ്സത്തചാവാൻ വീണ്ടുമേ ക്ഷണനാൽ
ചെറികെച്ചെറിയോരായ്ത്തിന്ത്രരിവീഴിച്ചു കെട്ടുകളം.
ശ്രീമാൻ വിട്ടതി പൂണ്ടിട്ടു വീണ്ടും പവ്വതതുല്യനായ്
നോക്കമ്പോളംത്തഴതൊന്നങ്ങു കണ്ടെത്തി പടിവാതിൽമേൽ. 44

കാരിരിമ്പാകുമതെടുത്താ മാരുതി മഹാഭുജൻ
വീണ്ടുമക്കാവലാളുക്കാരെയെല്ലാം തല്ലിപ്പൊളുക്കിനാൻ.

അവററിനെക്കൊന്നഥ ലങ്ക വീണ്ടും
ശരിയ്ക്കു പാത്തസ്സമരോഗ്രവീര്യൻ
എരിഞ്ഞ വാലിൽപ്പടരുന്ന തിയ്യുമായ്
വിളങ്ങി, തേജോനിധി ഭാനു പോലെ. 46

— * —

## ഐമ്പത്തിനാലാം സർഗ്ഗം: ലങ്കാദാഹം.

— * —

ലങ്കയെപ്പാത്തുകണ്ടിച്ചു നിറവേററിയ വാനരൻ
ചിന്തിച്ചാൻ കാര്യശേഷത്തെ പ്രചുരോത്സാഹയുക്തനായ്:—
'എന്തു ബാക്കി കിടപ്പുണ്ടി,ങ്ങിപ്പോളം ഞാൻ ചെയ്യിടേണ്ടതിൽ,
ഈ രാക്ഷസക്കു താപത്തെ വിണ്ടുമുണ്ടാക്കിടുന്നതായ് ? 2

ഉടച്ചേൻ വനമൊട്ടുക്ക; കൊന്നേൻ മുഖ്യനിശാടരെ;
മുടിച്ചേൻ തെല്ലു പടയെ;—ബ്ബാക്കി കോട്ട തകക്കൽതാൻ.
കോട്ടക്കുടിത്തകത്താലേ പണിപ്പാടു ശരിപ്പെടു;
ഒട്ടു യത്നിച്ചിതും ചെയ്താൽസ്സഫലം മാമകശ്രമം! 4

എൻവാലിന്മേലിതാ, കത്തുന്നുണ്ടല്ലോ ഹവ്യവാഹനൻ;
ഇവന്നു തപ്പണം ചെയ്യ യുക്തമി നൽഗൃഹങ്ങളാൽ.'
പിന്നെക്കത്തുന്ന വാലോടും, മിന്നൽക്കാറെന്നപോലവേ
ലങ്കാഗൃഹാഗ്രങ്ങളിലായ്സ്സഞ്ചരിച്ചാൻ മഹാകപി; 6

അരക്കർതൻ വിട്ടിൽനിന്നു വീട്ടിലും പൂവനത്തിലും,
പള്ളിമേടയിലും നോക്കിച്ചരിച്ചാൻ നിർഭയം കപി.
പ്രഹസ്തന്റെ ഗൃഹത്തിങ്കൽച്ചാടിക്കേറി മഹാബലൻ
അതിന്മേൽത്തിയ്യു വെച്ചിട്ടക്കരുത്തൻ കാററിനൊത്തവൻ 8

Digitized By Kerala Sahitya Akademi

മഹാപാൎശ്വന്റെ ഗേഹത്തിൽച്ചാടിക്കയറി വീഴ്ത്തവൻ,
കാലാഗ്നിജ്വാല പോലുള്ള തീ കൊളുത്തീ മരുത്സുതൻ.
വജ്രദംഷ്ട്രന്റെയും ചാടിക്കേറിയിട്ടാ മഹാകപി
ശുകന്റെയും സുതേജസ്വി ധീമാനാം സാരണന്റെയും 10
ഇന്ദ്രജിത്തിന്റെയും വീട്ട കത്തിച്ചാൻ കപിയൂഥപൻ.
കത്തിച്ചാനജ്ജംബുമാലിസദനങ്ങളും,
രശ്മികേതുഗൃഹം, സൂൎയ്യശത്രുവിന്റെ നികേതവും,
ഹ്രസ്വകൎണ്ണന്റെ ദംഷ്ട്രന്റെ രോമശാഖ്യാശരന്റെയും 12
യുദ്ധോന്മത്തന്റെ മത്തന്റെ ധ്വജഗ്രീവാശരന്റെയും
വിദ്യുജ്ജിഹ്വന്റെ ഘോരന്റെ പിന്നെ ഹസ്തിമുഖന്റെയും
കരാളന്റെ പിശാചന്റെ ശോണിതാക്ഷന്റെയങ്ങിനെ
കുംഭകൎണ്ണന്റെ മകരാക്ഷന്റെയും ഭവനങ്ങളും, 14
യജ്ഞശത്രുഗൃഹം, ബ്രഹ്മശത്രുവിന്റെ നികേതവും,
നരാന്തകന്റെ കുംഭന്റെയും നികുംഭഖലന്റെയും.
വിഭീഷണഗൃഹം മാത്രം വിട്ടൊഴിച്ചു മഹാദ്യുതി
ക്രമാൽച്ചാടിനടന്നുംകൊണ്ടെരിച്ചാൻ കപിപുംഗവൻ. 16
ഓരോ മഹാൎഹഗൃഹമാം സമ്പന്നസദനത്തിലും
സമ്പത്തുകളുകത്തിച്ചാൻ, പുകഴാൎന്ന മഹാകപി
എല്ലാരുടേയും പിന്നിട്ടു വീഴ്വാൻ ചെന്നുകേറിനാൻ
ശ്രീമാനരക്കർകോനായ രാവണന്റെയിരിപ്പിടം; 18
എന്നിട്ടു, നാനാരത്നാഢ്യമായി, മംഗളപൂൎണ്ണമായ്,
മേരുമന്ദരനേർമട്ടിൽ മിന്നുമപ്പള്ളിമേടമേൽ,
വാലിന്റെ തുമ്പത്തമരുമെരിതീ വെച്ചു വീഴ്വാൻ
ഹനുമാനൊന്നലറിനാൻ, കല്പാന്തക്കാറിനൊപ്പമേ. 20
കാററും ചേരുകയാലേറെയുഗ്രക്കാട്ടും വങ്കരുത്തോട്ടും,
കാലാഗ്നിയ്ക്കൊപ്പമേ കത്തിക്കെവെളർന്നു ഹുതാശനൻ.
കത്തുന്ന തീയ്യിനെക്കാററാഗ്ഗൃഹങ്ങളിൽ നടത്തിനാൻ;
വായുവിൻ ചേൎച്ചയാലേറെയുഗ്രം തേടി ഹുതാശനൻ. 22
പൊന്നിൻജനാലുള്ളവയായ് മുക്താമണിമയങ്ങളായ്
രത്നാഢ്യങ്ങളുമായുള്ള വൻവീടുകളുടഞ്ഞുപോയ്;
ഭൂതകന്ന നിമാനങ്ങൾ പാരിടത്തിൽപ്പതിഷ്ഠയായ്,
പുണ്യക്ഷയത്തിലാകാശാൽ സിദ്ധഗേഹങ്ങൾ പോലവേ. 24



Digitized By Kerala Sahitya Akademi

തൻവീടു കാപ്പാനുത്സാഹം കെട്ടു ലക്ഷ്മിവിഹീനരായ്
കിടന്നോടുമരക്കന്മാർ കൂട്ടീ ഉമ്മലനിസ്വനം.
'അയ്യോ, കരങ്ങനല്ലിന്ന തീയാകണമിതെ'ന്നുതാൻ
കേണാർത്തു വീണൂ പെണ്ണുങ്ങൾ, കുഞ്ഞിൽക്കുട്ടിയുമായ് ദ്രുതം. 26
തീ ചൂഴും മാളികയിൽനിന്നു,ഴിഞ്ഞ ചികുരത്തൊടും
വീഴ്കയായ് ചിലരം,ബരാൽ മിന്നൽക്കൊടികൾ പോലവേ.
വൈഡൂര്യംപവിഴംവജ്രംവെള്ളിമുത്തണിവീടുകൾ
വിചിത്രങ്ങൾ സധാതുക്കളുരുകിക്കൊണ്ടൊലിയ്ക്കയായ്. 28

തൃണകാഷ്ഠങ്ങളാലഗ്നി തൃപ്തനാകാത്തതിൻവിധം
തൃപ്തനായീല ഹനുമാൻ തെല്ലും രാക്ഷസഹത്യയിൽ;
ഇല്ല ഭൂവും, ഹനുമാനാൽക്കൊല്ലപ്പെട്ട നിശാടരാൽ!
ചിലേടം പ്ലാശലക്കൊപ്പം, ചിലേടമിലവിൻ പടി,
ചിലേടം കുങ്കുമം പോലെ വിളങ്ങീ വഹ്നികീലകൾ. 30

മഹാത്മാവായ ഹനുമാനൂക്കുകൂട്ടിയ വാനരൻ
ചുട്ടാൻ ലങ്കാപുരമതു, മുപ്പുരം ശംഭു പോലവേ.

മലയ്ക്കുമേലമർന്ന ലങ്കയിങ്ക–
ലൊ,രുഗ്രമാം വിക്രമമോടു പൊങ്ങി
ശിഖോൽകരം നീട്ടിയെരിഞ്ഞ ചെന്തീ
കൊളുത്തിനാനൂക്കിയലും ഹനൂമാൻ. 32

യുഗാന്തവഹ്നിജ്ജ്യുതിയ്ക്കൊടഗ്നി
കാറ്റേറ്റു വാനം തൊടുമാറുയർന്നു;
വിധൂമമായ്ത്തീടുകളിൽ, ക്ഷപാട–
മെയ്യായ നെയ്യാലഥ കത്തിയാളീ.
നല്ലൊരു തേജസ്സൊടു കോടിസൂര്യ–
രൊക്കത്തെ,ങ്ങുമേ ലങ്ക ചുഴന്നു മിന്നീ,
പാരിച്ചിടിത്തീയെതിരൊച്ചയാൽ ബ്ര–
ഹ്മാണ്ഡം പിളർത്തുംവിധമാ മഹാഗ്നി. 34

പ്ലാശിന്മലർജ്ജ്വാലയൊടുഗ്രമാസ്സം
തിളങ്ങു വാനോളമുയർന്നു പാളി;
തീ കെട്ടതിൻ വമ്പുക ചേർന്ന കാർകൾ
നീലോൽപലപ്പൂനിറമാർന്നു കാണായ്.

Digitized By Kerala Sahitya Akademi

'മഹേന്ദ്രനാം വജ്രി നിലിമ്പർകോനും,
സാക്ഷാൽ കൃതാന്തൻ, വരുണൻ, മരുത്തും,
അഗ്നീസൂര്യേന്ദ്രകുബേരർപോലു-
മല്ലി,ക്കുരങ്ങൻ യമമൂർത്തി താനോ! 36

സർവ്വം ചരസ്ഥം ചതുരാസ്യനായി
ബ്രഹ്മാവുമാം സർവ്വപിതാമഹന്റെ
രാത്രിഞ്ചരധ്വംസകമാം പ്രകോപം
കുരങ്ങനായിട്ടിഹ വന്നതാമോ!

അല്ലെങ്കിലോ, വൈഷ്ണവമാം സുതേജ-
സ്സനന്തമവ്യക്തമചിന്ത്യമേകം
തന്മായയാലാശരനാശനാർത്ഥം
കുരങ്ങനായ്സ്സംപ്രതി വന്നതാമോ! 38

എന്നൊക്കെയോതീ പല മേത്തരക്കർ
നക്തഞ്ചരന്മാരൊരുമിച്ചുകൂടി,
പുള്ളുകളും ഗേഹങ്ങളും മരങ്ങളൊത്തു
പൊള്ളുന്നു വെന്താപ്പുരി കാൺകയാലേ.

അതിൽവിധം രാക്ഷസരാ,ന,യശ്വം,
രഥങ്ങളും, വൃക്ഷം, മൃഗപക്ഷിസംഘം
ഇതൊക്കെയൊത്താശു ദഹിച്ച ലങ്ക
യുഴന്നു കേണു തുമുലസ്വരത്തിൽ. 40

'ഹാ, താത! ഹാ, സ്നേഹിത! കാന്ത! കുഞ്ഞേ!
ഹാ, തീർന്നുപോയ് ജീവിതപുണ്യഭോഗം!'
ഓരോന്നിതിൻവണ്ണമരക്കർ ചൊല്ലെ-
പ്പാരം കടുത്തു കൊടുതായ ശബ്ദം.

ഹുതാശനജ്വാല ചുഴന്നു, വീരർ
മരിച്ചു, യോദ്ധാക്കളും മറിഞ്ഞ ലങ്ക
മരുത്സുതക്രോധബലത്തിനാൽത്തോ-
റ്റടങ്ങി, ശാപമേറ്റിടിവേറ്റപോലെ. 42

അരക്കർ പേടിച്ചു വിരണ്ടു മാർഗ്ഗമാ-
റ്റുന്നു കത്തും ശിഖി ചേർന്ന ലങ്കയെ,
സ്വയംഭൂകോപത്തിൽ മുടിഞ്ഞ ഭൂമിയെ-
ക്കണക്കെ കണ്ടു ഹനുമാൻ മഹാശയൻ.

Digitized By Kerala Sahitya Akademi

ആ വൃക്ഷരത്നങ്ങൾ നിറഞ്ഞ കാവുട-
ച്ചു,ഗ്ര്യശരന്മാരെ വധിച്ചു സംഗരേ,
ആ വേശ്മതാദ്ധ്യപുരം കരിച്ചുമി-
ല്ലായീ ഹനൂമാൻ കപി മാരുതാത്മജൻ. 44

ത്രികൂടകൂടാഗ്രതലേ വിചിത്ര
സമാസ്ഥിതൻ വാനരരാജസിംഹൻ
എരിഞ്ഞ വാലിങ്കലിരുന്നു തിയ്യാൽ
വിളങ്ങി, തേജോനിധി മന്ന പോലെ.

പെരുത്തു മർത്ത്യാശരെയങ്ങു കൊന്നും,
മരങ്ങളേറിയിന കാവുടച്ചും,
അരക്കർതൻ വീടുകൾ ചുട്ടെരിച്ചും,
മഹാനവൻ രാമനിലെത്തിയുള്ളാൽ. 46

അതിൻവിധം കാറ്റെതിരുക്കിയന്ന
ബലിഷ്ഠനായ് വാനരവീരമുത്തായ്
വരിഷ്ഠനായ്സ്സന്മതിയായ വായു-
തനൂജനെയാദ്ദേവകളൊക്കെ വാഴ്ത്തി.

കാവുടച്ചും,ശരന്മാരെപ്പോരിൽക്കൊന്നു, മഹാദ്യുതി
രമ്യം ലങ്കാപുരം ചുട്ടു ശോഭിച്ചാനാ മഹാകപി. 48

അവിടെദ്ദേവഗന്ധർവർ സിദ്ധന്മാരൃഷിമുഖ്യരും
ചുട്ടുപൊട്ടിച്ചതാം ലങ്ക കണ്ടേറ്റം വിസ്മയിച്ചുപോയ്.
കണ്ടു മികച്ച കപിയാം ഹനൂമൽപ്ലവഗേന്ദ്രനെ,
കാലാഗ്നിയെന്നോർത്തു മയപ്പെട്ടു ഭൂതങ്ങളൊക്കെയും! 50

സർവ്വാമരന്മാർ, മുനിപുംഗവന്മാർ,
ഗന്ധർവ്വവിദ്യാധരനാഗയക്ഷർ—
വമ്പിച്ച ഭൂതങ്ങളശേഷമങ്ങു
നേടീ മഹത്താകെയാരതുല്യമോദം.

—*—

## ഐമ്പത്തഞ്ചാം സർഗ്ഗം: ഹനൂമൽക്രോധദൂഷണം.

—o—

ആ ലങ്ക മുഴുവൻ ചുട്ടുപൊട്ടിച്ച മഹാബലൻ,
വാൽത്തീയ്യിനെസ്സമുദ്രത്തിൽക്കെടുത്തീ കപിസത്തമൻ.

Digitized By Kerala Sahitya Akademi

വെന്തുടഞ്ഞോ,രശർ വിറകൊണ്ട ലങ്കാപുരത്തിനെ
കണ്ടിട്ടു ചിന്തയിൽപ്പെട്ടു ഹനൂമാനാം പ്ലവംഗമൻ; 2
ഉദിച്ചു വൻഭയമവന്നു,ളവായാത്മനിന്ദയും:—
"ലങ്കയെച്ചുട്ടുപൊട്ടിച്ച ഞാനിപ്പോൾ ചെയ്തതെന്തുവാൻ?
ക്രോധമുണ്ടായതറിവാൽ,ച്ചെന്തീ നീരാൽക്കണക്കിനേ
തടുക്കുന്നോർ മഹാത്മാക്കൾ ധന്യന്മാർ പുരുഷോത്തമർ! 4

ക്രോധിച്ചാൽപ്പാപമാർ ചെയ്യാ? ചെയ്യുംപോം ഗുരുഹത്യയും
ക്രോധിച്ചവൻ പരുഷമായ് ശ്ശകാരിക്കും വിശിഷ്ടരെ.
ക്രോധിച്ചവനറിഞ്ഞീടാ വാച്യാവാച്യമൊരിക്കലും;
ചെയ്യാൻ വയ്യാത്തതില്ലൊട്ടും, ക്രുദ്ധന്നോതരുതാത്തതും! 6

ഉളവാകുന്നതാം ക്രോധം, വള പാമ്പുറ പോലവേ
ക്ഷമയാൽക്കളയുന്നോനാ,ണാണെന്നോതപ്പെടുന്നവൻ!
ഛീ, ഞാനൊരു മഹാപാപി, നാണംകെട്ടോൻ, ദുരാശയൻ,
അസ്സീതയെ നിനയ്ക്കാതെ തീ വെച്ചോൻ, സ്വാമിഘാതകൻ! 8

ഈ ലങ്ക വെന്തുപോയല്ലോ; തീർച്ചയായാ,ര്യ സീതയും
വെന്തുപോമെങ്കിലോ, ഹന്ത സ്വാമീകാര്യം കളഞ്ഞു ഞാൻ!
യാതൊന്നിന്നോ പുറപ്പാടീത,ക്കാര്യം തകരാറിലായ്:
സീതയെപ്പരിരക്ഷിച്ചീലല്ലോ ലങ്കയെരിക്കെ ഞാൻ! 10

ഇല്ല സന്ദേഹ,മിക്കാര്യമെളുപ്പത്തിൽ നടത്തിനേൻ;
എന്നാൽ വേരോടറുത്തേൻ ഞാനതിനെ, ക്രോധബാധയാൽ!
തീപ്പെട്ടിരിക്കുമേ സീത: ലങ്കയിങ്കലൊരേടവും
കത്താതെ കാണ്മതില്ലല്ലോ; നീറായ്പ്പോയ് പുരിയൊക്കെയും! 12

എൻബുദ്ധികേടാലക്കാര്യം കെട്ടുപോകയന്നിരിക്കിലോ,
ഞാനുമിന്നിവിടെത്താൻവെച്ചുയിർ പോക്കുകയാം ഗുണം:
ചെന്തീയിൽച്ചാടിയാലോ ഞാനി,പ്പോഴൌർവ്വാനലങ്കലോ!
സമുദ്രവാസിജന്തുക്കൾക്കേകിയാലോ കളേബരം! 14

ചാകായ്കിലെ,ങ്ങാളാകും ചെന്നു കാണ്മാൻ കപീന്ദ്രനെ,
ആ മർത്ത്യശാർദ്ദൂലരെയും, കാര്യമെല്ലാം കളഞ്ഞ ഞാൻ?
ശുണ്ഠി വന്നതിനാൽ ഞാനീക്കാട്ടിക്കൂട്ടിയതൊക്കെയും,
മൂപ്പാരിലും പുകൾപ്പെട്ട കപിചാപല്യമൊന്നുതാൻ! 16
ഛീ, ഛീ, തോന്നിയപോലുള്ള ചപലം രാജസത്തൊഴിൽ:
ദ്വേഷാൽ സീതയെ രക്ഷിച്ചീലല്ലോ ഞാൻ, ശക്തനാകിലും!

Digitized By Kerala Sahitya Akademi

സീതയ്ക്കു നാശം വന്നാലോ രണ്ടുപേരും നശിച്ചുപോം;
തന്നാശമൊന്നാൽ, സ്സുഗ്രീവൻ കൂട്ടത്തോടേ നശിച്ചുപോം! 18
ഈ വർത്തമാനമേ കേട്ടാൽബ്ഭരതൻ ഭ്രാതൃവത്സലൻ
ധർമ്മാത്മാവു സശത്രുഘ്നൻ ജീവിപ്പാൻ ശക്തനാകമോ!
ധർമ്മിഷ്ഠമിക്ഷ്വാകുകുലം നശിയ്ക്കുകില, സംശയം,
നാട്ടുകാരൊക്കെയും മാൽകൊണ്ടുരംച്ചുട്ടേററു വലഞ്ഞുപോം! 20
അതിനാൽ, ബ്ഭാഗ്യമററോനായ്, ന്യൂനം ധർമ്മാർത്ഥഹീനനായ്
ക്രുദ്ധിയുംകൊണ്ടു പാരെല്ലാം നശിപ്പിച്ചവനായി ഞാൻ!"

എന്നു ചിന്തിയ്ക്കവേ, മുമ്പുമുണ്ടായിട്ടുള്ളതിൻവിധം
കാണായ്വന്നു നിമിത്തങ്ങൾ; ചിന്തിച്ചാൻ വീണ്ടുമേയവൻ:— 22
'അല്ലെങ്കിൽ, ച്ചാരുസർവ്വാംഗി, തൻതേജോരക്ഷയുള്ളവൾ,
നശിയ്ക്കയില്ല കല്യാണി: തീയ്യിനെത്തീയെരിച്ചിടാ!
അററമില്ലാത്ത തേജസ്സുള്ളാദ്ധർമ്മാത്മാവുതന്നുടെ,
ചാരിത്രസംരക്ഷിതയാം പത്നിയെപ്പാവകൻ തൊടാ: 24
ന്യൂനം, രാമപ്രഭാവത്താൽസ്സീതാപുണ്യത്തിനാലുമേ
എന്നെപ്പൊള്ളിച്ചതില്ലല്ലോ, പൊള്ളിപ്പോനീ ഹുതാശനൻ!
ഭരതാദികളാം മൂന്നു സോദരക്കുവൾ ദൈവതം;
രാമന്നാരോമലുമവള, വളെങ്ങിനെ നഷ്ടയാം? 26
എങ്ങുമേ തടവില്ലാത്തോനാമിദ്ദഹനനവ്യയൻ
എൻവാൽ പൊള്ളിയ്ക്കാതിരിയ്ക്കെ, ദ്ദേവിയെച്ചുട്ടെരിയ്ക്കുമോ?'
വീണ്ടുമെങ്ങു വിചാരിച്ചു ഹനുമാനത്ഭുതത്തോടെ,
ഹിരണ്യനാമശൈലത്തെ നീർനടുക്കണ്ടു കണ്ടതും. 28
'തപസ്സാൽസ്സത്യവാക്യത്താൽപ്പാതിവ്രത്യത്തിനാലുമേ
ചുട്ടേയ്ക്കാം തീയ്യിനെയവള;—വളെത്തീയെരിച്ചിടാ!'
അങ്ങട്ടു ദേവിതൻ ധർമ്മശക്തിയങ്ങോർത്തുനില്ക്കവേ,
കേട്ടു ഹനുമാൻ മഹാത്മാക്കളായ ചാരണർതൻ മൊഴി:— 30
'ഹന്ത, ചെയ്യാവതല്ലാത്ത കർമ്മല്ലോ ചെയ്തു, മേല്ക്കുമേൽ
നിശാചരഗൃഹങ്ങളിൽക്കൊടുംതീ വെച്ച മാരുതി!
പാഞ്ഞുപോകുമരക്കസ്ത്രീബാലവൃദ്ധർ നിറഞ്ഞതായ്,
ആളിരമ്പം ഗിരിഗുഹയുംപ്പുകക്കുന്ന മട്ടിലായ് 32
കമാനംകൊത്തളമതിലൊക്കെയെല്ലാം വെന്തിതിപ്പുരി;
സീത വെന്തിട്ടുമില്ലെന്നു, ഞങ്ങൾക്ക പുളകിസ്മയം!'

Digitized By Kerala Sahitya Akademi

എന്നങ്ങു കേട്ടു ഹനുമാനമൃതിന്നൊത്ത ഭാഷിതം;
അപ്പൊ നേരത്തൊരാഹ്ലാദമത്യന്തമുണ്ടായി മാരുതേഃ; 34

ഫലം കണ്ട നിമിത്തത്താൽ, നല്ലോരു കാരണങ്ങളാൽ,
ഋഷിവാക്കാലുമാപ്രീതി തേടിനാനസ്സമീരജൻ.

മനോരഥം തേടി, മഹീന്ദ്രപുത്രി-
ക്കപായമില്ലെന്നുമറിഞ്ഞ കീശൻ.
അദ്ദേവിയെപ്പിന്നെയുമൊന്നു കണ്ടു
തിരിച്ചുപോരാനഥ തീർച്ചയാക്കി. 36

—*—

## ഐമ്പത്താറാം സർഗ്ഗം: ഹനുമത്പ്രതിപ്രയാണം

— * —

പിന്നീടു, ശിംശപാമൂലം തന്നിൽ മേവുന്ന സീതയെ
വന്ദിച്ചു ചൊന്നാൻ;—'ഭാഗ്യം, മേ കാണായി നിരപായ നീ.'
ആപ്പുറപ്പെട്ട പവനാത്മജനെപ്പേർത്തുപേർത്തുമ
ത്തുക്കണ്ണാർത്തരുളിച്ചെയ്താൾ ഭർത്തൃസ്നേഹേന മൈഥിലി:— 2

'നീതന്നെയൊറ്റയ്ക്കാളാകാമിക്കാര്യം നിറവേറ്റുവാൻ;
എന്നാലതിൽ നിനക്കല്ലോ, പരവീരഘ്നനേ; പുകഴ്.
ലങ്ക ബാണങ്ങളാൽ മൂടി, രാമൻ പരബലാർദ്ദനൻ
എന്നെക്കൊണ്ടങ്ങു പോകയാലേ, തന്നിച്ഛോചിതമായ്വരൂ. 4

അതിനാലാ, മഹാത്മാവാം രണശൂരനു കേവലം
തക്ക വിക്രമമുണ്ടാകുംവണ്ണമേ ചെയ്തുവെയ്ക്കു നീ.'
പൊരുളും സ്നേഹവും പൂണ്ട യുക്തിസംയുക്തമാം മൊഴി
കേട്ടിട്ടു ഹനുമാനങ്ങു മറുവാക്കരിയാടിനാൻ:— 6

'വന്നെത്തുമല്ലോ കാകുൽസ്ഥൻ വാനരർക്ഷേന്ദ്രർ ചൂഴുമായ്,
ശത്രുവർഗ്ഗത്തെ യുദ്ധത്തിൽക്കൊന്നു നിന്മാലകറ്റുവാൻ.'
ഏവം ഹനുമാൻ വൈദേഹിക്കാശ്വാസം ചെയ്തു മാരുതി
പോരുവാൻ നിശ്ചയിച്ചിട്ടു വൈദേഹിയെ വണങ്ങിനാൻ. 8

എന്നിട്ടാ സ്വാമിയെക്കാണ്മാനുഴറും കപിപുംഗവൻ
അരിഷ്ടമാം മാമലമേലേറിനാനരിമർദ്ദനൻ:

Digitized By Kerala Sahitya Akademi

ശൃംഗം പതിനൂറും ചേർന്ന കരിംകാടുകളുള്ളതായ്,
ശൃംഗാന്തേ ജലപ്രഭത്താലേറപ്പിട്ടുള്ള മട്ടിലായ്, 10
നമിച്ചിളംസൂര്യകരം തൊട്ടുണർന്ന മട്ടിലായ്,
ധാതുപ്രഭം പൊന്തുകയാൽക്കൺ മിഴിച്ച വിധത്തിലായ്,
നീളെ വൻനിലരാഴക്കൊച്ചകൊണ്ടമേതോന്നുന്ന മട്ടിലായ്,
നാനാനീരരാവിൻ നാദംകൊണ്ടു പാടുന്ന മട്ടിലായ്, 12
അത്യുച്ചദേവതാരത്താൽക്കയ്യുയർത്തിയ മട്ടിലായ്
നീളെ നീർച്ചാട്ടനാദത്താൽ മുറക്കൊള്ളുന്ന മട്ടിലായ്
പഞ്ചച്ഛരത്ഫലനശ്രീയാൽ വിറക്കൊള്ളുന്ന മട്ടിലായ്,
കാറ്റൊത്തിളും കീചകത്താൽക്കുഴലൂതുന്ന മട്ടിലായ്, 14
ഘോരസപ്പേന്ദ്രരെക്കൊണ്ടു രോഷാൽച്ചീറുന്ന മട്ടിലായ്,
മഞ്ഞാലും വൻഗുഹകളാൽദ്ധ്യാനം ചെയ്യുന്ന മട്ടിലായ്,
കാർവേടിയൊത്ത പാദത്താൽഗ്ഗമനോദ്യുക്തമട്ടിലായ്,
കാർ ചേർന്ന മുടിയാൽ വാനിൽ മൈ നിവർത്തുന്ന മട്ടിലായ്, 16
അനേകശൃംഗാവൃതമായ്,ബൃഹൽകന്ദരയുക്തമായ്,
പയൻ കരിമ്പന മുള മരുതും ബഹു ചേർന്നതായ്,
മലർവള്ളിപ്പടപ്പായ വരിമേലാപ്പണിഞ്ഞതായ്,
നാനാമൃഗം തിങ്ങിയതായ്,ധാതുക്കളൊഴുകുന്നതായ്, 18
ഭൂരിനിർഝരവുള്ളൊന്നായ്,പ്പാറക്കൂട്ടം നിറഞ്ഞതായ്,
മഹർഷിയക്ഷഗന്ധർവകിന്നരോരഗർ വാഴ്വതായ്,
ലതാവൃക്ഷാഢ്യമായ്,സ്സിംഹം മേവും ഗുഹകളുള്ളതായ്,
വ്യാഘ്രങ്ങളും തിങ്ങിയതായ്, സ്വാദുമൂലഫലാഢ്യവായ്, 20
ശോഭിച്ചിടുന്നാഗ്ഗിരിമേലേറിനാനനിലാത്മജൻ,
രാമനെക്കാണ്മവാൻ വെമ്പും ഹർഷത്തിൻ പ്രേരണത്തിനാൽ.
രമ്യാദ്രിത്താഴ്വരകളിലവൻ കാലൂന്നിവെയ്ക്കയാൽ
പൊടിഞ്ഞുതിർന്നപോയ്, പാരമൊലിയും പൂണ്ടു പാറകൾ! 22
ആ മാമലയ്ക്കുമേലേറി വളർന്നാനാ മഹാകപി,
തെക്കേനിന്നപ്പുകടലിൻ വടക്കേക്കര പോവാൻ.
ഗിരിമേൽക്കേറിനിന്നിട്ടു വീരനാം മാരുതാത്മജൻ
കണ്ടാൻ മീനുകളും പാമ്പുമെന്ന കൊടുതാം കടൽ. 24
കാറ്റിനൊപ്പോരല, കാറ്റിന്റെ മകനാക്കപിപുംഗവൻ
തെക്കേനിന്നു വടക്കോട്ടു പൂകിനാൻ ഗഗനസ്ഥലം.

Digitized By Kerala Sahitya Akademi

അന്നേരമാ വാനരനാലമൎക്കപ്പെട്ട മാമല
നാനാജന്തുക്കളെലാത്താൎത്തു പാൎത്തലത്തിങ്കലാഴ്കയായ്, 26
വിറച്ച ശൃംഗങ്ങളോടും, വീഴും വൃക്ഷഗണത്തോടും!
അവന്റെ തുടയൂക്കാലേ പുഴങ്ങി,പ്പൂത്ത ശാഖികൾ
ഒടിഞ്ഞു പൃഥ്വിമേൽ വീണിതി,ടിവാളേററവണ്ണമേ.
ഗുഹാന്തരസ്ഥരാമോജസ്സേറും സിംഹങ്ങൾ പീഡയാൽ 28
അലറും ഘോരമാം ശബ്ദം പിളൎത്തീ വാനിടത്തിനെ!
കുഴഞ്ഞ മൈക്കോപ്പോട,ഴിഞ്ഞുലഞ്ഞ വസനത്തോടും,
മല വിട്ടാശു മേല്പോട്ടു പോയി വിദ്യാധരീജനം.
ക്രൂരന്മാർ, നാവു കത്തുന്നോർ, കരുത്തർ, വിഷമേറിയോർ, 30
ശിരോഗ്ഗളം ചതഞ്ഞേററം പിടഞ്ഞിതു മഹാഹികൾ.
യക്ഷകിന്നരഗന്ധൎവ്വവിദ്യാധരഭുജംഗമർ
അമൎക്കപ്പെട്ട നൽശൈലം വിട്ടു വാനത്തു കേറിനാർ.
ശ്രീമത്താം പൎവ്വതമതു,മക്കരുത്തനമൎക്കയാൽ 32
സവൃക്ഷോഗ്രശൃംഗങ്ങളോടേ പാൎത്തട്ടിലാണ്ടുപോയ്;
പത്തു കാതം പരപ്പും മുപ്പതു കാതമുയൎച്ചയും
ചേൎന്നതാമഗ്ഗിരി തദാ നിലത്തോളമമൎന്നുപോയ്!
കരയ്ക്കു തിര തല്ലുന്ന കൊടുതാമുപ്പുനീർക്കടൽ 34
കളിയായിക്കടപ്പാനക്കപി മേല്പോട്ടു ചാടിനാൻ.

— * —

## ഐമ്പത്തേഴാം സൎഗ്ഗം: ഹനൂമൽപ്രത്യാഗമനം.

— * —

സൂൎയ്യനാകുന്ന നീർക്കോഴി, രമ്യമാം തിങ്കളാമ്പലും,
തിഷ്യശ്രവണകാദംബം, കാറിളം പുല്ലുപണ്ണികൾ,
പുനൎത്തപ്പെരുമീൻ, ചൊവ്വയാകും പെരിയ നക്രവും,
ഐരാവതപ്പെരുന്തീവും, ചോതിയാമരയന്നവും 2
കാറേററലക്കൊണ്ട നിലാക്കുളിർവെള്ളവുമുള്ളതായ്,
ഭുജംഗയക്ഷഗന്ധൎവ്വഫുല്ലപത്മോല്പലാഢ്യമായ്,
അപാരമാം നഭസ്സിന്ധുതന്നിൽ വാടാതെ നീന്തിനാൻ
കാററിൻപോക്കുള്ള ഹനുമാനാ,ഴിയിൽക്കപ്പൽപോലവേ. 4



Digitized By Kerala Sahitya Akademi

വാനിടത്തെ വിഴുങ്ങുന്നോ, ചന്ദ്രകലുരസുന്നിതോ,
നക്ഷത്രസൂര്യബിംബാഢ്യമംബരം കൊണ്ടുപോവിതോ,
വലിപ്പിതോ കാറുകളെ,യെന്നു തോന്നുംവിധത്തിലായ്
പോന്നു വങ്കപി വാനേറി ശ്രീഹനൂമാൻ മരുത്സുതൻ. 6
തുടുത്തും മഞ്ഞപോപ്പാന്നും കറുത്തും വെണ്മ തേടിയും
പച്ചച്ചും ചെംകറുപ്പാണ്ടും വിളങ്ങീ വളർകാറുകൾ.
വീണ്ടും വീണ്ടും മുകിൽച്ചാർത്തുൾപ്പൂകുവോൻ, വിട്ടുപോരുവോൻ,
മറവാർന്നും വെളിപ്പെട്ടും കാണായീ തിങ്കൾ പോലവേ; 8
നാനാമേഘങ്ങളിൽപ്പുക്ക വീരൻ വെൺമുകിൽ ചുററിയോൻ
മൈ മറഞ്ഞും വെളിപ്പെട്ടും വാനത്തമ്പിളി പോലെയായ്.
വാനിൽഗ്ഗരുഡനെപ്പോലായ് വിളങ്ങീ വായുനന്ദനൻ,
വീണ്ടും വീണ്ടും മേഘനിരകളെത്തപ്പിളർത്തും വിട്ടുപോന്നുമേ, 10
ചിത്ത ശബ്ദത്തൊടൊത്തൊത്തുമിടിപ്പോൽത്തിർ മഹാസ്വനൻ.
മുഖ്യരാക്ഷസരെക്കൊന്നും തൻപേർ വിശ്രുതമാക്കിയും,
നഗരത്തെ നശിപ്പിച്ചും, രാവണന്നഴലേകിയും,
ഭയങ്കരംപടയെ മട്ടിച്ചും, വൈദേഹിയെ വണങ്ങിയും 12
തിരിച്ചുപോന്നാൻ തേജസ്വി കടൽമദ്ധ്യത്തിലൂടവേ.
സുനാഭമാം വമ്പലയെക്കയ്യാൽത്തടവി വീര്യവാൻ
ഞാണു വിട്ടോരു നാരാചം പോലെ പോന്നാൻ മഹാബലൻ.
ഒട്ടടുക്കലണഞ്ഞാറേ, മഹേന്ദ്രവരപർവ്വതം, 14
കാർ പോലുള്ളൊന്നു കണ്ടിട്ടൊരൊപ്പിട്ടാൻ കപിപുംഗവൻ.
മുഴക്കിയൊന്നാം പ്ലവഗൻ പത്താശകളെ നീളവേ,
ചിത്ത ശബ്ദത്തൊടുള്ളാപ്പുലി,ടിമ്പേന്തിർമഹാസ്വനൻ
അദ്ദേശം പൂക, ചങ്ങാതിമാരെക്കാണ്മതിനാശയാ 16
ചിത്ത ശബ്ദത്തൊടൊപ്പിട്ടാൻ; വാലും വീശീടിനാനവൻ.
ഗരുഡൻ പോം വഴിയിൽവെച്ചവൻ പെരികെയാർക്കവേ,
ശബ്ദത്താൽ വിണ്ടുപോംമട്ടായ്, സാംശുമദ്ബിംബമംബരം!
അങ്ങേക്കരേ മുന്നമേ വാണവർ മഹാബലർ 18
കല്ലാടു നീണ്ടിതോ, ശ്രുതരവർ കേട്ടിട്ടീനാർ തദാ
മാരുതിയുരയുകൊച്ച ഹനുമദ്ദർശനൈഷികൾ,
കാററടിച്ച മേഘകണ്ഠലിരമ്പുന്നതു പോലവേ.
കേട്ടാർ വല്ലൂയ്ത്തുയർക്കൊണ്ടകൊട്ടവാഴികളോടും 20

Digitized By Kerala Sahitya Akademi

വാനരേന്ദ്രന്റെ നിർഘോഷ,മിടിയൊച്ച കണക്കിനെ.
ആക്കന്നൊരൊച്ച കേട്ടിട്ടു പരമുൽക്കണ്ഠ തേടിനാർ,
തോഴനെക്കാണുവാനാശ കോലുമക്കീശരേവരും.
ജാംബവാൻ വാനരശ്രേഷ്ഠൻ പ്രീതികൊണ്ടേറ്റം കളിത്തവൻ 22
വിളിച്ചു വാനരന്മാരേവരെല്ലാമിങ്ങിനെ ചൊല്ലിനാൻ:—
'സാധിച്ചു സർവ്വഥാ കാര്യം ഹനുമാനി,ല്ല കില്ലിതിൽ:
അവനും, കാര്യം സാധിക്കാതീമട്ടാർച്ചു പുറപ്പെടാ.'
പ്ലവംഗരാ മഹാത്മാവിൻ ഉടക്കെച്ചീററാക്കലും 24
കേട്ടിട്ടു ഹർഷമോടേ ചാടിക്കേറിക്കൊണ്ടാരതതിടം,
വൃക്ഷാഗ്രം വിട്ടു വൃക്ഷാഗ്രം, ശൃംഗം വിട്ടിട്ടു ശൃംഗവും;
ഹർഷം പൂണ്ടു ഹനുമാനെക്കാണ്മാനൊന്നിച്ചുകൂടിനാർ.
കൊമ്പും പിടിച്ചു വൃക്ഷാഗ്രങ്ങളിൽ നിന്നാ വലീമുഖർ 26
വെണ്മയേറിയ വസ്ത്രങ്ങളാം വീശിനാർ പരിതുഷ്ടരായ്.
ഗിരിഗഹ്വരമേറപ്പുക്ക കാററു ഗർജ്ജിപ്പതിൻവിധം
ഗർജ്ജിച്ചുകൊണ്ടണഞ്ഞൂർജ്ജസ്വി ഹനുമാനനിലാത്മജൻ.
ആ വരവെത്തും മുകിൽനിരക്കൊത്ത വാനരവര്യനെ 28
കണ്ടു കൈകൂപ്പിനിന്നാരക്കാട്ടുവാഴികളേവരും.
ഗിരിശ്ശൃംഗാഭം കപീന്ദ്രമാ മഹേന്ദ്രഗിരിതന്നുടെ
മരങ്ങളും തിങ്ങും മുകൾമേലൂക്കോടേ പോന്നിറങ്ങിനാൻ;
ഹർഷം നിറഞ്ഞീട്ടുമവൻ നിർജ്ജലം മഞ്ജുളാദ്രിമേൽ, 30
ചിറകററ മലയ്ക്കൊപ്പമാപതിച്ചാൻ നഭസ്ഥലാൽ.
അന്നേരമുറപ്രീതിയോടേക്കപിപുംഗവരേവരും
മഹാത്മാവാം ഹനുമാനെച്ചൂഴന്നരികിൽ മേവിനാർ;
ചൂഴന്നുനിന്നതിപ്രീതി തേടിനാരവരേവരും. 32
സുമുഖൻ തിരിയേവന്ന വായുപുത്രകപീന്ദ്രനെ,
കായും കിഴങ്ങുമാകുന്ന കാഴ്ചദ്രവ്യമെടുത്തുടൻ
സൽക്കരിച്ചാർ, മുഖത്തിമ്പം പൂണ്ടക്കപികളേവരും.
ഹനുമാൻ ജാംബവന്മുഖ്യഗുരുവൃദ്ധരെയും തദാ 34
യുവരാജാംഗദനെയും വണങ്ങി വാനരോത്തമൻ.
തൽസംപൂജിതനപ്പൂജ്യൻ, കീശന്മാരാൽ പ്രസാദിതൻ
'കണ്ടു സീതയെ'യെന്നായിച്ചുരുക്കിച്ചൊല്ലി വിക്രമി
ഇരുന്നാൻ ബാലിസുതനെക്കരംകൊണ്ടു പിടിച്ചുടൻ, 36

Digitized By Kerala Sahitya Akademi

മഹേന്ദ്രപർവ്വതത്തിൻെറ മധുരാരണ്യഭൂമിയിൽ.
ചോദിയ്ക്കപ്പെട്ട ഹനുമാനക്കപീന്ദ്രരോടോതിനാൻ:—
"കാണപ്പെട്ടിതശോകപ്പൂങ്കാവിലജ്ജനകാത്മജ,
അത്യുഗ്രരാക്ഷസസ്ത്രീകാവലുള്ളോള,നിന്ദ്യയാൾ, 38
ഒററവേണിയുമായ്ബ്ബാല, രാമദർശനലാലസയാൾ,
ജട പൂണ്ടുപവാസത്താൽ വാടി മങ്ങി മെലിഞ്ഞവൾ."
കണ്ടേനെന്ന ഹനൂമദ്വാക്യമത്യമൃതോപമം
കേട്ടിട്ടു സന്തോഷവശന്മാരായ് വാനരരേവരും: 40

ചിലരാർത്തു; കൂക്കി ചിലർ; ബലിഷ്ഠരലറി ചിലർ;
ചിലർ കൂട്ടി കിലികിലാശബ്ദം;—മേററലറി ചിലർ;
ഉച്ചത്താൽ വാലു പൊന്തിച്ചു ചില വാനരകുഞ്ജരർ
നീണ്ടുതണ്ടേഴകൊണ്ടുള്ള വാൽ നിലത്തിട്ടു തല്ലിനാർ; 42

ഗിരിശൃംഗാൽച്ചാടി,യാനന്ദംപൂത്ത വായുതനൂജനെ
ഹൃഷ്ടരായ്ത്തങ്ങൾതലയിൽവെച്ചാർ ചില വലീമുഖർ.
ചൊല്ലിവെച്ച ഹനൂമാനോടോതി നൽച്ചൊല്ലിതംഗദൻ,
വീരരാം വാനരരുടെയെല്ലാമിടയിൽവെച്ചുതാൻ:— 44
"സത്വവീര്യങ്ങളിൽ നിനക്കൊത്തൊരാളില്ല വാനര;
തിരിയേവന്നുവല്ലോ, വങ്കടൽ ചാടിക്കടന്നു നീ!
അഹോ, തവ സ്വാമിഭക്തി,യഹോ, വീര്യ,മഹോ, ധൃതി!
ഞങ്ങൾക്കു ജീവിതം തന്നോൻ നീയൊരാളാണുതാൻ കപീശ്വര; 46

ചെല്ലാം ഞങ്ങൾക്കു രാമങ്കൽ നിൻപ്രസാദാൽക്കൃതാർത്ഥരായ്!
ഭാഗ്യം, നീ കണ്ടു ചൊല്ക്കൊണ്ട ദേവിയാം രാമപത്നിയെ!
ഭാഗ്യം, സീതാവിയോഗാർത്തി കാകുത്സ്ഥന്നു ശമിയ്ക്കുമാം!"
പിന്നംഗദഹനൂമന്മാരെയുമജ്ജാംബവാനെയും 48

ചൂഴന്നമ്മോടിരിപ്പായി വമ്പാറകളിൽ വാനരർ;
സമുദ്രം ചാടിയതും, ലങ്കയെസ്സീതതന്നെയും
ദശകണ്ഠനെയും കണ്ടതിവ കേൾപ്പതിനാശയാ
ഹനൂമാൻെറ മുഖം നോക്കി മേവിനാർ തൊഴുതേവരും. 50
ബഹുകീശർ ചുഴന്നങ്ങു വാണാൻ ശ്രീ തിങ്ങുമംഗദൻ,
ചാരേ സുരരുമായ് വിണ്ണിൽ വിണ്ണോർകോനെന്നപോലവേ.

യശസ്സു കൂടും ഹനുമാനൊന്നാളൊത്തു, പേർ
പുകഴ്ന്ന ബലാംഗമോഹ്ലവംഗദൻ

Digitized By Kerala Sahitya Akademi

സമോദമേ മേവിനാ മാമലപ്പുറം
കിടന്നു മിന്നീ പ്രഭയാൽസ്സമുന്നതം! 52

— ⁘ —

## ഐമ്പത്തെട്ടാം സർഗ്ഗം: ഹനുമദ്വൃത്തകഥനം.

—*—

അന്നാ, മഹേന്ദ്രഗിരിതൻ ശൃംഗത്തിങ്കൽ മഹാബലർ
വാണാർ തുഷ്ടിയുൾക്കൊണ്ടോർ വായുജാദികളാം വാനരർ.
തുഷ്ടി പൂണ്ട ഹനുമാനാം കപീന്ദ്രനോടു ജാംബവാൻ
തുഷ്ടിയാലുൾക്കളികളോടേ ചോദിച്ചാനഥ വാർത്തയെ:— 2

“എമ്മട്ടു കണ്ടു നീ? യെമ്മട്ടിരിക്കുന്നു വൈദേഹി?
എമ്മട്ടു നില്പോനവളിൽ, ക്രൂരകർമ്മാവു രാവണൻ?
ശരിക്കിതെല്ലാം ചൊന്നാലും ഞങ്ങളോടു കപീന്ദ്ര, നീ;
വാർത്ത കേട്ടിട്ടു വേണം, നാമിനി വേണ്ടതാലോചിപ്പാൻ. 4

നാം ചെന്നെന്തുരക്കേണം, മന്ത്രമേതാതിരിക്കണം,
അതു വേറതിരിച്ചോതിത്തരികെങ്ങളോടാത്മവാൻ ഭവാൻ.”
ജാംബവൽപ്രേരണത്താലേ, രോമം പൊട്ടിത്തരിച്ചവൻ
കനിഞ്ഞു സീതാദേവിക്കായ് പ്പണിഞ്ഞുത്തരമോതിനാൻ:— 6

“കണ്ടല്ലോ നിങ്ങളും, വ്യഗ്രം മഹേന്ദ്രാഗ്രത്തിൽനിന്നു ഞാൻ
മേല്പോട്ടു ചാടിയതു തെക്കാഴിതൻകര പറ്റുവാൻ.
പോകുമ്പോഴോ മമ നേരിട്ടു, വിഘ്നംപോലൊന്നു ഭീഷണം:
ഒരു പൊന്നിൻകൊടുമുടി കണ്ടേൻ ദിവ്യം മനോഹരം; 8

മാർഗ്ഗം മറച്ചുള്ളൊരശ്ശൃംഗം വിഘ്നമാമെന്നു തോന്നി മേ.
അദ്ദിവ്യമപ്പൊന്മലയ്ക്കരികേ ചെന്നണഞ്ഞു ഞാൻ
നിനച്ചു നിശ്ചയം ചെയ്തേൻ, പിളർക്കേണമിതെന്നുമേ.
എൻവാൽകൊണ്ടുള്ള തല്ലേറ്റിട്ടാ മഹാഗിരിതന്നുടെ 10

സൂര്യനൊക്കും കൊടുമുടി ചത്തു നൂറായുടഞ്ഞുപോയ്.
ഒരുമ്പാടതറിഞ്ഞിട്ടസ്സുമഹാഗിരി ചൊല്ലിനാൻ,
‘ഉണ്ണി’ എന്നുടൻ തണുപ്പിച്ചുകൊണ്ടു മധുരഭാഷിതം:—
‘ഞാനപ്പിതാവാണെന്നറിക, വായുവിൻ തോഴനാകയാൽ, 12

മൈനാകമെന്നു പേരുണ്ടോൻ, പെരുംകടലിൽ വാഴുവോൻ:
മകനേ, ചിറകുള്ളോരായിരുന്നു പണ്ടു നഗോത്തമർ;

Digitized By Kerala Sahitya Akademi

തോന്നുംപോലൂഴിയിൽപ്പാടേ പറന്നിളകിപ്പെട്ടത്തിനാർ.
അതറിഞ്ഞ്, ഗ്ഗിരികൾതൻ ചിറകായിരമായിരം 14
കൊയ്തോൻ വജ്രത്തിനാലിന്ദ്രൻ ഭഗവാൻ പാകശാസനൻ.
എന്നെയോ, നിൻപിതാവല്ലീ, മഹാത്മാവായ മാരുതൻ
അവങ്കൽനിന്നു വീട്ടുവിച്ചന്നച്ചാനലയാഴിയിൽ.
രാമന്നാം ഞാൻ സഹായിയ്ക്കവേണ്ടതാണരിമർദ്ദന: 16
രാമൻ ധർമ്മികരിൽ ശ്രേഷ്ഠൻ, മഹേന്ദ്രസമവിക്രമൻ;’
ആ മഹാത്മാവു മൈനാകമിപ്പറഞ്ഞതു കേട്ടടൻ,
കാര്യ,മെന്നുദ്യമമിവയറിയിച്ചേനഗത്തെ ഞാൻ;
നല്കിനാനാ മഹാത്മാവു മൈനാകം വിടയും മമ. 18
മറഞ്ഞിതാ മാമലതൻ മഞ്ജുമാനുഷവിഗ്രഹം;
ശൈലവിഗ്രഹമാകട്ടേ, സ്ഥിതിചെയ്തു മഹാബ്ധിയിൽ.

ഉടൻ വമ്പിച്ചൊരൂക്കോടേ ശേഷിച്ച വഴി പൂകിനേൻ:
നെടുനേരം ജവത്തോടേ യാത്രചെയ്തേൻ വഴിക്കു ഞാൻ. 20
പിന്നെക്കണ്ടേൻ സുരസയാം നാഗമാതാവു ദേവിയെ;
കടലിൻനടുവേവെച്ചാദ്ദേവിയെന്നോടു ചൊല്ലിനാൾ:—
‘എനിക്കു തീറായേല്പാനോർ തന്നാൻ നീ ഹരിസത്തമ;
അതിനാൽത്തിന്നുവൻ നിന്നെ; നീ ചിരാൽ മമ കല്പിതൻ!’ 22
ഏവം സുരസ ചൊന്നാറേ, കൈകൂപ്പിത്താണുനിന്നു ഞാൻ
നിറം കെട്ട മുഖത്തോടൊത്തേവമന്നുരിയാടിനേൻ:—
‘രാമൻ ദാശരഥി ശ്രീമാൻ ദണ്ഡകാടവി പൂകിനാൻ,
ഭ്രാതാവാം ലക്ഷ്മണനോടും, സീതയോടും, പരന്തപൻ. 24
ദുർബുദ്ധി രാവണൻ കട്ടാനവൻതൻ ഭാര്യ സീതയെ;
അവൾക്കടുക്കൽപ്പോകുന്നേൻ ദൂതൻ ഞാൻ രാമശാസനാൽ;
ചെയ്യേണം തുണ രാമന്നു, നാട്ടിൽപ്പാർപ്പവളായ നീ.
അല്ലെങ്കിൽ, മൈഥിലിയെയും കൃച്ഛ്രനാം രാമനേയുമേ 26
കണ്ടിട്ടു പൂകാം നിൻവായിൽ: നേരായ്ച്ചെയ്വു പ്രതിജ്ഞ ഞാൻ!’
എന്നു ഞാനരചെയ്താറേ, സുരസാ കാമരൂപിണി
ചൊന്നാളെ,‘ന്നെക്കടന്നേച്ചു പോകില്ലാരു;-മിതെൻവരം!’
ഇത്ഥം സുരസ ചൊന്നാറേ, പത്തു യോജന പൊക്കവും 28
അതിൽപ്പാതിയിരട്ടിച്ച വണ്ണവും പൂണ്ടിതാശു ഞാൻ;
വാ പിളർത്താളവളുമന്നെൻ വലുപ്പത്തിനൊപ്പമേ.

Digitized By Kerala Sahitya Akademi

അപ്പിളർത്തിയ വായ് കണ്ടു മെയ്യേററം ചെറുതാക്കി ഞാൻ
അന്നേരമൊ പെരുവിരൽപ്രായനായിട്ടു വീണ്ടുമേ 30

ചിരക്കുന്നാ വായിലുൾപ്പുക്കി ക്ഷണാൽപ്പോന്നേൻ വെളിയിലും ഞാൻ.
സുരസാദേവി തൻമെയ് പൂണ്ടെന്നോടരുളി വീണ്ടുമേ:—

'കാര്യം നേടാൻ കപിശ്രേഷ്ഠ, സൌമ്യ, പോകുസ്സുഖം സൌഖ്യമായ്;
മഹാത്മാവാം രാമനോടു ചേർക്കയും ചെയ്ക സീതയെ. 32

സുഖിയാക മഹാബാഹോ; തെളിഞ്ഞേൻ നിന്നിൽ വാനരാ!'
എന്നെല്ലാമന്നു നന്നെന്നു വാഴ്ത്തി ഭൂതങ്ങളൊക്കെയും.

പിന്നെ,പ്പരന്ന വാനിന്നു കുതിച്ചേൻ താർക്ഷ്യമട്ടിൽ ഞാൻ;
പിടിപ്പെട്ടിതെൻ ഛായ;-യൊന്നും കണ്ടതുമില്ല ഞാൻ; 34

അതിൽ നിർവേഗനായ്ത്തീർന്നു നോക്കിനേൻ പത്തുദിക്കിലും.
ഒന്നും കണ്ടീല ഞാനെന്റെ ഗമനത്തെത്തടഞ്ഞതായ്!

അതിനാൽ ഞാൻ നിരൂപിച്ചേ, 'നെന്താണെന്നുടെ യാത്രയിൽ
രൂപം കാണപ്പെടാതുള്ളോരിത്തരം വിഘ്നമേല്ക്കുവാൻ?' 36

താഴത്തെല്ലാമയച്ചേനെൻ കണ്ണു, ഞാൻ വ്യസനത്തൊടേ;
അപ്പോൾ ജലത്തിൽക്കണ്ടേനൊരുഗ്രയാം രാക്ഷസത്തിയെ.

അത്യുച്ചത്തിൽച്ചിരിച്ചെന്നോടുരച്ചാൾ ഘോരയാമവൾ,
കൂസൽ കൂടാതുറപ്പോടുമീയമംഗളഭാഷിതം:— 38

'എങ്ങു പോകുന്നു നീ കൂററ! വിശന്നിര കൊതിപ്പു ഞാൻ;
വീർപ്പിടുക, ഇക്കാലം നാളായ്ത്തീററ കിട്ടാതൊരെൻ വയർ!'

'ഓഹോ' എന്നു,ടനാ വാക്യം സ്വീകരിച്ചേൻ,കളേബരം
അവൾതൻ വായിലൊതുങ്ങാതാംപടിയിൽ വലുതാക്കിനേൻ: 40

വൻവായ് വളർത്താളവളുമെന്നെത്തിന്നാൻ ഭയങ്കരം;
അവളെന്നെയറിഞ്ഞീലാ, ഞാൻ ചെയ്യുന്നതുമാററമോ;

വളർന്നിരുന്ന മെയ്യൊററ നിമിഷത്താൽച്ചുരുക്കി ഞാൻ
അവൾതൻ നെഞ്ചകം കീണ്ടു വാനിലെത്തേക്കു ചാടിനേൻ, 42

അഘോരയോ, കൈകാൽ കിഴഞ്ഞൊരു മാമല പോലവേ
വീണുപോയപ്പരുവെള്ളത്തിൽ, നെഞ്ചിടം ഞാൻ പറിക്കയാൽ.

കേൾക്കായി മേ, നഭസ്സിങ്കൽസ്സിദ്ധചാരണർ ചൊൽവതും:
'കൊന്നാളല്ലോ, ഹനുമാൻ ഘോരസിംഹികാശരിയെ ദ്രുതം!' 44

Digitized By Kerala Sahitya Akademi

അവരെല്ലാം കയ്യേത്തിൽത്താമസം പെട്ടതോർത്തു ഞാൻ
വീണ്ടുമേറെ വഴിപോയ്ക്കണ്ടേൻ നഗവിഭൂഷിതം
സമുദ്രത്തിൻെറ തെക്കേ വക്കാ, ലങ്കാപുരിയുമിതം.
സൂര്യൻ മറഞ്ഞതിൽപ്പിന്നെ, രാക്ഷസാലയമാം പുരം 46
പൂകിനേൻ, ഭീമവിക്രാന്തരക്ഷരറിയാതെ ഞാൻ:
അതിങ്കൽപ്പൂകിട്ടപ്പോഴും കല്പാന്തക്കാറിനൊപ്പമേ
അട്ടഹാസം മുഴക്കിക്കൊണ്ടൊരു പെണ്ണെഴുന്നേററിനാൾ.
കൊൽവാൻ തുടങ്ങുമച്ചെന്തീമുടിയാളാം കരാളയെ 48
ഇടംകൈമുഷ്ടികൊണ്ടീട്ടൊന്നിടിച്ചമ്പേപെടുത്തി ഞാൻ
സന്ധ്യയ്ക്കു പൂകവേ, പേടിച്ചവളെന്നോടു ചൊല്ലിനാൾ:—
'ഞാൻ ലങ്കാപുരി; നീയെന്നെ വെന്നല്ലോ വീര, വിക്രമാൽ;
അതിനാലാകെ വെല്ലും നീ ബാക്കിയുള്ളോരരക്കരെ' 50

അന്നു രാവാകെ വൈദേഹിയാളെയാരാഞ്ഞുകൊണ്ടു ഞാൻ
രാവണാന്തഃപുരം പുക്കേൻ; കണ്ടതില്ലാ സുമധ്യമയെ.
രാവണന്റെ നികേതത്തിൽസ്സീതയെക്കണ്ടിടായ്കയാൽ,
അല്ലൽക്കടലിലാണ്ടിട്ടൊരററം കിട്ടാതെയായി മേ 52
അല്പൃഴംകൊണ്ടു ഞാൻ കണ്ടേൻ, നീണ്ട പൊന്മതിലൊന്നിനാൽ
ചുററപ്പെട്ടു മികച്ചോരു മഹോപവനസ്ഥലം.
ഭൂരിദ്രുമാഞ്ചിതമതാം മതിൽമേൽക്കേറിനോക്കിനേൻ:
അശോകക്കാവിലങ്ങുണ്ടു പെരിയോരിരുമ്പാംമരം; 54
ഒരു പൊൻകദളിത്തോപ്പും കണ്ടേനങ്ങേറി നിന്നു ഞാൻ.
ശിംശപാവൃക്ഷത്തരികിൽ മേ കണ്ണായീ വരവർണ്ണിനി:
ശ്യാമ, തണ്ടാരിതാംകണ്ണാള,ണ്ണാഞ്ഞു മുഖമൊട്ടിയോരാം
അതേ പട്ടൊന്നുടുത്തുള്ളോരാം, ചായലിൽപ്പൊടി പററിയോരാം, 56
അഴൽച്ചൂടാൽ മെയ് തളർന്നോരാം, സീത ഭർത്തൃഹിതസ്ഥയാം,
മാംസരക്താശനക്രൂരവിരൂപാശരിമാർകളാൽ
ചുററപ്പെട്ടോരാം, പുലികളാൽപ്പെട്ടമാനെന്ന പോലവേ,
മാൽ പൂണ്ടു രാക്ഷസീമധ്യേ മേന്മേൽത്തർജ്ജനമേല്പവാം, 58
കുന്തലൊന്നായ് മെടഞ്ഞിട്ടോരാം, കാന്തനെത്തന്നെയോർപ്പവാം,
മന്നിൽക്കിടപ്പാൽ മെയ് മങ്ങി, ഹേമന്താബ്ജിനി പോലവേ,
രാവണങ്കമിണങ്ങാത്തോരാം, മരിപ്പാൻ തീർപ്പു ചെയ്യുവാം,
പണിപ്പെട്ടിളമാൻകണ്ണാളാം കാണായ്വന്നു ദ്രുതം മമ. 60

Digitized By Kerala Sahitya Akademi

അങ്ങട്ടു കണ്ടാൾ ചൊല്ലൊല്ലാത്ത നാരിയാം രാമപത്നിയെ
നോക്കിയുംകൊണ്ടിരുന്നേനശ്ശിംശപാതരുവിങ്കലേ.

പിന്നെ,ഞാൻതളയൊലി ചേരും ഹലഹലാരവം
കേൾക്കുമാറായിക്കേട്ടോർക്കായ് മേ രാവണന്റെ നിവേശനേ. 62

അതിൽ വല്ലാതെ പേടിച്ചു ശരീരം ചെറുതാക്കി ഞാൻ
അശ്ശിംശപാദ്രുമത്തിൽത്താൻ പക്ഷി പോലെ പതുങ്ങിയേൻ.
പിന്നെ,ദ്ദശാസ്യദാരങ്ങളും, ബലശാലി ദശാസ്യനും
വന്നണഞ്ഞിതു, വൈദേഹി വാണിടുന്നാ സ്ഥലത്തുതാൻ. 64

കോല്പെറുമാ രാക്ഷസനെക്കണ്ടു സുശ്രോണി സീതയും
ചൂളിപ്പോയ്ക്കൊങ്കത്തടങ്ങൾ കെട്ടിനാളിരുകൈകളാൽ;
പേടിച്ചരണ്ടിടർക്കൊണ്ടോരം; നോക്കിനാളങ്ങുമിങ്ങുമേ;
രക്ഷ തെല്ലൊന്നു കാണാഞ്ഞു പാവം കൈവിറ തേടിനാൾ! 66

ആർത്തദുഃഖപൂർണ്ണയാം സീതയോടു ചൊന്നാൻ ദശാനനൻ,
തലയും താഴ്ത്തി വീണു,'ന്നെ ബ്രഹ്മമാനിക്കുക'ന്നതാൻ:—
കൊണ്ടാടില്ല കരമ്പാൽ നീയെന്നെയെങ്കിൽ മനോഹരേ,
രണ്ടു തിങ്ങൾക്കകം സീതേ, കുടിക്കും നിന്റെ ചോര ഞാൻ.' 68

ആ രാവണൻ ദുരാത്മാവീയുരചെയ്തു കേൾക്കയാൽ
തികച്ചും രുഷ്ടയായ്സ്സീത മികച്ച മൊഴി ചൊല്ലിനാൾ:—
'രാജശ്രീയാർന്ന രാമന്റെ ഭാര്യയാടോ,ശഠാധമ,
ഇക്ഷ്വാകുവംശദശരഥന്റെ വധുവാണിഹ 70

ചൊല്ലിക്കൂടാത്തതോതും നിൻ നാവു വീഴാഞ്ഞതത്ഭുതം!
ഉശിരുണ്ടോ നിനക്കേ?—ഞാൻ ഭർത്താവില്ലാത്ത വേളയിൽ,
ആ മഹാൻ കണ്ടിടാതെല്ലാം കട്ടുപോകും ഖലാധമ!
രാമനൊന്നാകില്ല; തദ്ദാസ്യത്തിനും പോരുന്നവനല്ല നീ: 72

അജയ്യൻ, സത്യവചസ്സും,ഹവശ്ലാഘി, രഘൂദ്വഹൻ!'
എന്നായ് വൈദേഹി പരുഷം ചൊന്നനേരത്തു രാവണൻ
ചെട്ടെന്നരിഞ്ഞാൻ കോപത്താൽ,പ്പുകഴ്ത്തിയ്യ പോലവേ.
കരാളമാം കണ്ണുരുട്ടി, വലംകൈമുഷ്ടിയോങ്ങിയും 74

മുതിർന്നാൻ സീതയെക്കൊല്ലുവാൻ; സ്ത്രീകൾ കൂട്ടി ഹാഹാരവം.
സ്ത്രീമദ്ധ്യേ വന്നണഞ്ഞിട്ടു,ദ്ദുഷ്ടന്റെയൊരു ഭാര്യയാം,
പേർ മണ്ഡോദരിയെന്നായവൾ തടുത്താളുവനെസ്സതി;
ചൊല്ലിയുംകൊണ്ടു തെല്ലൊന്നുമാറാതെ വചനങ്ങളോടേവം:— 76



Digitized By Kerala Sahitya Akademi

‘സീതയാൽക്കാര്യമെന്തങ്ങയ്ക്കിന്ദ്രസന്നിഭവിക്രമ!
രമിച്ചുകൊള്ളുകിങ്ങങ്ങൾ; മീതേ ശിക്ഷില്ല സീത മേ.
ദേവഗന്ധർവനല്ലാരും യക്ഷനല്ലാരുമൊത്തു നീ
രമിച്ചുകൊൾകിങ്ങു വിഭോ; സീതയാലെന്തു കാട്ടിടാം’ 78
ആ നാരിമാരൊരുമിച്ചാരമിച്ചുകൊള്ളുവാനരക്കനെ
കനിയിച്ചാലയത്തേക്കു കൊണ്ടുപോയാർ പെട്ടെന്നനെ.

രാവണൻ പോയതിൻശേഷം, വികൃതാസ്യനിശാചിമാർ
വൈദേഹിയെശ്ശകാരിച്ചാർ ഘോരോഗ്രവചനങ്ങളാൽ. 80
അവററിൻ പേശൽ പുല്ലെന്നേ വിചാരിച്ചുള്ള ജാനകി;
അവർതൻ തർജ്ജനം തത്ര സീതയപ്പുക്ക പാഴിലായ്!
പുലമ്പൽ പാഴായ്പ്പിൻവാങ്ങി, മാംസം തിന്നും നിശാചിമർ
ദശാസ്യനോടു ചെന്നോതി, സീതതൻ സ്ഥിരനിശ്ചയം. 82
പിമ്പാ,ശ കെട്ടിട്ടുത്സാഹം കൈവെടിഞ്ഞവരേവരും
കിടന്നുറങ്ങിനാരംഭിച്ചവളാംതൻ ചുററുപാടുമായ്.
അവർ നിദ്രയിലാണ്ടോറേ, സീത ഭർത്തൃഹിതൈഷിണി
വല്ലാതെ വിലപിച്ചേ,റെയേറെ മാഴ്കി വലഞ്ഞുപോയ്! 84
അവർക്കിടയിൽ നിന്നേററിട്ടോതീ ത്രിജടയെന്നവൾ;–
‘തങ്ങളെത്തിന്നുകൊൾകാശു: വൈദേഹിയരുതിപ്പെടാ,
ജനകാത്മജയാളാം, ധന്യയാളാം, ദശരഥസ്നുഷ.
കോൾമയിർക്കൊള്ളുമാറുഗ്രം സ്വപ്നമൊന്നിന്നു കണ്ടു ഞാൻ, 86
അരക്കർക്കു വിപന്മൂല,മേതൽഭർത്തൃജയപ്രദം.
പോരു,മാ രാഘവനിൽനിന്നാശരീരക്ഷ ചെയ്യുവാൻ;
വൈദേഹിയോടപേക്ഷിക്കൂ;–ഇതത്ര മമ സമ്മതം.
ദുഃഖിക്കുമേവളെപ്പററി സ്വപ്നമിങ്ങിനെ കാണ്മിതോ, 88
അവൾ, നാനാവിധം ദുഃഖം നീങ്ങി നേടും മഹാസുഖം.
പണിഞ്ഞാൽത്തെളിപോലല്ലോ, ജനകാത്മജ മൈഥിലി.’
ഉടൻ, നാണമണഞ്ഞാംബാല ഭർത്താവിൻജയഹൃഷ്ടയായ്
ചൊന്നാളു, ‘ഉള്ളതാണെന്നാൽ നിങ്ങൾക്കാശ്രയമാകുവൻ.’ 90
ആവിധം സീതയുടെയത്ത്യാതുരാവസ്ഥ കാണ്കയാൽ
ഉഴന്നു ചിന്ത പൂണ്ടേൻ ഞാൻ; സ്വാസ്ഥ്യം നേടീല മേ മനം.
നിനച്ചേൻ, മൈഥിലിയോടു സംസാരിപ്പാനുപായവും;
എന്നിട്ടിക്ഷ്വാകുവംശത്തെ വാഴ്ത്തിനാൻ വഴിപോലെ ഞാൻ. 92

Digitized By Kerala Sahitya Akademi

ആ രാക്ഷസികളെ ശ്ലാഘിച്ചുരച്ച മൊഴി കേട്ടവൻ
ദേവിയന്നോതിനാളിയാൾ, കണ്ണീർ മൂടിയ കണ്ണുമായ്:—
'ആർ നീ? യാർ ചൊല്ലയച്ചിട്ടിങ്ങെത്തി കപിപുംഗവ!
രാമനോടെന്തു തേ സ്നേഹ?—മതെന്നോടോതിടേണമേ.' 94
അവൾതൻ ചോദ്യമിതു കേട്ടുരചെയ്തിതു വാനരൻ:—
'ദേവീ, നിൻപതി രാമന്നു തുണയായാൾ, ഘോരവിക്രമൻ
സുഗ്രീവനെന്ന വിക്രാന്തൻ മർക്കടേന്ദ്രൻ, മഹാബലൻ.
അവന്റെ ഭൃത്യനറിക, ഹനുമാനിങ്ങു വന്ന ഞാൻ: 96
ഞാനിങ്ങക്ലിഷ്ടകർമ്മാവാം സ്വാമി രാമനയച്ചവൻ;
തന്നാനങ്ങേക്കുള്ളോരടയാളത്തിനിത്തിരുവാഴിയും,
യശസ്വിനി, നരവ്യാഘ്രൻ ശ്രീമാൻ ദശരഥാത്മജൻ.
കല്പിച്ചു ചൊല്ലിയാൽക്കേൾക്കാ,മെന്തു ചെയ്യേണ്ടു ദേവി, ഞാൻ? 98
രാമലക്ഷ്മണരിൽച്ചേർക്കാം നിന്നെ ഞാനോ;—ന്തോരക്ഷരം?'
ഇതു കേട്ടു ധരിച്ചോതീ ജനകാത്മജ സീതയും,
'രാമൻ രാവണനെക്കൊന്നു കൊണ്ടുപോകണമെ'ന്നതാൻ,
ഞാനും കഴിച്ചു, കേട്ടേറ്റാശ്ചര്യമാം ദേവിയോടുടൻ, 100
രാഘവന്നു കുളിർപ്പിപ്പാനടയാളമിരന്നു ഞാൻ.
അപ്പോളതളിയാൾ സീത:—'വാങ്ങുകീ ശ്രേഷ്ഠമാം മണി;
ഇതിനാൽ ബഹുമാനിക്കും നിന്നെ രാമൻ മഹാഭുജൻ.'
എന്നുരച്ചു വരാരോഹയൊരത്ഭുതമഹാമണി 102
തന്നാൾ, വൻനെഞ്ചിടിപ്പോടെ ചൊന്നാൾ സന്ദേശവാക്യവും.
പിന്നീടാ രാജസുതയെ പ്രണമിച്ചുമിതാദരം
വലത്തുവെച്ചു നി,ന്നൊട്ടു പോരുവാൻ നിശ്ചയിച്ചു ഞാൻ.
എന്നോടിങ്ങോതിനാൾ വീണ്ടും, മനസ്സാൽത്തീർപ്പു ചെയ്യുവാൾ:— 104
'എൻവൃത്താന്തം ഹനൂമാനേ, രാമനോടു കഥിക്ക നീ;
കേട്ടിട്ടു വീരരാം രണ്ടുപേരുമാ രാമലക്ഷ്മണർ
സുഗ്രീവനൊത്തു വൈകാതെ വരുന്നത്താംപടി ചെയ്ക നീ.
മറിച്ചാണെങ്കിലോ, രണ്ടുമാസമേ മമ ജീവിതം; 106
കാകുത്സ്ഥനെന്നെക്കാണാ; ഞാനനാഥപ്പടി ചത്തുപോം!'
അത്തീവ്രവചനം കേട്ടിട്ടേറ്റം കോപമുദിച്ചു മേ;
കണ്ടുവെച്ചേനുടൻ, വേണ്ടും ബാക്കിക്കാര്യവുമങ്ങു ഞാൻ.
വലുതായ്ത്തീർന്നിതുടലെന്നുടേ മാമല പോലവേ; 108

Digitized By Kerala Sahitya Akademi

പോരതാൻവേണ്ടിയക്കാവു തകർക്കത്തുടങ്ങിനേൻ.
അക്കാവുടനെ മൃഗപക്ഷികൾ പേടിച്ചുഴന്നതായ്
കണ്ടു,നേരെന്നുഴന്നേററ വികൃതാസ്യനിശാചിമാർ
അക്കാവിങ്കലെന്നെയും കണ്ടിട്ടങ്ങൊന്നിച്ചുകൂടിനാർ; 110
ചിക്കെന്നുപോയ് രാവണനോടുണർത്തിച്ചിതവർ:—
'തമ്പുരാനേ, തകർത്താനിതൊരു ദുർമ്മതി വാനരൻ,
ദുർഗ്ഗം നിൻകാവു, നിൻവീര്യമറിയാതെ മഹാബല!
ഇവിടെയുള്ളപ്രിയം ചെയ്തൊരദ്ദുഷ്ടനു നൃപോത്തമ, 112
കൊല ചിക്കെന്നു കല്പിക്ക; തിരിയേ പോയിടൊല്ലവൻ!'
അതു കേട്ടാശരാധീശൻ ചൊല്ലിവിട്ടാനുഗ്രരെ,
രാവണന്റെ ഹിതം നോക്കും കിങ്കരാഖ്യരരക്കരെ.
ആശ്ശൂലമുദ്ഗരികളാമെൺപതായിരമാളുകളെ 114
തല്ലിച്ചതച്ചേനക്കാവിൽവെച്ചു ഞാനൊരു സാക്ഷയാൽ.
കൊലപ്പെടാതെ ശേഷിച്ച ചിലർ വേഗേന പാഞ്ഞുപോയ്,
പെരുംപടയെയും കൊന്നതറിയിച്ചാർ ദശാസ്യനെ.
പിന്നാത്തോന്നിയെന്നില്ലോരാ: ചൈത്യപ്രാസാദമേറി ഞാൻ 116
തൂൺകൊണ്ടു കൊന്നേനങ്ങുള്ള നൂററക്കരെ വീണ്ടുമേ;
തച്ചുടച്ചേനിവൻ, ലങ്കയ്ക്കലങ്കാരമാമതും.
പിന്നെ പ്രഹസ്തസുതനാം ജംബുമാലി നിയുക്തനായ്
ഭീമഘോരാകൃതികളാം ഭൂരിരാക്ഷസർതമ്മൊടും. 118
ഞാനാപ്പമിട്ടുക്കുള്ള ബലവാനാമരക്കനെ
തല്ലിച്ചതച്ചേൻ കൂട്ടത്തോടു,ഗ്രമാകിയ സാക്ഷയാൽ.
അതു കേട്ടാശരാധീശൻ കെല്പേറും മന്ത്രിപുത്രരെ
പെരുംകാലാളപ്പടയുമായ് ച്ചൊല്ലിവിട്ടിതു രാവണൻ; 120
തഴതാൽതാനവരെയുമയച്ചേൻ കാലനുക്ക ഞാൻ.
പോരിൽപ്പാഞ്ഞെത്തുമാ മന്ത്രിപുത്രർതൻ കൊല കേൾക്കയാൽ,
ശൂരർ സൈന്യേശരഞ്ചാളെച്ചൊല്ലിവിട്ടിതു രാവണൻ;
തല്ലിക്കൊന്നേനവരെയുമെല്ലാം പടയോടൊത്തു ഞാൻ. 122
പിന്നെ, വീണ്ടും, ദശഗ്രീവൻ കെല്പേറും മകനക്ഷനെ
ബഹുരാക്ഷസരോടൊപ്പം ചൊല്ലിവിട്ടിതു പോരിനായ്.
മണ്ഡോദരീനന്ദനനാം പയറ്റേറും കുമാരകൻ
ക്ഷിപ്രം പരിചവാളേന്തി വാനിൽക്കേറിയ വേളയിൽ, 124

Digitized By Kerala Sahitya Akademi

കാൽ പിടിച്ചായിരംവട്ടം വട്ടംചുററിച്ചരച്ചു ഞാൻ.
അക്ഷനും വന്നു കൊല്ലപ്പെട്ടതു കേട്ടതിരുഷ്ടനായ്,
രണോന്മത്തനിന്ദ്രജിത്തെന്ന മഹാബലവാനായ പുത്രനെ
ചൊല്ലിവിട്ടാൻ ദശഗ്രീവൻ രാവണൻ, പോർക്കവനെ 126
ഞാനസ്സൈന്യമൊട്ടുക്കാതുളച്ചൊന്നടങ്ങവേ
ചോരിൽ ബ്രഹ്മാസ്ത്രമണച്ചിട്ടും പൂണ്ടീടിനേൻ മോഹം:
മഹാവിശ്വാസമോടത്രേ, കൈ കെട്ടിയ കണ്ടതനെ,
തള്ളലേറിയ വീരന്മാരോടയച്ചതു രാവണൻ. 128
അവരെന്റെ ദുസ്സഹതയും, തൻസൈന്യത്തെയുടച്ചതും
കണ്ടേ,റെയക്കൂട്ടത്തെ,ത്തന്ന ബ്രഹ്മാസ്ത്രംകൊണ്ടു കെട്ടിനാൻ.
പാശങ്ങൾകൊണ്ടും ബന്ധിച്ചു ഘോരന്മാരാം രാക്ഷസർ;
രാവണന്നരികിൽക്കൊണ്ടുചെന്നേരെന്നെപ്പിടിച്ചവർ. 130

കണ്ടിട്ടെന്നോടു സംസാരിച്ചാനാദ്ദുർമ്മതി രാവണൻ:
ചോദിച്ചു, ലങ്കാഗമനം,രക്ഷരവധിച്ചതും.
അതെല്ലാമെന്റെ സീതയ്ക്കുവേണ്ടിയാണെന്നുരച്ചു ഞാൻ:—
'ഇവളെക്കാണുവാനത്രെ വന്നു നിൻവീട്ടിൽ ഞാൻ വിഭോ; 132
വായുവിന്നു പിറന്നോനാം വാനരൻ ഹനുമാനിവൻ.
ധരിക്കു രാമദൂതൻ ഞാൻ സുഗ്രീവസചിവൻ കപി;
രാമന്റെ സന്ദേശവുമായ് വന്നേൻ നിന്നരികത്തു ഞാൻ.
സുഗ്രീവനും സുതേജസ്വി കുശലം നിന്നോടോതിനാൻ; 134
ചൊന്നാൻ, ധർമ്മാർത്ഥകാമങ്ങളുള്ള പത്ഥ്യഹിതങ്ങളും:—
'മഹാവൃക്ഷാഢ്യമാമൃശ്യമൂകാദ്രിയിൽ വസിക്കവേ
എത്തീട്ടു തോഴനായ് വന്നു രണവിക്രമി രാഘവൻ.
ആ രാജാവോതിയെന്നോടേവം,'മദ്ഭാര്യയെക്കട്ടു രാക്ഷസൻ; 136
അതിനാൽ,ത്തുണചെയ്യേണ്ടു ഞങ്ങൾക്കെല്ലാവിധത്തിലും.'
അവനോടോതിനേൻ, ബാലിവധത്തെപ്പററി ഞാനുമേ:—
'അതിൽത്തുണപ്പാനെന്നോടു ശപഥം ചെയ്യണം ഭവാൻ.'
രാജ്യം ബാലി കവർന്നുള്ള സുഗ്രീവനോടു രാഘവൻ 138
സഖ്യം ചെയ്താനഗ്നിസാക്ഷി മഹാപ്രഭു സലക്ഷ്മണൻ
എന്നിട്ടു ബാലിയെപ്പോരിലൊരമ്പാൽ വീഴ്ത്തിയിട്ടവൻ
വാനരർക്കു മഹാരാജാവാക്കിനാനക്കപീന്ദ്രനെ.
'അവന്നിങ്ങു തുണയ്ക്കേണം ഞങ്ങളെല്ലാവിധത്തിലും; 140

Digitized By Kerala Sahitya Akademi

അതിന്നായാളെ വിട്ടേൻ, നിന്നരികത്തേയ്ക്കു വേഴ്പയിൽ.
വേഗത്തിൽക്കൊണ്ടുവരിക; രാമനേകുക സീതയെ,
വീരവാനരർ നിൻസൈന്യം മുടിപ്പതിന്നുമുന്നമേ.
പ്ലവംഗർതൻ പ്രാഭവമേറിയോരുള്ള ഭ്രന്നമേ? 142
കണ്ടിട്ടുള്ളോട്ടു പോകാറാണിവർ ദേവാന്തികത്തിലും!'
എന്നാൽ കപീശ്വരൻ നിന്നോടെ', ന്ന ഞാനങ്ങു ചൊല്ലിനേൻ;
അതിൽച്ചൊടിച്ചു, കണ്ണാലേ ചുട്ടുമട്ടെന്ന നോക്കിനാൻ.
എന്നെക്കൊൽവാനരുളിനാൻ ഘോരകർമ്മാവു രാക്ഷസൻ, 144
എന്റെ മാഹാത്മ്യമറിയാതെ ദുരാത്മാവു രാവണൻ.
അപ്പോളവന്റെ സോദര്യൻ മഹാമതി വിഭീഷണൻ
എന്നെക്കുറിച്ചു യാചിച്ചാനാശരപ്പെരുമാളോടായ്:—
'പാടില്ലിതാശരവ്യാഘ്ര, പരമിത്തീപ്പു കൈവിടു 146
രാജശാസ്ത്രത്തിനൊക്കാത്ത മാർഗ്ഗമെല്ലാം ഒഴിപ്പു നീ.
കണ്ടിട്ടില്ലാ ദൂതഘാതം രാജശാസ്ത്രത്തിലാശര!
അറിയിപ്പുകയുംവേണം ദൂതൻ സന്ദേശമൊക്കവേ.
വമ്പിച്ച കുറ്റം ചെയ്താലും ദൂതന്നതുലവിക്രമ, 148
വൈരൂപ്യമേമേ കാണ്മൂ; വധം ശാസ്ത്രത്തിലില്ലതാൻ.'
ഏവം വിഭീഷണൻ ചൊന്നനേരത്തരുളി രാവണൻ,
'കത്തിപ്പുവിനിവന്തൻ വാലെ'ന്നാ രാക്ഷസന്മാരോടായ്.
അതിനപ്പാടു കേട്ടവർവാൽ ചുററിനാർ നാലുഭാഗവും, 150
കീറപ്പഴന്തുണികളാൽ, വക്കന്റുമലണിവററിയാൽ.
എന്നിട്ടെൻവാലു കത്തിച്ചാരൊരുക്കം പൂണ്ട രാക്ഷസർ;
മുഷ്ടിമുഷ്ടികളെക്കൊണ്ടും വീക്കിനാർ ചണ്ഡവിക്രമർ.
പിടിച്ചിഴന്നു, വളരെക്കയറാൽക്കെട്ടി രാക്ഷസർ; 152
ചെററും മാഴ്കീല, പകലപ്പുരി കാണ്മാൻ കൊതിച്ചു ഞാൻ.
കെട്ടേററ തീ ചുഴന്നോരെൻപേരസ്സുരരാക്ഷസർ
പാരമേൽ ഘോഷണംചെയ്തു കേട്ടുവാതില്ക്കലെത്തിനാർ.
അപ്പോളെൻ വലുതായ് നിന്ന മെയ് വീണ്ടും ചെറുതാക്കി ഞാൻ. 154
അക്കെട്ടൊക്കെയഴിച്ചിട്ടു, വീണ്ടും മുൻപേത്ത മട്ടിലായ്,
ഒരിരിമ്പിൻ തഴുതെടുത്തുച്ചേന്നാം നിശാചരെ;
എന്നിട്ടുക്കോട്ടമേക്കോട്ടവാതിൽമേൽച്ചാടിയേറിനേൻ.
പിന്നെ,ക്കത്തിയ വാലാൽ ഞാൻ പ്രാസാദഗോപുരമരം, 156

Digitized By Kerala Sahitya Akademi

കാലാഗ്നി ലോകമെപ്പോലെ, കൂസാതെ ചുട്ടെരിച്ചയായ്.
തീപ്പെട്ടുപോയ് സീത ദൃഢം: ലങ്കയിങ്കലൊരേടവും
കത്താതെ കാണ്മതില്ലല്ലോ; നീറായ്പ്പോയ് പുരിയാകെയും!
ലങ്കയെച്ചുട്ട ഞാൻ ചുട്ടു സീതയെയുമസംശയം; 158
മുടിച്ചുവല്ലോ രാമന്റെ വലുതാം കാര്യമാകെ ഞാൻ!'
എന്നു സങ്കടമാർന്നുകൊണ്ടു ചിന്തയിൽപ്പെട്ടുപോയി ഞാൻ.
അപ്പുറം ചാരണവർഗ്ഗത്തിൽനിന്നു കേട്ടേൻ ശുഭാക്ഷരം,
'സീത വെന്തിട്ടുമില്ലെ'ന്നൊരാശ്ചര്യയുതഭാഷിതം. 160
ആ വിസ്മയച്ചൊൽ കേട്ടിട്ടു ബോധമുണ്ടായിവന്നു മേ;
വൈദേഹി വെന്തിട്ടില്ലെന്നു കാണിച്ചു ശകുനങ്ങളും:
എരിഞ്ഞപ്പോഴുമിച്ചിരുന്നീലാ പാവകൻ, വാലു കത്തവേ;
ഹർഷിച്ചിതന്ത്യ ഏറ്റവും മേ; കാറ്റേറ്റു, സൌരഭ്യസംയുതം! 162
ഫലം കണ്ട നിമിത്തത്താൽ, നല്ലേറും കാരണങ്ങളാൽ,
ഹേതുകമൃഷിവാക്കാലുമാം കളിത്തവനായി ഞാൻ.
വീണ്ടും വൈദേഹിയെക്കണ്ടിട്ടു,വരം വീണ്ടുമയച്ചു ഞാൻ
അവിടത്തിലരിഷ്ടാഖ്യഗിരിമേലേറി വീണ്ടുമേ 164
തുനിഞ്ഞേൻ തിരിയേ ചാടാൻ, യുഷ്മദ്ദർശനകാംക്ഷയാ.
എന്നിട്ടു, വായുചന്ദ്രാർക്കസിദ്ധഗന്ധർവവീഥിയെ
കടന്നുപോന്നു കണ്ടെത്തി ഭവാന്മാർകളെയിങ്ങു ഞാൻ.
രാഘവൻതൻ പ്രസാദത്താൽ, നിങ്ങൾതൻ ശക്തിയാലുമേ, 166
സുഗ്രീവകാര്യമൊക്കെ ചെയ്തുവെച്ചീടിനേനിവൻ:
ഇതൊക്കെയും ഞാനവിടെ വഴിപോലെ നടത്തിനേൻ;
ഇതിൽച്ചെയ്യാതെ ശേഷിച്ചുള്ളതെല്ലാം ചെയ്തിടാമിനി.''

— * —

## ഐമ്പത്തൊമ്പതാം സർഗ്ഗം: സീതാദുർദ്ദശാകഥനം.

— * —

അതൊക്കെയും കഥിച്ചിട്ടു ഹനുമാനനിലാത്മജൻ
തുടങ്ങിനാൻ പിന്നെയുമൊന്നതിസ്പഷ്ടമായുവാൻ:—
"സഫലം രാഘവോദ്യോഗം, സുഗ്രീവനുടെ വെമ്പലും;
സീതതൻ നെറി കണ്ടിട്ടു തുഷ്ടിയും തേടി മേ മനം:



Digitized By Kerala Sahitya Akademi

തപസ്സാൽത്താങ്ങുമുലകം; കോപിച്ചാൽച്ചുട്ടെരിച്ചിടും!
എല്ലാംകൊണ്ടും മികച്ചോനാ, രാവണൻ രാക്ഷസാധിപൻ.
തപസ്സാലാണ വേകാത്തതി,വളെത്തൊട്ടപോതവൻ!
കയ്യുകൊണ്ടു തൊടപ്പെട്ട പാവകജ്വാല ചെയ്യില്ലതു, 4
വൈദേഹിയരിശംകൊണ്ടാൽച്ചെയ്യേണ്ണാവുന്നതിൻവിധം!
കാര്യമീമട്ടിലും, നിങ്ങളിങ്ങറിഞ്ഞുമിരിക്കവേ,
ജാംബവന്മുഖ്യകീശേന്ദ്രന്മാരേയെല്ലാമറിഞ്ഞതാ:
സീതയോടൊത്തു വേണം, നാം കാണ്മതാ രാജപുത്രരെ. 6
ഒറ്റയ്ക്കു,മാ നിശാടൗഘം ചേർന്ന ലങ്കാപുരത്തെയും,
കെല്പേറും രാവണനെയും മുടിപ്പാൻ മതി ഞാൻ ബലാൽ;
പിന്നെയെന്തോ, കൃതാത്മാക്കൾ ബലവാന്മാർ ജയൈഷികൾ
കൃതാസ്ത്രർ കപിവീരന്മാർ ശൂരർ നിങ്ങളൊന്നാകകിൽ? 8
കൊന്നുകൊള്ളാമതിൽ ഞാൻ മക്കളൊത്ത ദശാസ്യനെ,
അകമ്പടിക്കാർ പടകൾ സോദര്യരിവരെയുമേ.
ബ്രാഹ്മ,മൈന്ദ്രം, തഥാ രൗദ്രം വായവ്യ,മഥ വാരുണം
എന്നീയിന്ദ്രജിദസ്ത്രങ്ങൾ ദുർന്നിരീക്ഷങ്ങളാകിലും, 10
അവററിനെ മുടിക്കും ഞാൻ; പോരിൽക്കൊല്ലാമരക്കരെ;
വാനോർ ചെല്ലില,വരെത്തടപ്പൊരാണെന്റെ വിക്രമം.
ഞാൻ പെയ്യ കിടയില്ലാത്ത നിബിഡാചലവൃഷ്ടികൾ
പോരിൽ വാനോരെയും കൊല്ലും; പിന്നെയെന്താ നിശാടരെ! 12
നിങ്ങൾ ചൊല്ലുകയല്ലത്രേ, വിക്രമം തടയുന്നു മാം.
ആഴി തീരം കവിച്ചേക്കാം; മന്ദരം വിറ കൊണ്ടിടാം;
ജാംബവാനെ രണത്തിങ്കൽക്കുലുക്കാ കൂട്ടലർപ്പട!
സർവ്വരക്ഷസ്സതിയെയും പൂർവ്വരാക്ഷസർത്തരെയും
താനേ മുടിക്കുവാൻ പോരും, വീരൻ ബാലിസുതൻ കപി! 14
പനസന്റെ മഹാൻ നീലന്റെയും തുടയൂക്കിനാൽ
തകർന്നുപോം മന്ദരവും; പോരിലാശരരെന്തിനി!
ദേവദാനവഗന്ധർവ്വപക്ഷിയക്ഷോരഗങ്ങളിൽ
മൈന്ദന്നെതിർപ്പൊരുന്നോനെച്ചൊല്ലുവിൻ, ദ്വിവിദന്നുമേ! 16
അശ്വിപുത്രർ മഹാഭാഗന്മാരീ പ്ലവഗസത്തമർ;
ഇവർക്കെതിർപ്പൊരുന്നോരെക്കാണ്മീലാ പോർക്കളത്തിൽ ഞാൻ;
പിതാമഹവരത്തള്ളിൽക്കൊണ്ടേറും മദമുണ്ടിവർ,
അശ്വിജന്മാവർ, വിശിഷ്ടവാനരോത്തമരാമിവർ; 18

Digitized By Kerala Sahitya Akademi

പഞ്ചശാഖികളെ മാനിപ്പാനിഷ്ടിവക്തിരുദ്രപക്ഷമേ
സർവ്വാവധ്യത്വമഖിലം നല്കിയല്ലോ പിതാമഹൻ;
വാരരാത്രേസകമത്തോലേ, വമ്പിച്ച സുരസേനയെ
ചതച്ച വീരരെല്ലാം നകന്നല്ലോ പ്ലവംഗമർ. 20

ഇവർതന്നെ ചൊടിച്ചെന്നാൽ ദുത്തരശേഷഗണത്തോടും
ലങ്ക പാഴാക്കുവാൻ പോരും; നില്ക്കട്ടെ കീശര വരം!
ഞാൻതന്നെ ചുട്ടുപൊട്ടിച്ചു നീറാക്കി ലങ്കയാം പുരം;
രാജമാർഗ്ഗത്തിലെല്ലാമേ കേൾപ്പിച്ചേനെൻറെ നാമവും: 22

'വെൽവു മഹാബലൻ രാമൻ! ബലിഷ്ഠൻ വെൽവു ലക്ഷ്മണൻ!
തമ്പുരാൻ വെൽവു സുഗ്രീവൻ രാഘവസഹജരെ രക്ഷയിൽ!
ഞാനോ, കോസലരാജാവിൻ ദാസൻ, പവനനന്ദനൻ,
ഹനുമാനെന്ന സർവ്വത്ര കേൾപ്പിച്ചേനെൻറെ നാമവും. 24

ദുരാത്മാവാം രാവണൻറെയശോകവനികയ്ക്കകം
ശിംശപാവൃക്ഷമൂലത്തിൽത്തിരമയായ് വാഴ്വു സാദ്ധ്വിയാം,
രാക്ഷസസ്ത്രീകൾ ചുഴറ്റുമെ,ത്തിരിച്ചുതാൽച്ചുടച്ചവാം,
കാർകൊണ്ടൽ ചൂഴുറാ മതിക്കീറ പോലെലാളി കെട്ടവാം; 26

ബലോത്കടൻ രാവണനെഗ്ഗണിയാതെ പതിവ്രത
പട്ടിരിപ്പൂ തടവിലും സീത, സുശ്രോണി, ജാനകി!
സർവ്വഥാ രാമനെ സ്നേഹിപ്പോളല്ലോ സതി മൈഥിലി,
രാമങ്കൽത്താൻ മനസ്സാണ്ടോളി,ന്ദ്രങ്കൽശ്ശചി പോലവേ. 28

ആ വസ്ത്രമൊന്നുതാൻ പൂണ്ടോളേ,ററം മപാടി പൂണ്ടവാം,
അല്ലൽച്ചൂടൽ മൈ തളർന്നോം, സീത ഭർത്തൃഹിതൈഷിണി!
അവാം മേ രാക്ഷസീമദ്ധ്യ കണ്ടോരായി പ്രമദാവനേ,
വിരൂപാക്ഷിമാർ പേർത്തും പേർത്തും തർജ്ജിച്ചിട്ടുന്നവാം, 30

കുന്തളം നന്നായ് മെടഞ്ഞതൊ,ത്ത്യാ ഭർത്തൃചിന്തയിലാണ്ടവാം,
മണ്ണിൽക്കിടന്നു മൈമഞ്ഞ്, ഹേമന്തേ പത്മിനി പോലവേ.
രാവണങ്കലിണങ്ങാതെ ചാകാൻ തീർപ്പാത്തിരിക്കവേ
മൈതമങ്ങൂന്നോം വിശ്വാസം പണിപ്പെട്ടുളവാക്കിയേൻ; 32

സംസാരിക്കയും ചെയ്തു കാര്യമെല്ലാമുണർത്തിയേൻ;
രാമസുഗ്രീവസഖ്യം കേട്ടുടൻ സന്തോഷമാളുന്നു ഇഷ്ടിയ്യ.
ഉറച്ച സച്ചരിതവും മികച്ച പതിഭക്തിയും
പാപി രാവണനെക്കൊല്ലാത്തതാ,യാളുടെ മേന്മയാൽ; 34



Digitized By Kerala Sahitya Akademi

നിമിത്തം മംഗളമാം രാമനവയെക്കാലേ ചെയ്തതിൽ!
സാതേ കൃശാംഗി, മത്താമപ്പിരിഞ്ഞും ക്ഷീണയാമവൾ,
പ്രതിപൽചാന്ദ്രശിലതൻ വിദ്യ പോലെ ചടച്ചുപോയ്!
ഏവം വാഴ്വൂ മഹാഭാഗ, സീത ശോകനിമഗ്നയായ്; 36
ഉചിതമിതിൽക്കകെ വേണ്ടതൊട്ടുക്ക നാം ചെയ്തിടാം.

— : —

## അറുപതാം സർഗ്ഗം: അംഗദജാംബവത്സംവാദം.

— * —

അവനേവം വാക്ക കേട്ട ബാലിനന്ദനനോതിനാൻ:—
"കേട്ടല്ലോ നാം, ഹനൂമാന്റെ കെല്പാൽത്താൻ ലങ്ക വെന്തതായ്;
നന്നല്ലാ, ദേവി കൂടാതെ, കണ്ടുംവെച്ചൻപ്ലവംഗരേ,
മഹാത്മാവായ രാമന്റെയരികേ നമ്മൾ ചെല്ലുകിൽ. 2
കണ്ടെത്തി ദേവിയെ, കൊണ്ടുപോന്നീലെന്നതുണ്ടല്ലോ.
ഖ്യാതവിക്രമർ നിങ്ങളുമേ യുക്തമല്ലെന്ന കാണ്മൂ ഞാൻ.
ചാട്ടത്തിലില്ലാരാരും നിങ്ങൾക്കില്ലാ, രാരും വിക്രമത്തിലും
തുല്യനായ് സ്സാസുരസുരപ്പോർകളിൽക്കപിമുഖ്യരേ! 4
ഹനുമാനേവമാ രക്ഷോവീരരെക്കൊന്നിരിക്കവേ
നാം മററന്തിനു ചെയ്യേണ്ടു? കൊണ്ടുപോവുക സീതയെ;
രാമലക്ഷ്മണർതൻ മദ്ധ്യേ സമർപ്പിക്കുക സീതയെ.
ബുദ്ധിമുട്ടിപ്പതന്തിന്ന, കപിവ്യാഘ്രരെയാകെയും? 6
നാംതാൻ ചെന്നാ നിശാചരേന്ദ്രന്മാരെക്കൊന്നിട്ടു വേണമേ,
രാമലക്ഷ്മണസുഗ്രീവന്മാരെ നേരിട്ടുകാണുവാൻ."
അവനീതിപ്പു ചെയ്താറെ, ജാംബവാൻ കപിസത്തമൻ,
അത്യന്തപ്രീതനായ് [illegible] ചൊല്ലിനാൻ:— 8
"യുക്തമല്ലിവിടന്നിച്ചൊന്നതു, ധീമൻ, മഹാകപേ:
ആദ്യമേയത്തെ തിരയാൻ നമ്മോടരുളി നമ്പുരാൻ;
കൊണ്ടുപോരാനരുളിയിട്ടില്ലാ സുമതി രാമനും.
നാം സീതയെപ്പണിപ്പെട്ടു വീണ്ടെടുത്താൽ, നൃപോത്തമൻ 10
രാമൻ പ്രീതനായ്ത്തീരാ, തൻവംശപ്പെരുമ പുലർത്തുവോൻ.
സീതാപ്രത്യാഹൃതി, കപിശ്രേഷ്ഠരാട്ടുക കേൾക്കവേ

Digitized By Kerala Sahitya Akademi

താൻതാൻ പ്രതിജ്ഞചെയ്തിട്ടു നൃപൻ പാഴാക്കിയേയ്ക്കുമോ?
പാഴായ്പ്പോം ചെയ്ത തൊഴിലു;—മവിടെയ്ക്കുമ്പു തോന്നിടാ; 12
വേറതേ കണ്ടിവീഴ്കും ധാരേന്ത്രമനം വാനരേന്ദ്രരേ!
അതിനാൽപ്പോക നാമെല്ലാമീ കാര്യമറിയിക്കുവാൻ,
തേജസ്വിരാമസൗമിത്രിസുഗ്രീവന്മാരുടെ സന്നിധൗ.

നമുക്കു ചേരുന്നതാം പക്ഷമല്ല,
മവൻ വിചാരിപ്പതു രാജസൂനോ;
ഭരമെട്ടു: രാമന്റെ മതങ്ങളോർത്തേ
മവൻ വിചാരിക്കുക കാര്യജാതം."

— * —

## അറുപത്തൊന്നാം സർഗ്ഗം: മധുവനാക്രമണം.

— * —

ജാംബവാന്റെ വാക്യമങ്ങനെ കേട്ടവർ കാട്ടുവാഴികൾ,
അംഗദാദികളാം വീരർ വായുജൻ വാനരേന്ദ്രനും.
പിന്നെപ്പിന്നെ ഹനൂമാനെ മുന്നിലാക്കിസ്സഹർഷരായ്
മഹേന്ദ്രശൈലമേൽനിന്നു ചാടിനാർ പ്ലവഗർഷഭർ: 2
മേരുമന്ദരസങ്കാശർ, മത്തഹസ്തീന്ദ്രസന്നിഭർ,
വാനം മറയ്ക്കുവോർ പോലെയായ്, ക്രൂരന്മാർ കെല്പുകൂടിയോർ;
ലോകങ്ങൾ പൂജിപ്പവനെ,യാത്മവാനെ,ക്കരുത്തനെ
ഉൽക്കേറും ഹനുമാനെക്കണ്ണുകൊണ്ടേടുപ്പവർ പോലവേ; 4
രാമന്റെ കാര്യസംസിദ്ധി സദ്യശസ്സിവ ചേർക്കുവാൻ
നിശ്ചയിച്ചു, കൃതാർത്ഥന്മാർ, കർമ്മം സാധിച്ചവരന്നവർ;
പ്രിയാഖ്യാനോൽക്കരെപ്പോഴുമെപ്പോഴും പോർ കൊതിപ്പവർ,
രാമപ്രതിക്രിയത്തിപ്പു പൂണ്ടെപ്പോഴും മനസ്വികൾ 6
വാനത്തു കേറിക്കുതികൊണ്ടീടുമക്കാട്ടുവാഴികൾ
കണ്ടെത്തി, നന്ദനം പോലെ നാഗവല്ലീവൃതം വനം:
സുഗ്രീവന്റെ മധുവനക്കാവാണിതു, സുരക്ഷിതം,
സർവ്വഭൂതദുരാധർഷം, സർവ്വഭൂതമനോഹരം; 8
ഇതു കാക്കുന്നു വീര്യാഢ്യൻ,സദാ ദധിമുഖൻ കപി,
മഹാത്മാവായ സുഗ്രീവകപിരാജന്റെ മാതുലൻ.

Digitized By Kerala Sahitya Akademi

അക്കീശർ, കീശശ്രേഷ്ഠന്മാരാൽക്ഷമപ്പെട്ടിരിപ്പതായ്
വല്യതാമാ വനം പുക്ക വല്ലാതെ കേറി തേടിനാർ. 10

ആ മഹത്താം മധുവനം കണ്ടു ഹർഷിച്ച വാനരർ
കുമാരനോടു യാചിച്ചാർ മധുക്കൾ മധുപിംഗളർ.
കുമാരനംഗദൻ വൃദ്ധജാംബവാന്മുഖ്യകീശരെ
സമ്മതിപ്പിച്ചു,വർക്കേകി മധുവുണ്ണാനനുജ്ഞയെ. 12

കുമാരൻ ബാലിജൻ ധീമാനനുജ്ഞ കൊടുക്കയാൽ
ചെന്നേറി കീശർ, വണ്ടിണതിക്കിയോരു തരുക്കളിൽ.
തിന്നുകൊണ്ടേ സൗരഭം പൂണ്ട കായ്കനിയും മൂലവും;
ഹർഷിച്ചാര;—തിയാം മത്തും തേടിനാരവരേവരും. 14

അനുജ്ഞ നേടി ഹർഷിച്ചക്കാട്ടുവാഴികളവരും
ഉൽക്കർഷാൽ പ്രേരിതന്മാരായ് നൃത്തം വെച്ചുതുടങ്ങിനാർ:

പാടുന്നു കേചിൽ;—ച്ചിലർ കുമ്പിടുന്നി—
താ;—ടുന്നു കേചിൽ;—ച്ചിലരോ ചിരിപ്പൂ;
വീഴുന്നു കേചിൽ;—ച്ചിലർ സഞ്ചരിപ്പൂ;
ചൊല്ലുന്നു കേചിൽ;—ച്ചിലർ പേശിടുന്നു.
പിടിച്ചിടുന്നു ചില കൂട്ടർ തമ്മി—
ലോ;—തർക്കിടുന്നു ചില കൂട്ടർ തമ്മിൽ;
കഥിച്ചിടുന്നു ചില കൂട്ടർ തമ്മിൽ;—
കളിച്ചിടുന്നു ചില കൂട്ടർ തമ്മിൽ. 16

നഗാൽ നഗത്തിൽച്ചിലർ പാഞ്ഞുചെൽവൂ;
ഭുവി ദ്രുമാഗ്രാൽച്ചിലർ ചാടിടുന്നു;
നിലത്തുനിന്നേ,റിയ വേഗമോടു മാ—
മരങ്ങളിന്മേൽച്ചിലരേറിടുന്നു.
ചിരിച്ചോരാരാം ചെൽവിതു പാടുവോനിൽ;—
കരഞ്ഞോരാരാം ചെല്വു ചിരിയ്ക്കുവോനിൽ;
തള്ളുന്നൊരാരാം ചെൽവിതു കേഴുവോനി—
ല;—ട്ടിക്കുന്നൊരാരാം ചെൽവിതു തള്ളുവോനിൽ. 18

മധുപ്രപാനാൽ വെളിവാകെയറ്റ—
കിറുക്കുള്ളതായി കപീന്ദ്രസൈന്യം;
മരം പിടിയ്ക്കാത്തതിലില്ലൊരുത്ത—
ന;—ത്യുന്മത്തനാകാതിതിലില്ലൊരുത്തൻ।

Digitized By Kerala Sahitya Akademi

മക്കളാംതൻ പുഷ്പദളം കൊഴിച്ചാ
വാനം ഭുജിച്ചുന്നതു കാൺകയാലേ
സരോഷനായിദ്ദധിവക്ത്രനന്ന
കരങ്ങളാ വാനരരെത്തടുത്താൻ. 20

അതിൽപ്പുനംകൂററർ പഴിച്ചുരക്കു–
മരണ്യപാലൻ ഹരിവീരവൃദ്ധൻ
ഒരുങ്ങിനാൻ പിന്നെയുമുഗ്രതേജ–
സ്സരണ്യമക്കീശരിൽനിന്നു കാപ്പാൻ.

ഉരത്തുരച്ചാൻ ചിലരോടു ക്രുദ്ധം–
ത;–ടിച്ചുകൊണ്ടാൻ ചിലരെക്കരത്തിൽ;
വഴക്കടിച്ചാൻ ചിലരോടു ചെന്നു;
മയത്തിലെത്തിച്ചിലരോടടുത്താൻ. 22

അയാളാം ബാലം വാക്കിവയാൽത്തടുക്കം–
വിധേയ മദത്താലവർ പേടിയെന്ന്യേ
ചുഴന്നു ചെന്നാറവരെപ്പിടിച്ചാർ;
വലിച്ചിഴച്ചാർ വിനയേത്തിടാതെ.

നഖങ്ങളാൽ മാന്തിയു,മുന്മദാല–
കരങ്ങളെപ്പല്ലുകളാൽക്കടിച്ചും,
ചവുട്ടിയും തല്ലിയുമാ പ്ലവംഗ–
രടച്ചുവിട്ടാർ, വലുതാം വനത്തെ.

—*—

## അറുപത്തിരണ്ടാം സർഗ്ഗം: മധുവനഭഞ്ജനം.

—ഃ * ഃ—

ഹരീന്ദ്രനവരോടോതി ഹനുമാൻ വാനരശ്രേഷ്ഠൻ:–
കുടിച്ചുകൊൾവിൻ ഖേദമെന്നിയേ നറുതേൻ നിങ്ങളാം കീശരേ;
തടുത്തുനിർത്തിക്കൊള്ളാം ഞാൻ നിങ്ങളാംതടസ്ഥിരാളരെ.
ഹനുമദ്ഭാഷിതം കേട്ട ഹരിപ്രവരനംഗദൻ 2
ഉടൻ തെളിഞ്ഞരുളിച്ചാൻ:–'കുടിപ്പിൻ മധു വാനരർ:
തീർച്ചയായ്',കാര്യമേൽപ്പിച്ച ഹനുമാനൊരുചെയ്യിൽ ഞാൻ .

Digitized By Kerala Sahitya Akademi

ചെയ്യേണമെല്ലാംതങ്ങളുമേ; പിന്നെനയിക്രിയയുമെന്തുവാൻ!'
അംഗദൻ ചൊന്ന വാചനം കേട്ട വാനരപുംഗവർ 4
നന്നുനന്നെന്നു ചൊന്നോരിടച്ചൊന്നാരിമ്പങ്ങളെല്ലാരുമേ.
കീശേന്ദ്രനാമംഗദനേവമക്കാര്യമോർത്തുകീശരേവരും
തേങ്ങോടണഞ്ഞാർ, വൃക്ഷമൊക്കെപ്പുഴനീർക്കുത്തുപോലവേ.
സീതയെക്കണ്ടകയാൽക്കേടാകയാലും ലബ്ധാനുവാദരായ് 6
തേങ്ങാടണഞ്ഞാ മിട്ടുക്കന്മാർ കാപ്പോരമരങ്ങളിൽ വീരരാദേ
കുടിച്ചാർ മധുവെല്ലാരും പറിച്ചാർ ഫലപ്പഴങ്ങളും.
കുടിത്തല്ലുകയുംചെയ്തൊരേവരും കൂട്ടമിട്ടുടൻ,
തേങ്ങാട്ട കാക്കവോനായ്യുന്നങ്ങ വനപാലരെ. 8
പാറയോളം പോന്ന തേനിൻകൂട്ട കൈകളാകങ്ങളുള്ളതവർ
കുടിച്ചാരേവരും ചേരന്നാത്തി;—ട്ടുരച്ചീടിനാർ ചിലർ.
കുടിച്ചു തുകി ചിലപേർ മധുക്കരം മധുപിംഗളർ;
ചിലരോ മെഴുകാൽതങ്ങിലെറിഞ്ഞാർ മദയുക്തരായ്. 10
ചിലർ കൊമ്പും പിടിച്ചങ്ങു നിന്നാർ വൃക്ഷതലങ്ങളിൽ;
ഏറ്റെ മത്താണവരിലചിലർ വിരിച്ചിട്ടു കിടപ്പുമായ്.
ഒരിമ്പം പൂണ്ട തേന്മത്താൽക്ഷമ്യവും മത്ത വാനരർ
തമ്മിൽത്തപ്പാക്കി മറിയുന്നു; തോണ്ടുന്നു കാൽകളാൽച്ചിലർ; 12
ചിലരട്ടഹാസിക്കുന്നു; ചിലർ കൂകുന്നു ഹൃഷ്ടരായ്;
ചിലർ മണ്ണിലുറങ്ങുന്നു, മധുമത്തന്മാർ മർക്കടർ.
ചിലർ ചെയ്യുചിരിക്കുന്നു; മറ്റൊന്നോ ചെയ്യുയായ് ചിലർ;
ചിലർ ചെയ്തിട്ടുരയ്ക്കുന്നു; മറ്റൊന്നോർക്കയായ് ചിലർ! 14

ദധിവക്ത്രാൻറയാൾക്കൊരായ്യത്തുള്ള മധുപാലരോ,
അമ്പിമീമവാനരരെതിക്കയാൽ നീളെ മണ്ടിനാർ:
കാൽമുട്ട കൈകൾകൊണ്ടു വലിച്ചോം,സനം കാട്ടിവിട്ടതിൽ
വൻമനഞ്ചിടിപ്പോടെ ചെന്നു ദധിവക്ത്രനോടോതിനാർ:— 16
'ഹനുമാനാൽത്തുണസ്കൂപ്പെട്ടടച്ചു തേൻവനം ബലാൽ;
കാൽമുട്ട കൈകൊണ്ടു വലിച്ചാസനം കാട്ടി ഞങ്ങളെ!'
തേങ്ങോട്ടുരച്ചതായ്ക്കേട്ട ദുഷ്ടൻ ദധിമുഖൻ കപി,
അക്കാട്ടു കാത്തു പാർപ്പുന്ന കീശരോടോതി സാന്ത്വനം:— 18
'ഇങ്ങോട്ടു വരുവിൻ, പോക; തടുക്കുക ബലേന നാം
ബലംമൂലം കടക്കുന്നു തേൻചെല്ലുന്നും പ്ലവംഗരെ.'

Digitized By Kerala Sahitya Akademi

ഏവം ദധിമുഖച്ചൊൽ കേട്ടാ വീരകപിപുംഗവർ
വീണ്ടും മധുവനത്തിങ്കൽ പോന്നാരവരൊരുമിച്ചുമേ. 20
അവർക്കു മദ്ധ്യേ മരമൊന്നേന്തിദ്ദധിമുഖൻ ബലാൽ
പാഞ്ഞണഞ്ഞാനൊരുക്കരോടാം, പ്ലവംഗമരുമവരും.
കല്ലും മരങ്ങളും കുന്നും കൈക്കൊണ്ടോക്കാട്ടുവാശികരം
അക്കീശകുഞ്ജരങ്ങടെ നേർക്കീറയോടു കേറിനാർ; 22
വീരരാം, സ്വാമിതൻ വാക്ക ചിത്തത്തിൽച്ചേർത്തുവെച്ചവർ
വെമ്പലോടൊത്തു പാഞ്ഞേറാർ സാലതാലശിലായുധർ;
ശാഖിമേലും നിലത്തും നില്ലുന്ന ഗർവ്വാണ്ട കീശരെ
ചെന്നേറ്റു വീരർ കാവല്ലാർ ചിക്കെന്നായിരമായിരം. 24
കണ്ണീറയുമാക്കൊണ്ടു ദധിമുഖനെക്കപിപുംഗവർ
പാഞ്ഞേറാരുടനൃക്ഷോദ ഹനുമാൻ മുതലായവർ.
മരമേന്തിയടുക്കുന്നോരക്ക മരത്തിനാ കരുത്തനെ,
പിതൃമാതുലനെത്തച്ചാൻ കൈകളാൽ, ക്രുദ്ധനംഗദൻ: 26
മത്താലറിഞ്ഞീല,'നമ്പ്ഫൻതന്നമ്മാമനി'തെ'ന്നവൻ;
നിലത്തിട്ടവനെപ്പിള്ളോടച്ചൊറുക്കിലഞ്ജസാ.
ഭുജം മുഖം തുട ചതഞ്ഞുതിരം വന്ന ദീനനായ്,
മൂർച്ഛിച്ചുപോയ് ചെറുതിടയാ പ്രവീരൻ കപികുഞ്ജരൻ. 28
ചിക്കെന്നാശ്വാസമാർന്നിട്ടാ ഋഷ്യനാം രാജമാതുലൻ
തട്ടിത്തുനോക്കി വടിയാൽ മധുമത്തപ്ലവംഗരെ.
ഒരുമട്ടാക്കപികളാ വിട്ടയച്ച കപിപുംഗവൻ
വിജനം പുക്ക, ചെന്നെന്തൻ തൻഭൃത്യരോടു ചൊല്ലിനാൻ:—
"ഇവർ നില്ക്കട്ടെ; നാം ചെല്ക; നമ്മുടെ സ്വാമി വാനരൻ,
സുഗ്രീവൻ വിപുലഗ്രീവൻ രാമനോടൊത്തമരുന്നിടം. 30
ഇയംഗദനെന്റെ തെറ്റെല്ലാം കേൾപ്പിക്കും തന്നുരാജനെ ഞാൻ;
കേട്ടാമരിശമുൾക്കൊണ്ടു കൊന്നുകളയും പ്ലവംഗരെ.
പ്രിയമല്ലോ, ചെറിയ സുഗ്രീവന്നി മധുകാനനം,
പിതൃപൈതാമഹം, ദിവ്യം, ദേവകൾക്കും ദുരാസദം;
അതിനാൽത്തേൻകൊതിയരാമീയായുസ്സറ കീശരെ
ക്കുറകൊരൊത്തു സുഗ്രീവൻ ദണ്ഡത്താൽക്കൊന്നൊടുക്കുമേ: 32
വധ്യരല്ലോ, നൃപാജ്ഞയെ മാനിക്കാത്ത ദുരാത്മർ;
പൊറുക്കാ നമ്മൾക്കുണ്ടായ രോഷം സഫലമായ്ത്തരും! 34

Digitized By Kerala Sahitya Akademi

വനപാലകരോടീവണ്ണം ചൊല്ലി,ദ്ദധിമുഖൻ ബലി
ഷ്ഠിക്കുന്ന ചെന്നാൻ വാനരേന്ദ്രെ, വനപാലകരൊടൊപ്പമേ. 36

കണ്ണിമയ്ക്കുമിടയ്ക്കുള്ളിലെത്തിനാനാ വനാലയൻ,
സൂര്യന്റെ പുത്രനാം ധീമാൻ സുഗ്രീവന്നരികത്തിലും.
രാമലക്ഷ്മണസുഗ്രീവന്മാരെക്കണ്ടു വലീമുഖൻ
നിരപ്പുള്ള നിലത്തെത്തു വാനിൽനിന്നാഞ്ഞു ചാടിനാൻ; 38

ചാടിയിട്ട, മഹാവീര്യനാകും ദധിമുഖൻ കപി,
അക്കാവല്ക്കാർ ചുഴന്നോരത്തോൻ, കാവല്ക്കാർക്കേറ്റ തമ്പുരാൻ,
വിഷണ്ണമുഖനായ് ക്കൂപ്പുകയ്യും തലയിൽവെച്ചുടൻ
സുഗ്രീവനുടെ തൃക്കാലിൽത്തല മുട്ടിച്ചു രണ്ടിലും. 40

—:o:—

## അറുപത്തിമൂന്നാം സർഗ്ഗം: സുഗ്രീവദധിമുഖസംവാദം.

വണങ്ങിവീണ കപിയെക്കണ്ടുടൻ കപിപുംഗവൻ
മനഞ്ചിയററം മിടിപ്പന്നീവണ്ണമന്നരിയാടിനാൻ:—
'എഴുന്നേല്ക്കെ,ഴുന്നേല്ക്കെ;—ന്തു പോന്നെൻ കാല്ക്കൽ വീഴുവാൻ?
താങ്കൾക്കഭയമേകുന്നേൻ: ചൊല്ലിക്കൊള്ളുക സത്യമേ.' 2

ആ മഹാത്മാവു സുഗ്രീവനാശ്വസിപ്പിച്ചുകൊണ്ടുകയാൽ
എഴുന്നേറ്റദ്ദധിമുഖൻ ചൊല്ലിനാനതിബുദ്ധിമാൻ:—
"മുന്നമൃക്ഷരജസ്സു,നല്ലങ്ങും, മന്നവ, ബാലിയും
നല്കാതെവെച്ചു നിങ്ങൾക്കു നശിപ്പിച്ചു കുരങ്ങുകൾ: 4

ആരണ്യപാലരിവർ ചെന്നെതിർത്തിട്ടും, കുരങ്ങുകൾ
ഇവരെക്കൂസിടാതുണ്ടു തിന്നുന്നു, നുകരുന്നു തേൻ!
ശേഷിച്ചതങ്ങു തൂകുന്നു; തിന്നുന്നു ചിലരങ്ങിനെ;
തടുക്കുംപോളു പുരികം വളയ്ക്കുന്നിതശേഷരും! 6

വനത്തിൽനിന്നിവരെല്ലാം വാശിയോടെ വിലക്കവേ,
ഇവരോടു കയർത്തോരാൽ ചൊടിച്ചു കപിപുംഗവർ.
പിന്നാപ്പെരുത്തുപേർ കീശവീരന്മാർ കീശപുംഗവ,
ചൊടിച്ചു കൺ ചുകപ്പിച്ചു കൊട്ടയാട്ടീ പ്ലവംഗമർ: 8

Digitized By Kerala Sahitya Akademi

ചിലരെക്കൈകളാൽത്തച്ചാർ; വീക്കി ചിലരെ മുട്ടിനാൽ;
വലിച്ചിഴച്ചാർ സ്വച്ഛരും; കാട്ടിനാർ മാർഗ്ഗമെന്നെയും.
ഇങ്ങുട്ടിസ്ഥരരെത്തക്കി, സ്വാമിയങ്ങുന്നിരിക്കവേ;
യഥേഷ്ടമേ തിന്നുകയുംചെയ്‌വു തേൻവനമൊക്കവേ." 10

ഏവം പ്ലവംഗഷഭനാം സുഗ്രീവനൊടുണർത്തവേ,
ചോദിച്ചനന്തരതിപ്രാജ്ഞൻ, വിരഘ്നന്തരി ലക്ഷ്മണൻ:
'എന്തിനായ്‌വന്നു രാജാവേ, വനപാലകനിക്കപി?
എന്തൊന്തിനെക്കുറിച്ചാണു സങ്കടം പറയുന്നതും?' 12
ലക്ഷ്മണൻ സുമഹാത്മാവിവണ്ണം ചോദിച്ച നേരമേ.
സുഗ്രീവൻ മറുവാക്കവം ചൊന്നാൻ ചൊൽവിരുതുള്ളവൻ:—
"ആര്യ, ലക്ഷ്മണ, ചൊല്ലുന്നു വീരൻ ദധിമുഖൻ കപി,
അംഗദാദികളാം കീശവീരന്മാർ മധുവുണ്ടതായ്. 14
തെക്കേട്ടിക്കിങ്ങലാരഞ്ഞുവന്നോരാക്കപിപുംഗവർ;
കാര്യം നേടാതിതിരന്നല്ലാതെത്തുമെട്ടുകയില്ലിവർ.
വനംചേന്നവർ മട്ടിച്ചുവിട്ടല്ലോ മധുകാനനം;
വനം കയ്യേറി മധുവുമുണ്ടുവല്ലോ പ്ലവംഗമർ. 16
കാട്ടടച്ചതിനാൽ, കാര്യമവർ സാധിച്ചിരിക്കണം;
കണ്ടെത്തി ദേവിയെ,ക്കില്ലില്ല; ന്യനല്ലാ, മരുത്സുതൻ:
ആളാകില്ലിത്തൊഴിൽക്കല്ലാ, മരുത്സുതനൊഴിഞ്ഞൊരാൾ.
ആ വാനരഷഭൻതങ്കൽബ്ബുദ്ധിയും കാര്യസിദ്ധിയും 18
ഉറച്ചിരിപ്പുണ്ടു,സാഹം ചറിച്ചറിവു വീര്യവും.
ഏതിന്നു ജാംബവാൻ നേതാവു,ജ്ജിതൻ ബാലിപുത്രനും,
ഹനുമാനാമതിനും, മറിച്ചാവില്ലതിൻ ഗതി.
അംഗദാദികളാം വീരർ തേൻവനത്തെ മുടിച്ചപോൽ; 20
തഞ്ഞുകൂടിത്തടുത്തോരെക്കാൽമുട്ടാലിട്ടിടിച്ചപോൽ.
ഇക്കാര്യം പറവാനല്ലോ വന്നു, മധുരവാക്കിവൻ,
പ്ലവംഗമൻ, ദധിമുഖനെന്നവൻ, ഖ്യാതവിക്രമൻ.
കണ്ടെത്തി സീതയെ മഹാബാഹോ, നേരക്കാക്ക ലക്ഷ്മണ: 22
ചെന്നോരിത്തേൻ കുടിക്കുന്നുണ്ടല്ലോ വാനരരേവരും.
വൈദേഹിയെക്കണ്ടെത്താതെ വിളിപ്പെട്ട വനാലയർ
വരം തന്ന വനം ദിവ്യം കയ്യറാ പുരുഷർഷഭ,"
അതിൽത്തോഷിച്ചു ധർമ്മിഷ്ഠൻ, രാമനോടൊത്ത ലക്ഷ്മണൻ; 24



Digitized By Kerala Sahitya Akademi

ചെവിക്കു സുഖമേകുന്ന സുഗ്രീവമൊഴി കേൾക്കയാൽ
ഉൾ കളിത്തവനായ് രാമൻ, ബലി ലക്ഷ്മണനും ഭൃശം.
ഏവം ദധിമുഖച്ചൊല്ലാൽസ്സുഗ്രീവൻ സംപ്രഹൃഷ്ടനായ്;
വനപാലകനോടായിസ്സുഗ്രീവൻ വീണ്ടുമോതിനാൻ:— 26
'എന്നാൽ ഞാൻ പ്രീതനായ്, കാടാക്കൃതകാര്യർ ഭുജിച്ചതിൽ;
ക്ഷമിക്കേണം, കൃതകാര്യന്മാർ കയ്യേററം ചെയ്കകൊണ്ടതും.
പോയ്ക്കാൺക വേഗം: രക്ഷിച്ചുകൊൾക ചേങ്കാട്ടു താങ്കൾ താൻ;
അയയ്ക്ക വേഗം ഹനുമന്മുഖ്യകീശരെയാകെയും. 28

സിദ്ധാർത്ഥരാമാ ഹനുമാൻ മുടന്ന
സിംഹോദ്ധരരാം വാനരരെ ക്ഷണത്തിൽ
കാണ്മാൻ കൊതിക്കുന്നു സരാഘവൻ ഞാൻ,
സീതാപ്തിയത്നസ്ഥിതി കേൾക്കുവാനും.

ഹർഷിച്ചുരാമോദൽക്കൺ വിരിഞ്ഞരാജകുമാര—
ന്മാരെക്കണ്ടിട്ടുകീശരാട്ടും കൃതാർത്ഥൻ,
ദേഹം മുളച്ചിട്ടും കോൾമയിർക്കൊണ്ടു, കാര്യം
കൈവരുന്നായ്ത്തീർപ്പാൻ നിനച്ചിതേററം. 30

—:—

## അറുപത്തിനാലാം സർഗ്ഗം: അംഗദാദിപ്രത്യാഗമനം.

—:—

സുഗ്രീവനേവം ചൊന്നാറെ ഹൃഷ്ടൻ ദധിമുഖൻ കപി
രാമലക്ഷ്മണസുഗ്രീവന്മാരെയങ്ങു വണങ്ങിനാൻ.
സുഗ്രീവനും കരുത്തേറും രാഘവർക്കും പണിഞ്ഞവൻ,
ശൂരരാം വാനരന്മാരൊത്താകാശത്തേക്കു പൊങ്ങിനാൻ. 2
മുമ്പു പോന്നവിധം തന്നേ വേഗത്തിൽ പൂണ്ടു ഗമിച്ചവൻ
വാനിൽനിന്നു നിലത്തേക്കു ചാടിയക്കാട്ടു പൂകിനാൻ.
അവൻ മധുവനം പൂക്കു കണ്ടാൻ കപിവരിഷ്ഠരെ:
മത്തരെററണീററിരുന്നു, തേൻനീർ മൂത്രിച്ചവരേവരും. 4
ആ വീരൻ തൊഴുകയ്യും പൂണ്ടുവക്കരികിലെത്തിനാൻ;
ഉൾ കളിത്തംഗദനോടു മയത്തിലിതു ചൊല്ലിനാൻ:—
'സൌമ്യ, കോപം കരുതിടൊല്ലിവർ വന്നൂറ്റത്തിൽ;
കാവല്ക്കാർ,റിയാഞ്ഞത്രേ വിലക്കി നിങ്ങളെ ക്രുധാ. 6

Digitized By Kerala Sahitya Akademi

ദ്ദൂരാഗതൻ ഭവാൻ ഖിന്നനത്രേകൊള്ളുക തന്മധു;
ഭവാനിളയ രാജാവി,ക്കാടിന്നീശൻ മഹാബല.
ദൗർബ്ബല്യാൽ മുൻചെയ്തുപോയ് കുറ്റ;മതെങ്ങനെ ചൊല്ലാവതോ!
മുന്നമമ്മട്ടിൽ നിന്നച്ഛൻ വാനരക്കൂറ്റർ തമ്പുരാൻ; 8
അമ്മട്ടിൽത്തന്നെ സുഗ്രീവനി,വിടുന്നും ഹരീശ്വര.
ചെന്നണഞ്ഞിട്ടുണ്ടായി ഭവാൻതന്നച്ഛനോടു ഞാൻ,
ഈ വനേചരരെല്ലാരുമിങ്ങു വന്നതു കല്മഷ;
ഈ ഹരിശ്രേഷ്ഠരോടൊത്തു ഭവാൻ വന്നതു കേട്ടവൻ 10
പ്രഹർഷിച്ചതേ; ചൊടിച്ചീലവ,കാടുടച്ചതു കേൾക്കയാൽ.
ഹർഷിച്ചതോടു നിന്നച്ഛനായ സുഗ്രീവനന്നവൻ,
'അയയ്ക്കൂ വേഗമവരെയൊക്കെ'യെന്നാൻ കപീശ്വരൻ.
നയത്തിലിദ്ദധിമുഖച്ചൊല്ലു കേട്ടുടനംഗദൻ 12
ആ വാനരേന്ദ്രന്മാരോടു ചൊന്നാൻ ചൊൽവിരുതുള്ളവൻ:
'രാമനിക്കഥ കേട്ടിട്ടുണ്ടാവണം കപിമുഖ്യരേ;
നാമിങ്ങു നില്ക്കാൻ പാടില്ലാ, കാര്യം ചെയ്തിട്ടിരിപ്പരേ.
തേൻമോന്തി വിശ്രമിച്ചല്ലോ വാഞ്ഛപോലെ വനേചരർ; 14
ബാക്കിയെന്തുള്ളു? പോകാമെന്നച്ഛൻ സുഗ്രീവനുള്ളിടം.
നിങ്ങളെല്ലാരുമൊത്തങ്ങോട്ടെന്നോ കപിയൂഥപർ,
അമ്മട്ടു ചെയ്യാം: കാര്യത്തിൽ നിങ്ങൾക്കടിമയാണു ഞാൻ.
ആജ്ഞാപിപ്പതിനാളല്ലീ ഞാനിളമയാകിലും: 16
എൻകീഴ്പ്പെടുത്താൻ പാടില്ല, കാര്യം സാധിച്ച നിങ്ങളെ.'
ഇവണ്ണമംഗദൻ ചൊല്ലും ശ്രേഷ്ഠമാം മൊഴി കേൾക്കയാൽ
മനം കുളിർത്തിതിൻവണ്ണം കഥിച്ചാർ കാട്ടുവാഴികൾ:—
'പ്രഭുവാരി,വിധം ചൊല്ലും രാജാവേ, വാനരർഷഭ! 18
ഐശ്വര്യത്താൽ മദം മൂത്തു, 'ഞാനെ'ന്നാരും തെളിഞ്ഞുപോം!
അങ്ങയ്ക്കേ ചേർന്നിടൂ, വാക്കീതി,ല്ലാ മറ്റാർക്കുമന്നഘ;
ഭാവിയാം ഭാഗ്യപൂരത്തെയല്ലോ ചൊല്ലുന്നു താഴ്മ തേ!
വന്ന ഞങ്ങളുമെല്ലാരും പോകുവാൻ കാത്തുനില്ക്കയാം, 20
കപിവീരേശനിടിവറ്റോരസ്സുഗ്രീവനുള്ളിടം.
നീ ചൊല്ലാതൊ,രടിപ്പാടും പോകാവല്ലാരിടത്തുമേ,
ഹരികൾക്കു ഹരിശ്രേഷ്ഠ; നേരാണീ ഞങ്ങൾതൻ മൊഴി!'
ഇവണ്ണമവർ ചൊല്ലുമ്പോളംഗദൻതാനുമോതിനാൻ:— 22

Digitized By Kerala Sahitya Akademi

‘എന്നാൽ നാം പോവുക’യെന്നോതിപ്പാഞ്ഞലം വിട്ടു ചാടിനാൻ.
ചാട്ടമ്പോലപ്പിറകേ ചാടി കപീന്ദ്രരവരേവരും
ഏറിഞ്ഞ കവിണക്കല്ലുപോലെ വാനത്തു തിങ്ങിനാർ;
വാനരത്തെല്ലഞ്ജസാ ചാടിയ്ക്കലിൽപ്പോന്നോർ വലീമുഖർ, 24
അത്യുച്ചമലറിക്കൊണ്ടു, കാറ്റേറ്റല്ലം കാർകൾ പോലവേ.
അംഗദൻ പോന്നണയവേ, സുഗ്രീവൻ വാനരാധിപൻ
മാലേററ താമരക്കണ്ണനായ രാമനോടോതിനാൻ;—
“ആശ്വസിയ്ക്കുക, ഭദ്രം തേ! കണ്ടെത്തി ദേവിയെദ്ധ്രുവം: 26

വരായല്ലിങ്ങവർക്കല്ലോ, നാം വെച്ചോരവധിയ്ക്കുമേൽ;
എൻസമീപത്തു വരുന്നതാം, കാര്യം നേടാതിരിയ്ക്കുകിൽ,
മഹാബാഹുവിളംകൂറാം പ്ലവഗപ്രവരനംഗദൻ.
കാര്യം നേടാതിരുന്നാലീക്കൂട്ടത്തിന്നാരവമെങ്കിലോ; 28
അവൻ മുഖം വാടി, മനസ്സുലഞ്ഞേററമുഴന്നുപോം.
പിതൃപൈതാമഹമിതെ,ൻപൂർവ്വന്മാർ കാത്ത തേൻവനം
നശിപ്പിയ്ക്കുയുമില്ലല്ലോ, സീതയെക്കണ്ടീലാത്തവൻ.
ആശ്വസിയ്ക്കുക, കൌസല്യാമകനേ, രാമ, സുവ്രത; 30

കണ്ടെത്തി ദേവിയെ;—കില്ലില്ല;—ന്യനല്ലാ, മരുത്സുതൻ:
അതാകില്ലിതൊരാൾക്കില്ലല്ലോ, മരുത്സുതനൊഴിഞ്ഞൊരാൾ.
മരുത്സുതങ്കൽ,സ്സംസിദ്ധി ബുദ്ധിയും ബുദ്ധിസത്തമ,
വീര്യമുത്സാഹവും നിത്യം, തേജസ്സക്കങ്കലാംവിധം! 32

ഏതിന്നു ജാംബവാൻ നേതാവംഗദൻ പടനാഥനും,
ഹനുമാനമരത്തിന്നും, മറിച്ചാവില്ലതിൻ ഗതി;
വിചാരപ്പെട്ടിരിയ്ക്കൊല്ലങ്ങിനി പ്രചുരവിക്രമ!”
ഉടൻ വാനിങ്കലരികേ കേൾക്കായ്, കിലുകിലാരവം 34
ഹനുമാൻ ചെയ്തതിൽ ഗ്ഗർവ്വിച്ചാർക്കും വാനരർതമ്മുടെ,
സംസിദ്ധി ചൊല്ലുവോർ പോലെ കിഷ്കിന്ധയ്ക്കണയുവോരുടെ.
പ്ലവംഗർ തന്നാർക്കലതു കേട്ടിട്ടുള്ളം കുളിർക്കയാൽ
നീണ്ടു നീണ്ടു നിലം തൊട്ടു വാനരാധീശ്വരന്റെ വാൽ! 36
വന്നുചേരുകയും ചെയ്തു രാമദർശനകാംക്ഷികൾ,
ഹനുമദംഗദപുരസ്സരരായ പ്ലവംഗമർ.
അംഗദാദികളാ വീരർ തോഷരോമാഞ്ചയുക്തരായ്
ഇറങ്ങി, ഹരിരാജന്റെ രാഘവന്റെയുമന്തികേ. 38

Digitized By Kerala Sahitya Akademi

കൈ നീട്ടിക്കൊണ്ടു ഹനുമാൻ തല താഴ്ത്തിപ്പണിഞ്ഞുടൻ
ഉണർത്തി രാമനി,ലപായയാം സതി ദേവിയെ.
'കണ്ടു ദേവിയെ'യെന്നുള്ള ഹനുമാന്റെ ഭാഷിതം,
സന്തോഷം കേട്ടാഹ്ലാദം തേടി രാമൻ സലക്ഷ്മണൻ. 40
സുഗ്രീവനാം വായുജനിലുറച്ചാൻ കാര്യസിദ്ധിയെ;
ലക്ഷ്മണൻ, പ്രീതനെ പ്രീതൻ ബഹുമാനേന നോക്കിനാൻ.
രാമനും പ്രീതിയാലിമ്പം പൂണ്ടു വീരാരിമർദ്ദനൻ
കനത്ത ബഹുമാനേന നോക്കിനാനാഞ്ജനേയനെ. 42

— း * း —

## അറുപത്തഞ്ചാം സർഗ്ഗം: സീതാവൃത്താന്തവിജ്ഞാപനം.

— း * း —

ശൈലം പ്രസ്രവണം ചിത്രവനയുക്തമണഞ്ഞവർ
കൈകൂപ്പി രാമസൗമിത്രിമാരെത്താനു പണിഞ്ഞുടൻ
സുഗ്രീവനേയും വന്ദിച്ചു യുവരാജപുരസ്സരർ
വൈദേഹിയുടെ വൃത്താന്തമുരചെയ്യാനൊരുങ്ങിനാർ: 2
രാവണാന്തഃപുരേ രോധം, രാക്ഷസീപരിതർജ്ജനം,
രാഘവങ്കൽ പ്രണയവു,മെട്ടവധി വെച്ചതും —
ഇതൊക്കെച്ചൊല്ലിനാർ കീശർ രണ്ടു രാഘവസന്നിധൗ.
സീതയ്ക്കപായമില്ലെന്നു കേട്ടിട്ടരുളി രാഘവൻ:— 4
'എങ്ങു വാഴ്‌വൂ ദേവി സീത?—യെങ്കലെങ്ങിട്ടിരിപ്പതും?
ചൊല്ലീതൊക്കെയുമെന്നോടു സീതയെപ്പറ്റി വാനരർ!'
രാമന്റെ ചോദ്യം കേട്ടിട്ടു രാമന്നരികിൽ വാനരർ
പ്രേരിപ്പിച്ചു ഹനൂമാനെ സ്സീതാവൃത്താന്തമോതുവാൻ. 6
അവർതൻ വാക്കു കേട്ടിട്ടു ഹനുമാനനിലാത്മജൻ
കുമ്പിട്ടു, സീതാദേവിയ്ക്കു ദിക്കു നോക്കിപ്പണിഞ്ഞുടൻ—
ചൊല്ലിനാൻ ചൊല്ലിൽ വിരുതൻ, സീതയെക്കണ്ട വാർത്തകൾ.
തൻ തേജസ്സാൽ ജ്വലിക്കുന്നാദിവ്യമാകിയ പൊന്മണി 8
രാമന്റെ കയ്യിലർപ്പിച്ചു ഹനുമാൻ തൊഴുതോതിനാൻ:—
“നൂറു കാതം പരപ്പുള്ള കടൽ ചാടിക്കടന്നു ഞാൻ
പോയേൻ, ജാനകിയെക്കാണ്മാനായിരഞ്ഞുകൊണ്ടുതാൻ
യില്ലന്നിതു, ജലധിയിൻ തെക്കേതാം തീരഭൂമിയിൽ, 10

Digitized By Kerala Sahitya Akademi

ദുരാത്മാവാം രാവണൻെറ ലങ്കാനാമകമാം പുരം.
അങ്ങത്രേ സീത കാണായി രാവണാന്തഃപുരത്തിൽ മേ,
ഭർത്താവാം രാമ, നിനവു നിങ്കൽ വെച്ചുയിരേന്തുവോൾ;
കാണായ് മേ, രാക്ഷസീമദ്ധ്യേ ഘോരതർജ്ജനമേല്പവാൾ, 12
വിരൂപരാക്ഷസസ്ത്രീകൾ കാക്കവോൾ പ്രമദാവനേ.
ദുഃഖിച്ചിരിപ്പാണ,ദ്ദുഃഖാനുചിത ദേവിയാൾ,
രാവണാന്തഃപുരത്തിങ്കൽ രാക്ഷസത്തികൾ കാക്കവോൾ,
ഒററവേണിയുമായ്, മാഴ്കും, ഭവാനെത്താൻ നിനപ്പവൾ, 14
മണ്ണിൽക്കിടപ്പാൾ മെയ് മങ്ങി, ഹേമന്താബ്ജിനി പോലവേ,
രാവണങ്കലിണങ്ങാതെ, മരിപ്പാൻ തീർപ്പു ചെയ്തവൾ.
ഇതാൽക്കണ്ടെത്തി കാകുത്സ്ഥ, ത്വദ്ഗതചിത്ത ദേവിയെ;
ഇക്ഷ്വാകുവംശവിഖ്യാതി കീർത്തിച്ചനഘ, ഞാൻ ക്രമാൽ 16
അവിടെയ്ക്കു നരവ്യാഘ്ര, വിശ്വാസമുളവാക്കിനേൻ.
സംസാരിക്കുകയും ചെയ്തേൻ: കേൾപ്പിച്ചേൻ കാര്യമൊക്കെയും;
രാമസുഗ്രീവസഖ്യം കേട്ടുകൊണ്ടാൾ ദേവി മോദവും.
അവിടെയ്ക്കുണ്ടു ദൃഢമാം ചാരിത്രം, ത്വയി ഭക്തിയും; 18
ഇമ്മട്ടെനിക്കു കാണായി സൌമാംഗ്യവതി ജാനകി,
ത്വൽഭക്തിയാലുഗ്രതപം പൂണ്ടിരിപ്പോൾ നരർഷഭ!
പിന്നഭിജ്ഞാനമായ്ച്ചൊന്നാൾ കാക്കതൻ കഥ രാഘവ,
നിൻചാരേ ചിത്രകൂടത്തിലുണ്ടായുള്ള മഹാമതേ. 20
'ഉണർത്തേണം നരപുംഗവം രാമനോടനിലാത്മജ,
ഇവിടെക്കണ്ടതെല്ലാം നീ' യെന്നും മാം ചൊല്ലി ജാനകി:—
പണിപ്പെട്ടിങ്ങു സൂക്ഷിച്ചുപോന്നതാമിതുമേകണം,
സുഗ്രീവൻ കേൾക്കമാറേവം ചൊല്ലിക്കൊണ്ടവിടെയ്ക്കു നീ: 22
ശ്രീമച്ചൂഡാമണിയിതു പാരം സൂക്ഷിച്ചതാണു ഞാൻ;
പൊട്ടു മാഞ്ഞപ്പൊഴെൻ ഗണ്ഡപാർശ്വത്തിൽ മനയോലയാൽ,
പൊട്ടൊന്നതൊടുവിച്ചല്ലോ; നീയതോർത്തീടേണമേ!
ശ്രീമത്തിതു സമുദ്രോത്ഥമയച്ചേൻ ഞാൻ തവാനഘ; 24
മോദിക്കും, മാഴ്കിലിതിനെ,യങ്ങയെപ്പോലെ നോക്കി ഞാൻ.
ഞാനൊററമാസമേ ജീവിക്കുള്ളു ദശരഥാത്മജ;
മാസത്തിൻമീതെ ജീവിക്കാ രാക്ഷസക്കടിപെട്ട ഞാൻ.'
എന്നെന്നോടോതിനാൾ സീത ധർമ്മം ചെയ്യോൾ കൃശാംഗിയാൾ, 26

Digitized By Kerala Sahitya Akademi

രാവണാന്തഃപുരേ ജഡ, ചൊന്നാൻ പോരായതാക്ഷിയാൾ.
ഇതെല്ലാമറിയിച്ചേൻ ഞാൻ ശരിയാംപടി രാഘവ;
സർവ്വഥാ സാഗരജലം കടപ്പാൻ വഴി നോക്കിടാം."

അബ്ഭൂതൽപുത്രന്മാരിലാശസ്തമാവം
കണ്ടു,കാകുത്സ്ഥന്മാരടയാളമേകി,
നേക്കല്യംതൊട്ടേ ദേവിയാൾ ചൊന്നതെല്ലാം
ശേഷിപ്പിക്കാതെ ചൊല്ലിനാൻ വായുപുത്രൻ.

---

## അറുപത്താറാം സർഗ്ഗം: രാമവിലാപവാക്യം.

— * —

ഏവം ഹനൂമാൻ ചൊന്നാറേ, രാമൻ ദശരഥാത്മജൻ
അച്ചൂഡാമണി നെഞ്ചിൽച്ചേർത്തേറ്റം കേണാൻ സലക്ഷ്മണൻ.
ആ ശ്രേഷ്ഠമണി കണ്ടല്ലൽപ്പെട്ടു വാടിയ രാഘവൻ
കണ്ണീർ നിറഞ്ഞ കണ്ണോടേ സുഗ്രീവനോടിതോതിനാൻ:— 2
"ചുരത്തുമല്ലോ കന്നിങ്കൽ സ്നേഹാലമ്പുറ്റ പയ്യുടൻ,
അമ്മട്ടിലാമെൻമനവും, മികച്ച മണി കാൺകയാൽ!
ഇശ്ശ്രേഷ്ഠമണി, സീതയ്ക്കെൻശ്വശുരൻ നല്കിവെച്ചതാം:
വേളിനാൾ മൂർദ്ധ്നി ചൂടിച്ചാനേറശ്ശോഭിച്ചിടുംവിധം. 4
വെള്ളത്തിൽനിന്നുളിതമീ മണി സജ്ജനപൂജിതം.
യാഗത്തിലേറ്റം തോഷിച്ച ധീമാനിന്ദ്രൻ കൊടുത്തതാം.
ഇശ്ശ്രേഷ്ഠമണി കണ്ടിട്ടു ലഭിപ്പൂച്ഛന്റെ ദർശനം
നേരിന്നേരിഹ ഞാൻ സൗമ്യ, വൈദേഹവിഭുവിന്റെയും. 6
എന്നോമലവളാംതൻ മൂർദ്ധ്നി വിളങ്ങിപ്പോന്നതീ മണി;
ഇതിന്നു കണ്ടിട്ടവളെ കൈവന്നപോലെ നിനപ്പൂ ഞാൻ!
എന്തോതീ സൗമ്യ, വൈദേഹി വീണ്ടും വീണ്ടും കഥിപ്പൂ നീ—
നീരേൽപ്പിച്ചസുവെപ്പോലേ വാഗ്ജലത്താൽ നനപ്പവാം? 8
ഇതിലും വലുതാം മാലെന്തു?—ഉദകോദിതമീ മണി
ഞാൻ കാണ്മിതല്ലോ സൗമിത്രേ, സീതകൂടാതെ വന്നതായ്!
ജീവിപ്പൂ സീത നെടുനാളൊരു മാസമിരിക്കുകിൽ!
ഞാൻ ജീവിക്കാ ക്ഷണംപോലും,കരിന്നൽക്കണ്ണിയെന്നിയേ! 10

Digitized By Kerala Sahitya Akademi

കൊണ്ടാക്കകെന്നെയും, നീയെൻ കാന്തയെക്കണ്ട ദിക്കതിൽ;
ക്ഷണംപോലുമിരിക്കില്ലാ, വത്സമനോമറിഞ്ഞ ഞാൻ!
ആയെൻസുശ്രോണി പേടിച്ചു പേടിച്ചുംകൊണ്ടൊരാരതാം
ഭയങ്കരോഗ്രശരർതൻ നടുക്കങ്ങിനെ പാർത്തിടും! 12

കാർകളറ്റ നിർമ്മലശരച്ചന്ദ്രൻ പോലെ,വളതൻ മുഖം
മറച്ചുപ്പെട്ട രാക്ഷസിക്കൂട്ടമായിട്ടുമരക്കരാൽ!
എന്തോതി സീത ഹനുമൻ? ചൊല്ലുകതോടേ സത്യമായ്:
മരുന്നാലാതുരൻ പോലെ ജീവിപ്പതിതുകൊണ്ടു ഞാൻ! 14

ചന്തമുള്ളവൾ, തേന്മൊഴിയാളെ,ന്തെൻമേലിനി ചൊല്ലിനാൾ
ഞാൻ പിരിഞ്ഞോരു വരാരോഹേ? ഹനൂമാനേ, കഥിക്കു നീ."

—o—

## അറുപത്തേഴാം സർഗ്ഗം: സീതാസന്ദേശകഥനം.

—o—

ഏവം പെരിയ കാകുത്സ്ഥൻ ചൊന്നപോതാഞ്ജനേയനും
കാകുത്സ്ഥനെയുണർത്തിച്ചാൻ സീത ചൊല്ലിയതൊക്കയും:—
"അന്നാളി ജാനകീദേവി ശരിക്കു പുരുഷർഷഭ,
ചിത്രകൂടത്തിൽവെച്ചുണ്ടാ നടന്നതടയാളമായ്: 2

മുമ്പൊരിക്കൽ, സുഖം നീയൊന്നിച്ചുറങ്ങിയ ജാനകി;
കാക്കയൊന്നഞ്ജസാ കേറിക്കൊത്തി കൊങ്കത്തടത്തിലായ്.
ഉറങ്ങിയെഴുന്നിട്ടങ്ങും ദേവ്യങ്കേ ഭരതാഗ്രജ;
നൊമ്പരപ്പെടുത്തിപ്പോന്നാൻപോൽ വീണ്ടുമപ്പക്ഷി ദേവിയെ: 4

വീണ്ടും വീണ്ടും പാറിവന്നിപ്പുറം മാന്തിപ്പൊളിച്ചപോൽ;
ഉണർന്നുപോയ് ഭവാൻ, മെയ്യിലവൾതൻ ചോര വീഴ്കയാൽ.
അക്കാക്കനാലിവ്വിധമിട്ടലട്ടുന്ന ദേവിയും
ഉണർത്തിപോൽ,സ്സുഖമുറങ്ങീടും നിന്നെപ്പരന്തപ. 6

കൊങ്കത്തടം വിണ്ടുവരട്ടത്തസ്സ്രാർത്തു കണ്ടവൻ ക്രുധാ
ചോദിച്ചു പാമ്പിനൊപ്പേവ ചീറിക്കൊണ്ടു മഹാഭുജ:—
'മാന്തിപ്പൊളിച്ചതാരാണെ ഭീരു, നിൻമേൽമുലത്തടം?
ചൊടിച്ചോരഞ്ചുവായ്പ്പാമ്പോടൊത്തുകളിയാടുന്നതാരവൻ?' 8

Digitized By Kerala Sahitya Akademi

നോക്കവേയാഴ്ന്നു കണ്ടെത്തി പെട്ടെന്നങ്ങന്നു കാക്കയെ,
കട്ടംബകങ്ങളിൽച്ചോര പുണ്ടു നേരിട്ടു നില്പതായ്:
പക്ഷിപ്രവരനക്കാകനിന്ദ്രന്റെ മകനാണുപോൽ;
മന്നിടത്തങ്ങുസാ വന്നോൻ കാറ്റിനോടൊപ്പം പറക്കുവോൻ. 10

ഉടൻതാനരിശംകൊണ്ടു കണ്ണുരുട്ടി മഹാഭുജ,
അക്കാകനിൽക്കടുംതീർപ്പു ചെയ്തു ധീമാൻ ഭവാൻ.
വിരിപ്പിൽദർഭയൊന്നന്നി ബ്രഹ്മാസ്ത്രം തൊടു കേററി നീ;
അതു കാലാഗ്നി കത്തുംപോലാഞ്ഞു പക്ഷിയ്ക്കു നേരെയായ്. 12

ആ ജ്വലദ്ദർഭയങ്ങെത്തിക്കാകനോടേയ്ക്കു നീ;
ആ ജ്വലദ്ദർഭമാകാശേ, പിന്തുടർന്നിതു കാകനെ.
അച്ഛനും ത്രിദശശ്രേഷ്ഠന്മാരും വെടികയാലവൻ
ചുററിനാൻ മൂന്നുലോകത്തും; നേടീലാ രക്ഷിതാവിനെ; 14

പേടിച്ചു വീണ്ടും വന്നെത്തീ നിൻസമീപത്തരിന്ദമ!
ശരണംപുക്ക മന്നിങ്കൽ വീഴുമവനെ വധാർഹനെ
ശരണ്യനാം നീ കാകുത്സ്ഥ; രക്ഷിച്ചതല്ലി ദയവിനാൽ.
പാഴിലാക്കാവതല്ലസ്ത്രമെന്നതേ നണ്ണി രാഘവ, 16

അക്കാകന്റെ വലംകണ്ണു കളഞ്ഞതതിനാൽ ഭവാൻ.
ജീവിതേച്ഛം ദശരഥക്ഷ്മാപനം നതി ചെയ്തുടൻ
വിടയും വാങ്ങിയക്കാകൻ പൂകി രാമ, നിജാലയം.
'ജഗത്സ്രഷ്ടാക്കളിൽ ശ്രേഷ്ഠൻ സത്വശീലാഢ്യനാകിലും, 18

എന്താണ്, രക്ഷകർതൻ നേർക്കരമയക്കാത്തതു രാഘവൻ?
മരുദ്ഗണങ്ങളസുരർ ഗന്ധർവ്വരഗങ്ങളും
പോരാ പോരിങ്കലൊപ്പവും, രാമനെതിരിൽ നില്ക്കുവാൻ;
ആ വീരനെന്നിലേറ്റവും വമ്പുണ്ടെന്നിരിക്കിലോ, 20

കൊല്ലട്ടെ രാവണനെ ക്ഷിപ്രം, പോരിൽക്കൂർത്ത ശരങ്ങളാൽ.
പരന്തപൻ ലക്ഷ്മണനോ, പൂർവജാദേശധാരിയായ്
രക്ഷിപ്പീലെന്തു കൊണ്ടെന്നെ, രാഘവൻ പുരുഷർഷഭൻ?
വായ്വഗ്നിതേജസ്സുകളാശ്ശുഷിയുള്ള നരർഷഭർ 22

ദേവകൾക്കും ദുരാധർഷരെന്തിനാണെന്നെ ത്യജിക്കുവാൻ?
എന്നിൽത്തന്നെ മഹാപാപമേതാണ്ടുണ്ടു തീർച്ചയാൻ:
എന്നെ നോക്കുന്നതില്ലല്ലോ, പോരുന്നോരാമപ്പരന്തപർ!'
കണ്ണീർ കലർന്ന വൈദേഹീവചനമിതു കേട്ടു ഞാൻ. 24



Digitized By Kerala Sahitya Akademi

ആശ്ചര്യമാമവിടത്തോടു വീണ്ടുമിങ്ങിനെ ചൊല്ലിനേൻ:—
'നിന്നാമം നിശ്ചലൻ രാമൻ; വേർകൊണ്ടീടുന്നു ഞാൻ!
രാമപാദാർച്ചനപ്പെട്ടകയാൽദ്ദേവി', ചൊല്ലുന്നു കേട്ടിണൻ.
കണ്ടങ്ങിനെയപ്പോ കഷ്ടിച്ചു; ദേവി പാർക്കുകവേണ്ടിനി: 26

ദുഃഖങ്ങൾക്കറുതിയിപ്പോഴേ കാണുമല്ലോ ഭാമിനി;
ഇരുപേരും നരവ്യാഘ്രരനിന്ദിതർ നൃപാത്മജർ
ത്വദ്ദർശനോദ്യമം പൂണ്ടു ലങ്കയെച്ചാമ്പലാക്കുമേ.
രാവണക്രൂരനെപ്പോരിൽ കൂട്ടത്തോടെ വധിച്ചുടൻ 28

അമ്പോടു കൊണ്ടുപോം നിന്നെത്ത്വൽപദം സുശ്രോണി, രാഘവൻ!
രാമൻ കണ്ടാലറിയുമാറടയാളമനിന്ദിതേ,
അവിടെയ്ക്കെന്നു കേൾപ്പൊന്നു തന്നയയ്ക്കണമിന്നു നീ.'
അപ്പോൾ ദിക്കുകളൊക്കെ നോക്കി,ശിരസ്സിലണിയുന്ന മണി 30

വസ്ത്രത്തിൽനിന്നഴിച്ചേൽപ്പിച്ചെൻറെ കൈക്കൽത്തന്നാൾ മഹാബല!
ദിവ്യമാം മണിയങ്ങേയ്ക്കായേകുവാനിങ്ങു രഘൂദ്വഹ,
ആയതാങ്ങേയ്ക്കേകുവാൻ വണങ്ങിയിങ്ങു പോരാൻ തുനിഞ്ഞു ഞാൻ.
പോരാനൊരുങ്ങിയൊരെന്നെ വലുതാവതു കാണ്കയാൽ 32

ഉരിയാടീടുകയുംചെയ്താൾ വരവർണ്ണിനി ജാനകി,
ദീനയായ്ക്കണ്ണിൽ വന്നശ്രുവാലിടർതൊണ്ടയും;
എൻവേഗത്താൽപ്പകച്ചുന്നോളെ,പ്പുൽത്തെളിച്ചയേറവും
ചൊന്നാളെന്നോടു വൈദേഹി:—'മദ്വൃത്താന്തം നീ മഹാകപേ: 34

കാണുമല്ലോ മഹാബാഹു രാമനെ, ലക്ഷ്മണനെ,
മമ ദേവേശനാം കീർത്തിപ്പെട്ട സൌമിത്രിതന്നെയും!'
വൈദേഹിയേവം ചൊന്നാറേ, കഥിച്ചേൻ സീതയോടു ഞാൻ:—
'കേറിക്കൊൾകെൻപുറത്തഞ്ഞു തമ്പുരാട്ടി വിദേഹജേ; 36

ഇപ്പോൾക്കാട്ടിത്തരാമേ ഞാൻ സ്വാമിയാം രാമനെത്തവ,
സൌമിത്രി സുഗ്രീവരെയും, സുമുഖേ, നീലലോചനേ.'
ചൊന്നാളെന്നോടുടൻ ദേവി:—'ധർമ്മമല്ല മഹാകപേ,
ഞാൻ സ്വേച്ഛയാ നിന്മുതുകിൽക്കേറുന്നതു കപിപ്രഭോ. 38

അന്നു വീര, കടന്നെന്നെത്തൊട്ടതാണു നിശാചരൻ;
അതിനെന്തൊന്നു ചെയ്തീടും, കാലപീഡിതയായ ഞാൻ?
പോരേണ്ടോരാ രാജസുതർ തന്നെയിങ്ങെൻ കപിപുംഗവ!'
എന്നേവമരുൾചെയ്തിട്ടു വീണ്ടും സന്ദേശമോതിനാൾ:— 40

Digitized By Kerala Sahitya Akademi

‘ഹനുമൻ, സിംഹസമരാം രാമലക്ഷ്മണർകളോടും,
സാമാത്യസുഗ്രീവനോടും ക്ഷേമം ചൊല്ലുവതോടുമേ
ആ മഹാമേഘേ കാകുത്സ്ഥനീ മാലാഴിയിൽനിന്നെന്നെ
എന്നെക്കരേറ്റുമാറാക്കിച്ചെയ്യണം ശ്രവണമേ ലവൻ! 42
ഇത്തീവ്രമാരെരാഗ്രയഴൽ തഴപ്പു-
മീ രാക്ഷസന്മാർ പഴിചൊൽവതും നീ
രാമാന്തികേ ചൊല്ലുക യുദ്ധ കപീന്ദ്ര;
നിനക്കു നന്നായ്‌വരട്ടെ മാർഗ്ഗേ.’
എന്നാണഴൽപ്പൂണ്ടുരചെയ്തതങ്ങ
നിന്നാര്യയാം ദേവി നൃപേന്ദ്രസിംഹ,
ഞാനീവ്വണ്ണത്തിൽച്ചൊന്നറിഞ്ഞു നീയും
സീതയ്ക്കു നീ കട്ടസ്സുഖം വരായ്ക്ക.”

— * —

## അറുപത്തെട്ടാം സർഗ്ഗം: സീതാസമാശ്വാസനകഥനം

— * —

“ചെമ്പുമൊന്നോടുടൻ ദേവി വീണ്ടുമപ്പുറമോതിനാൾ,
ത്വൽസ്നേഹത്താൽ നരവ്യാഘ്ര; ബഹുമാനിച്ചു ചെമ്മയാൽ:-
‘പലതിങ്ങിനെ നീ ദശരഥിരാമനോടോതണം,
വേഗം രാമനെന്നെപ്പോരിൽ ശത്രുക്കളെക്കൊന്നു കൊണ്ടുപോകുംവിധം. 2
ആകെങ്കിൽ വീര, പാർത്താലുമൊരു മാസം വസിച്ചിടാം;
എങ്ങനോമോളിയിൽ ക്ഷീണം തീർത്തു നാളെഗ്ഗമിച്ചിടാം,
ഇച്ചന്ദ്രശ്രേഷ്ഠ, ഞാൻ പാരം ദേവുകിൽ വീഴുവൻ,
ഇമ്മൽത്തൊള്ളലിൽനിന്നോട്ടുനേരം വിട്ടതി കിട്ടുമേ. 4
തിരിയേ വരുവാൻ വേണ്ടി വിക്രാന്തൻ നീ ഗമിക്കിലോ,
പ്രാണസന്ദേഹവുമെനിക്കുണ്ടാം സംശയമില്ലിതിൽ:
നിന്നെക്കാണാഞ്ഞിലെഴാം ദുഃഖം പുതുരിച്ചുള്ളതേകിടും,
മേലേൽ മാമേറെ മേൽ തങ്ങി വലഞ്ഞുള്ളൊന്നെ വീണ്ടുമേ! 6
ഏതുന്നിൽ നില്പതായ് തോന്നുന്നീപ്പാരിയ ശങ്കയും
വീര, നിൻ കൂട്ടർ കീശർക്ഷന്മാരെപ്പറ്റി കപീശ്വര:
എവ്വണ്ണം, പാരമില്ലാത്ത പെരുംകടൽ കടന്നിടും
അക്കീശർക്ഷപ്പടകളും, മാനവേന്ദ്രകുമാരരും? 8

Digitized By Kerala Sahitya Akademi

ഭൂതവർഗ്ഗത്തിൽ മൂവർക്കേ സമുദ്രമിതു ചാടിടാൻ
ശേഷിയുള്ളൂ: സുപർണ്ണന്നുമെനിക്കുമനിലന്നും.
ഇക്കാര്യമീവിധം വീര, സാദ്ധ്യമല്ലാതിരിക്കവേ,
ഉപായമെന്തു കാണ്മൂ നീ? ചൊല്ലൂ കാര്യജ്ഞസത്തമ. 10

നീ തനിയെയൊറ്റയ്ക്കാളാകാമിക്കാര്യം നിറവേറ്റുവാൻ;
എന്നാലതിൽ നിനക്കല്ലോ, പരവീരഘ്ന, പുകൾ.
പട കൂട്ടിപ്പൊരുതിയിട്ടശാത്രവനെ വധിച്ചുടൻ,
അവനെന്നെ,ത്തന്നെൻപുരം പൂകിച്ചാലേ രാമൻ പുകഴാളൂ. 12

ആ വീരന്റെ വരവാൽ മായത്താലല്ലാ കൊണ്ടുചാതി മാം
അരക്കനവനിൽബ്ഭീത്യാ; രാമനപ്പണി ചെന്നിമാം!
ലങ്ക ശരപ്പടയാൽ മൂടി, മറ്റാർപ്പടെ മുടിപ്പവൻ
കാകുത്സ്ഥനെന്നെക്കൊണ്ടെങ്ങു പോയാലേ,തവയോഗ്യതാം. 14

അതിനാലാ മഹാത്മാവാം രണശൂരന്നു കേവലം
തക്ക വിക്രമമുണ്ടാകുംവണ്ണമേ ചെയ്യവേണ്ടൂ നീ.'
ചൊന്നാളും സ്നേഹവുംപൂണ്ട യുക്തിസംയുക്തമാം മൊഴി
ചെവിക്കൊണ്ടിട്ടടിയനും ബാക്കിയുത്തരമോതിനാൻ:— 16

'ദേവി, കീശർക്ഷസൈന്യങ്ങൾക്കീശനാം പ്ലവഗോത്തമൻ
സുഗ്രീവൻ സത്യസമ്പന്നൻ നിൻകാര്യത്തീർപ്പു ചെയ്യുവൻ;
അവിടേയ്ക്കതിവിക്രാന്തർ സത്ത്വവന്മാർ മഹാബലർ
നിനവിനൊക്കെ പോക്കുള്ളോർ കീഴിൽ നില്പുണ്ടു വാനരർ:— 18

തടവില്ലവർതൻപോക്ക മേലുംകീഴും വിലങ്ങുമേ;
ഒ കർമ്മങ്ങളിൽ വാട്ടമില്ലാ തേജസ്സുകൂടിയോർ;
പലവട്ടം വലംവെച്ചിട്ടുണ്ടാ വാനരരൂഴിയെ,
ബലദൃപ്തർ മഹാഭാഗർ വായുമാർഗ്ഗത്തിലൂടവേ; 20

എന്നിലേറിയരും തുല്യന്മാരായുമുണ്ടങ്ങു വാനരർ;
എന്നിൽത്താണവരായിട്ടില്ലാരും സുഗ്രീവസന്നിധൗ.
ഞാൻപോലുമിങ്ങു വന്നെത്തീ; പിന്നെയെന്താ മഹാബലർ?
ഭൃത്യരായ്പ്പുറമോ ശ്രേഷ്ഠർ? താന്നോരാം ഭൃത്യരെയ്യുതു. 22

അതിനാൽ മതി സന്താപം; നീങ്ങട്ടെ ദേവിതന്നഴൽ;
ഒറ്റച്ചാട്ടത്തിനാലെത്തും ലങ്കയിൽക്കപിയൂഥപർ.
എൻപുറത്തേറി വന്നെത്തുമിരുചേർന്നാ നൃസിംഹരും
മഹാഭാഗ്യവതി, നിൻചാരത്തുദിതേന്ദ്വർക്കർ പോലവേ! 24

Digitized By Kerala Sahitya Akademi

കാണാറാം സിംഹാസനേ ശത്രുഘ്നാദി രാഘവനെ ദ്രുതം,
വില്ലേന്തും ലക്ഷ്മണനെയും, ലങ്കാലോകത്തണഞ്ഞതായ്.
സിംഹശാർദ്ദൂലവിക്രാന്തർ വീരർ ദംഷ്ട്രാനഖായുധർ
കാണാകുമല്ലോ ചെന്നാളും വാരണേന്ദ്രർ വാനരർ. 26

മലകൾകേളപ്പുറമെ ലങ്കാമലയസാനുവിൽ
കപീന്ദ്രരവം ശബ്ദം വൈകാതങ്ങിനെ കേൾക്കുമേ!
വനവാസം കഴിഞ്ഞു,ഞാനിന്നാളു രാഘവേന്ദ്രൻ
അയോദ്ധ്യയിങ്കലുടനേ കാണാകുമഭിഷിക്തനായ്!' 28

പ്രിയപ്പെട്ടും മംഗളഭാഷിതങ്ങളാം ഞാ—
നറപ്പിലാതിതെളിയിച്ചുകൊണ്ടുകയാൽ
പ്രശാന്തി പൂണ്ടോരു മമ മുന്നിലപ്പ,ഖിലം
ഭോരന്റെ മൽക്കണ്ണേമുഴന്ന മെമ്മഥി പി."

Digitized By Kerala Sahitya Akademi